KOTTAYAM PUBLIC LIBRARY

Call No.................................Acc. No.................................

Author കെ. എം. കുഞ്ഞൻ

.................................................................

Title മൈത്രി വേദിപിക

.................................................................

1140

# കഥകളിപ്രദീപിക

## ഒന്നാം ഭാഗം.

---

ചില പ്രധാന ആട്ടക്കഥാകർത്താക്കന്മാരുടേയും
അവരുടെ ആട്ടക്കഥകളുടേയും
ലഘുവിവരണങ്ങൾ.

KOTTAYAM PUBLIC LIBRARY KOTTAYAM
141541

---

ഗ്രന്ഥകർത്താ,
സാഹിത്യഭൂഷണൻ
കരൂർ കെ. മാധവക്കുരുക്കൾ.

---

പ്രകാശകൻ,
പി. ഗോവിന്ദപ്പിള്ള,
വി. വി. ബുക്ക് ഡിപ്പോ, ചാല,
തിരുവനന്തപുരം.

1 - 2 - 0
വില അണ ~~൧൨~~

M793 309 548 3
KOTTAYAM PUBLIC LIBRARY KOTTAYAM
MAD-K
141541

തിരുവനന്തപുരം

വി. വി. ബുക്ക് ഡിപ്പോ ഉടമസ്ഥനുവേണ്ടി

ശ്രീധര പ്രസ്സിൽ അച്ചടിക്കപ്പെട്ടതു്.

൫-ാം പതിപ്പ് കാപ്പി—൧൦൦.

1111.

# മുഖവുര.

ശ്രവ്യകാവ്യങ്ങളെ അപേക്ഷിച്ച് ദൃശ്യകാവ്യങ്ങൾക്ക് കൂടുതൽ പ്രശസ്തിയുണ്ടെന്നുള്ള സംഗതി നിർവിവാദമാണ്. മനോവികാരങ്ങളെ ആശ്രയമാക്കിയാണ് കാവ്യഭേദങ്ങളുടെ ഉല്കൃഷ്ടം പരിഗണിക്കേണ്ടത്. അഭിനയം കൂടിയുണ്ടായതുകൊണ്ട് ദൃശ്യകാവ്യങ്ങൾ കത്തൃവിവക്ഷിതങ്ങളായ രസങ്ങളെ സ്ഫുടതരമായി ആവിഷ്കരിച്ച് പ്രേക്ഷകന്മാരെ വികാരപരതന്ത്രരാക്കുന്നു.

ലോകത്തിൽ മററു യാതൊരു സാഹിത്യത്തിലുമില്ലാത്ത ഒരു പ്രത്യേക ദൃശ്യകാവ്യപ്രസ്ഥാനമാണു കഥകളി. ഇതു് കൈരളീസാഹിത്യത്തിനു് ഇതര സാഹിത്യങ്ങളെ അപേക്ഷിച്ച് ഒരു മേന്മ സമ്പാദിച്ചു കൊടുത്തിട്ടുണ്ട്. ഇപ്രകാരം ഒരു ഉൽകൃഷ്ടസ്ഥാനം ലഭിച്ചിട്ടുള്ള കഥകളിയെപ്പററി പല മഹാന്മാരും പല അവസരങ്ങളിലായി ഗംഭീരങ്ങളായ പ്രസംഗങ്ങൾ ചെയ്കയും ലഘുപ്രബന്ധങ്ങൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും വിഷയത്തിന്റെ ഗഹനതകൊണ്ടോ വൈശിഷ്ട്യംകൊണ്ടോ അവ പരിപൂർണ്ണങ്ങളും ഉപയോഗപ്രദങ്ങളും ആയി ഭവിച്ചിട്ടില്ല.

ബാല്യം മുതൽ കഥകളിയിൽ ഭ്രാന്തനായ ഞാൻ കഥകളി കണ്ടു രസിക്കുന്നതിനു് ആവശ്യമുള്ള സകലവിധമായ ജ്ഞാനം സമ്പാദിക്കുന്നതിനായി മുൻപറഞ്ഞ പ്രസംഗങ്ങളേയും ഗ്രന്ഥങ്ങളേയും പല തവണ ശ്രദ്ധാ-

പൂൎവ്വം വായിച്ചുനോക്കി. എന്നാൽ നിരാശമാത്രമാണ് എനിക്ക് അതിൽനിന്നും ലഭിച്ചിട്ടുള്ളത്. ഇക്കുറവ് പരിഹരിക്കുന്നതിനായി ഒരു ഗ്രന്ഥം രചിക്കണമെന്ന് ഞാൻ നിശ്ചയിച്ചു. എന്നാൽ അക്കാലത്ത് അതിലേക്കാവശ്യമുള്ള പ്രഗത്ഭത എനിക്കു ലഭിച്ചിരുന്നില്ല.

ഉദ്ദേശം എട്ടുകൊല്ലത്തിനു മുൻപുണ്ടായ ഈ ആഗ്രഹം എങ്ങനെ പൂൎണ്ണമാകുമെന്നു എനിക്ക് ഒരു നിശ്ചയവുമുണ്ടായിരുന്നില്ല. എന്നാൻ അനന്തരം പല പണ്ഡിതന്മാരോടും സുപ്രസിദ്ധകഥകളി നടന്മാരോടും അടുത്തു പെരുമാറാൻ ഭാഗ്യമുണ്ടായതോടുകൂടി ഏതദ്വിഷയകമായി കൂടുതൽ വിവരങ്ങൾ അറിയാൻ ഇടയായി.

അതിനെ ആശ്രയമാക്കി ഒരംച്ചുകൊല്ലത്തിനു മുൻപ് ഞാൻ ഈ ഗ്രന്ഥത്തിൻെറ പ്രാരംഭജോലി തുടങ്ങി. അക്കാലത്ത് പ്രധാനമായി എനിക്കു വേണ്ട ഉപദേശങ്ങൾ തന്നുകൊണ്ടിരുന്നത് പണ്ഡിതവരേണ്യനായ എൻെറ വന്ദ്യപിതാവ് തന്നെയായിരുന്നു. ഞാൻ എഴുതീട്ടുള്ള ഒരാട്ടക്കഥ അദ്ദേഹം പരിശോധിച്ചുകൊണ്ടിരിക്കുന്നതിന്നിടയിൽ പൊതുവെ കഥകളിയെക്കുറിച്ച് പല വിലയേറിയ ഉപദേശങ്ങളും എനിക്ക് നൽകുക കൂടിയുണ്ടായി.

ഈ ഗ്രന്ഥനിൎമ്മാണത്തിനുവേണ്ടി ഞാൻ പ്രസിദ്ധ കഥകളിനടനും വലിയകൊട്ടാരം കഥകളി മാനേജരുമായ ശ്രീമാൻ കൊച്ചുമാധവൻപിള്ള അവർകളോടും 'കഴക്കൂട്ടം' ശ്രീമാൻ നാരായണചാക്യാർ അവർകളോടും ശിഷ്യപ്പെട്ടിട്ടുമുണ്ട്.

ഞാൻ എഴുതിക്കൊണ്ടിരുന്ന ഭാഗങ്ങൾ 'വിശ്വദീപം' എന്ന പ്രതിവാര പത്രത്തിലും പിന്നീട് 'നായർ' പത്രത്തിലും ഖണ്ഡശഃ പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരുന്നു. അന്ന് പല മാന്യസുഹൃത്തുക്കളും ഇതിനെ ഗ്രന്ഥരൂപത്തിലാക്കി കാണുവാൻ ആഗ്രഹിക്കുന്നു എന്ന് കാണിച്ച് കത്തുകൾ അയക്കുകയും അഭിമുഖസംഭാഷണ സമയങ്ങളിൽ പറയുകയും ചെയ്തിട്ടുണ്ട്. അവരുടെ അഭിപ്രായങ്ങൾ എനിക്ക് അത്യധികം ഉത്സാഹജനകങ്ങളുമായിരുന്നു.

'നായർ' പത്രത്തിൽ പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരുന്ന ഘട്ടത്തിൽതന്നെ കഥകളിപ്രസ്ഥാനത്തോട് അനിതരസാധാരണമായ അഭിരുചിയും സ്നേഹവുമുള്ള പണ്ഡിതസാർവഭൌമനും മഹാകവിയുമായ, ശ്രീമാൻ വി. കൃഷ്ണൻ തമ്പി അവർകൾ ബി. എ., എൻെറ ഈ ഉദ്യമത്തെ അത്യന്തം അഭിനന്ദിച്ചു. സംഗീതസാഹിത്യകലാകോവിദനായ അദ്ദേഹത്തിൻെറ അന്നത്തെ അഭിനന്ദനം എനിക്ക് ഒരു പ്രോത്സാഹനമായി പരിണമിച്ചു. അദ്ദേഹത്തിനുള്ള പാണ്ഡിത്യത്തിൻെറ അസീമതയും സ്നേഹത്തിൻെറ നിർമ്മലതയും എനിക്ക് ഈ ഗ്രന്ഥനിർമ്മാണത്തിന് എത്രമാത്രം ഉപകരിച്ചിട്ടുണ്ടെന്നുള്ളത് പറഞ്ഞറിയിക്കാൻ പ്രയാസമാണ്.

വന്ദ്യഗുരുപാദരായ രാജശ്രീ വി. കൃഷ്ണൻതമ്പി അവർകൾ പരിശോധിച്ചുകൊണ്ടിരിക്കുന്ന ഘട്ടത്തിൽ തിരുവിതാംകൂർ ആർക്കിയാളജിക്കൽ സൂപ്രണ്ട് ശ്രീമാൻ

ആർ. വാസുദേവപ്പൊതുവാൾ അവർകൾ ബി. ഏ. ഈ ഗ്രന്ഥത്തിൻെറ കൈയെഴുത്തുകാപ്പി വാങ്ങിച്ചുകൊണ്ടു പോയി ആദ്യന്തം വായിച്ചുനോക്കി എൻെറ ഉദ്യമത്തെ അഭിനന്ദിച്ചിട്ടുണ്ടു്.

പിന്നെയൊരിക്കൽ മിസസ്സ് ഹാച്ച് എന്ന അമേരിക്കൻ വിദുഷി ഈ കൈയെഴുത്ത് ഗ്രന്ഥത്തെതന്നെ വാങ്ങിക്കൊണ്ടുപോയി മുഴുവനും വായിച്ചുനോക്കിയശേഷം അതിൽ ചില ഭാഗങ്ങൾ ഇംഗ്ലീഷിൽ തർജ്ജിമചെയ്താൽ കൊള്ളാമെന്നുള്ള അഭിപ്രായം പ്രകടിപ്പിക്കയുമുണ്ടായി.

ഈ ഗ്രന്ഥത്തെ സൗകര്യത്തിനുവേണ്ടി മൂന്നുഭാഗങ്ങളായി പ്രസിദ്ധപ്പെടുത്തണമെന്നാണ് ആഗ്രഹിക്കുന്നതു്. ഒന്നാംഭാഗത്തിൽ ചില പ്രധാന ആട്ടക്കഥാകർത്താക്കന്മാരേയും അവരുടെ കൃതികളേയും കുറിച്ചുള്ള ലഘുവിവരണങ്ങളും രണ്ടാംഭാഗത്തിൽ കഥകളിയുടെ ഉത്ഭവം, നൃത്തം, അഭിനയം, സംഗീതം, സാഹിത്യം, മുദ്രകൾ മുതലായതുകളുടെ വിവരണങ്ങളും മൂന്നാംഭാഗത്തിൽ ഒന്നാംഭാഗത്തിൽ അനുബന്ധങ്ങളായി ചേർത്തിട്ടുള്ള കവികളുടേയും അവരുടെ കൃതികളേയുംപററി പൂർണ്ണവിവരണങ്ങളുമാണ് പ്രതിപാദിക്കപ്പെടുന്നതു്. വന്ദ്യഗുരുപാദരായ രാജശ്രീ വി. കൃഷ്ണൻതമ്പി അവർകൾ ഇതിലെ എല്ലാഭാഗങ്ങളും സശ്രദ്ധം വായിക്കുകയും പല വിലയേറിയ ഉപദേശങ്ങൾ നൽകുകയും വേണ്ട തിരുത്തലുകൾ സദയം ചെയ്തുതരികയും ചെയ്തിട്ടുണ്ടു്. മററുപല കാര്യങ്ങൾക്കെന്നവണ്ണം ഇതിലും ഞാൻ അദ്ദേഹത്തോടു ആജീവം ഋണബദ്ധനാണ്.

കഥകളിക്ക് ഇന്നു ഏകാശ്രയനായിരിക്കുന്ന അദ്ദേഹം ഉത്തരോത്തരം ശ്രേയസ്സോടെ വളരെക്കാലം സുഖമായി വാഴാനും കൈരളിയെ വേണ്ടപോലെ പോഷിപ്പിക്കാനും ജഗദീശ്വരൻ അനുഗ്രഹിക്കട്ടേ !

ഈ ഒന്നാംഭാഗം കൈയെഴുത്തുകാപ്പി മുഴുവനും ശ്രീമാൻ ശൂരനാട്ട് പി. എൻ. കുഞ്ഞൻ പിള്ള അവർകൾ എം. എ. ശ്രദ്ധാപൂർവ്വം പരിശോധിച്ച് പല തിരുത്തലുകളും ചെയ്തുതന്നിട്ടുണ്ട്. വിശിഷ്യ ഈ ഗ്രന്ഥബാലികയ്ക്കു മകുടമണിയാക്കാൻ ഉജ്ജ്വലമായ ഒരവതാരിക എഴുതിത്തന്നും അദ്ദേഹം എന്നെ സഹായിച്ചിട്ടുണ്ട്. ഇപ്രകാരം നിഷ്കളങ്കമായി സഹായിച്ച സാഹിത്യസുഹൃത്ത് പി. കുഞ്ഞൻ പിള്ള അവർകളോട് എനിക്കുള്ള അകൈതവമായ സ്നേഹത്തെ ഇവിടെ പ്രത്യേകം പ്രദർശിപ്പിച്ചുകൊള്ളുന്നു.

കഴിയുന്നതും വേഗത്തിൽ ഈ പുസ്തകം ഭംഗിയായി അച്ചടിച്ച് പ്രസിദ്ധീകരിക്കാൻ എനിക്കു വേണ്ടസഹായം ചെയ്തുതന്ന മാന്യനും ഭാഷാപോഷണതല്പരനുമായ ചാലയിൽ വിദ്യാവിലാസിനി ബുക്കുഡിപ്പോ ഉടമസ്ഥൻ ശ്രീമാൻ പി. ഗോവിന്ദപ്പിള്ള അവർകളോട് എനിക്കുള്ള കൃതജ്ഞതയേയും പ്രത്യേകം രേഖപ്പെടുത്തിക്കൊള്ളുന്നു.

അതിപ്രസിദ്ധങ്ങളായ ചില കഥകളി ഗ്രന്ഥങ്ങളുടെ കർത്താക്കന്മാർ ഈ ഗ്രന്ഥത്തിൻെറ പ്രധാനാംശത്തിൽ ഉൾപ്പെട്ടിട്ടില്ല. അതിനുകാരണം അവരുടെ ചരിത്രത്തെപ്പററിയുള്ള അറിവിൻെറ കുറവാണ്. ഗവേ

ഷണം പൂൎത്തിയായശേഷം കൂടുതൽ വിവരണങ്ങളോടും വിമൎശനങ്ങളോടും കൂടി അവ മൂന്നാംഭാഗത്തിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഏതാനും ചിലരെപ്പററി അറിയാവുന്നത്, അനുബന്ധം ഏ-യായും അല്ലാത്തവരുടെ പേരുവിവരണപ്പട്ടിക ബീ-യായും ഇതിൽ ചേൎത്തിരിക്കുന്നു.

വള്ളത്തോൾ മഹാകവിയുടെ ജീവചരിത്രം വേണ്ട വിവരണങ്ങളോടുകൂടി ഇതുവരെ എവിടെയെങ്കിലും പ്രസിദ്ധം ചെയ്തതായി എനിക്കു തോന്നുന്നില്ല. എൻെറ ഈ ചെറുഗ്രന്ഥത്തിൽ അതുൾപ്പെടുത്തണമെന്നുള്ള അതിമോഹം എനിക്കുണ്ടായിരുന്നു. അതു ഏകദേശം സാധിച്ചിട്ടുമുണ്ട്. എന്നാൽ ജീവചരിത്രാംശം മാത്രം, അനുബന്ധം സീ ആയിട്ടാണ് ഇതിൽ ചേൎത്തിരിക്കുന്നത്. അതിനുകാരണം ജീവചരിത്രം സംബന്ധിച്ച് പല സന്ദേഹങ്ങൾ നിവൎത്തിച്ചുകിട്ടിയപ്പോൾ ആദ്യാംശം അച്ചടിച്ചു കഴിഞ്ഞുപോയതുനിമിത്തമാണ് ഇങ്ങനെ വേണ്ടിവന്നിട്ടുള്ളത്. അതിനാൽ സീ, അനുബന്ധം "വള്ളത്തോൾ" എന്ന പതിനാലാമത്തെ അദ്ധ്യായത്തിൻെറ പ്രാരംഭത്തിൽ ചേൎത്തുവായിച്ചുകൊള്ളണമെന്നപേക്ഷ. അടുത്ത പതിപ്പിൽ അത് യഥാസ്ഥാനത്ത് ചേൎക്കുന്നതാണ്.

ഇതിൽ കഴിയുന്നടത്തോളം അക്ഷരവീഴ്ചകൾ തിരുത്തിയിട്ടുണ്ടെങ്കിലും അവിടവിടെ അല്പം ചില അച്ചടിപ്പിഴകൾ വന്നുപോയിട്ടുണ്ട്. മാന്യ വായനക്കാർ അവ സദയം തിരുത്തി വായിച്ചുകൊള്ളുമെന്നു വിശ്വസിക്കുന്നു.

കേരളീയർ ഈ പുസ്തകപാരായണംകൊണ്ടു് കഥകളിയുടെ മാഹാത്മ്യം അല്പമെങ്കിലും അറിയാൻ ഇടവരികയും അതിൻെറ അഭിവൃദ്ധിക്കുവേണ്ടി പ്രോത്സാഹിക്കുകയും ചെയ്യുന്നുവെങ്കിൽ ഞാൻ ചരിതാർത്ഥനായി.

കരൂർ
7—1—1111.

ഗ്രന്ഥകർത്താ
കെ. എം. കുരുക്കൾ.

# അവതാരിക.

ശ്രീമാൻ കെ. മാധവക്കുരുക്കൾ അവർകൾ മൂന്നു ഭാഗങ്ങളായി പ്രസിദ്ധപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന കഥകളിപ്രദീപിക, എന്ന ഗ്രന്ഥത്തിൻെറ പ്രഥമഭാഗമായ ഈ പുസ്തകം സഹൃദയരായ കേരളീയരുടെ സമക്ഷം അവതരിപ്പിക്കാൻ എനിക്ക് അതിയായ സന്തോഷമുണ്ട്. നാശോന്മുഖമായിപ്പോയെന്നു പലർക്കും ഖേദപൂർവം സംശയിക്കുവാൻ ഇടവന്നിട്ടുള്ള നമ്മുടെ കഥകളി പ്രസ്ഥാനത്തെ പുനർജ്ജീവിപ്പിക്കുന്നതിന് ഇന്നു പല പണ്ഡിതന്മാരും ദേശഭക്തന്മാരും യത്നിച്ചുപോരുന്നുണ്ട്. ഇവരുടെ കൂട്ടത്തിൽ, വടക്കു മഹാകവി വള്ളത്തോൾ നാരായമേനവൻ അവർകളും, തെക്കു പണ്ഡിതാഗ്രേസരനായ ശ്രീമാൻ വി. കൃഷ്ണൻതമ്പി അവർകളും മുഖ്യമായ ഗണനയർഹിക്കുന്നു. അതേ ലക്ഷ്യത്തേത്തന്നെ ലാക്കാക്കി മി. കുരുക്കൾ ഇങ്ങനെ ഒരു ഗ്രന്ഥരചന ചെയ്തതു് സർവഥാ ശ്ലാഘാർഹമെന്നു എല്ലാവരും സമ്മതിക്കും. കഥകളിയെപ്പററിയുള്ള അപൂർണ്ണജ്ഞാനമാണ് വിശിഷ്ടമായ ആ കലയോടു ഇന്ന് പലരും അവജ്ഞ പ്രദർശിപ്പിച്ചുപോരുന്നതിന് ഹേതുവെന്നു ഇപ്പോൾ സാമാന്യമായി അറിയാം. മി. കുരുക്കളുടെ ഗ്രന്ഥം കഥകളിയെപ്പററിയുള്ള പഠനത്തിന് പര്യാപ്തമായ ഒരു പ്രവേശകഗ്രന്ഥമായിരിക്കുമെന്നു നിസ്സന്ദേഹം അഭിപ്രായപ്പെടാം. വിശേഷിച്ചും, ഇമ്മാതിരി ഒരു ഗ്രന്ഥം ഏതദ്വിഷയകമായി നമ്മുടെ

ഭാഷയിൽ ആദ്യമായിട്ടാണ് ഉണ്ടാകുന്നത് എന്നു വരുമ്പോൾ മി. കുരുക്കൾ കഥകളിയോടു പ്രത്യേകം താല്പര്യമുള്ള നമ്മളുടെ എല്ലാം സവിശേഷമായ അഭിനന്ദനത്തിന് അർഹനാണെന്ന് എടുത്തു പറയേണ്ടതായും ഇരിക്കുന്നു.

ഓരോ കവിയേപ്പററിയുള്ള ഉപന്യാസങ്ങളിലും അവരെപ്പററി അറിയാവുന്നിടത്തോളം വിവരങ്ങളും അവരുടെ കൃതികളെപ്പററിയുള്ള ലഘുനിരൂപണങ്ങളും കൊടുക്കാനാണു ഉദ്യമിച്ചിട്ടുള്ളത്. പ്രാചീനന്മാരായ കഥകളിപ്രബന്ധകാരന്മാരെപ്പററി നമുക്കുള്ള ജ്ഞാനം വളരെ അപൂർണ്ണമാണ്. ഇപ്പോൾ അറിയാവുന്നിടത്തോളം കാര്യങ്ങൾ ഇങ്ങനെ ഗ്രന്ഥരൂപത്തിൽ നിബന്ധിച്ചില്ലെങ്കിൽ കാലക്രമത്തിൽ ഇതും നഷ്ടപ്പെട്ടുപോകുമെന്നു വിശേഷിച്ചു പറയണമെന്നില്ലല്ലോ. ഓരോരുത്തരെപ്പററിയും പറഞ്ഞു പോരുന്ന ഐതിഹ്യങ്ങളും കഥകളും കൂടി ഗ്രന്ഥത്തിൽ ചേർത്തിട്ടുള്ളത് വളരെ ഉചിതമായിട്ടുണ്ട്. ആട്ടക്കഥകളെപ്പററിയുള്ള നിരൂപണം ഒന്നുകൂടെ വിസ്തരിച്ചാകാമായിരുന്നെന്ന് ചിലക്ക് അഭിപ്രായം വരാം. പക്ഷേ ഗ്രന്ഥവിസ്തരഭയത്താൽ ഗ്രന്ഥകാരൻ അപ്രകാരം ചെയ്തില്ല എന്നേയുള്ളു. ഓരോ കഥയുടേയും രംഗപരിപാടിയും ഈ ഭാഗത്തിൽ ചേർക്കാമായിരുന്നെങ്കിലും സൌകര്യം നോക്കി അതു മൂന്നാം ഭാഗത്തിലേക്കു നീക്കി വച്ചിരിക്കയാണ്. ചുരുക്കത്തിൽ ഒന്നാം ഭാഗം കൊണ്ട് ഗ്രന്ഥകർത്താവ് ഉദ്ദേശിക്കുന്നത് പ്രസിദ്ധന്മാരായ കഥകളി കർത്താക്കന്മാരെപ്പററിയും അവരുടെ കൃതി

കളേപ്പററിയും ജനസാമാന്യത്തിനുവേണ്ട പ്രബോധനം നൽകാനും ബഹുമാനം ജനിപ്പിക്കാനും മാത്രമാണ്. ആ ഉദ്ദേശം തീച്ച്യയായും സഫലമാകുമെന്നുള്ളതിൽ സംശയവുമില്ല. ഉത്സാഹസമ്പന്നനായ മി. കുരുക്കൾ കാണിച്ച ഈ മാർഗ്ഗത്തിലൂടെ വിദ്വാന്മാർ ഇനിയും സഞ്ചരിക്കാനിടവരുമെന്നും ആട്ടക്കഥകളെപ്പററി പ്രൗഢങ്ങളായ നിരൂപണങ്ങൾ മേലാൽ ഉണ്ടാകുമെന്നും ഞാൻ ദീർഘദർശം ചെയ്തുകൊള്ളുന്നു.

രണ്ടാം ഭാഗം ഒന്നാം ഭാഗമായി പ്രസിദ്ധീകരിക്കണമെന്നായിരുന്നു ഗ്രന്ഥകാരന് ആദ്യമുണ്ടായിരുന്ന അഭിലാഷമെന്നു തോന്നുന്നു. എന്നാൽ ശാസ്ത്രീയകാര്യങ്ങളെപ്പററി പ്രതിപാദിക്കുന്ന ആ ഭാഗം ആദ്യമായി അവതരിപ്പിക്കുന്നതിൽ നല്ലത് കവികളെപ്പററിയുള്ള ഈ ഭാഗം പ്രസിദ്ധപ്പെടുത്തുന്നതായിരിക്കും എന്നു കരുതി അപ്രകാരം ചെയ്യുന്നതാണ്. പക്ഷെ കഥകളിയെപ്പററിയുള്ള ശാസ്ത്രസങ്കേതങ്ങളും അവയെപ്പററിയുള്ള വ്യാഖ്യാനങ്ങളും നമുക്കിന്ന് അത്യാവശ്യമായിരിക്കുന്നു. മററു കലകളെ അപേക്ഷിച്ച് സങ്കേതജ്ഞാനം കഥകളികണ്ടു രസിക്കാൻ അത്യാവശ്യമാണ്. സാമാന്യം വിദ്യാഭ്യാസം സിദ്ധിച്ചവരിൽ പലക്കും തന്നെ കഥകളിയെപ്പററിയുള്ള ശാസ്ത്രങ്ങളെക്കുറിച്ച് യാതൊന്നും അറിയുവാൻ പാടില്ലെന്നുള്ളത് ഒരു വെറും പരമാത്ഥം മാത്രമാണ്. ഈ സ്ഥിതി ഇനിയും ഇപ്രകാരം തുടരുന്നത് ആശാസ്യമായിരിക്കയുമില്ല. മി. കുരുക്കൾ ഏതദ്വിഷയകമായി നല്ല പരിശ്രമം ചെയ്താണ് രണ്ടാം ഭാഗം എഴുതിയിട്ടുള്ളത്.

രണ്ടാം ഭാഗവും കഴിയുന്നതും വേഗം അച്ചടിപ്പിക്കുന്നതു് അത്യന്തം ഉപകാരപ്രദമായിരിക്കും. അതു് കലാശാലാ ക്ലാസുകളിൽ ആട്ടക്കഥ പഠിപ്പിക്കുന്നതിന് വളരെ ഉപകരിക്കുമെന്നും തീച്ചയാണു്.

ഈ ഒന്നാംഭാഗം മുഴവനും ക്ഷമാമൂത്തിയായ ഗ്രന്ഥകത്താവുമൊത്തിരുന്നു് ഞാൻ ശ്രദ്ധാപൂവം പരിശോധിച്ചതാണു്. വാചകരീതിയിലും പ്രതിപാദനക്രമത്തിലും അങ്ങിങ്ങായുണ്ടായിരുന്ന വൈകല്യങ്ങളും ശൈഥില്യങ്ങളും ഞാൻ ചൂണ്ടിക്കാണിക്കുമ്പോൾ വിനയപൂവം എന്റെ നിദ്ദേശങ്ങളെ സ്വീകരിച്ചു് ആ വിധം തിരുത്തൽ ചെയ്യാൻ കാണിച്ച സന്നദ്ധതയ്ക്കും ദാക്ഷിണ്യത്തിനും ഞാൻ മി. കുരുക്കളോട് കടപ്പെട്ടിരിക്കുന്നു. മി. കുരുക്കൾ ഓരോ കഥകളിപ്രബന്ധ കത്താക്കളെപ്പററിയും അറിയാവുന്നെടത്തോളമുള്ള കാര്യങ്ങളെല്ലാം ശ്രമപൂവ്വം സമ്പാദിച്ചിരുന്നതുകൊണ്ടു് അക്കാര്യത്തിൽ പറയത്തക്ക ചേച്ചുകളൊന്നും ആവശ്യപ്പെട്ടില്ല. വാചകസമ്പ്രദായത്തിൽ എന്റെ ദൃഷ്ടി അനുസരിച്ചു് അങ്ങിങ്ങ് ചില മാററങ്ങൾ ചെയ്യാൻ സാധിക്കുമെങ്കിലും അദ്ദേഹത്തിന്റെ രീതി ന്യൂനത ഇല്ലാത്തതെന്നു കരുതാവുന്ന ദിക്കിൽ യാതൊരു ഭേദഗതികളും ചെയ്യാതെ ഇരിക്കുന്നതുതന്നെയാണു് നല്ലതെന്നു വച്ചു് അങ്ങനെതന്നെ ചെയ്തിട്ടേയുള്ളൂ. മലയാളം പ്രതിദിനം വളൻകൊണ്ടിരിക്കുന്ന ഭാഷയാണെന്നും, അതിന്റെ സൈ്വരഗതിയെ അനാവശ്യമായി നിയമ ശൃംഖല കൊണ്ടു് നിബന്ധിച്ചു് ഹനിക്കുന്നതു് ന്യായമല്ലെന്നും വാദിക്കുന്ന ഇക്കാലത്തു് മലയാളഗദ്യത്തിന്റെ രീതിയെ

പ്പററിയും ശുദ്ധിയെപ്പററിയും എന്തെങ്കിലും പറയുന്നതു് സൂക്ഷിച്ചുവേണം താനും. അതല്ല ഇവിടെ പ്രകൃതം. മി. കുരുക്കളുടെ ഭാഷാരീതി വേണ്ടത്ര നന്നായിട്ടുണ്ടെന്നു് തന്നെ അഭിപ്രായപ്പെടാം. പക്ഷെ, ഇവിടെ പ്രധാന മായി നോക്കാനുള്ളതു് പ്രതിപാദിതമായ വിഷയങ്ങളാ ണു്. അവ തീച്ച്യയായും എല്ലാവരുടേയും ഗാഢമായ പഠ നത്തിന് അഹ്ങ്ങളെന്നുള്ളതിന് ആക്ഷേപം ലേശവും ഇല്ലതന്നെ.

ഇതിൽ ഒരു സാഹസംമാത്രമേ ഞാൻ ചെയ്തിട്ടുള്ളു. ഈ ഗ്രന്ഥത്തിൽ പതിനഞ്ചാമതായി ചേത്തിട്ടുള്ള ശ്രീമാൻ വി. കൃഷ്ണൻതമ്പി അവർകളെപ്പററിയുള്ള ഉപ ന്യാസം മി. കുരുക്കൾ എഴുതിക്കൊണ്ടുവന്ന രൂപത്തിൽ പ്രസിദ്ധപ്പെടുത്തുന്നതിൽ എനിക്കത്ര തൃപ്തിതോന്നി യില്ല. ഞാൻ ആ വിവരം മി. കുരുക്കളെ അറിയിച്ചു. ആ ഉപന്യാസം മാററി എഴുതിയാൽ തരക്കേടില്ലെന്നു് മി. കുരുക്കളോടു ഞാൻ പറഞ്ഞതനുസരിച്ചു് ആ ഭാഗം ഞാൻ പറഞ്ഞുകൊടുത്തപ്രകാരം ഒന്നുകൂടി വിപുലമാക്കി എഴുതിച്ചേത്തിട്ടുള്ളതാകുന്നു. എൻെറ നിരൂപണത്തിൽ നിമ്മത്സരന്മാരായ നിരൂപകന്മാക്കു് പക്ഷാന്തരം ഉണ്ടാ കയില്ല. ജീവിച്ചിരിക്കുന്ന ഒരാളെപ്പററി നിരങ്കുശമായി പറയാമോ എന്നു് പലക്കും സംശയംവരാം. പക്ഷെ "ഭൂതാത്ഥശംസയിൽ" ഭയത്തിന് അവകാശമില്ലെന്നുള്ള തത്വമാണു് എനിക്കു് അവലംബം. പഴകുംതോറും കവി കൾക്കു് പ്രാമാണ്യം കൂടും എന്ന തത്വം ഞാൻ വിസ്മരി ക്കുന്നില്ല. കാലത്തിന് നന്മതിന്മകളെ വേർതിരിക്കുന്ന തിനുള്ള ശക്തി ഇതരാതിശായിയുമാണു്. എങ്കിലും,

"പുരാണമിത്യേവ ന സാധു സർവ്വം
നചാപി കാവ്യം നവമിത്യവദ്യം;
സന്തഃ സമീക്ഷ്യാന്യതരത് ഭജന്തേ
മൂഢഃ പരപ്രത്യയനേയബുദ്ധിഃ."

എന്ന അഭിജ്ഞവചനമനുസരിച്ചാണ് ഞാൻ അദ്ദേഹത്തിൻെറ കൃതികൾ നിരൂപണംചെയ്തിട്ടുള്ളത്. അദ്ദേഹത്തെപ്പററി തല്ക്കാലം അറിയാമായിരുന്നിടത്തോളം കാര്യങ്ങൾ മാത്രമേ ഉപന്യാസത്തിൽ ചേർത്തിട്ടുള്ളൂ. അദ്ദേഹത്തിൻെറ ജീവചരിത്രത്തെപ്പററിയുള്ള പൂർണ്ണവിവരങ്ങളോ എല്ലാ കൃതികളേയും പററിയുള്ള വിമർശനങ്ങളോ കൊടുക്കാൻ സാധിച്ചിട്ടില്ല. ഈ ന്യൂനത വേറൊരിക്കൽ ഞാൻ തന്നെ വേറൊരുപന്യാസംകൊണ്ട് പരിഹരിച്ചുകൊള്ളാമെന്ന് ആശിക്കുന്നു.

ഇനി മി. കുരുക്കൾക്ക് വിജയാശംസ ചെയ്യേണ്ട കാര്യമേ ഉള്ളൂ. ഇത്രത്തോളം ഉത്സാഹവും ജ്ഞാനതൃഷ്ണയും ഗവേഷണതാല്പര്യവും ഉള്ള മി. കുരുക്കൾക്ക് അചിരേണ സാഹിത്യത്തിൽ സ്പൃഹണീയമായ ഒരു സ്ഥാനം ലഭിക്കുമെന്ന് എനിക്കു വിശ്വാസമുണ്ട്. ഈ ഗ്രന്ഥത്തിന് നിർമ്മത്സരന്മാരായ എല്ലാവരും അത്യന്തം സന്തോഷത്തോടുകൂടി സ്വാഗതം ചെയ്യുമെന്നുള്ളതിൽ സംശയത്തിന് അവകാശമേയില്ല. വളരെ നാളായുള്ള ഒരു ആവശ്യത്തെ ഈ ഗ്രന്ഥം നിറവേററുന്നുണ്ട്. യൗവനത്തിൻെറ പ്രാരംഭദശയിൽ കാലൂന്നിയിട്ടുള്ള മി. കുരുക്കൾക്ക് ഇതിലും ശ്രേഷ്ഠങ്ങളായ അനവധി ഗ്രന്ഥങ്ങളെ

കൊണ്ടു് കൈരളിയെ അനുഗ്രഹിക്കാൻ ഇടവരട്ടെ എന്നു പ്രാൎത്ഥിച്ചുകൊള്ളുന്നു. ഞാൻ അദ്ദേഹത്തിനു് സകല വിജയസിദ്ധികളും ആശംസിച്ചുകൊള്ളുന്നു.

എന്നു്,

തിരുവനന്തപുരം
7—1—1111.

ശൂരനാട്ടു് പി. എൻ. കുഞ്ഞൻപിള്ള,
എം. എ. (ഇംഗ്ലീഷ്);
എം. ഏ. (സംസ്കൃതം); എം. ഏ. (മലയാളം).

# വിഷയാനുക്രമണിക.


| | | |
|---|---|---|
| | | പുറം. |
| ൧. | കൊട്ടാരക്കര തമ്പുരാൻ .... | ൧ |
| ൨. | കോട്ടയത്തു് വിദ്വാൻ തമ്പുരാൻ .... | ൯ |
| ൩. | കാർത്തികതിരുനാൾ തിരുമനസ്സുകൊണ്ടു് | ൩൨ |
| ൪. | അശ്വതിതിരുനാൾ തിരുമനസ്സുകൊണ്ടു് | ൪൧ |
| ൫. | ഉണ്ണായിവാരിയർ .... .... | ൪൮ |
| ൬. | കല്ലൂർ നമ്പൂതിരിപ്പാട്ടു് .... .... | ൫൮ |
| ൭. | ഇരയിമ്മൻ തമ്പി .... .... | ൬൩ |
| ൮. | കിളിമാനൂർ വിദ്വാൻ രവിവർമ്മകോയിത്തമ്പുരാൻ .... .... | ൭൫ |
| ൯. | ഉത്രംതിരുനാൾ തിരുമനസ്സുകൊണ്ടു് .... | ൮൩ |
| ൧൦. | കേരളവർമ്മ വലിയകോയിത്തമ്പുരാൻ | ൮൭ |
| ൧൧. | കെ. സി. കേശവപിള്ള അവർകൾ .... | ൯൫ |
| ൧൨. | കൊട്ടാരത്തിൽ ശംകുണ്ണി ടി .... | ൧൦൦ |
| ൧൩. | ശ്രീകണ്ഠേശ്വരം ജീ. പത്മനാഭപിള്ള അവർകൾ .... .... | ൧൧൩ |
| ൧൪. | വള്ളത്തോൾ നാരായണമേനോൻ അവർകൾ .... .... | ൧൨൩ |
| ൧൫. | പ്രൊഫസ്സർ വി. കൃഷ്ണൻതമ്പി അവർകൾ | ൧൩൦ |

## അനുബന്ധം ഏ.

| | | പുറം. |
|---|---|---|
| ൧. | കിളിമാനൂർ ചെറുണ്ണി കോയിത്തമ്പുരാൻ | ൧൫൨ |
| ൨. | പുതിയിക്കൽ തമ്പാൻ .... | ൧൫൩ |
| ൩. | ഇരട്ടകുളങ്ങര വാരിയർ .... | ൧൫൪ |
| ൪. | കുഞ്ചൻ നമ്പ്യാർ .... .... | ൧൫൬ |
| ൫. | മണ്ഡവപ്പള്ളി ഇട്ടിരാരിശമേനോൻ | ൧൫൯ |
| ൬. | ബാലകവി രാമശാസ്ത്രികൾ .... | ൧൬൦ |
| ൭. | കല്ലേക്കുളങ്ങര പിഷാരടി .... | ൧൬൪ |
| ൮. | വയസ്കരമൂസ്സത് .... .... | ൧൬൫ |

## അനുബന്ധം ബി.

മൂന്നാം ഭാഗത്തിലേയ്ക്കു നീക്കിവച്ചിട്ടുള്ള മററു ആട്ടക്കഥാകത്താക്കന്മാരുടേയും അവരുടെ കൃതികളുടേയും നാമവിവരണപ്പട്ടിക .... ൧൬൭

## അനുബന്ധം സി.

വള്ളത്തോൾ മഹാകവിയുടെ ജീവചരിത്ര സംക്ഷേപം .... ൧൭

# കഥകളിപ്രദീപിക.

## ഒന്നാം ഭാഗം.

### ൧. കൊട്ടാരക്കരത്തമ്പുരാൻ.

കാലം ഉദ്ദേശം ൭൱ം—൮൱ം–ന്റം മദ്ധ്യം.

കൊട്ടാരക്കരത്തമ്പുരാൻ കഥകളിയുടെ ജനയിതാവ് എന്ന നിലയിൽ ധാരാളം പ്രശസ്തിയെ അർഹിക്കുന്നുണ്ട്. മററു ദേശങ്ങളിലെ ഏതു നാടകശൈലിയോടും കിടപിടിക്കത്തക്ക ഈ പുതിയ കഥകളിപ്രസ്ഥാനം ഇദ്ദേഹം ഉപജ്ഞാനം ചെയ്യുന്നതിനിടയായ സംഗതികൾ മനസ്സിലാക്കാൻ രണ്ടാം ഭാഗത്തിൽ കഥകളിയുടെ ഉത്ഭവം എന്ന അദ്ധ്യായം നോക്കുക.

തമ്പുരാൻ രാമായണം കഥയെ, പുത്രകാമേഷ്ടി, സീതാസ്വയംബരം, വിച്ഛിന്നാഭിഷേകം, ഖരവധം, ബാലിവധം, തോരണയുദ്ധം, സേതുബന്ധനം, യുദ്ധം എന്നീ നാമധേയത്തിൽ എട്ടുകഥകളായി രചിച്ചു. അതിൽ പുത്രകാമേഷ്ടിയിൽ കാണുന്ന—

"പ്രാപ്താനന്തഫലനശ്രീയഃ പ്രിയതമഃ
ശ്രീരോഹിണീജന്മനോ-
വഞ്ചിക്ഷ്മാവര വീരകേരള വിഭോ-
രാജ്ഞഃ സ്വസുസ്സൂനനാ
ശിഷ്യേണ പ്രവണേന ശങ്കരകവേ-
രാമായണം വർണ്ണ്യതേ-
കാരുണ്യേ നകഥാഗുണേന കവയഃ—
കുർവ്വന്തു തൽക്കർണ്ണയോഃ"

എന്ന ശ്ലോകത്തിൽ നിന്നും കവി തിരുവിതാംകൂർ മഹാരാജാവായ രോഹിണി തിരുനാൾ വീരകേരളവമ്മ മഹാരാജാവിൻെറ സഹോദരീപുത്രനും ശങ്കരകവിയുടെ പ്രധാന ശിഷ്യനും ആണെന്നു തെളിയുന്നു. ചരിത്രാന്വേഷണം നടത്തുന്നപക്ഷം കൊട്ടാരക്കര കേരളവമ്മത്തമ്പുരാൻ കൊല്ലവഷം ൭൦൦-നും ൮൭൦-നും മദ്ധ്യേ ജീവിച്ചിരുന്നുവെന്നു നിശ്ചയിക്കാം.

* അദ്ദേഹം കഥാരചനയ്ക്കു വാല്മീകിരാമായണത്തെയാണു് അടിസ്ഥാനമാക്കീട്ടുള്ളതു്.

"ധരണീന്ദ്ര ചൊല്ലുവെനഭിലാഷമതു
തരുമെന്നുദൃഢമായിചൊല്ലിയല്ലോ
പെരുതായിട്ടൊരുയാഗംചെയ്യുതിനായങ്ങു
തരസാകോപ്പുകൾക്കൂട്ടിയിങ്ങുവന്നുഞാൻ"

..............................................................

* കാലനിണ്ണയത്തെപ്പററി പൂർണ്ണ വിവരങ്ങൾ രണ്ടാംഭാഗത്തിൽ കൊടുത്തിട്ടുണ്ടു്.

"അതിനെമടക്കിട്ടന്നിരുവർനിശാചര-
രതീഭിമബലമുള്ളവർകളല്ലോ."

......................................................

"അമരേന്ദ്രസമവീര്യ്യ നിശിചരരെക്കൊന്നി-
ട്ടമലമാമെൻെറ യാഗം സാധിപ്പാനായി
സുമഹാപരാക്രമനായ നിൻെറ സുതൻ
ശ്രീരാമനെ കൂടെയയച്ചീടേണം."

"ഏവം മുനീന്ദ്രനരുൾചെയ്തതുകേട്ടഭൂപൻ
താവന്മനോജ്ഞ ശിശുപുത്രവിയോഗഭീത്യാ
സാവേദനം മുനിയെയുള്ള ഭയത്തിനാലു-
മേവം പരിപ്ലവമനാനിജഗാദരാജാ"

......................................................

"അമലഗുണനന്ദനനെ കിമപി മമ മാനസേ
രാമനെപ്പിരിവതിന്ന ധൈര്യ്യമില്ലേ പരം.
ഷോഡശ വയസ്സുപോലുമില്ല ബാലന്ന
കൂടെ മമ തനയനെ കൊണ്ടുപോകരുതഹോ."

......................................................

"ദശരഥ നരപാലൻ ചൊന്നതുംകേട്ടശേഷം
വിചലിതതരുശൈലം ലോലഭൂമണ്ഡലാന്തം
അരുണവദനപത്മം പ്രോജ്വലദാവഹ്നിരൂപം
കുശികസുതമുനീശൻ കോപവും പൂണ്ടുചൊന്നാൻ."

......................................................

"കുശികസുതനരയ്യും വാക്കുകേട്ടിട്ടുഭൂപേ
പരിതപതി മഹാത്മാ താപസേശൻ വസിഷ്ഠൻ

വിശദഗുണമനോജ്ഞൻ തൽസഭാമദ്ധ്യഭാഗാൽ
നരപതിമിതിചൊന്നാൻ പത്മജന്മാത്മജന്മാ."

ഇത്യാദി ഭാഗങ്ങൾ വാല്മീകി രാമായണത്തിൻെറ നേരു തർജ്ജിമയാകുന്നു.

അദ്ധ്യാത്മരാമായണത്തിൽ വസിഷ്ഠൻ ദശരഥനോടു പരസ്യമായിട്ടല്ലല്ലോ പറയുന്നതു്. അതുപോലെതന്നെ വാല്മീകിരാമായണത്തിൽ സരയൂനദീസംഗമത്തിൽവച്ചു ശ്രീരാമൻ ഒരാശ്രമം കാണുകയും അതിൻെറ വിവരങ്ങൾ ചോദിച്ചറിയുകയും ചെയ്യുന്നു. ഇതു് ആട്ടക്കഥയിലുമുണ്ട്. അദ്ധ്യാത്മരാമായണത്തിൽ നേരേ മറിച്ചു് ശ്രീരാമൻ വിശ്വാമിത്രസമേതം പോകുംവഴി മന്ത്രോപദേശം കഴിഞ്ഞശേഷം താടകാവനമാണ് ആദ്യമായി കാണുന്നതു്.

ഇപ്രകാരം പലവിധത്തിൽ നോക്കിയാലും വാല്മീകിരാമായണത്തെ അനുകരിച്ചിട്ടുള്ളതായിട്ടാണ് കാണുന്നതു്. എന്നാൽ അപൂർവ്വം ചില ഭാഗങ്ങളിൽ രാമായണം ഇരുപത്തിനാലുവൃത്തത്തേയും അനുകരിച്ചിട്ടുള്ളതായി കാണുന്നു.

"കമലമിഴിഘോരേപയസി മുഴകിപ്പോയ്
കരമതിതല്ലോ കാണായനുജാ
കരയേററീടുനീ യറിക രഘുനാഥാ
കരകമലമല്ലേ ജലകമലമത്രേ:" എന്നു് ഇരുപത്തിനാലു വൃത്തത്തിലുള്ള ഭാഗത്തെ—

"അനുജ മമ ലക്ഷ്മണ! സരസി മമ വല്ലഭ
ജനകനൃപകന്യാമുഴകികരമിതല്ലോ

അനുജകരമേററു നീ അനുജകരയേററു നീ-
ഹന്തമമവല്ലഭ സരസ്സിൽ മുഴുകിപ്പോയി.
തരുണിമണി തന്നുടെ കരമല്ല രാഘവാ
ജലമതിൽ കാണുന്ന സരസീരുഹമല്ലോ." എന്നു്
ആട്ടക്കഥയിൽ കാണുന്നതു് അതിലേക്കു് ദൃഷ്ടാന്തമാണു്.

കൂടാതെ,

"ധന്യാദശഗ്രീവാ! തന്നീടുസീതാം
എന്നാലിനിക്കില്ല നിന്നോടുവൈരം" എന്ന
ഭാഗത്തെ തമ്പുരാൻെറ കവിത നോക്കുക.

"ധന്യാദശാനന! തന്നീടുസീതാം
പിന്നെ നിന്നെക്കൊല്ലുകയില്ല ഞാൻ."

ഭാഷാചമ്പൂകന്മാരെ അനുകരിച്ചു് വിശേഷവിശേഷണങ്ങൾക്കു് പൊരുത്തം ചെയ്യു മുതലായവയെല്ലാം ഇദ്ദേഹത്തിൻെറ കൃതികളിൽ ധാരാളമുണ്ടു്. കൂടുതൽ പാത്രങ്ങളെ സൃഷ്ടിച്ചിട്ടുമുണ്ടു്. ശ്ലോകങ്ങൾ സംസ്കൃതത്തിലും മണിപ്രവാളത്തിലും പദങ്ങൾ ശുദ്ധ മലയാളത്തിലുമാണു് രചിച്ചിട്ടുള്ളതു്.

ഇങ്ങനെ രാമായണം മുഴുവൻ പാടിയാടുവാൻ തക്ക രീതിയിൽ കഥയാക്കി ചമച്ചു് കൃഷ്ണനാട്ടത്തെ തോല്പിച്ചു് രാമനാട്ടത്തെ സ്ഥാപിച്ചു് അതിനെ കൈരളിയുടെ ഉത്തമവും ഉജ്ജ്വലവുമായ പ്രസ്ഥാനവിശേഷവുമാകുമാറു ഒരു നൂതനസൃഷ്ടിചെയ്ത ഈ മഹാപുരുഷൻെറ കൃതികൾ പ്രായേണ ഇപ്പോൾ പ്രായോഗികമല്ലാതെയായിതീൎന്നിട്ടുണ്ടു്. വ്യംഗ്യകാവ്യത്തിൻെറ ചമൽക്കാരത്തിലോ ശബ്ദാ-

ത്ഥാലങ്കാരങ്ങളുടെ മോടിയിലോ സങ്ഗീതത്തിൻെറ ധാടിയിലോ അദ്ദേഹത്തിൻെറ പിൻഗാമികൾ ആജ്ജിച്ചിട്ടുള്ള ഔൽകൃഷ്ട്യം അദ്ദേഹത്തിന്ന കാണുന്നില്ല. കാരണം പ്രധാനമായി നോക്കുമ്പോൾ കഥകളിയുടെ അഭിനയാദിഭാഗങ്ങളിൽ ബദ്ധചിത്തനായിപ്പോയ ഈ മഹാകലാസരസൻ മററംശങ്ങളിൽ ദൃഷ്ടിവയ്ക്കായ്ക മാത്രമാണെന്നു പറയേണ്ടിയിരിക്കുന്നു. ചില നല്ല ആശയങ്ങൾക്കും പദഘടനാസാരസ്യത്തിനും ഉദാഹരണമായി താഴെക്കാണുന്ന ഭാഗങ്ങൾ നോക്കുക.

"ഇന്നുനീമമ ഗേഹേ വന്നതുകൊണ്ടുഞാൻ
ധന്യനായിമഹാമുനേ ! മാന്യതാപസവന്ദ്യാ !
ബാലന്മാരിവരാരവർ, ജലജവിലോചനൗ
വലവൈരിസമവീൎയ്യൗ,വളർകോദണ്ഡധാരിണൌ
ഗജസിംഹഗതിവീരൗ ശാൎദ്ദൂലവൃഷതുല്യൗ
തൂണീഖഡ്ഗധാരിണൗ ചന്ദ്രസൂൎയ്യസംകാശൗ
മഹാസത്വൗ മഹാവീൎയ്യൗ മഹാപുരുഷശാൎദ്ദൂലൗ
മഹായുധധരൗ വീരൗ ആരെന്നരുളീടെണം."

എന്ന് സീതാസ്വയംബരത്തിൽ കാണുന്ന ഭാഗവും—

"ഹാ രാമമോഹവിവശോസ്മിമഹാന്ധകാരേ-
ഹാ പാതിതസ്സപദി കേകയരാജപുത്ര്യാ !
ഹാ കുത്ര വാ ചരസി ലക്ഷ്മണജാനകീഭ്യാം
ഹാ കുത്ര വാ വസതി കാനന മദ്ധ്യദേശേ."

"കുരംഗ ലോചനാ കുലങ്ങൾ മോഹിക്കും
സമംഗലമായി വിളങ്ങുമാനനേ

കുരംഗനാഭിയാലലംകരിച്ചതും
ഏണാംകൻതന്നിൽ കളംകമെന്നപോൽ
അനംഗനെപ്പണ്ടു കുരംഗ ധാരിപോൽ
തുരംഗമോടതി ഭയംകരങ്ങളാം
മതംഗജാതിസഞ്ചയങ്ങളെയെല്ലാം
ശരങ്ങൾകൊണ്ടു യുദ്ധരംഗെ കൊന്നിടും
ഭുജംഗങ്ങൾപോലെ ഭുജങ്ങളും മാലാ-
കുലങ്ങളാലേററം വിളങ്ങും കണ്ഠവും
ഉദരശോഭയും മണിരശനയും
ജലരുഹരുചിരുചിരപാദങ്ങൾ
തവരഘുവര രുചിരമാന്ദേഹം
അരികേകാണ്മാനായ് വരുമോസംഗതി.
ഹാഹന്ത നിന്നെയിനിയെന്നിഹ കണ്ടിട്ടുന്നേൻ
നീഹാരഭാനുസദൃശാനന രാമചന്ദ്ര
മോഹേന കിന്തുവിഫലം മമസർവ്വമിപ്പോൾ
ദേഹവ്യപായ മയിനൾകുകദൈവമേനീ"

എന്നഭാഗവും—

"ക്രൂരിരുളിടയുന്നണിനൽകുഴലിൽമേവും
പെരിയാണ്ടചാരുസുമരാജിതാനനേ!
കൊഞ്ചും കിളിമൊഴിബാലേ! സന്താപിച്ചിടൊല്ലാ!
കിഞ്ചനചഞ്ചലിയാതെ കഞ്ജദളേക്ഷണേ.-" ഇത്യാദി തുടങ്ങുന്ന പദവും

"കലയസദാ രഘുനായകം
വിബുധനികരകരവിഗളിതസുമ
കലവിലസിതനവമണിഗണചൂഡം—കല

സമരധരോപരിഗതമൃഡശേഖര-

ലസദ്ഗുരുതരശിഖിശശിഫാലം—കലയ

എന്നു തുടങ്ങുന്ന ഭാഗവും മററും ഏററവും മനോഹരമായിരിക്കുന്നു.

എന്നു തന്നെയുമല്ല

"അലങ്കാരങ്ങൾക്കോ പ്രയോഗങ്ങൾക്കോ മറേറാ ന്യൂനതകൾ ഉണ്ടായിരുന്നാലും ആയവയെ അത്ര ഗൗരവമായി വിചാരിപ്പാൻ പാടില്ല. ആക്ഷേപസമാധാനങ്ങൾ കൊട്ടാരക്കരക്കഥകൾ ഒഴിച്ച് ശേഷം ആട്ടക്കഥകളിൽ നോക്കേണ്ടതാകുന്നു" എന്ന് ഒരു പണ്ഡിതൻ പറഞ്ഞിട്ടുള്ളത് ഇവിടെ പ്രത്യേകം ശ്രദ്ധേയമാകുന്നു.

# ൨. കോട്ടയത്തു് വിദ്വാൻ തമ്പുരാൻ.

ജീവിതകാലം കൊല്ലവഷം ൮൪൦-നും ൯൦൦-നും മദ്ധ്യം.

ഇദ്ദേഹത്തിൻെറ നാമധേയം കേരളവമ്മ എന്നായിരുന്നു. ബാല്യത്തിൽ ബുദ്ധിഹീനനും വിദ്യാഭ്യാസത്തിൽ അലസനുമായിരുന്നുവത്രേ.

പ്രസ്തുത രാജവംശത്തിൽ പ്രായപൂത്തിയുള്ള പുരുഷന്മാർ ആരുംതന്നെ ഇല്ലാതിരുന്നതുകൊണ്ടു് കോട്ടയം രാജ്യം ഭരിച്ചിരുന്നതു് കേരളവമ്മയുടെ മാതാവായിരുന്നു. അക്കാലത്തു് കോഴിക്കോട്ടു സാമൂതിരിയും കോട്ടയം രാജകുടുംബവും തമ്മിൽ ദൃഢമായ മൈത്രിയിൽ കഴിഞ്ഞു വന്നിരുന്നു. അവക്കു തമ്മിൽ എന്തോ ബന്ധം കൂടിയുണ്ടായിരുന്നതായും പറയുന്നുണ്ടു്. കോട്ടയം രാജാക്കന്മാർ കോഴിക്കോട്ടു രാജ്യം ആണ്ടുതോറും സന്ദശിക്കുക പതിവായിരുന്നു. മഹാരാജ്ഞി രാജ്യം കയ്യേററതിനുശേഷം കോഴിക്കോട്ടു് സന്ദശിച്ചില്ല. നമ്മുടെ കഥാനായകൻ യൗവനം പ്രാപിച്ചതിനുശേഷം കോഴിക്കോട്ടു സന്ദശിക്കുവാൻ അദ്ദേഹത്തെ അയക്കണമെന്നു് രാജ്ഞി തീരുമാനിച്ചു.

എന്നാൽ യുവാവും വിദ്വാനുമായ അന്നത്തെ സാമൂതിരി രാജാവുമായി അഭിമുഖസംഭാഷണം നടത്തുന്നതിന് കേരളവമ്മയ്ക്കു് അശേഷം പറിപ്പുണ്ടായിരുന്നില്ല.

തന്നിമിത്തം ഒന്നു രണ്ടു വാക്കിൽ സംഭാഷണം പൂത്തിയാക്കുവാൻവേണ്ടി മഹാരാജ്ഞി ഗുരുമുഖാന്തരം

"മയാകിം കൎത്തവ്യം" എന്ന വാക്യം കേരളവൎമ്മയെ പഠിപ്പിച്ചു. അനേക ദിവസം പ്രയത്നപ്പെട്ടതിൻെറ ഫലമായി രാജകുമാരൻ തെററില്ലാതെ ഈ വാക്യം ഒരുവിധം ഉച്ചരിക്കുമെന്നുള്ള മട്ടായി. അതിൻെറശേഷം മാതാവിൻെറ ആജ്ഞയനുസരിച്ച് രാജകുമാരൻ ചതുരംഗസേനയോടും ഗുരുവരന്മാരോടും കൂടി സാമൂതിരിയെ കാണ്മാൻ പുറപ്പെട്ടു. കോഴിക്കോട്ടു രാജധാനിയിൽ എത്തുന്നതുവരെ രാജകുമാരൻ മേലുദ്ധരിച്ച വാക്ക് പഠിച്ചുകൊണ്ടിരുന്നു. നിശ്ചിതസ്ഥലത്ത് എത്തിയതിനുശേഷം സാമൂതിരി പരിവാരങ്ങളോടുകൂടി രാജകുമാരനെ എതിരേററു കൊട്ടാരത്തിൽ കൊണ്ടുപോയി. രണ്ടുപേരും രണ്ടു സിംഹാസനങ്ങളിൽ ഉപവേശിച്ചശേഷം കേരളവൎമ്മ "മയകിംകൎത്തവ്യം" എന്ന് യകാരത്തിനു ശേഷമുള്ള ദീൎഘം തെററിച്ച് ചോദിക്കുകയും അതിനുത്തരം സാമൂതിരി "ദീൎഘോച്ചാരണം കൎത്തവ്യം" എന്ന് ആക്ഷേപസൂചകമായി മറുപടി പറയുകയും ചെയ്തു. തദനന്തരം അമൃതേത്ത് മുതലായവ കഴിഞ്ഞു് കോട്ടയത്തേക്ക് തിരിച്ചു. സ്വരാജധാനിയിൽ എത്തിയതിനുശേഷം മേൽപ്രസ്താവിച്ച ആക്ഷേപസൂചനം ഗുരുനാഥൻ റാണി മുൻപാകെ ഉണൎത്തിച്ചു. അതുകേട്ട് കുപിതയായ മാതാവ് വൎദ്ധിച്ച ദുഃഖത്താൽ ശബ്ദം ഇടറി മൂഢനായ പുത്രനെ അതിനു സമീപമുള്ള *കുമാരധാരയിൽ കൊണ്ടു തള്ളുന്നതിന് കല്പന നൽകി.

* കോട്ടയം രാജധാനിക്കു സമീപമുള്ള ഒരു നദിയിലെ ഭയംകരമായ ഒരു ചുഴിക്കാണ് കുമാരധാരയെന്നു പറയുന്നത്.

ഈ കുമാരധാരയിൽ ആരെങ്കിലും ചെന്നു കിടക്കു ന്നപക്ഷം ക്ഷണനേരംകൊണ്ട് മൃത്യു ഭവിക്കുമെന്നും മരിക്കാതെ ഒരു ദിവസം മുഴവനും കിടക്കുന്ന പക്ഷം അയാൾ വിശേഷജ്ഞാനമുദിച്ച് മഹാ വിദ്വാനായും പരാക്രമശാലിയായും തീരുമെന്നുമാണ് കിംവദന്തി. രാജകുമാരനെ കുമാരധാരയിൽ ഇട്ടതിൻെറ അടുത്ത ദിവസം പ്രഭാതത്തിൽ റാണിയുടെ കല്പനപ്രകാരം ഭടന്മാർ ചെന്ന് അദ്ദേഹത്തെ എടുത്ത് പരിശോധിച്ചതിൽ ജീവനുണ്ടെന്ന് ബോദ്ധ്യം വന്നു. അതിനുശേഷം വളരെ ശ്രമപ്പെട്ട് ശീതം മാററി രാജകുമാരനെ രക്ഷിച്ചു. രാജ്ഞിക്കുണ്ടായ ആനന്ദം അത്യധികമായിരുന്നു. രാജകുമാരന് വിശേഷജ്ഞാനമുദിക്കുകയും വിദ്യ അഭ്യസിക്കുന്നതിന് ഉൽക്കണ്ഠ ജനിക്കുകയും ചെയ്തു. തൽസമയംതന്നെ അദ്ദേഹത്തിൻെറ തിരുനാവിൽ നിന്ന് ഉദിച്ചതായി പറയുന്ന താഴെ കാണുന്ന പദ്യം കൈരളിയുടെ അനശ്വരസമ്പത്താകുന്നു.

"ഉദയഗിരി ചുവന്നു ഭാനുബിംബം വിളങ്ങീ
നളിനമുകുളജാലേ മന്ദഹാസംതുടങ്ങീ
പനിമതി മറവായീ ശംഖനാദംമുഴങ്ങീ
ഉണരുക കണികാണ്മാനംബരേ ! ചേമ്പരേശ !

ഈ പദ്യം അറിഞ്ഞുക്രൂടാത്തവരായി കേരളീയരിൽ ആരുംതന്നെ കാണുകയില്ല.

രാജകുമാരൻെറ നിർബന്ധവും ഉത്സാഹവും നിമിത്തം മാതാവ് പല വിദ്വാന്മാരെ വരുത്തി പഠിപ്പിച്ചു തുടങ്ങി.

കേരളവമ്മ വിദ്യാഭ്യാസവിഷയത്തിൽ അതിതല്പരനായി തീൎന്നു. അല്പകാലം കൊണ്ടു് സംസ്കൃതാദി ഭാഷകളിൽ നല്ല നൈപുണ്യം സമ്പാദിച്ചു. കൂടാതെ യുദ്ധസമ്പ്രദായത്തിലും അനിതരസാധാരണമായ സാമൎത്ഥ്യം നേടി.

മേൽ പ്രസ്താവിച്ച ഐതിഹ്യം വാസ്തവമോ അവാസ്തവമോ ആയിക്കൊള്ളട്ടെ. എന്തായാലും കോട്ടയം തമ്പുരാൻ മഹാവിദ്വാനും മഹാകവിയും ദേവീഭക്തനും ആയിരുന്നു എന്നുള്ളതിനു് അദ്ദേഹത്തിന്റെ കൃതികൾ തന്നെ സാക്ഷ്യം വഹിക്കുന്നു. കാവ്യനാടകാദി സാഹിത്യപ്രസ്ഥാനങ്ങളിലും വ്യാകരണാദി ശാസ്ത്രങ്ങളിലും അദ്ദേഹത്തിനു വേണ്ട പരിചയം സിദ്ധിച്ചിരുന്നു എന്നു കരുതേണ്ടിയിരിക്കുന്നു.

വിദ്യാഭ്യാസത്തിനു ശേഷം അദ്ദേഹം ബകവധം, കിൎമ്മീരവധം, കല്യാണസൗഗന്ധികം, നിവാതകവചകാലകേയവധം, എന്നിങ്ങനെ നാലു ആട്ടക്കഥകൾ നിൎമ്മിച്ചിട്ടുള്ളതു കൂടാതെ ഒട്ടനേകം കീൎത്തനങ്ങളും ഒററശ്ലോകങ്ങളും മററും രചിച്ചിട്ടുള്ളതായും പറഞ്ഞു കേട്ടിട്ടുണ്ടു്.

കവി ആദ്യമായി ബകവധം എഴുതി മാതാവിനെ വായിച്ചു കേൾപ്പിച്ചപ്പോൾ ഇതു് കൈകൊട്ടിക്കളിക്കു കൊള്ളാമെന്നാണു് അഭിപ്രായം പറഞ്ഞതു്. കിൎമ്മീരവധം എഴുതി കേൾപ്പിച്ചപ്പോൾ ഇതിലേക്കു ഒരു വ്യാഖ്യാനം കൂടി ചമയ്ക്കണമെന്നു് മാതാവു പറഞ്ഞു. അനന്തരം കല്യാണസൗഗന്ധികം എഴുതി കേൾപ്പിച്ചപ്പോൾ

ഉണ്ടായ മറുപടി "ഇതു് കണ്ടാൽ കവി ഒരു സ്റൈണനാണെന്നു തോന്നും" എന്നായിരുന്നു. അടുത്തതായി നിവാതകവചവധം കണ്ടു് മാതാവു് സംതൃപ്തയായി. "ഇതു് ആടുന്നതിനും പാടുന്നതിനും നന്നു്" എന്നു പറഞ്ഞതായി ഐതിഹ്യമുണ്ടു്.

ഇദ്ദേഹത്തിൻെറ ജീവിതകാലനിർണ്ണയത്തിനു് ഉതകുന്ന രേഖകൾ പ്രസ്തുത കൃതികളിൽ തന്നെ മുഖവുരയായി കാണാവുന്നതാണു്.

"അസ്തിസഹസ്രാജ്ജിത വീൎയ്യധാമ്നാം
ശാസ്താഹരിശ്ചന്ദ്ര കുലോൽഭവാനാം
പൃത്ഥീപതീനാം പുരളീതിനാമ്നാ
പുരീപുരാരാതിനിഷേവകാനാം."

"ശ്രീമാനനല്പഗുണശാലിതയാനുപാണാം
ഭൂഷായിതോനിജകരാത്തസമസ്തതേജാഃ
കാമപ്രദാനജിത കല്പ മഹീരുഹസ്സ
ചിന്താമണിൎജ്ജയതികേരളവൎമ്മനാമാ."

"തദനന്തരജേനനിൎമ്മിതം
തദിദം പാണ്ഡുഭവാം കഥാമൃതം
സ്വദതേസ്വദതാം ദയാലവൈ-
ൎയ്യദുനാഥാംഘ്രി സമൎപ്പിതാത്മനാം."

എന്നീഭാഗങ്ങളിൽ നിന്നും ഹരിശ്ചന്ദ്രവംശത്തിൽപ്പെട്ടവരായ പുരളി (കോട്ടയം) എന്ന സ്ഥലത്തു് രാജ്യഭാരം ചെയ്തിരുന്ന രാജാക്കന്മാരിൽ വീരകേരളവൎമ്മ എന്ന രാജാവിൻെറ അനുജനാണു് നമ്മുടെ മഹാകവിയെന്നും തെളിയുന്നു.

കോട്ടയത്തു് തമ്പുരാക്കന്മാൎക്കു് പുരളീശന്മാർഎന്നു് ഒരു പ്രത്യേകപ്പേരുണ്ടു്. കോലത്തുനാട്ടിൽ പുരളിയെന്നു പേരോടുകൂടിയ ഒരു മലയുണ്ടു്. അവിടെ ഒരു കോട്ടയും ഒരു ക്ഷേത്രവും ഉണ്ടെന്നും കോലത്തു് സ്വരൂപത്തിൽ ചേൎന്ന കോട്ടയംതമ്പുരാക്കന്മാൎക്കു് പുരളീശൻ എന്ന പേരു് ഉത്ഭവിച്ചുവെന്നും ഭാഷാചരിത്രകൎത്താവു്* അഭിപ്രായപ്പെട്ടുകാണുന്നു.

മേൽ പ്രസ്താവിച്ച സംഗതികളെ പുരസ്കരിച്ചു് അന്വേഷണം നടത്തുന്നപക്ഷം നമ്മുടെ കവിയുടെ ജ്യേഷ്ഠനായി പ്രസ്താവിച്ചിരിക്കുന്ന വീരകേരളവൎമ്മ കൊല്ലവൎഷം എണ്ണൂററി അൻപത്തിഎട്ടാമാണ്ടു് മുകിലാക്രമണത്തിൽനിന്നും തിരുവിതാംകൂർ രാജകുടുംബത്തെ രക്ഷിക്കാൻ വന്ന യുദ്ധവീരനായിരുന്നുവെന്നറിയാം. ആ വീരകേരളവൎമ്മയാണു് കേരളവൎമ്മരാമായണം എഴുതീട്ടുള്ളതു്. ഇദ്ദേഹത്തിന്റെ ജീവിതകാലം അടിസ്ഥാനപ്പെടുത്തി നോക്കുന്നപക്ഷം ആട്ടക്കഥാകൎത്താവായ വിദ്വാൻ കേരളവൎമ്മ ൮൪൦-നും ൯൦൦-നും മദ്ധ്യേ ആയിരിക്കണം ജീവിച്ചിരുന്നതെന്നു് തീൎച്ചപ്പെടുത്താം.

"ഇനിയും ക്ഷമിക്കയെന്നോ ഈറ്റേറിയ ഭവാനെങ്കിൽ
കനിവോടെ കേൾക്കമേലിൽ കാട്ടേഗതി നമുക്കു്"

എന്നു് ബകവധത്തിൽ കാണുന്ന അൎജ്ജുന ഭാഷണരൂപത്തിലുള്ള അററം ഗ്രന്ഥകൎത്താവിന്റെ ജീവിതാവസാനത്തോടു യോജിച്ചിരിക്കുന്നതായി ചരിത്രം കൊണ്ടു തെളിയുന്നു.

---

* ഗോവിന്ദപ്പിള്ള അവർകൾ.

കോട്ടയം രാജ്യം വശമാക്കുവാനായി വിപക്ഷബലം ഒരുമിച്ച് ചെന്ന് എതിത്തതിൽ, പന്ത്രണ്ടു വഷം കഴിഞ്ഞു് അവസാനത്തിൽ അദ്ദേഹം കാൎയ്യസ്ഥനാൽ ചതിപിണഞ്ഞു് ശത്രുവശനായി 'കനകക്കുന്നു്, എന്ന സ്ഥലത്തു് ബന്ധാവസ്ഥയിൽകിടന്നുതന്നെ വീരസ്വൎഗ്ഗം പ്രാപിച്ചു. കനകക്കുന്നു് എന്നുപറയുന്നതു് സഹ്യപൎവ്വത്തിൽനിന്നും പടിഞ്ഞാറോട്ടുവന്നിരിക്കുന്ന ഒരു ശാഖയാണു്. ഏകദേശം തലശ്ശേരിക്ക് കിഴക്ക് പത്തുമയിൽ വരെ അതു് എത്തീട്ടുണ്ടു്. പ്രസ്തുതസംഭവം ഓക്കുമ്പോൾ മേൽ പ്രസ്താവിച്ച അജ്ജുനസംഭാഷണം ഗ്രന്ഥകൎത്താവിന്റെ ഭാവിഫലത്തെ ദൈവഗത്യാ കുറിച്ചുപോയതാണെന്നേ വിചാരിക്കാനുള്ളു.

കവിതാഗുണവും സ്വാരസ്യവും ഇദ്ദേഹത്തിന്റെ നാലു് ആട്ടക്കഥകളിലും മുന്നിട്ടുനില്ക്കുന്നു. ശബ്ദാലങ്കാരത്തിനും അൎത്ഥാലംകാരത്തിനും ഈ കവിക്കു് ഭ്രമം അതികലശലാണു്. സാഹിത്യത്തിന് കഥകളിയിൽ ആദ്യമായി സ്ഥാനം കൊടുത്തതു് ഇദ്ദേഹമാകുന്നു.

കൂടാതെ അതാതു ഘട്ടങ്ങൾ ആടി ഫലിപ്പിക്കുന്നതിന് ഏതാനും ചിട്ടകളും, ചടങ്ങുകളും, അദ്ദേഹം ഏൎപ്പെടുത്തീട്ടുള്ളതിന്റെ സ്വാരസ്യവും അനുഭവൈകവേദ്യമാണു്. സാഹിത്യത്തിൽ ഒട്ടും പിന്നോക്കമല്ലാതെ സങ്ഗീതത്തിൽ വേണ്ട വൈചിത്ര്യം അങ്ഗീകരിച്ച് സൎവ്വോപരി ആട്ടത്തിന് ശ്രേഷ്ഠങ്ങളായ ചിട്ടകളോടുകൂടിയവയാണു് കോട്ടയം കഥകൾ നാലും. എത്ര ആവൎത്തിച്ചാലും

ചെടിച്ചുപോകാത്ത മട്ടിൽ രസധാര പ്രവഹിക്കുന്ന അഭിനയ ഘട്ടങ്ങൾ ഇവയിലുണ്ട്.

നായകന്റെ വേഷം ധരിക്കുന്ന നടൻ, കരുണം, ഭക്തി, മുതലായവയിൽ ഒന്നിനെ സ്ഥായിയാക്കി മുഖഭാവംകൊണ്ടും, പ്രൌഢവും ഗംഭീരവുമായ നൃത്തംകൊണ്ടും, ആരസം വിവൃദ്ധമാക്കി സംരക്ഷിച്ചുകൊണ്ട് പല അവാന്തരരസങ്ങൾ രസവിരോധം ലേശവും കൂടാതെ പ്രകടിപ്പിക്കുവാൻ തക്ക ശേഷിയും മനോധർമ്മവിലാസവുമുള്ള ഒരു ആദ്യവസാനക്കാരൻതന്നെയായിരിക്കണം.

അതു് ശരിയായി ഫലിപ്പിക്കുന്നവർ ഇന്നു വളരെ കുറച്ചുപേർ മാത്രമാണുള്ളതു്. യശഃശരീരികളായ മാത്തൂർ കുഞ്ഞുപിള്ള, വലിയകൊട്ടാരം കഥകളി വിചാരിപ്പുദ്യോഗം വഹിച്ചിരുന്ന കൊച്ചുനീലകണ്ഠപ്പിള്ള, എന്നീ നടന്മാർ വഴിയാകുംവണ്ണം പ്രകടിപ്പിക്കുന്നതു് കണ്ടിട്ടുണ്ട്. ഇപ്പോൾ തോട്ടം ശങ്കരൻ നമ്പൂതിരി, കീരിക്കാട്ടു വേലുപ്പിള്ള, ചെങ്ങന്നൂർ രാമൻപിള്ള, ചങ്ങനാശ്ശേരി കുഞ്ഞൻ പണിക്കർ, മാങ്കൊളം വിഷ്ണുനമ്പൂതിരി ഇത്യാദി പ്രസിദ്ധ നടന്മാരും ശരിയായി ഫലിപ്പിച്ചു വരുന്നുണ്ടെന്നുള്ള വിവരം മിക്കപേക്കും അറിവുള്ളതാണല്ലോ.

ഇപ്പോൾ ഇവരെയൊഴിച്ചാൽ പിന്നെ കഥകളി പ്രസ്ഥാനത്തിൽ യഥാർത്ഥനടന്മാരുടെ സംഖ്യ ഏററവും പിന്നോക്കവുമാണു്.

കോട്ടയം കഥകളുടെ പ്രസ്തുത മാഹാത്മ്യം പ്രത്യേകം പ്രസ്താവ്യമാണു്. അനുകരണങ്ങൾ എത്ര വന്നിട്ടും അതി

ന കുറവും വന്നിട്ടില്ല. ബകവധം ഏററവും ലളിതവും കൃമ്മീരവധം വീരരസപ്രധാനവും, കല്യാണസൗഗന്ധികം ശൃംഗാരരസമയവും കാലകേയവധം ആടുന്നതിന് ഉത്തമവുമാകുന്നു. ഈ നാലുകഥകളും ഭാരതം ആരണ്യപവ്വത്തിൽ നിന്നുമാണ് ഉദ്ധരിച്ചിട്ടുള്ളത്. പൂവ്വകഥയിലില്ലാത്ത ചില കല്പിതപാത്രങ്ങളും സൃഷ്ടിച്ച് കഥകളിയ്ക്ക് ഒരു നവ ജീവൻ നൾകിയിട്ടുണ്ട്. കാണികൾക്ക് രസകരമായി തീരുന്നതിന് വേണ്ട മനോധമ്മപ്രയോഗം നാലു കഥകളിലും ചെയ്തിട്ടുണ്ട്. ഓരോ പാത്രങ്ങൾക്കമനുസരിച്ച ശൈലിയിലുള്ള പ്രവേശപദ്യം നിമ്മിക്കുന്നതിൽ കവി ശ്രദ്ധിച്ചിട്ടുണ്ട്. ഈ സമ്പ്രദായവും മററു പലേ സമ്പ്രദായങ്ങളും പിൻഗാമികളായ കവികൾ പൂണ്ണമായി അനുകരിച്ചിട്ടുണ്ട്.

"ക്ഷേപലാഘോഷാതിഭീതിപ്രചലദനിമിഷാസിംഹികാ
ഭാഷ്യപുഷ്യ
ദ്ദേഷാദോഷാചരീത്ഥംഖലുനിജവപുഷാഭീഷയന്തീ
പ്രദോഷേ
ഏഷാക്രൂലംകഷേണപ്രപരുഷപരുഷാ ജോഷമാദായ
ദോഷാ
യോഷാഭ്രൂഷാമനൈഷീൽ പ്രിയവധരുഷിതാ
പാവ്തീന്ദ്ദരമേഷാ"

എന്നു ലളിതസിംഹികയാകുന്ന ഭാവത്തെ വണ്ണിക്കുന്ന പദ്യത്തിലെ ശബ്ദാഡംബരവും,

"പതിതാഖലുസിംഹികാനനനാന്തേ
പരിതപ്താഹൃദി സിംഹികാനനാന്തേ

കുരരീവരുരോദ യാജ്ഞസേനീ
നിജചിത്തേശപരസക്തബുദ്ധിരേഷാ—"

എന്ന് പാഞ്ചാലിയുടെ ദൈന്യാവസ്ഥയെ കാണിക്കുന്ന പദ്യത്തിലെ അത്ഥാനുഗുണമായ ശബ്ദ ഭംഗിയും ശ്രദ്ധേയമാണ്. പദങ്ങൾ നീരക്ഷീരന്യായേന യോജിപ്പുള്ളതും സഹൃദയാനന്ദകരങ്ങളും പലതരം പ്രയോഗഭംഗികൾ കൊണ്ട് അലംകൃതവുമായിട്ടാണ കോട്ടയം കൃതികളിൽ കാണുന്നത്.

"സാഹസം ചെയ്യരുതുബാലാ
സാഹസമാപത്തിന്നധിവാസമല്ലോ-"

"ജനകവചനമഞ്ജസാ ചെയ്യുന്നവനുമേലിൽ
കനിവിനൊടു വരുന്നു നല്ലതും."

"കുടിലന്മാരൊട്ടുവ്യാജം കൂടാതെ കണ്ടുതന്നെ
കേടററസത്യം കൊണ്ടു കൂട്ടമോ ? കുരുവീര."

"തൈലത്തിൽകത്തുമഗ്നിസലിലം കൊണ്ടെന്നപോ-
ജ്വലിക്കുമേററം ദുഷ്ടജനങ്ങൾശാന്തതകൊണ്ടു്." [ലെ

"കനകംപരസപമല്ലോസൂനുസന്തതിയാകുന്നു."

"വഹ്നിയിൽപാററകൾവീഴുംപോലെ
മത്സ്യംവലയിലണയുംപോലെ
വല്ലാതെചാവംഗിമാർതൻകടാക്ഷ
വലയിൽവീണീടായ്ക സജ്ജനമേ."

"കമ്മമല്ലോസകലത്തിനും കായ്യമോത്താൽ."

ഇത്യാദി സന്മാൎഗ്ഗതത്വങ്ങൾ ജനങ്ങളെ സന്മാൎഗ്ഗത്തിലേക്ക് നയിക്കുവാൻ പൎയ്യാപ്തങ്ങളാണ്.

"ഭൂഭാരംതീൎപ്പതിന്നായി ഭൂമിയിൽവന്നവതരിച്ചു
ഭുവനൈകനായകന്മാർ ഭൂരികൃപാസാഗരന്മാർ."

എന്നിത്യാദിയുള്ള ശ്രീകൃഷ്ണാഗമനം കൃമ്മീരവധത്തിലും കല്യാണസൗഗന്ധികത്തിലും വൎണ്ണിച്ചിരിക്കുന്നതു് അത്യന്തം മനോഹരമായിരിക്കുന്നു. തമ്പുരാനും ആ പദം വളരെ രസിച്ചതു കൊണ്ടായിരിക്കാം രണ്ടു കഥകളിലും ഒരു പദം തന്നെ ചേൎത്തു കാണുന്നതു്.

"വിധുരാവിരഭൂൽ പുരോഭുവി
ദ്രുപദേന്ദ്രാത്മഭവാചകോരികാം
സ്മിതചന്ദ്രികയാപ്രഹൎഷയൻ
ചലദൃക് ചഞ്ചുപുടാംതമോപഹഃ"

ഇരുട്ടിനെ ഇല്ലാതാക്കുന്നവനായ ചന്ദ്രൻ (ശ്രീകൃഷ്ണൻ) ചലിക്കുന്ന അപാംഗങ്ങളാകുന്ന ചാഞ്ചുക്കളോടു കൂടിയ ദ്രുപതപുത്രിയാകുന്ന ചകോരികയെ മന്ദസ്മിതമാകുന്ന ചന്ദ്രികകൊണ്ടു സന്തോഷിപ്പിക്കുന്നവനായിട്ടു് ഉദിച്ചു എന്നു് കൃമ്മീരവധത്തിലും,

"സുലളിതപദവിന്യാസാ
രുചിരാലങ്കാരശാലിനീ മധുരാ-
മൃദുലാപിഗഹനഭാവാ
സൂക്തിരിവാവാപസോൎവ്വശീവിജയം."

"സുലളിതമായ പദവിന്യാസത്തോടും മനോഹരമായ ഭൂഷകളോടും കൂടി മാധുൎയ്യപൂൎണ്ണയായും മൃദുലയാണെ

ങ്കിലും ഗഹനഭാവയായും വിളങ്ങിയ ആ ഉൎവ്വശി സുകുമാര പദരചനയോടുകൂടിയതും രസോചിതമായ അലങ്കാരങ്ങളാൽ ശോഭിക്കുന്നതും സുഗമമായ വാച്യാൎത്ഥത്തോടുകൂടിയതാണെങ്കിലും സഹൃദയമാത്രവേദ്യമായ വ്യംഗ്യ വിശേഷത്തോടുകൂടിയതും ആയ സൽക്കവിത വിജയത്തെ എന്നപോലെ വിജയനെ പ്രാപിച്ചു," എന്നു കാലകേയവധത്തിലും,

"മാതൃവാക്യമുപകർണ്യതദാനീം
ഭൂസുരേന്ദ്രമിദമേത്യബഭാഷേ
അന്ധസാജ്ജഠരവഹ്നിമരാതിം
മുഷ്ടിനാശമനമാശുനിനീഷുഃ" എന്നു ബകവധത്തിലും കാണുന്ന പദ്യങ്ങൾ അൎത്ഥാലംകാരത്തിനു നല്ല ദൃഷ്ടാന്തങ്ങളാണു്.

"പുരോഹിതംമുനിമുപവിഷ്ടമാസനേ
പുരോഹിതംനിജമുപവേശ്യധൎമ്മജഃ
പുരോഹിതപ്രകൃതിരനേനഹസ്തിനാൽ
പുരോഹിതപ്രഹിതമുവാചസാംജലിഃ"

"സഭാജനൈൎവ്വിരചിതസത്സഭാജനഃ
പരന്തപസ്സമഹിതഃ പരന്തപഃ
ചരിഷ്ണുനാ ഖലു മുനിനാചരിഷ്ണുനാ
വനാന്തരേരമതസപാവനാന്തരേ" എന്നു കിൎമ്മീരവധത്തിലും,

" കല്പദ്രു,കല്പദ്രു,പതേന്ദ്രപുത്രീ
സാരസ്യസാരസ്യനിവാസഭൂമി

നാളീക നാളീകശരാർദ്ദിതാസാ
മന്ദാക്ഷമന്ദാക്ഷരമേവ മൂചേ" എന്ന് കാലകേയവധത്തിലും

"തതഃ പ്രഭാതേതപനേ പ്രഭാതേ
തയാസമം തദ്വിപിനേ പ്രയാതം
പരാശരാന്താശ്ച പരാശരാത്മജം
കൃതപ്രണാമാഃ കൃതിനംബഭാഷിരേ"

എന്നു ബകവധത്തിലും കാണുന്ന ശ്ലോകങ്ങളുടെ ശബ്ദാലംകാരവും അനുപമമായിട്ടുള്ളതാണല്ലോ.

ഇതുപോലെതന്നെ പദങ്ങളിലും ശബ്ദാത്ഥാലംകാരങ്ങൾ ധാരാളമായി കാണുന്നു.

"നഗരീതി സാലപരിവേഷാ-കലിത
നഗരീനിവാസാദമീഷാ-മിഹ
നഗരീയസീ പ്രീതിരസ്മാകമേഷാ"*
"ചിദാനന്ദഹന്തദനുജകൃതാന്ത
സദയമനന്തവദനരകാന്ത
നരസുരകാന്തജലനിധിശാന്ത
മുനിജനകാന്താ മുക്തിദപദാന്ത-"

---

* നഗത്തിൻെറ (പവ്വതത്തിൻെറ) രീതിയോടുകൂടിയ സാലങ്ങളാൽ (കോട്ടകളാൽ) പരിവേഷാകലിതമായിരിക്കുന്ന (ചുററപ്പെട്ടിരിക്കുന്ന) നഗരീനിവാസാൽ (പട്ടണനിവാസത്തേക്കാൾ) ഇഹ (ഇവിടെ) അമീഷാമസ്മാകം (ഈ ഞങ്ങൾക്ക്) ഏഷാപ്രീതി (ഈ സന്തോഷം) നഗരീയസി (വലുതല്ല). വനവാസവും പട്ടണവാസവും ഏകദേശം സമമാണെന്നു ഫലിതാത്ഥം. കാട്ടിലും നഗരീതി സാലങ്ങളുണ്ട്. നഗം=പവ്വതം. രീതി=പുഴ. സാലം=വൃക്ഷം.

"സദ്യോനിയോഗിക്കമൊംവേദവേദ്യ-
ഹൃദ്യതരതമുപേത്യപോരിൽനിഹത്യ-
വിരവിലമത്ത്യരുടെ സൌഹിത്യമത്ര-
സംപാദ്യനിരവദ്യ വരുവനഹമദ്യ-"

ഇത്യാദി ചില ഘട്ടങ്ങൾ സമത്ഥന്മാരായ നടന്മാരെപ്പോലും വിഷമിപ്പിക്കുന്നതു് കണ്ടുവരുന്നുണ്ടു്.

"സംക്ഷുഭ്യദ്രൂക്ഷ ചക്ഷുശ്രുതി പുടകടുഭിഃ
പ്രോച്ചകൈശ്ശബ്ദഘോഷൈഃ
ബ്രഹ്മാണ്ഡക്ഷോഭദായീ ഖരനഖരമുഖൈഃ
പാടയൻസത്വസംഘാൻ
ക്ഷിപ്രം വ്യാജ്രംഭമാണഃ കുരുകുലവൃഷഭാൻ
ഹന്തുകാമോ്നിതാന്തം
ശാർദ്ദൂലാഖ്യഃ പ്രജല്പന്നിതിരചനിചരഃ
പ്രാപശാർദ്ദൂലലീലാഃ"

(ഇളകിക്കൊണ്ടിരിക്കുന്ന രൂക്ഷമായ നേത്രങ്ങളോടുകൂടിയവനും കണ്ണകഠോരവും അത്യുച്ചവുമായ ശബ്ദങ്ങളുടെ ഘോഷങ്ങളാൽ ബ്രഹ്മാണ്ഡത്തെ സംക്ഷോഭിപ്പിക്കുന്നവനും ക്രൂരങ്ങളായ നഖാഗ്രങ്ങളെക്കൊണ്ടു് സത്വസമൂഹങ്ങളേ വിപാ്ടനം ചെയ്യുന്നവനും കുരുകുല വൃഷഭന്മാരെ വേഗത്തിൽ വധിക്കാനിച്ഛയോടുകൂടിയവനും പെട്ടെന്നു വ്യാജ്രംഭണം ചെയ്യുന്നവനും ശാർദ്ദൂലനെന്നു് പേരോടുകൂടിയവനുമായ ആ രാക്ഷസൻ ഇപ്രകാരം പ്രജല്പനം ചെയ്തുകൊണ്ടു് ശാർദ്ദൂലലീലാപ്രകടനം ചെയ്തു) എന്നു് കൃമ്മീരവധത്തിൽ കാണുന്ന പദ്യം കാണികളായ ജനങ്ങൾ നിദ്രാവശഗതരായി ശിരസ്താഡനം ചെയ്യുന്ന

സമയം അവരെ ഉണർത്തുന്നതിന്ന നിതരാം പയ്യാപ്തമായി ട്ടുള്ള ശബ്ദഘോഷത്തോടുകൂടിയതാണെന്നു പ്രത്യേകം പറ യണമെന്നില്ലല്ലോ.

ഈ വീരരസമയമായ പദ്യത്തെ—

"ശ്രാവംശ്രാവം തദാനീംപ്രിയനിധനമഥ
ക്രൂരസംഘൂണ്ണിതാഭ്യാം
ചക്ഷുർഭ്യാമുദഞ്ചമന്തീസ്മരഹരനിടിലോൽ-
ഭ്രാന്തബഹ്വിശ്ശിഖാഭാം—"

എന്നു തുടങ്ങുന്ന പദ്യത്തോടു താരതമ്യപ്പെടുത്തിയാൽ അത്ഭുതപൂണ്ണമായ വ്യത്യാസം രചനാഭംഗിയിൽ കാണാ വുന്നതാണ്.

കാവ്യത്തിൻെറ ജീവനായ രസത്തിന് ഉചിത സ്ഥാനം കല്പിച്ച് കാണികളെ വശീകരിക്കാനുള്ള ഒരു ഉത്തമ ശക്തി കോട്ടയം കഥകൾക്ക് നിസ്സഗ്ഗമായിട്ടുള്ള താകുന്നു.

തമ്പുരാൻ കാലകേയവധം മാത്രം കുറവുതീൎത്തു കാണുന്നില്ല. അതിനുകാരണം എന്താണാവോ ?

അച്ചടി പ്രചരമായതിനുമുൻപ് ആ ഭാഗം നശിച്ചു പോയോ എന്നും സംശയിക്കേണ്ടിയിരിക്കുന്നു. ആ ഭാഗം നശിച്ചുപോയതാണെങ്കിൽ കേരളീയക്ക് അതൊരു ചെ റിയ നഷ്ടമെന്നുതന്നെ പറയാവുന്നതാണ്.

"ഹംസികളംബുജ നാളങ്ങളെന്നിയെ
ശൈവലം മോഹിക്കുമോപിന്നെ ഹന്ത
കരിണീഹരിണത്തെയാഗ്രഹിച്ചിടുമോ!"

"പണ്ടൊരുവാനരൻ വാരിധിലംഘിക്ക
കൊണ്ടിന്നുമറെറാരുമക്കടം ചാട്ടമോ ? "
"ക്ഷുത്തുവളന്നൊരു കേസരിമുൻപിൽ
സത്വനികരമതുപോലെ
മത്ത്യഗണങ്ങളകപ്പെട്ടിതു മമ
ഹസ്തസമീപേ നൂനം."

ഇത്യാദി പല അലങ്കാരങ്ങളാലുംമററും പ്രശോഭിതമായ പ്രസ്തുതകഥകളിപ്പാട്ടുകളിൽ ചില ഭാഗങ്ങളെക്കുറിച്ച് പറഞ്ഞുവരുന്ന കഥകളെന്തെല്ലാമാണെന്ന് ഇനി നമുക്ക് വഴിയേ ചിന്തിക്കാം.

തമ്പുരാൻ കല്യാണസൌഗന്ധികം എഴുതി പൂത്തിയാക്കി ഗുരുനാഥനെ കാണിച്ചുവെന്നും അതിൽ "പഞ്ചസായകനിലയേ" എന്നു പ്രയോഗിച്ചിരിക്കുന്നതു് അബദ്ധമാണെന്ന് പറഞ്ഞു് തിരുത്താൻ ശ്രമിച്ചുവെന്നും നാലഞ്ചു ദിവസം ശ്രമംചെയ്തിട്ടും അവിടെ ചേക്കുന്നതിന് അതുപോലെ ശോഭിക്കുന്ന മറെറാരുപദം കിട്ടായ്കയാൽ വിഷമിച്ച് ഇതുതന്നെ നല്ലതു് എന്നുപറഞ്ഞു് ഗുരുനാഥൻ കൃതിയെ തിരിച്ചുകൊടുത്തുവെന്നും ഒരു കിംവദന്തിയുണ്ട്.

കല്യാണസൌഗന്ധികത്തിൽ ഹനുമാൻപറയുന്ന പദംഎഴുതാനായി തമ്പുരാൻ വളരെ ദിവസം ആലോചിച്ചിട്ടും ഹൃദയത്തിൽ ഉദിച്ചില്ല. അദ്ദേഹം വിഷാദിച്ചു ചിന്താമഗ്നനായിരിക്കുമ്പോൾ അദ്ദേഹത്തിൻെറ ഇളയ സഹോദരൻ ആ വിവരമറിഞ്ഞു. ഉടൻതന്നെ അദ്ദേഹം സൈന്യങ്ങളെ വരുത്തി കൊടി കുട തഴ വെഞ്ചാമരാദികൾ പിടിപ്പിച്ച് വാദ്യമേളങ്ങളോടും കുരവ ആർപ്പുവിളി

മുതലായ ഘോഷങ്ങളോട്ടുംകൂടി അകത്തേക്കു കടന്നുചെന്നു. തമ്പുരാൻ അപ്പോഴും ഹനുമാൻ ഭീമസേനന്റെ വരവി നെവൎണ്ണിക്കുന്ന ഭാഗം എഴുതാൻ ആലോചിക്കുകതന്നെയാ യിരുന്നു. അനുജന്റെ കോലാഹലത്തോടുകൂടിയ വരവു ക ണ്ടു് തമ്പുരാന്റെ ഹൃദയത്തിൽ "ആരിഹ വരുന്നതിവനാരു മെതിരില്ലഹോ" എന്നു തോന്നുകയും അതുമുതൽ ആ പദം എഴുതി തീൎക്കുകയും ചെയ്തു എന്നു പറഞ്ഞു പോരുന്നു.

കാലകേയവധത്തിൽ നിവാതകവചൻ അൎജ്ജുന നെ പോരിനു വിളിക്കുന്ന പദം ശരിയായ പോരുവിളിയാ യില്ലെന്നു് ചിലവിദ്വാന്മാൎക്കു് അഭിപ്രായമുണ്ടു്. യുദ്ധ ത്തിനുള്ള പദങ്ങൾ പരുഷവൎണ്ണഘടിതമായിരിക്കേണ്ട തിനുപകരം ഇവിടെ മസൃണാക്ഷരപൂൎണ്ണമായിരിക്കുന്നു എന്നാണു നിരൂപകന്മാരുടെ ആക്ഷേപം.

"ആരെന്നു നീ പറഞ്ഞീടേണമെന്നോടു
പോരിന്നായ്‌വന്നതു ചാരുകളേബരാ!
മാരനോ! മാധവന്താനോ? മഹാമതേ
മാരാരിയോ? മാനുഷരിലൊരുവനോ?

ഇപ്രകാരം ഒരസുരൻ പോരിനു വിളിക്കുന്നതു് അത്ര സ്വാഭാവികവുമല്ല. എന്നാൽ ലാവണ്യസംപൂൎണ്ണയായ ഉൎവ്വശി അൎജ്ജുനനെ കണ്ടു് മോഹിച്ച ഭാഗം വൎണ്ണിച്ചതി നുശേഷം പെട്ടെന്നു് രൂക്ഷഭാവം കൈക്കൊള്ളാൻ സാ ധിക്കാതെ വന്നതുകൊണ്ടായിരിക്കാം ഈ വിധം കവി പ്രയോഗിച്ചതെന്നു വിചാരിക്കാം.

കവിത എഴുതിക്കൊണ്ടിരിക്കുന്നതിനിടയ്ക്കു് തമ്പു രാൻ തന്റെ പ്രാണപ്രേയസിയുടെ നിൎബന്ധപ്ര

കാരം നീരാട്ടുനടത്താൻ പോയി. തൽസമയം രാജ്ഞി ഭത്താവ് എഴുതിക്കൊണ്ടിരുന്ന ഭാഗം മുഴുവനും വായിച്ചു നോക്കിയശേഷം അടുത്തതായി എഴുതേണ്ട യുദ്ധപദം ആ സതീരത്നം അതിനു താഴെ എഴുതി. വീരരസത്തിൽ എഴുതുന്നതിന് സ്വ ഹൃദയം അനുകൂലിച്ചില്ല. തമ്പുരാൻ നീരാട്ടുകഴിഞ്ഞു വന്നതിനു ശേഷം തന്റെ ഭായ്യ എഴുതിയിരുന്ന പദം വായിച്ചുനോക്കി ആശ്ചയ്യത്തോടു കൂടി അദ്ദേഹം പത്നിയെ വിളിച്ചു. "എന്താ ഉവ്വശിയെപ്പോലെ ഭവതിക്കും അജ്ജുനനിൽ പ്രേമം ജനിച്ചുവോ? ആകട്ടെ! ഈ ഭാഗം മാററുന്നതിനു ഞാൻ നിശ്ചയിച്ചിട്ടില്ല. വിശിഷ്യ അസുരന്മാക്കും കോമളതനുക്കളോടു വാത്സല്യം കൂടുതലാണ്. എന്നുപറഞ്ഞു് സന്തോഷിച്ചതിനുശേഷം കഥ പൂത്തിവരുത്തിയതായും പറയുന്നു.

ആ സ്ത്രീരത്നം അനേകം ഒററശ്ലോകങ്ങളും ഒന്നുരണ്ടു കീത്തനങ്ങളും മററും രചിച്ചിട്ടുള്ളതായും കേൾക്കുന്നുണ്ടു്. കാലകേയവധത്തിൽ വജ്രകേതുവും വജ്രബാഹുവും പുരാണത്തിൽ ഇല്ലാത്ത പാത്രങ്ങളാണ്.

ഒരിക്കൽ ഒരു വിദ്വാൻ മറെറാരു വിദ്വാനോടു കഥയിൽ വജ്രകേതുവിനേയും വജ്രബാഹുവിനേയും അവതരിപ്പിക്കേണ്ട ആവശ്യമുണ്ടായിരുന്നോ എന്നു ചോദിക്കയുണ്ടായി. അതിനു സമാധാനം കഥകളി കണ്ടു കണ്ടു് ആനന്ദസാഗരത്തിൽ മജ്ജനംചെയ്തു് മൂത്രശങ്കയുംപോലും എണീററുപോകുവാൻ സമ്മതമില്ലാതിരിക്കുന്ന സഹൃദയക്ക് മൂത്രശങ്കയ്ക്കും വെററിലമുറുക്കിനും മററും സമയം നൾകീട്ടുള്ളതാണ് ഈ ഭാഗം എന്നായിരുന്നു.

---

# ഉർവ്വശീരംഗം

കാലകേയ വധത്തിലെ ഏഴാം രംഗം കാണ്മാൻ ബഹുരസമാണ്. ആ ഭാഗം ആടി ഫലിപ്പിക്കണമെങ്കിൽ ഉർവ്വശീവേഷം കെട്ടുന്ന നടൻ സാക്ഷാൽ നടൻ തന്നെ ആയിരിക്കണം.

ഒരിക്കൽ കോഴിക്കോട്ടു സാമൂതിരി മഹാരാജാവ് എന്തോ ചില ഉദ്ദേശങ്ങളോടുകൂടി പ്രസിദ്ധന്മാരായ കഥകളി നടന്മാരെക്കൊണ്ട് കാലകേയവധം ആട്ടക്കഥയെ വളരെ ദിവസം അഭിനയിപ്പിച്ചു. തമ്പുരാൻ ദിവസേന കളികാണ്മാൻ എഴുന്നെള്ളിയിരിക്കും. ഏഴാം രംഗത്തിൽ ഉർവ്വശി പ്രവേശിച്ചു കഴിഞ്ഞാൽ ആ രംഗം പൂർത്തിയാക്കുന്നതിനു മുൻപേ തമ്പുരാൻ എണീററു പൊയ്ക്കളയുക പതിവായിരുന്നു. അതിനു കാരണം ഉർവ്വശിയുടെ വേഷം കെട്ടുന്ന നടന്റെ അഭിനയം ശരിയാകാത്തതുകൊണ്ടായിരുന്നു. ഇതുകൊണ്ട് കേരളത്തിലെ കീർത്തികേട്ട നടന്മാർ പലരും ഓരോരുത്തരായി വന്ന് വേഷം കെട്ടിത്തുടങ്ങി. ആരുടെ അഭിനയത്തിലും തമ്പുരാനു തൃപ്തിയായില്ല. കഥകളിയോഗക്കാർ ഇച്ഛാഭംഗത്തോടും വ്യസനത്തോടും കൂടി നൂററിൽ ചില്വാനം ദിവസം കാലകേയവധം അഭിനയിച്ചു. എല്ലാ ദിവസവും സാമൂതിരി മേൽപറഞ്ഞ വിധം പൊയ്ക്കളയുക പതിവായിരുന്നു. അങ്ങനെയിരിക്കേ ഒരു ദിവസം കളിയോഗം മാനേജർ ഒരു പ്രസിദ്ധനായ കഥകളിക്കാരനെ ഉർവ്വശീവേഷത്തിലേക്കായി

പ്രത്യേകം ചിലവുകളും കൊടുത്തു് ക്ഷണിച്ചുവരുത്തി. എന്നാൽ അന്നത്തെക്കളിയും മുൻകളികളെപ്പോലെ പരിണമിച്ചതേയുള്ളു. കളി യോഗം മാനേജരും ഉദ്യോഗസ്ഥന്മാരും വിഷാദിച്ചു. മേലാൽ ഏതൊരു മഹാനെക്കൊണ്ടാണു് ഉൎവ്വശീവേഷം കെട്ടിപ്പിക്കേണ്ടതെന്നു് ആലോചിച്ചതിൽ യാതൊരു മാൎഗ്ഗവും കാണാതായി. മാനേജർ ക്ഷണിച്ചു വരുത്തിയ നടൻ തന്നെ ഒരു ദിവസം കൂടി അഭിനയിക്കണമെന്നു് അവർ തീൎച്ചപ്പെടുത്തി. ആട്ടക്കാർ വേഷം അണിയുന്നതിനു് ആരംഭിച്ചു.

തൽസമയം അൻപതിൽചില്വാനം വയസ്സുവരുന്ന ഒരാൾ അണിയറയിൽ വന്നു കയറി ഇരുന്നു. കളിയോഗം മാനേജരിൽ നിന്നും കാൎയ്യങ്ങൾ ചോദിച്ചറിഞ്ഞതിനുശേഷം തനിക്കു മരിക്കുന്നതിനുമുൻപു ഒരു ഉൎവ്വശീവേഷം കെട്ടി ആടുന്നതിനു ആഗ്രഹമുണ്ടെന്നും അതിനാൽ അന്നത്തെ ഉൎവ്വശീവേഷം താനായിക്കൊള്ളാമെന്നും അയാൾ അഭിപ്രായപ്പെട്ടു.

നിങ്ങളേക്കാൾ യോഗ്യന്മാരും ശക്തന്മാരുമായ പലരും ഇവിടെ അഭിനയിച്ചതിൽ തിരുമനസ്സിലേക്കു് തൃപ്തി വന്നിട്ടില്ലാത്ത സ്ഥിതിക്കു് ഉൎവ്വശീവേഷം ഇതേവരെ കെട്ടിയിട്ടില്ലാത്ത നിങ്ങളുടെ അഭിപ്രായം സ്വീകാൎയ്യമല്ല എന്നാണു് മാനേജർ പറഞ്ഞതു്.

എന്നാൽ ആഗതന്റെ വീണ്ടുംവീണ്ടുമുള്ള നിർബന്ധംമൂലം മാനേജർ ഉദ്യോഗസ്ഥന്മാരുമായി ആലോചിച്ചു

അന്നത്തെ ഉൎവ്വശീവേഷം അയാൾ തന്നെ കെട്ടാൻ സമ്മതിച്ചു. വേഷത്തിനുള്ള സാമാനങ്ങൾ ഒരു ഭദ്രമായ മുറിയിൽ ആക്കിത്തരണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. മാനേജർ അപ്രകാരം ചെയ്തു.

പുതിയ നടൻ മുറിയ്ക്കകത്തു കയറി. ഉവ്ശീപദം പാടുമ്പോൾ ഉൎവ്വശി അരംഗത്തു കാണും, എന്നു പറഞ്ഞിട്ട് വാതലും ബന്ധിച്ചു. കൃത്യം രാത്രി എട്ടു മണിക്ക് അരംഗിൽ വിളക്കു വെച്ചു കളി ആരംഭിച്ചു. സാമൂതിരി തിരുമനസ്സ് കളി കാണ്മാനും എഴുന്നള്ളിയിരുന്നു. ഉവ്ശീരംഗം അടുത്തു. പാട്ടുകാരൻ

"സുലലിതപദവിന്യാസാ
രുചിരാലംകാരശാലിനീമധുരാ
മൃദുലാപിഗഹനഭാവാ
സുകൃതിരിവാവാപസോൎവ്വശീവിജയം"

എന്നു പാടിക്കഴിഞ്ഞതോടുകൂടി അരംഗിൽ തിരശ്ശീലതാഴ്ത്തി.

അൎജ്ജുനൻ നിശ്ചലനായി നില്ക്കുന്നു. ഉവ്ശി രണ്ടു കരങ്ങളും കെട്ടി നവരസങ്ങളും സ്ഫുരിച്ച് ശൃംഗാരത്തെ സ്ഥായിയാക്കി നിറുത്തി അൎജ്ജുനനെ ആപാദചൂഡം വീക്ഷിക്കുന്നു. അവളുടെ വേഷമോ അത്യം അവൎണ്ണനീയം.

"മല്ലീശരൻെറ വില്ലിനെ വെല്ലുന്ന ചില്ലീവല്ലികളും ചെന്താമര ദളംപോലുള്ള നേത്രങ്ങളും പഞ്ചമിച്ചന്ദ്രനെ ഞ്ചുന്ന ഫാലപ്രദേശവും, കാർമേഘത്തെ തിരസ്കരിക്കുന്ന കചഭാരവും നവവിദ്രുമംപോലിരിക്കുന്ന ദന്തപംക്തികളും

ഐരാവതത്തിൻെറ മസ്തകത്തെ തിരസ്കരിക്കുന്ന കുച കുംഭങ്ങളും വടപത്രാകാരമായ ഉദരവും വിലയേറിയ സാരികളെക്കൊണ്ടുള്ള ഉടുത്തുകെട്ടും മററും കണ്ടപ്പോൾ തന്നെ കാണികൾ സംഭ്രാന്തചിത്തന്മാരായി തീൎന്നു. സാമൂതിരിത്തമ്പുരാൻ ആനന്ദപയോധിയിൽ മുങ്ങി നീന്തിത്തുടങ്ങി.

ഉൎവ്വശി ഒരു മണിക്കൂറോളം അതേ നിലയിൽ നിന്നിട്ട് പദമാടിത്തുടങ്ങി. തദനന്തരം അൎജ്ജുനനുമായിട്ട് മനോധൎമ്മത്താൽ ചോദ്യോത്തരങ്ങൾ തുടങ്ങി. ഒടുവിൽ അൎജ്ജുനൻ ഉത്തരം കിട്ടായ്കയാൽ കുഴങ്ങി. അനേകം ചോദ്യങ്ങൾക്ക് അൎജ്ജുനൻ സമാധാനം പറഞ്ഞില്ല. ഉൎവ്വശിയുടെ അഭിനയപ്രകടനത്താൽ അൎജ്ജുനൻ സൂൎയ്യനെകണ്ട ചന്ദ്രനെപോലെ പരിണമിച്ചതിൽ അത്ഭുതപ്പെടാനില്ലല്ലോ.

പ്രസ്തുതരംഗം അവസാനിച്ച ഉടൻ സാമൂതിരി എണീററ് അരംഗത്തു ചെന്ന് ഉൎവ്വശിയുടെ കൈയ്യു കടന്നു പിടിച്ചിട്ട് "കോട്ടയത്തു ജ്യേഷ്ഠൻ എപ്പൊഴാ ഇങ്ങോട്ടു എഴുന്നെള്ളിയതു്" എന്നു കല്പിച്ചു ചോദിച്ചു. സന്ധ്യയോടുകൂടി എന്ന് 'ഉൎവ്വശി' മറുപടി പറയുകയും ചെയ്തു. "അവിടത്തെ കാണണമെന്നും, തക്കതായ ഒരു ഉൎവ്വശി അഭിനയം കാണണമെന്നും ഉള്ള ആഗ്രഹങ്ങളാണ് എന്നെ ഈ കൃത്യത്തിനു പ്രേരിപ്പിച്ചതു്" എന്ന് സാമൂതിരി കല്പിച്ചിട്ട് 'ഉൎവ്വശി'യുടെ വേഷങ്ങൾ അഴിപ്പിച്ച് അമൃതേത്തിനു കൂട്ടിക്കൊണ്ടുപോകയും അതോടുകൂടി കളി അവസാനിപ്പിക്കയും ചെയ്തു.

ഉവ്വശിയുടെ വേഷംകെട്ടിയ മഹാൻ കോട്ടയംകഥകളുടെ കത്താവായ വിദ്വാൻ കേരളവമ്മരാജാവായിരുന്നെന്നു പ്രത്യേകം പറയണമെന്നില്ലല്ലോ. ഇത്തരം പല കഥകൾ ഇനിയും പറയാനുണ്ടു്. എന്നാൽ വിസ്തരഭയത്താൽ ഇവിടെ ചുരുക്കുന്നു.

കഥകളിപ്രസ്ഥാനത്തിൽ കോട്ടയംകഥകളെപ്പോലെ ഗംഭീരമായി മററൊരുകഥയുമില്ലെന്നാണു് ഭൂരിജനാഭിപ്രായം. ചുരുക്കിപ്പറയുകയാണെങ്കിൽ, ഗാംഭീയ്യം, രംഗപ്രയോഗവിശേഷത' ഗാനയോഗ്യത, അത്ഥഭംഗി, ശബ്ദഭംഗി, അലങ്കാരവൈചിത്ര്യം, ഫലിതരസം ഇവയെല്ലാമാണു് കോട്ടയംതമ്പുരാൻെറ പ്രത്യേക ഗുണങ്ങൾ.

"കോട്ടയത്തു്രാജാവിൻെറ ആട്ടക്കഥയിലെ ഓരോ ശ്ലോകങ്ങളും കണ്ണപീയൂഷംതന്നെ. അതിൽപിന്നെയുള്ള വിദ്വാന്മാരുടെ കൃതികൾ ഗാംഭീയ്യം, പ്രാസം ഇത്യാദി ഗുണങ്ങൾ ഉണ്ടെങ്കിലും ബലാദാകൃഷ്ടപദങ്ങളാകയാൽ അദ്ദേഹത്തിൻെറ മുഖാംഭോജത്തിൽനിന്നു് നിസ്സൃതവാങ്മധുരത്സരിക്ക് തുല്യമാകുന്നില്ല. ഇങ്ങനെയുള്ള പദബന്ധങ്ങൾ മററാക്കുമില്ലെന്നുതന്നെപറയാം. അവിടുന്നു് ഓരോ രസപ്രധാനമായ ആട്ടത്തിനു് ശ്ലോകങ്ങളും പദങ്ങളും രാഗങ്ങളും താളങ്ങളും ചേത്തിട്ടുള്ളതു നോക്കുമ്പോൾ അത്യാശ്ചയ്യംതന്നെ—"എന്നു് ഒരു പണ്ഡിതൻ പ്രസ്താവിച്ചിട്ടുള്ളതു് പ്രത്യേകം ശ്രദ്ധേയമാകുന്നു.

---

# ൯. കാർത്തികതിരുനാൾ രാമവൎമ്മ മഹാരാജാ

### തിരുമനസ്സുകൊണ്ടു്.

---

ജീവിതകാലം ൮൯൯-മുതൽ ൯൭൩-വരെ.

ധൎമ്മരാജാവെന്നും കിഴവൻ രാജാവെന്നും കീൎത്തി നേടിയിരുന്ന ഇദ്ദേഹം കൃപാണപ്രയോഗത്തിൽ പോൎക്കളത്തിൽ എന്നപോലെ തൂലികാപ്രയോഗത്തിൽ സാഹിത്യരംഗത്തിലും അസാമാന്യമായ കീൎത്തി നേടി.

ഇദ്ദേഹത്തിൻെറ സാഹിത്യപരിശ്രമത്തിൽ അധികവും കേരളീയരുടെ പ്രത്യേക സ്വത്തായ കഥകളി പ്രസ്ഥാനത്തിലായിരുന്നു. അന്തഃഛിദ്രങ്ങളെക്കൊണ്ടും ശത്രുക്കളുടെ ആക്രമണങ്ങളാലും ക്ഷോഭമുണ്ടായിരുന്ന ഈ നാട്ടിൽ സമാധാനമുണ്ടാക്കിയതിനുശേഷം കാൎത്തികതിരുനാൾ തിരുമനസ്സിലേ ശ്രദ്ധ സാഹിത്യത്തിലേക്കു തിരിഞ്ഞു.

അക്കാലം സാഹിതീ ദേവിക്കു് സുവൎണ്ണകാലം തന്നെയായിരുന്നു. കുഞ്ചൻനമ്പ്യാർ, ഉണ്ണായിവാരിയർ, പുതിയിക്കൽ തമ്പാൻ, മുതലായ കവികുലരത്നങ്ങൾ തിരുമനസ്സിലെ വിദ്വൽസദസ്സിലെ അംഗങ്ങളായിരുന്നു. ഏതെല്ലാം പ്രസ്ഥാനങ്ങളിൽ കവിത സൃഷ്ടിച്ചാലും അന്നു അധികം പ്രാധാന്യം കല്പിച്ചിരുന്നതു് കഥകളിഗ്രന്ഥങ്ങൾക്കായിരുന്നു.



ധൎമ്മരാജാവു തിരുമനസ്സുകൊണ്ടു്.

സ്വയം ഒരു നല്ലവിദ്വാനും അനേകം കഥകളി ഗ്രന്ഥങ്ങളുടെ നിർമ്മാതാവും പ്രജാക്ഷേമതല്പരനുമായ ഇവിടുന്ന് വിദ്വാന്മാരെ രാജോചിതമാകുംവണ്ണം പാരിതോഷികങ്ങൾ കൊണ്ടു് പ്രോത്സാഹിപ്പിക്കുന്നതിൽ പ്രത്യേകം കൌതുകം പ്രകടിപ്പിച്ചു.

അദ്ദേഹം മാതൃഭാഷ കൂടാതെ ഹിന്ദി, പേഴ്ഷ്യൻ, പോർട്ടുഗീസ്, അറബി മുതലായ ഒട്ടനേകം ഭാഷകളിൽ പാണ്ഡിത്യം സമ്പാദിച്ചിരുന്നു. സംസ്കൃതഭാഷയിലുള്ള അദ്ദേഹത്തിന്റെ വൈദഗ്ദ്ധ്യത്തെ അവിടത്തെ കൃതികൾ തന്നെ തെളിയിക്കുന്നുണ്ടു്. രസികശിരോമണിയായ അവിട്ടുന്ന് രാജസൂയം, സുഭദ്രാഹരണം, ബകവധം, കല്യാണസൗഗന്ധികം, ഗന്ധർവ്വവിജയം, പാഞ്ചാലീസ്വയംബരം, നരകാസുരവധം, എന്നിങ്ങനെ ഏഴു ആട്ടക്കഥകൾ കല്പിച്ചുണ്ടാക്കിയിട്ടുണ്ടു്.

തിരുമനസ്സിലെ കവിതാസരണി കോട്ടയത്തു വിദ്വാൻ തമ്പുരാന്റെ കവിതകളെ മാതൃകയാക്കിക്കല്പിച്ചിട്ടായിരുന്നു. രണ്ടുപേരും ഒരേ കഥകൾ തന്നെ അടിസ്ഥാനപ്പെടുത്തി രണ്ടു കൃതികൾ രചിച്ചിട്ടുണ്ടു്. അവ ബകവധവും കല്യാണസൗഗന്ധികവുമാകുന്നു. രണ്ടുപേരുടെയും കഥാഗതിയിൽ കാണുന്ന ഗതിവിശേഷം പല പ്രകാരത്തിലും സാമ്യമുള്ളതാകുന്നു. ശബ്ദാർത്ഥവൈചിത്ര്യങ്ങളിൽ രണ്ടാൾക്കും പ്രത്യേകം ദൃഷ്ടിയുണ്ടു്. എന്നുവരികിലും തിരുമനസ്സിലെ കൃതികൾ കോട്ടയം കൃതികളോടു കിടനില്ക്കുന്നതല്ല.

തിരുമനസ്സിലെ ആട്ടക്കഥകളിൽ കാണുന്ന പദ്യങ്ങൾ സംസ്കൃതവും പദങ്ങൾ മണിപ്രവാളവുമാകുന്നു. ശൃംഗാരപദങ്ങൾ കുറെ 'പച്ച'യായിപ്പോയെന്ന് പലക്കും അഭിപ്രായമുണ്ട്. കോട്ടയത്തു് തമ്പുരാനെ അനുകരിച്ച് ഇദ്ദേഹവും രാജസൂയം കഥയിൽ, തോടയം, നിലപ്പദം എന്നീ ചടങ്ങുകൾക്ക് പ്രത്യേകം ശ്ലോകങ്ങളും പദങ്ങളും നിർമ്മിക്കയും ചെയ്തിട്ടുണ്ട്. കോട്ടയത്തു് തമ്പുരാൻ ചുരുക്കത്തിൽ കൊണ്ടുപോയിട്ടുള്ള ചില രംഗങ്ങൾ കാർത്തികതിരുനാൾ തിരുമനസ്സുകൊണ്ടു രംഗത്തിനനുസരണമായ വിധം വിസ്തരിച്ചിട്ടുണ്ട്.

"കാമനോടുതുല്യനാകും, ഭീമസേനൻതന്നെ
കാൺകയാലേ കാമമയ്യൽപൂണ്ടുടനെ,
മായകൊണ്ടുമറഞ്ഞൊരു മോഹിനിയായവൾ,
നൂതനശരീരം പൂണ്ടുയാതുനാരി.
താമരസകോരങ്ങൾകോഴനൾകുന്നൊരു
കോമളകുചയുഗളം പൂണ്ടുടനെ
മന്ദമന്ദംവിളയാടി, സുന്ദരാംഗിയവൾ
നിന്നീടുന്നുസന്നിധിയിൽ മിന്നൽപോലെ."

ഈ വർണ്ണനയേ കാർത്തികതിരുനാൾ തിരുമനസ്സിലേ വർണ്ണനയുമായി താരതമ്യപ്പെടുത്തുക :—

"ഘോരകാന്താരത്തിൽ ക്രൂരാകാരഹിഡുംബിവന്നു
നീലമലപോലെ കായം സ്ഥൂലപയോധരങ്ങളും
ധൂമ്രതരകുചങ്ങളും താമ്രതരനേത്രങ്ങളും
സോമവംശജാതന്മാരാം പാണ്ഡവന്മാരെയങ്ങവൾ
സാമോദം കണ്ടുടനങ്ങു, കാമലോഭം പൂണ്ടിട്ടു്—"

ഇപ്രകാരം പറയുന്നു.

"വിഹിതംമേഭ്രതജാലം
സുഹിതംവന്നിന്നുമമസുതരാംസുശോഭനം
സോദരനാകും ഹിഡുംബൻ തന്നുടെ കാമം
സുഖമായിലഭിച്ചിതെത്രയും-
എന്നതുകൊണ്ടു മധുരമാനുഷമാംസം
ഭുജിക്കും കൌണപവരൻ
തരുണനൊരുവനധികം വിളങ്ങിടുന്നു
തരുണിമാർ ഹൃദയംഗമൻ ധരണീവരൻ
സരസനിവനെനിക്കുരമണനായ്വരുമോ ?
കാന്തനിവനതിഗ്ഗുണവാൻ കാമസദൃശൻ
കാന്തനിവനതിഗ്ഗുണവാൻ
മാരമാൽപൂണ്ടിന്നു മമഹൃദയമയ്യോ
പാരംതളർന്നീടുന്നിഹ
മാരൻമലരമ്പുകൾ ചൊരിഞ്ഞീടുന്നെന്മെയ്യിൽ-
എന്നാൽ ഞാനിന്നുതന്നെ ഇവിടെ
നിന്നുനല്ലൊരുകാമിനിയായി
സുന്ദരൻരൂപൻധന്യൻകണവനായി വരേണമേ
ദൈവമേ !"

എന്ന പ്രാൎത്ഥനയോടുകൂടിയാണു് ഹിഡുംബി ഭീമസേനന്റെ സമീപത്തു ചെല്ലുന്നതു്.

അതുപോലെ തന്നെ കോട്ടയത്തു തമ്പുരാന്റെ കല്യാണസൌഗന്ധികത്തിൽ,

"സാഹസംചെയ്തീടൊല്ലാസമയം കഴിവോളവും നീ-
സഹദൈവകാൎയ്യം സാധിപ്പാൻ സംഗതിവരും

അനലന്തൃഷ്ണാവെടികിലുമാലോകന്തന്നെ
ദിനകരൻ കൈവെടികിലും
അനിലനന്ദന! സത്യം അനുജ! ലംഘിപ്പതിനു
അനലമഹമെന്നറികചൊല്ലീടായ്ക്കേവം-
ദിനകരകുലാധിപൻ ദശരഥനും
ദീനമാനസനായ്ത്തന്നെ
അനൃതഭീതികൊണ്ടല്ലോ ആത്മജന്മാരെ ഘോര-
വനമതിലയച്ചീലയോ പാർത്തുകണ്ടാലും
ദിവ്യാസ്ത്രങ്ങൾ ലഭിച്ചുടൻദീനമെന്നിയേ
സവ്യസാചിവരുംന്തൂനം
സേവ്യനാമീശൻതന്നെ സേവിച്ചീടുന്നവൎക്കു
ദുർവ്യാപാരങ്ങൾഫലിയാശങ്കിയായ്ക്കേവം."

എന്നു് ധൎമ്മപുത്രർ ഭീമസേനനുപദേശിക്കുന്ന ഭാഗത്തെ കാൎത്തികതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടു് വൎണ്ണിക്കുന്നപ്രകാരം നോക്കുക:—

"വീരവായുനന്ദന! മാകുരുസാഹസം
ധീര! മാമകസഹജ?
സാരമിന്നുമേഗിരംസാദരം നിശമയ
മാരതുല്യരൂപഹേമാനുഷവരഹീര!
സത്യഭംഗമിന്നഹോ ചെയ്യരുതൊരുനാളും
സത്യധൎമ്മനിരതനീയിത്തു
പഥ്യമെന്നു തവ മാനസേ ധരിക്കണം
സത്വരം സരോരുഹലോചന ഭീമസേനാ!
ധൎമ്മശാസ്ത്രനിൎണ്ണയം ചെമ്മേ നീ ധരിച്ചാലും
ധൎമ്മം സത്യമെന്നുതന്നെ ക്ഷത്ര-

ധമ്മവും സത്യമൂലമെന്നല്ലോ പറയുന്നു.
കൃമ്മീരനിഷൂദന! കല്യാണഗുണലായ!
സരസിജവിലോചനൻ, കരുണാസാഗരൻ തൻെറ
കരുണകൊണ്ടു നാമെല്ലാരും ഇന്നുവിരവൊടു
ദുരിതസാഗരമങ്ങു കടന്നുടൻ
സരസമിങ്ങുവാണിടാമതിനില്ലവിവാദംമേ."

പ്രസ്തുത പദങ്ങൾ വളരെ വ്യത്യാസമില്ലാതെയും കാണുന്നു. ഇതുപോലെ ബകവധം, കല്യാണസൗഗന്ധികം, എന്നീ കൃതികളെ ആദ്യന്തം പരിശോധിക്കുന്നതായാലും കോട്ടയത്തു തമ്പുരാനെ ആദർശമാക്കിയാണ് കാണുന്നത്.

വീരരൗദ്രാദി രസങ്ങൾക്ക് പ്രാധാന്യം വരുത്തുന്ന വിഷയത്തിൽ കാർത്തിക തിരുനാൾ തിരുമനസ്സിൽ നിന്ന് പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്.

"ആയാസഹീനമതിഘോരഗദാസഹായ
മായാന്തമാശു ഹനുമാൻ ഭുജശക്തിമന്തം
രാമംസ്മരൻ സസുഖമത്രതപഃപ്രകുർവ്വൻ
ഭീമംസമീക്ഷ്യ സമചിന്തയദേവമന്തഃ"

കോട്ടയത്തു തമ്പുരാൻെറ ഈ പദ്യത്തിനു സമമായുള്ള കാർത്തിക തിരുനാൾ തിരുമേനിയുടെ പദ്യം കാണുക:—

"ദോർദ്ദണ്ഡാഹിണ്ഡിതോദ്യൽ ഭ്രമിതനിജഗദാ
ഘട്ടനൈർ വൃക്ഷഷണ്ഡാൻ
പിഷ്ട്വാപുഷ്ടാഭിമാനക്ഷുഭിത മൃഗഘടാ
ധാവയന്തം നിനാദൈഃ

അഭ്യായാന്തന്തമാരാദഥപഥി കദളീ-
കാനനാന്തർന്നിവാസീ
ദൃഷ്ടഃപാചക്രേ സചിന്താമതുലിതമഹിമാ-
വാരിധി ശ്രീഹനൂമാൻ ''

ഇവിടെ ശബ്ദപ്രൗഢി സവിശേഷമായിട്ടുണ്ടു്.

"നല്ലാരിൽ മണിമൗലിമാലികേ കേൾ നീയും
മെല്ലവേഗിരം മമവല്ലഭേ ! മനോഹരേ !'' എന്നും
"തരുണാരുണ സരസീരുഹ നയനേ വിധുവദനേ
തരുണീവരികരികേസുരരമണിശുകവാണീ,'' എന്നും
"യാമിനീചര മാനിനീവന്നിതു സോമ-
ബിംബാനനശതമന്യസുതസവിധേ,'' എന്നും തുട

ങ്ങുന്ന ശൃംഗാരപദങ്ങൾക്ക് വേണ്ടടത്തോളം ആസ്വാദ്യതയുണ്ടു്.

"രുഷ്ടാംതാമട്ടഹാസപ്രകടമുഖഗുഹാ-
സ്പഷ്ടദംഷ്ട്രാകരാളാം-
പ്ലുഷ്ടാശാം ദൃഷ്ടിപാതൈസ്സ്വരദനലകണൈ
രാത്തമനേതിഷ്ടമാനാം
ക്ലിഷ്ടാന്താഃ കൃഷ്ടകേശീ മപിചസുരവധൂ-
സ്തത്രബാഷ്പായമാണാ
ദൃഷ്ടഃപാഥാകൃഷ്ടഖഡ്ഗോന്യഗദദതിരുഷാ
വിക്രമീശക്രസൂനുഃ''

എന്നു് നരകാസുരവധത്തിലും,

"ഉപാന്തേവനാന്തേ നിശാന്തേതു ദൃഷ്ടഃപാ
സുതാന്താൻ ഗതാന്താൻ സ്വയംപ്രാപചിന്താം

ഹിഡുംബസ്യനകഞ്ചരീ സോദരീസാ
ഹിഡുംബാമഹാദാരുണാ ഭീഷണാംഗീ''

എന്ന് ബകവധത്തിലും,

"ലീലാലാളിതഗോപീജാലകപിശചേല
ലോലസുവനമാലനീലനീരദാകാര
നീലനീരദസുമേചകപാലിതഗോഗോപാലക-
കാലിതസുരവൈരിലോകഫാലശോഭമൃഗമദതിലക,''
"പുളച്ചുയുധിവിളിച്ച നിങ്ങളുടയ തിളച്ച മദമടക്കുവ-
നിനിഞാൻ
കളിച്ചിഹവിളിച്ചുനലമടിച്ചുഭുവിനടിച്ചുഇനി
പ്പൊളിച്ചുടലതഖിലംരുധിരപടലം സപദിചട്ടലം
വിസൃജാമ്യലം
നിലിമ്പരിപുകുലംപലതുമുണ്ടതുകലം പലിതിനലം
പെരുതുപൊരാ
നിലിമ്പജനവൈരീ വൈരിദാരിവേണദാരീ അവ
നലം പരിചിലിന്നു വെൽവതിന്നുചൊല്ലിനന്നു
മാസ്മനന്നു.''

ഇത്യാദി രാജസൂയത്തിലും കാണുന്ന ഭാഗങ്ങളിൽനിന്ന് കവിയ്ക്കു ശബ്ദാലങ്കാരത്തിലുള്ള പ്രതിപത്തി എത്രത്തോളമുണ്ടെന്ന് സ്പഷ്ടമാണല്ലോ.

നരകാസുരവധത്തിൽ :—

"അബ്ജോജാക്ഷികളെഹരിച്ചൊരുനിൻ
കണ്ണനാസികാകുചകൃന്തനമിഹ
തൂർണ്ണംചെയ്യുൻ കണ്ടുകൊൾക നീ—'' എന്നതുവരെ
കാർത്തികതിരുനാൾ മഹാരാജാവ് എഴുതിയതിനുശേഷം

തന്റെ അനുജനായ അശ്വതി തിരുനാളിനോടു പദ ശേഷം പൂരിപ്പിക്കാൻ ആജ്ഞാപിച്ചതനുസരിച്ച് "നിർണ്ണയമതിനുണ്ടുമേകരാളേ !" എന്നു തുടങ്ങി അദ്ദേഹം എഴുതിചേർത്തെന്നാണു പ്രസിദ്ധി.

തിരുമനസ്സുകൊണ്ട് ആടുന്ന വിഷയത്തിലും അല്പാല്പം ചില ഭേദഗതികൾ വരുത്തീട്ടുണ്ട്. ആടാൻ വകയുള്ള ഭാഗങ്ങളെ ആവശ്യംപോലെ നാലോ അഞ്ചോ പ്രാവശ്യം ആവർത്തിച്ചുപാടാൻ സൌകര്യ്യമുണ്ടാക്കി. രക്തരംഗം അർദ്ധരാത്രിയോടടുപ്പിച്ചുവേണം ആടേണ്ടതെന്നുള്ളതും അദ്ദേഹത്തിന്റെ പരിഷ്കാരമാണ്.

അദ്ദേഹത്തിന്റെ ഏഴുകഥകളിൽ സാധാരണ ആടിവരാറുള്ളത് രാജസൂയം, നരകാസുരവധം, എന്ന രണ്ടുകഥകൾ മാത്രമാണ്. അതിൽ നരകാസുരവധം എല്ലാവരേയും ഒന്നുപോലെ രസിപ്പിക്കുന്ന ഒരു കൃതിയാകുന്നു.

കാർത്തികതിരുനാൾ രാമവർമ്മമഹാരാജാ തിരുമനസ്സുകൊണ്ട് തിരുവിതാംകൂർ രാജ്യത്തിലേയും സാഹിത്യ സാമ്രാജ്യത്തിലേയും ഒരു രാജഹംസമായിരുന്നുവെന്നുള്ളതിന് സംശയമില്ല.

---





അശ്വതി തിരുനാൾ തിരുമനസ്സുകൊണ്ടു്.

# ൪. അശ്വതിതിരുനാൾ രാമവൎമ്മ ഇളയതമ്പുരാൻ

### തിരുമനസ്സുകൊണ്ടു്.

---

കൊല്ലവർഷം—൯൩൧—൯൬൯—വരെ.

അശ്വതിതിരുനാൾ ഇളയതമ്പുരാൻ, കാൎത്തികതിരുനാൾ തിരുമനസ്സിലെ സഹോദരന്മാരിൽ ഒരാളായിരുന്നു.

അവിടത്തെ ജ്യേഷ്ഠനായ മകയിരം തിരുനാൾ തമ്പുരാനും വിവിധകലാപ്രവീണനും പണ്ഡിതനുമായിരുന്നു. അദ്ദേഹം ൯൬൧-ൽ നാടുനീങ്ങി. അതിനുശേഷം അശ്വതി തിരുനാൾ ഇളമുറസ്ഥാനം കൈയേററു. പക്ഷേ ദുൎഭാഗ്യവശാൽ രണ്ടു വൎഷത്തിനുള്ളിൽ (അതായതു് ൯൬൯-ൽ) അദ്ദേഹവും അകാലമരണം പ്രാപിക്കയാണു ചെയ്തതു്.

സാഹിത്യസാമ്രാജ്യഭരണം ഒന്നു കൊണ്ടുമാത്രം കൃതാൎത്ഥനായിട്ടു് സ്വൎഗ്ഗാരോഹണം ചെയ്ത ആ തിരുമേനി കൈരളിക്കു്, വിശിഷ്യ കഥകളി പ്രസ്ഥാനത്തിനു്, നേടിവച്ചിട്ടുള്ള നിധികൾ അനൎഘങ്ങളും അനശ്വരങ്ങളുമാണു്.

തിരുമനസ്സുകൊണ്ടു് രുഗ്മിണീസ്വയംബരം, പൌണ്ഡ്രകവധം, അംബരീഷചരിതം, പൂതനാമോക്ഷം, എന്നു നാലു ആട്ടക്കഥകൾ രചിച്ചിട്ടുള്ളതു കൂടാതെ നരകാസുരവധം ആട്ടക്കഥയിൽ അൎദ്ധാംശവും ഒട്ടനേകം ഗീതങ്ങളും

ഒററശ്ലോകങ്ങളും നിമ്മിച്ചിട്ടുണ്ട്. പ്രസ്തുത കൃതികൾ തിരുമനസ്സിലെ യശഃപതാകയുടെ സ്തംഭങ്ങളാകുന്നു.

സംസ്കൃതപ്രയോഗങ്ങൾ തിരുമനസ്സിലെ കവിതകളിൽ അധികമായി കാണുന്നതു കൊണ്ട് അദ്ദേഹത്തിന് കാവ്യനാടകാലംകാരാദികളിൽ വേണ്ട പരിചയം സിദ്ധിച്ചിരുന്നു എന്നു സ്പഷ്ടമാകുന്നു.

ആദ്യം കഥകളി അഭ്യസിക്കുന്നവർ രുഗ്മിണീസ്വയംബരമാണ് സാധാരണ അഭിനയിച്ചു ശീലിച്ചു പോരുന്നത്. അതിലെ മുദ്രകളും അഭിനയങ്ങളും മനസ്സിലാക്കിയാൽ പിന്നെ എല്ലാക്കഥകളേയും പരാപേക്ഷ കൂടാതെ അഭിനയിക്കാമെന്ന് കഥകളിക്കാരുടെ ഇടയിൽ ഒരു വാദമുണ്ട്.

തിരുമനസ്സിലെ കൃതികൾ കഥകളിക്കാർ ഇന്നും പല സ്ഥലങ്ങളിലും അഭിനയിച്ചു വരുന്നുണ്ട്. ഇതിനു കാരണം ഈ കൃതികൾക്കുള്ള സംഗീതഭംഗിയും സാഹിത്യരസികതയും ആയിരിക്കണമല്ലോ. ശ്ലോകങ്ങൾ സംസ്കൃതബഹുലങ്ങളാണെങ്കിലും അൎത്ഥവ്യക്തിയ്ക്കു ഒരിക്കലും ഹാനിവരാതെ സൂക്ഷിച്ചിട്ടുണ്ട്. ശബ്ദാലംകാരങ്ങളും അൎത്ഥാലംകാരങ്ങളും വേണ്ടുവോളമുണ്ട്. അഭിനയസൗകൎയ്യത്തെ ആധാരമാക്കി ചില സ്വാതന്ത്ര്യപ്രകടനങ്ങളും സൎവ്വഹൃദയാനന്ദകരമായി തീരത്തക്കവണ്ണം ചെയ്തിട്ടുണ്ട്.

അലങ്കാരപ്രയോഗത്തിൽ ഇദ്ദേഹം കോട്ടയത്ത് തമ്പുരാനെയാണ് അനുകരിച്ചിട്ടുള്ളത്. കവിതാശൈലിയിൽ മുരാരി, കാളിദാസൻ, ജയദേവൻ, ശ്രീഹൎഷൻ,

എന്നീ മഹാകവികളേയും അനുകരിച്ചിട്ടുള്ളതായി കാണാം. എന്നാൽ കോട്ടയം കഥകളുടെ ഗാംഭീര്യമോ അൎത്ഥവൈചിത്ര്യമോ പൂൎണ്ണമായി കാണുന്നില്ല. എങ്കിലും ആടുന്നതിനും പാടുന്നതിനും അശ്വതി തിരുനാളിന്റെ കൃതികളും നല്ലതാണെന്നു പരക്കെ സമ്മതമാണു്.

"കാൎത്തികതിരുനാൾ തിരുമനസ്സിലേയും അശ്വതി തിരുനാൾ തിരുമനസ്സിലേയും കഥകൾ ആടിക്കണ്ട സഹൃദയന്മാരായ രണ്ടു നമ്പൂതിരിമാരിൽ ഒരാൾ മറേറ ആളോടു്," "എടോ? കാൎത്തികയോ അശ്വതിയോ മുൻപു്," എന്നു ചോദിച്ചതിനു്, "സംശയിപ്പാനെന്തിരിക്കുന്നു? കാൎത്തികയ്ക്കു മുമ്പെന്നല്ല, എല്ലാ നക്ഷത്രങ്ങൾക്കും മുമ്പു് അശ്വതി തന്നെ," എന്നു മറുപടി പറഞ്ഞതായി ചിലർ പറഞ്ഞു കേട്ടിട്ടുണ്ടു്.

"ത്രൈലോക്യാംഗണജാംഘികോദ്ഭടഭുജാ-
ടോപേനയേനാജനി
സ്വൎഗ്ഗസ്ത്രീകുചകുംഭപത്രരചനാ
വൈജ്ഞാനികോവാസവഃ
സോയം ഭാനുകുലാബ്ധികൌസ്തുഭമണി
ന്നാഭാഗഭാഗ്യോദയ-
സ്സൌജന്യാംബുധിരംബരീഷ നൃപതിഃ
ശ്രീമാനഭ്രദശ്രുതഃ

എന്നപദ്യം മുരാരിയുടെ—

" ത്രിലോകീജംഘാലോജ്ജ്വലസഹജതേജാഃ"

ഇത്യാദി തുടങ്ങുന്ന പദ്യത്തിന്റേയും,

"ഗാഢോൽക്കണ്ഠവിലാസിജാലവിവിധ-
ക്രീഡാനിദാനേദിനേ
സദ്യഃസ്വീകൃതവിക്രിയാന ഭുവനേ
വാസന്തികേസന്തികേ
ഇത്യാലാപിനി കോകിലാരവമിഷാൽ
കേളീവനേജാതുചിത്
രാജാനിർജ്ജിത രാജരാജവിഭവഃ
പ്രോചേവചഃ പ്രേയസീഃ"

എന്ന വസന്തകാല വർണ്ണന മഹാകവി കാളിദാസന്റെ—

"ചൂതാംകുരാസ്വാദ കഷായകണ്ഠഃ
പുംസ്കോകിലോയന്മധുരംചകൂജ"

എന്ന പദ്യത്തിന്റേയും

"ചൂതങ്ങളിൽ മധുപപോതങ്ങൾ വാഴുന്നു
ചൂതശരനാമലിപി ജാതമതുപോലെ"

എന്നഭാഗം

"നിവേശയാമാസമധുർദ്വിരേഫാൻ
നാമാക്ഷരാണീവ മനോഭവസ്യ"

എന്ന കാളിദാസന്റെ പദ്യത്തിന്റേയും അനുകരണങ്ങളാകുന്നു.

"സൈ്വരം കൈരവബന്ധു ബന്ധുരകര-
ശ്രേണീകൃപാണീലതാ-
ലൂനപ്രൌഢതമസ്തമാല ഗഹനേ-
ഹാലാംപിബൻമോഹനേ

മാദ്ല്യൽ കോകിലകാമിനീകളവചോ-
വാചാലിതാശാന്തരേ-
രേമേരൈവതകാചലേ സഹവധൂ
ജാലേന നീലാംബരഃ"

എന്നു് പൌണ്ഡ്രക വധത്തിൽ കാണുന്ന പദ്യം ജയദേവ മഹാകവിയുടെ—

"ഉന്മീലന്മധുഗന്ധലുബ്ദ്ധ മധുപ-
വ്യാധൂതചൂതാങ്കുര-
ക്രീഡൽ കോകിലകാകളീകളരവൈരു
ദ്ഗീർണ്ണകർണ്ണജ്വരാഃ !
നീയന്തേപഥികൈഃ കഥംകഥമപി-
ധ്യാനാവധാനക്ഷണ-
പ്രാപ്തപ്രാണസമാസമാഗമരസോ-
ല്ലാസൈരമീവാസരാഃ,

എന്ന പദ്യത്തെ മനസ്സിൽ വച്ചുകൊണ്ടു് എഴുതിയതാണെന്നുള്ളതിൽ സംശയമില്ല.

കൂടാതെ,

"സോൽക്കണ്ഠം കളകണ്ഠകണ്ഠമുരളീ-
നാളീഗളൽപഞ്ചമേ
കിഞ്ചിൽ കിഞ്ചിദുദഞ്ചിതാഞ്ചിതലതാ-
സഞ്ചരന്നകുഞ്ജാന്തരേ
പ്രാചീനാചലമൌലി മണ്ഡനവിധി
പ്രാപ്തംവിധോർമ്മണ്ഡലം
ദൃഷ്ട്വാതുഷ്ടമനാജഗാദ നൃപതിഃ
പ്രേമാകുലപ്രേയസീഃ"

"കുണ്ഡിനേസുരഥ രാജിവാജിഗജരാജ
ഷണ്ഡപരിമണ്ഡിതേ
ചണ്ഡഭാനു ശശിവംശജേന്ദ്രപതി-
മണ്ഡലേസമുപഹിണ്ഡിതേ
ചണ്ഡികാം സഹസഖീഭിരേത്യ ശശി-
ഖണ്ഡശേഖര കുടുംബിനീം-
കുണ്ഡിനാവനിനരേന്ദ്രജാ യുവതി
മണ്ഡനംവരമയാചത."

"ഘനാഘന ഘടാപടുദ്ധ്വനി തഗര്വ്വസര്വ്വംകഷ
ക്ഷമാരമണശിഞ്ജിനീ സ്വനവിതീര്ണ്ണ കര്ണ്ണജ്വരാഃ
രടല്പ്പടഹഡിംബരാജഗദ്ദുര്ഗ്ഗർജ്ജിതാഡംബരാ
മിഥോഥയവനാളജ ക്ഷുഭിതവൈരിസേനാവനാഃ"

"സോമകോടി സമധാമകഞ്ചുകിലലാമ-
മഞ്ചതലമാസ്ഥിതം
ശ്യാമതാമരസദാമ കോമളരമാട്ട-
ഗഞ്ചല കലാഞ്ചിതം
കാമദായക മമോഘമേഘകുല കാമി-
നീയക ഹരംപരം
സാമജാമയഹരം ഹരിം സമുനിരാനു-
നാമവനമാലിനം"

ഇത്യാദി ഭാഗങ്ങൾ ശബ്ദാർത്ഥാലംകാരാദികളെക്കൊണ്ടു് അലംകൃതമായിരിക്കുന്നു. ഈ ശ്ലോകങ്ങളെല്ലാം നാരായണീയത്തിൽ മേല്പത്തൂർ രാസക്രീഡയെ വർണ്ണിക്കുന്ന ശ്ലോകങ്ങളേ അനുകരിച്ചെഴുതിയതാണെന്നു ശബ്ദസാമ്യംകൊണ്ടു കാണാവുന്നതാണു്.

"കനകരുചിരുചിരാംഗിമാരേ!
കനിവൊടുകണ്ടിതോ കാനനവിലാസം"

എന്നു തുടങ്ങുന്ന ഗാനവും

"ചഞ്ചലാക്ഷിമാരണിമൌലിമാലാവന്നു
പഞ്ചബാണൻതൻെറ ചാപവല്ലിപോലെ"

എന്നു തുടങ്ങുന്ന പദവും

141541

"ഫുല്ല മുല്ലവല്ലികൾ പുതുമലർനിരചൂടി
നല്ലചെമ്പകം തന്നെ നലമൊടുതഴുകി
പല്ലവാധരമിതാ പരിചൊടുനുകരുന്നു
വല്ലഭാങ്കേ വാഴുന്ന വാമാക്ഷിമാർപോലെ"

എന്ന പദവും കേരളത്തിൽ മിക്ക സ്ഥലങ്ങളിലും പ്രചുരപ്രചാരമായി തീൎന്നിട്ടുണ്ട്.

"രൂക്ഷൈക്ഷരീക്ഷണജാശുശുക്ഷണി കണൈർ
ദിക്ഷുജ്വലിതഭിഃക്ഷണാ"

എന്നുതുടങ്ങുന്ന ഗരുഡൻെറ പ്രവേശപദ്യം ആ സന്ദൎഭത്തിലേക്കു അത്യന്തം യോജിച്ചിരിക്കുന്നു. അതുപോലെ തന്നെ യവനന്മാരുടെ പദം പ്രാകൃതമാക്കിയതും വളരെ നന്നായിട്ടുണ്ട്. ആകപ്പാടെ തിരുമനസ്സിലെ കൃതികൾ ഭക്തിപൂൎണ്ണവും പലതരസൽഗുണങ്ങൾ ഉപദേശിക്കുന്നവയും പദങ്ങളിൽപോലും പലവിധ അലങ്കാരധോരണികളാൽ അലംകൃതമായിട്ടുള്ളതും ആടുന്നതിനും പാടുന്നതിനും ഉത്തമമായിട്ടുള്ളതും ആണെന്നുള്ളതിന് സംശയമേയില്ല.

# ൫. ഉണ്ണായിവാരിയർ.

കൊല്ലവർഷം ൯൭൫-നും ൯൨൫-നും മദ്ധ്യേ.

കേരളസാഹിത്യ സാമ്രാജ്യത്തിൽ അഭംഗുരമായ കീർത്തി നേടിയിട്ടുള്ള മഹാകവികളിൽ ഒരാളാണ് ഉണ്ണായിവാര്യർ. ഇദ്ദേഹം ൯൭൫-ാമാണ്ടിടയ്ക്ക് കൊച്ചി സംസ്ഥാനത്ത് ഇരിങ്ങാലക്കുടൽമാണിക്യക്ഷേത്രത്തിനു സമീപമുള്ള അകത്തൂട്ട് വാര്യത്ത് ജനിച്ചു. വാര്യക്ക് സംസ്കൃതത്തിൽ അസാമാന്യമായ പരിജ്ഞാനം ഉണ്ടായിരുന്നു. പാണ്ഡിത്യത്തേക്കാൾ കവിതാവും അദ്ദേഹത്തിനു വാസനാസിദ്ധമായിരുന്നെന്നും അദ്ദേഹത്തിൻെറ കൃതികൾ വ്യക്തമാക്കുന്നുണ്ട്.

വിദ്യാഭ്യാസത്തിനു ശേഷം വാര്യർ തിരുവനന്തപുരത്ത് വന്ന് കാർത്തികതിരുനാൾ തിരുമനസ്സിലെ ആശ്രിതന്മാരിൽ ഒരാളായി വളരെക്കാലം താമസിച്ചു. അക്കാലത്ത് എഴുതീട്ടുള്ളതാണ് നളചരിതം ആട്ടക്കഥ.

സരസകവിയായ കുഞ്ചൻനമ്പ്യാരും വാര്യരും സമാനകാലീനന്മാരായിരുന്നു എന്നു മാത്രമല്ല, വലിയ ആത്മമിത്രങ്ങളുമായിരുന്നു എന്നു കാണിക്കുന്ന ചില കഥകൾ പറഞ്ഞു പോരുന്നു. "കാതിലോല" "നല്ലതാളി" "കരികലക്കിയകുളം" "കളഭംകലക്കിയ കുളം" എന്നിങ്ങനെയുള്ള അവരുടെ സംഭാഷണങ്ങൾ പ്രസിദ്ധങ്ങളാണല്ലോ.

വാര്യർ തിരുവനന്തപുരത്തു താമസിക്കുന്ന കാലത്തൊരിക്കൽ തൻെറ ദാരിദ്ര്യാവസ്ഥയെ പരിഹരിക്കുന്നതിനായി

"പ്രഥുകാത്തസ്വരഭാജനം
ഭൂഷിതനിശ്ലേഷപരിജനം
വിലസൽകരേണുഗഹനം
സംപ്രതിസമമാവയോഃസദനം."

എന്ന് ഒരു ശ്ലോകം ചമച്ച് പൊന്നുതമ്പുരാൻ തിരുമനസ്സിലേക്ക് സമപ്പിക്കയും അദ്ദേഹം സന്തോഷിച്ച് വേണ്ട പരിഹാരങ്ങൾ ഉടൻ ചെയ്തു കൊടുത്തുവെന്നും പറഞ്ഞു കേട്ടിട്ടുണ്ട്.

നളചരിതം, ആട്ടക്കഥ മലയാളത്തിലുള്ള ഏതു കവിതകളോടും കിടനില്ക്കത്തക്ക യോഗ്യതയുള്ളതാണ്. കഥാഗതിയിലും, അഭിനയരീതിയിലും, സംഗീതരീതിയിലും, ഭാഷാരീതിയിലും, വാര്യർ സ്വാതന്ത്ര്യമധികം പ്രയോഗിച്ചിട്ടുണ്ട്.

ദമയന്തിയുടേയും നളൻേറയും ദാമ്പത്യഘടനയാണല്ലോ പ്രസ്തുത കൃതിയിലെ പ്രതിപാദ്യവിഷയം. നളിനഭവതനുജൻേറയും, സ്വർണ്ണവർണ്ണം തടവിന ഹംസരാജൻേറയും വചനം കേട്ട്, ഭൈമീനളന്മാർ, പരസ്പരം അനുരാഗ പരവശരാകുന്നതും അനുരാഗം ക്രമേണ വിവാഹബന്ധത്താൽ സുദൃഢമായി സംഭോഗരസത്തിൽ കൂടെ കടന്നു പിന്നീടു വിയോഗം വിപത്ത് എന്നീ ഘട്ടങ്ങളിൽ കൂടി അന്ത്യത്തിൽ സംയോഗസുഖമായി പരിണമിക്കുന്നു.

മനുഷ്യരുടെ ലോകാനുഭവങ്ങളെ വിശദമായി വിവരിക്കുന്ന ഈ കഥകളിയ്ക്കു പ്രകടമായി ഒരു സംസ്കൃതനാടകഭംഗി കാണ്മാനുണ്ട്.

ഒന്നാം ദിവസത്തെ കഥയിൽ :—

"ജനകൻ മരിച്ചുപോയി—
തനയൻഞാനൊരുത്തനായ്
ജനനി തൻെറ ദശാ ഇങ്ങനെ
അപി ച മമ ദയിതാ—കളിയ-
ല്ലനതിചിരസൂതാ—പ്രാണൻ-
കളയുമതി വിധുരാ—എന്നാൽ
കുലമിതഖിലവു മററുതിവന്നിതു"

എന്ന നളഹംസസംഭാഷണത്തിൽ കാണുന്ന അററം അദ്ദേഹത്തിൻെറ ജീവിതാവസാനത്തോടു യോജിച്ചിരിക്കുന്നതായി ചരിത്രം കൊണ്ടു് തെളിയുന്നു.

വാസ്യക്ക് കഥകളിയെ ആകപ്പാടെ ഒന്നു് പരിഷ്കരിക്കണമെന്നുള്ള ആശ ക്രമാതീതമായി തീൎന്നു കൊണ്ടായിരിക്കാം നളചരിതത്തിൽ ആഭ്യന്തരമായ ചില മാററങ്ങൾ വരുത്തുവാനും അദ്ദേഹം ഉദ്യമിച്ചതു്. മിക്കവാറും കഥകളിപ്പാട്ടുകളിൽ, ആട്ടവും ചാട്ടവും, വേഷവിധാനങ്ങളും മററും വേണ്ടതിലധികമായിട്ടാണു കാണുന്നതു്. ആ ന്യൂനതയെ പരിഹരിക്കുന്നതിനാണു വാരിയർ നളചരിതത്തെ അല്പം വ്യത്യാസമായ രീതിയിൽ രചിച്ചതെന്നു വിചാരിക്കാം. നളചരിതം നാലു ദിവസത്തെ കഥകളാക്കി രചിച്ചതും, യുദ്ധം, വധം, മുതലായവയുടെ അഭാവവും മററും മററു ആട്ടക്കഥകളിൽ നിന്നും പ്രകടമായ വ്യത്യാസങ്ങളാണല്ലോ.

കഥാപാത്രങ്ങളുടെ സ്വഭാവവൈശിഷ്ട്യത്തെ കാണിക്കുന്നതിന് കവി ചെയ്തിട്ടുള്ള ശ്രമവും അത്യന്തം സ്തുത്യർഹമാണ്. നായികയായ ഭൈമിക്കും നായകനായ നളമഹാരാജാവിനും എന്തെല്ലാം ആപത്തുകൾ സംഭവിച്ചിട്ടും അവരുടെ സ്വഭാവനൈർമ്മല്യത്തിന് യാതൊരു കളങ്കവും തട്ടാതെ സൂക്ഷിക്കാൻ കവി ശ്രദ്ധിച്ചിട്ടുണ്ട്. പതിവ്രതാ ധർമ്മത്തേയും ഏകപത്നീവ്രത മാഹാത്മ്യത്തേയും മനുഷ്യലോകത്തിന് രേഖപ്പെടുത്തി കൊടുക്കയും, സുഖദുഃഖങ്ങൾ ജീവികൾക്ക് സമ്മിശ്രമാണെന്നുള്ള പാഠം നമുക്ക നൽകുകയും ചെയ്ത ആ പണ്ഡിതവരേണ്യൻെറ ദിവ്യതൂലിക എന്നെയ്ക്കും ആരാധ്യമായി ലസിയ്ക്കും.

ഘോരകാന്താരത്തിൽ വേട്ടയാടി ഉപജീവിക്കുന്ന കാട്ടാളനെക്കൊണ്ട്—

"പങ്കജ ബാണനൊരുപകയായ് ചമഞ്ഞിതെന്നിൽ
എങ്ങനെയെല്ലാമവനെയ്യുന്നി തെന്നെവെൽവാൻ
അങ്ങോടിങ്ങോട്ടുഴന്നിന്നംഗം നിറം കേടേണ്ടാ
ശങ്ക തുടങ്ങുകിലെങ്ങു സുഖങ്ങളൊതുങ്ങും
മന്നമങ്ങും മിഴിയിങ്ങും
ഇനിയെങ്ങു നീ ചൊല്ലുപോവത്.
താഴ്ച വരാതെ വാഴ്കതരുണീ നീ എനിക്കൊണ്ടു
ചോച്ച് കൂടാതെ കെട്ടിച്ചുമരുംവച്ചൊരു വീട്
വാഴ്ച നമുക്കവിടെ വനസുഖമാരറിഞ്ഞു.
വേഴ്ചയിൽ—" എന്നിങ്ങനെ പറയിക്കുന്ന ഭാഗത്തിൽ നിന്ന് വായനക്ക് അപാരമായ സ്ത്രീഹൃദയത്തെപ്പററിയും

വന്യജീവിതരീതിയെപ്പററിയും അസാമാന്യമായ ജ്ഞാനമുണ്ടെന്നും കാണാവുന്നതാണ്.

"മിന്നൽക്കൊടിയിറങ്ങി, മന്നിലേവരികയോ
വിധുമണ്ഡലമിറങ്ങി, ക്ഷിതിയിലേപോരികയോ
സ്വർണ്ണവർണ്ണമാമന്നം, പറന്നിങ്ങുവരികയോ.
കണ്ണുകൾക്കിതുനല്ല, പീയൂഷതസരികയോ

ഇത്യാദി ഭൈമിക്ക് പല അത്ഭുത ചിന്തയ്ക്കും കാരണമായി ഭവിച്ച ഹംസരാജൻ തോഴിമാരോടു കൂടി സ്വച്ഛന്ദം വിഹരിച്ച ദമയന്തിയെ ആളിമാരിൽ നിന്നും വേർപെടുത്തി ഭൈമീ ചിത്തമറിഞ്ഞതിനു ശേഷം നള വാർത്തയെ ഉണർത്തിക്കുന്ന ഭാഗവും മററും വളരെ ഹൃദയംഗമമായിരിക്കുന്നു.

കുമതികളിൽ അഗ്രഗണ്യനായ കലിയാകട്ടെ,—

"പരപീഡനമെനിക്കുവ്രതമെന്നറിക
പരിചെഴുമധർമ്മമെൻമതമെ-" എന്നും നാഗശ്രേഷ്ഠനായ കാർക്കോടകൻ

"ഉരുക്കേറും മഹീവരരിൽ-
കാർക്കോടകാഖ്യനഹം
ഓർക്കേണമൊരുമുനിയെ
മാർഗ്ഗേചതിച്ചിതഹം"

എന്നും താന്താങ്ങളുടെ ഗുണാഗുണങ്ങളെ സ്വയം ഘോഷിക്കുന്നതു് അവരുടെ സ്വഭാവാവിഷ്കരണത്തിന് എത്രകണ്ടു സഹായകമാകുന്നു എന്നു സ്പഷ്ടമാണല്ലോ.

വാര്യരുടെ ഭാഷാശൈലി ഒന്നു വേറെയാണ്. സംസ്കൃതപ്രയോഗങ്ങൾ ധാരാളമുണ്ട്. എന്നാൽ അവ യെല്ലാം മധുരവും ലളിതവുമാണ്. മററു ആട്ടക്കഥാകർത്താക്കന്മാരെപ്പോലെ ശ്ലോകങ്ങൾ സംസ്കൃതത്തിൽ തന്നെ ആകണമെന്ന് വാര്യർക്ക് നിർബ്ബന്ധമില്ലായിരുന്നു. നളചരിതത്തിൽ സംസ്കൃതശ്ലോകങ്ങളും മണിപ്രവാളശ്ലോകങ്ങളും ധാരാളം കാണുന്നുണ്ടല്ലോ.

അർത്ഥപുഷ്ടിയ്ക്കും, ശബ്ദപുഷ്ടിയ്ക്കും വാര്യർക്ക് വലിയ ഭ്രമമാണെന്നുള്ളതിനും സംശയമില്ല. നളചരിതത്തിലെ പദങ്ങൾ പതിഞ്ഞ്മട്ടിലുള്ളവയാകുന്നു. എന്നാൽ സോമാനത്തിലും, ദേശിയത്തിലും പാടാവുന്നതാണെന്നു സംഗീതവിദഗ്ദ്ധന്മാർ അഭിപ്രായപ്പെടുന്നു.* ഇതിലുള്ള ചില ഗീതങ്ങൾ പരദേശങ്ങളിൽ പോലും ഇപ്പോൾ വളരെ പ്രചാരമായി തീർന്നിട്ടുണ്ട്.

"സാമ്യമകന്നോരുദ്യാനം—"

"ദയിതേ! നീ കേൾകമനീയാകൃതേ:—"

"അലസതാവിലസിത—"

"കരണീയംഞാനൊന്നുചൊല്ലുവൻ—"

"പ്രീതിപൂണ്ടരുളുകയെചിന്തിതമെല്ലാം
ഭീമനൃപതിതനയേ—"

"ഈശ്വരനിഷധേശ്വര—"

---

* സംഗീതത്തിൻെറ വിവരങ്ങൾ ൨-ാം ഭാഗത്തിൽ സംഗീതം എന്ന അദ്ധ്യായംനോക്കുക.

ഇത്യാദി തുടങ്ങുന്ന പദങ്ങൾ പാടി ഫലിപ്പിക്കാൻ കുറെ വിഷമമാണ്.

ഏതാനും കൊല്ലങ്ങൾക്ക് മുൻപ് ഭൂലോകവാസം വെടിഞ്ഞ ശ്രീമാന്മാരായ മാധവമേനോൻ, ഗോപാലപിള്ള§, സരസഗായക കവിമണി കേ. സി. കേശവപിള്ള എന്നീ ചില സംഗീതവിദഗ്ദ്ധന്മാർ പ്രസ്തുത ഗാനങ്ങൾക്കു കീർത്തിപ്പെട്ടവരായിരുന്നു. ഇപ്പോൾ പാലക്കാട്ടു കേശവമേനോൻ, മാവേലിക്കര നീലകണ്ഠനുണ്ണിത്താൻ, സപർണ്ണത്തു് മാണിനമ്പൂരി എന്നീ കഥകളിപ്പാട്ടുകാരും ശരിയായി പാടി ഫലിപ്പിക്കുന്നുണ്ടു്.

വാര്യർക്ക് പ്രാസഭ്രമം കുറെ അധികമാണ്. അതിലും അന്ത്യപ്രാസത്തിലാണ് കൂടുതൽ നിഷ്കർഷ ചെയ്തിട്ടുള്ളതു്. അന്ത്യപ്രാസമില്ലാത്ത പദങ്ങൾ വളരെ ചുരുക്കമാണ്. സാമാന്യന്മാർക്ക് അർത്ഥം അറിവാൻ നിവൃത്തിയില്ലാത്ത അനേകം പ്രയോഗങ്ങൾ അവിടവിടെ സ്ഥലം പിടിച്ചിട്ടുള്ളതു വാര്യരുടെ പ്രാസഭ്രമം കൊണ്ടു് വന്നതാണോ എന്ന് സംശയിക്കാനവകാശമുണ്ടു്.

"ആളയച്ചിട്ടുണ്ടെമ്മാനില്ല ഇല്ലെമ്മാനില്ല"
"പ്രീയമാരായയോഗതിവാരായോ"
"വിധിയന്ത്രത്തിരിപ്പുമൂന്നീ—"

എന്നീ ഭാഗങ്ങളുടെ അർത്ഥം ഇന്നും സംശയമായി ഇരിക്കുന്നതെ ഉള്ളു. അതുപോലെ തന്നെ 'സാദ്ഗുശ്യേയം'

§ ഇദ്ദേഹം "അലസത വിലസിത" എന്നു തുടങ്ങുന്ന പദം പാടുന്നതിന് ഏററവും സമർത്ഥനായിരുന്നതിനാൽ സഹൃദയന്മാർ അലസതഗോപാലപിള്ള എന്നു വിളിച്ചുവന്നു.

'പിരിഞ്ഞാധിനില്ല' 'വീണാളേ' 'നീണാളേ' 'ആണാളേ' 'കേണാളേ' ഇത്യാദി പ്രയോഗങ്ങളുടേയും അത്ഥം അസ്പഷ്ടമായിരിക്കുന്നു.

"ഒരുപോതും നിനയാതേ"

"യുഷ്മദാദേശംകേട്ടപോതിലേ—" ഇത്യാദി തമിഴ് പ്രയോഗങ്ങൾക്കും വാര്യർ കോപ്പിട്ടു കാണുന്നു.

"യാമിയാമിഭൈമികാമിതം ശീഘ്രംസാധയി-
ഷ്യാമിസാമിസാധിതം മയാ—"

"മിളിതംപദയുഗളേനിഗളതയാ
മാഗ്ഗിതയാലതയാ—"

എന്നിങ്ങനെ ലളിതവും പ്രൌഢവുമായ രീതിയിൽ സംസ്കൃതപദങ്ങൾ ചേത്തു കവിത നിമ്മിക്കുന്നതിനും കവിക്ക് അന്യാദൃശമായ സാമത്ഥ്യമുണ്ട്. ആകപ്പാടെയുള്ള നിരീക്ഷണത്തിൽ നളചരിതം, ആട്ടക്കഥ ശബ്ദാത്ഥാലംകാരങ്ങളെക്കൊണ്ടും പല വിധത്തിലുള്ള പ്രാസാദിവൈചിത്ര്യങ്ങളെക്കൊണ്ടും ആദ്യന്തം ഒരുപോലെ ഹൃദയാനന്ദകരമായ ഒരു കൃതിയാകുന്നു.

"നല്ലതു നല്ലതിനോടേചേരണം"

"യൌവനംവന്നുദിച്ചിട്ടുംചെറുതായില്ലചെറുപ്പം"

"ചതിദേവതകൾതുടന്നീടുകിലോ
ഗതിയാരവനീതലേ—"

"ഭക്തജനചിത്തമുണ്ടോ-
തപ്പു മാക്കുമാറീശന്മാർ"

"പാഥസാം നിചയം വാൎന്നൊഴിഞ്ഞളവു-
സേതുബന്ധനോദ്യോഗമെന്തെടോ ;"

"പാതിയും പുമാനു പതിയെന്നു വേദശാസ്ത്രാദി—
ബോധമുള്ളവർകൾ ചൊല്ലീടുന്നു"

"പ്രാണരക്ഷണത്തിനൊന്നില്ലാ പ്രത്യുപകാരം"

"തന്നുടെ വിദ്യനന്നു നൾകി-
ലെന്നല്ലോ കേൾപ്പൂ."

"ചാരുത്വമെഴും നിയമനിഷ്ഠയും നല്ല
ചാരിത്രമെന്നുള്ളൊരു ചട്ടയും
പാതിവ്രത്യ പരമ കാഷ്ഠയും
കുലബാലികമാക്കിതത്രേ ! നല്ലൊരുകോട്ടയും

ഇത്തരം ഒട്ടനേകം സരസങ്ങളായ നീതിവാക്യങ്ങളും അങ്ങിങ്ങ് ധാരാളമായി കാണ്മാനുണ്ട്. ഏതു പ്രകാരം നോക്കിയാലും നളചരിതം ആട്ടക്കഥ, കഥകളി പ്രസ്ഥാനത്തിന് ഒരു അമൂല്യനിധിയാണെന്നുള്ളതിന് സംശയമില്ല.

കേരളപാണിനിയെന്ന് അപരാഭിധാനം സിദ്ധിച്ച് കേരളീയരുടെയും കൈരളിയുടേയും അഭിമാന സ്തംഭമായ ഏ. ആർ. തിരുമേനിയുടെ അഭിപ്രായം നോക്കുക.

"ഉണ്ണായിക്ക് മലയാളവും സംസ്കൃതവും ഒരുപോലെ സ്വാധീനമാണ്. അപ്പോഴപ്പോൾ നാവിലുദിച്ച ഭാഷയിൽ അദ്ദേഹം എഴുതും.........രണ്ടു ഭാഷകളെ കൂട്ടിക്കലൎത്തുമ്പോൾ പല ദുർഘടങ്ങളും നേരിടുന്നതാണ്. അതു

കളെ തടവു തീൎന്ന് പ്രയോഗിക്കുന്നതു്, ഉണ്ണായിവാരിയൎക്കു മാത്രമേ ധൈൎയ്യമുണ്ടാകയുള്ളു. രണ്ടു ഭാഷകൾക്കു് തിലതണ്ഡുലന്യായേന ഉള്ള സംസൃഷ്ടികൊണ്ടു് തൃപ്തിപ്പെടാതെ അദ്ദേഹം നീരക്ഷീരന്യായേന സങ്കരം തന്നെ സ്വീകരിച്ചു. നളചരിതത്തിലെ ഭാഷ മണിയും പ്രവാളവും കലൎത്തിച്ചേൎത്തതല്ല. സംസ്കൃതമാകുന്ന ചെമ്പും മലയാളമാകുന്ന വെളുത്തീയവും ചേൎത്തുരുക്കിയ വെങ്കലഭാഷയാണു്."

# ൩. കല്ലൂർനംപൂതിരിപ്പാട്.

കാലം ൯൧൦—മു. ൯൩൦—വരെ

കല്ലൂർ എന്ന ഇല്ലം തൃശ്ശിവപേരൂരിന്ന സമീപമാകുന്നു. കേരളരക്ഷയ്ക്കായി ശ്രീപരശുരാമനാൽ മന്ത്രോപദേശം ചെയ്തു കല്പിതമായിട്ടുള്ള പന്ത്രണ്ടു ഇല്ലങ്ങളിൽ കല്ലൂർ പ്രധാനമായിട്ടുള്ളതാണു്.

പൂവ്കാലത്തിൽ ഈ ഇല്ലത്തിലെ എല്ലാ അംഗങ്ങളും മലയാളം, സംസ്കൃതം, തമിഴ് മുതലായ ഭാഷകളിൽ വേണ്ടിടത്തോളം ജ്ഞാനം സമ്പാദിക്കുന്നവരും മന്ത്രശാസ്ത്രങ്ങളിൽ അനിതരസാധാരണമായ പാണ്ഡിത്യം സമ്പാദിച്ചു് അനേകം അത്ഭുത പ്രവൎത്തികൾ നടത്തി യശസ്സു നേടിയിട്ടുള്ളവരും ആയിരുന്നു എന്നു് ഐതിഹ്യങ്ങൾ ഘോഷിക്കുന്നു.

കല്ലൂർനമ്പൂതിരിപ്പാട്ടു് കൊച്ചി മഹാരാജാവിന്റെ ആശ്രിതനായി താമസിച്ചിരുന്ന കാലത്താണു് ആട്ടക്കഥാരചനയിൽ ഉത്സാഹം പ്രകടിപ്പിച്ചതു്. ബാലിവിജയം മധുകൈടഭവധം, സുമുഖീസ്വയംബരം, സ്വാഹാസുധാകരം, എന്നീ നാലുആട്ടക്കഥകൾ അദ്ദേഹം നിൎമ്മിച്ചിട്ടുണ്ടു്. അതിൽ ബാലിവിജയം മാത്രമേ പ്രസിദ്ധമായിട്ടുള്ളു. തോടയം നിലപ്പദം മുതലായവയ്ക്കു് ഇദ്ദേഹം പൂൎവ്വികന്മാരെ അനുകരിച്ചു് ശ്ലോകങ്ങളും പദങ്ങളും രചിച്ചിട്ടുണ്ടു്.

ബാലിവിജയത്തിലെ കവിതാരീതി പരിശോധിച്ചാൽ ഒന്നാംതരം ആട്ടക്കഥകളിൽ നിന്നും ഒട്ടും പിന്നോക്കമല്ല. ആടുന്നതിനും പാടുന്നതിനും നല്ലതാണ്.

1. "ജയജയ രാവണ ലങ്കാപതേ!
ജയജയ നക്തംചരാധിപതേ!
ജയജയ കൈകസീനന്ദന സുന്ദര!
ജയജയ പൌലസ്ത്യപുത്രവിഭോ!

2. ജയജയ കുംഭകർണ്ണാഗ്രജഭോ!
ജയജയ ശൂർപ്പണഖാസഹജാ!
ജയജയ ശക്രവിജയീജനകാഭോ!
ജയജയ മണ്ഡോദരീദയിതാ!

3. ജയജയ ശങ്കരഭക്ത! വിഭോ!
ജയജയ കൈലാസോദ്ധാരകാരിൻ!
ജയജയ വിശ്രുതകീർത്തേ ദശമുഖാ!
ജയജയ വിക്രമവാരിനിധേ!"

ഇത്തരം നാരദൻ രാവണനെ കീർത്തിക്കുന്ന സംബോധനകൾക്കോരോന്നിനും ഓരോ അഭിനയങ്ങളും രാവണൻ പ്രകടിപ്പിക്കേണ്ടതാണ്.

"കരവിംശതിദശമുഖവുംമേ-
പരിരംഭണചുംബന കുതുകാൽ"

"ഇത്രസൗന്ദര്യമുള്ളൊരുനാരിമാ
രിത്രിലോകത്തിലില്ലെന്നുനിർണ്ണയം"

ഇത്യാദിതുടങ്ങുന്ന ഭാഗങ്ങളും അതിലേക്ക് പ്രത്യേകം ശ്രദ്ധേയങ്ങളാകുന്നു.

കഥകളിക്കാരെ വിഷമിപ്പിക്കുന്ന ചില പ്രയോഗങ്ങൾ ബാലിവിജയത്തിൽ സ്ഥലം പിടിച്ചിട്ടുള്ളതു നോക്കുക.—

"കൈലാസാചലമൂലവിഘട്ടനലൌല്യസമുത്ഭവ-
നീലകിണാങ്കിത-
സാലോപമകരജാലപ്രകരണലീലാരണമിദ
മാലോകയനീ
ശൈലപ്രകരവിശാലപതത്രസലീലനികൃന്തന-
ലോലമദീയക-
രാലംകൃതകുലിശേനഭവൽഗളനാളജാലമിഹ-
വിദലയാമ്യഹം.

(കൈലാസപർവ്വതത്തിൻെറ ചുവട്ട് ഇളക്കുന്നതിലുള്ള ഉത്സാഹം കൊണ്ട് ഉണ്ടായ കറുത്ത തഴമ്പുകളോടുകൂടിയവയായും സാലമരങ്ങൾ പോലെ നീണ്ടു തടിച്ചവയായും ഉള്ള കരങ്ങളുടെ ജാലമാകുന്ന ആയുധങ്ങളോടുകൂടിയവനായ (എൻെറ) വിനോദമായുള്ള യുദ്ധം നീ കാൺക. (പർവ്വതസമൂഹത്തിൻെറ വിസ്തൃതങ്ങളായ ചിറകുകളെ നിഷ്പ്രയാസം വെട്ടി അറുക്കുന്നതിൽ ഉത്സാഹത്തോടുകൂടിയതായും എൻെറ കരത്തിന് അലങ്കാരമായും ഉള്ള വജ്രായുധത്താലുള്ള യുദ്ധം—) ഈ ഭാഗത്തിൽ ശബ്ദാത്ഥാലംകാരം വേണ്ടിടത്തോളം നിഴലിച്ചിട്ടുണ്ട്.

പ്രാസത്തിനു വേണ്ടി നമ്പൂതിരി മനഃപൂർവ്വം ശ്രമിച്ചിട്ടില്ല. എന്നാൽ തീരെ വേണ്ടെന്നു വെച്ചിട്ടുമില്ല.

"ലങ്കാനാഥേതദനുച മുനീന്ദ്രേണ ഗന്തും പ്രവൎത്തേ
ലങ്കാരക്ഷാകരണവിധയേകല്പിതാ വിശ്വധാത്രാ
ലങ്കാലക്ഷ്മീരുചിതരജനീചാരിണീ ഗാത്രവസ്ത്രാ-
ലങ്കാരാദ്യാവിവിധ മിതിസാചിന്തയാമാസചിത്തേ"

(പിന്നീട് ലങ്കാനാഥനായ രാവണൻ മുനിശ്രേഷ്ഠനായ നാരദനോടുകൂടി പോകുന്നതിനു ഒരുങ്ങവേ ലങ്കയെ രക്ഷിക്കുക എന്നുള്ള കാൎയ്യത്തിനായിട്ട് ലോകമാതാവിനാൽ സൃഷ്ടിക്കപ്പെട്ടവളായി രാക്ഷസ സ്ത്രീക്ക് യോജിച്ചതായ ശരീരം, വസ്ത്രം, ഭൂഷണം, ഇവയോടു കൂടിയവളുമായ ആ ലങ്കാലക്ഷ്മി മനസിൽ ഇപ്രകാരം പലവിധം ചിന്തിച്ചു) എന്നും

"കാളീശിഷ്യവരംനിശാചരകൃതസ്വാളീകസഞ്ചിന്തനാ-
ദ്വ്രീളാനമ്രമുഖംസമേത്യതരസാ ഡോളായമാനാശയം
കേളീസൂദിതപുത്രമുഖ്യദിതിഭൂപാളിംമുനിന്നാരദോ-
നാളീകാസനജഃകദാപിചസുപൎവ്വാളീന്ദ്രമൂചേരഹഃ"

എന്നീ പദ്യങ്ങളും

"ദേവരജമഹാപ്രഭോ—പാവനവിപുലകീൎത്തേ"

"രാവണാ കേൾക്കനീ സാമ്പ്രതം, ലോകരാവണ
മാമകഭാഷിതം"

ഇത്യാദി തുടങ്ങുന്ന പദങ്ങളും വളരെ നന്നായിട്ടുണ്ട്. ആ കല്പാടെ കല്ലൂർ നമ്പൂതിരിപ്പാട്ട് ഒരു സംഗീത രസികനും സാഹിത്യ കുശലനും ആയിരുന്നുവെന്നുള്ളതിന് ബാലിവിജയം ഉത്തമ ലക്ഷ്യമാണ്. നല്ല നടന്മാൎക്കല്ലാതെ

ബാലിവിജയം ആടി ഫലിപ്പിക്കാൻ സാധിക്കയില്ല. സുപ്രസിദ്ധ നടന്മാരായ വെച്ചൂർ രാമൻപിള്ള ബാലിയുടേയും, ചെങ്ങന്നൂർ രാമൻപിള്ള രാവണന്റേയും, പന്തളം കേശവപിള്ള നാരദന്റേയും പാട്ടുകൾ കെട്ടി അഭിനയിക്കാൻ സമൎത്ഥന്മാരാകുന്നു.

സഹൃദയന്മാരെ ആദ്യന്തം ഒന്നുപോലെ രസിപ്പിക്കുന്ന ഒരാട്ടക്കഥയാണ് ബാലിവിജയം എന്നുള്ളതിന് രണ്ടു പക്ഷമില്ല" എന്ന അഭിപ്രായം അൎത്ഥവത്തായിട്ടുള്ളതാണ്.

---

# ൧. ഇരയിമ്മൻതമ്പി.

കൊ. വ. ൯൭൨—൧൦൩൧.

ഇരയിമ്മൻ തമ്പിയുടെ സാക്ഷാൽ പേരു് രവിവമ്മൻ എന്നായിരുന്നു. ബാലരാമവമ്മ മഹാരാജാവു് തിരുമനസ്സുകൊണ്ടു് ഇരയിമ്മൻ എന്നു വിളിച്ചു വന്നതിനാൽ കാലക്രമം കൊണ്ടു് ആ നാമം സ്ഥിരമായി ഭവിച്ചു.

തമ്പി കൊല്ല വഷം ൯൭൨-ൽ തുലാമാസത്തിലുള്ള പൂരുട്ടാതി നക്ഷത്രത്തിൽ ഭൂലോകജാതനായി. തിരുവനന്തപുരത്തു് വിറകുപുര കോട്ടയ്ക്കകത്തു് ഇന്നു നാം കാണുന്ന കിഴക്കേ മഠമാണു് ഇദ്ദേഹത്തിൻെറ ജനനസ്ഥലം.

തമ്പിയുടെ മാതാവു് കാത്തിക തിരുനാൾ തിരുമനസ്സിലെ സഹോദര പുത്രിയായിരുന്ന പാവ്വതിപ്പിള്ള തങ്കച്ചിയും പിതാവു് ശാസ്ത്രിത്തമ്പാൻ എന്നു് പ്രസിദ്ധനായ കേരളവമ്മത്തമ്പാനുമായിരുന്നു.

കാത്തികതിരുനാൾ മുതൽ ഉത്രം തിരുനാൾ വരെയുള്ള മഹാരാജാക്കന്മാരുടേയും രാജ്ഞിമാരുടേയും പ്രീതബഹുമാനാദികൾക്കു് പാത്രീഭവിച്ച ഈ സരസ കവിതൻെറ ൭൦-ാമത്തെ വയസ്സിൽ ൧൦൩൧-ാമാണ്ടു് കക്കടക മാസത്തിൽ ഇഹലോകബന്ധം വെടിഞ്ഞു.

തമ്പി ഏഴാമത്തെ വയസ്സിൽ ശങ്കരൻ ഇളയതിൻെറ ശിഷ്യനായി വിദ്യാഭ്യാസം ആരംഭിച്ചു. ജന്മനാ

ബുദ്ധിമാനായിരുന്ന അദ്ദേഹം പന്ത്രണ്ടാമത്തെവയസ്സിൽ കവിത എഴുതുവാൻ തുടങ്ങി.

അദ്ദേഹം ബാല്യത്തിൽ ഒരു പദ്യമെഴുതി അന്നു തിരുമൂപ്പു വാണിരുന്ന കാർത്തികതിരുനാൾ തിരുമേനിക്ക് അടിയറ വച്ചു. അദ്ദേഹം അതു് വായിച്ചുനോക്കി "കവിത എഴുതാറായില്ല. കുറേക്കൂടെ വായിക്കുക" എന്നു തമ്പിയോടും, "തമ്പിയുടെ പദ്യം വളരെ നന്നായിട്ടുണ്ടു്. ഞാൻ അതു് പ്രകാശിപ്പിച്ചാൽ തമ്പി ഇപ്പോഴേ വിദ്യാഭ്യാസത്തിൽ നിന്നും പിൻമാറികളയും. അയാൾ ഭാവിയിൽ ഒരു നല്ല കവിയായി തീരും'' എന്നു് രഹസ്യമായി ശാസ്ത്രിത്തമ്പാനോടും കല്പിച്ചതായി കേൾവിയുണ്ടു്.

൧൦൧൫-ാമാണ്ടിടയ്ക്കു് തമ്പി പാണ്ടിയിൽ നിന്നും വന്ന പണ്ഡിതന്മാരായ രണ്ടു ശാസ്ത്രിമാരെ രാജസഭയിൽ വച്ചു് കവിതാപരീക്ഷയിൽ തോല്പിച്ചു് തിരുമനസ്സിൽ നിന്നും വീരശൃംഖല വാങ്ങിയ നാൾ മുതൽ പരദേശങ്ങളിലും കേരളീയ കവികളെ കുറിച്ചു് ഒരു വലിയ മതിപ്പുണ്ടായിത്തുടങ്ങി. അതു് കേരളീയക്കു് എന്നും അഭിമാനജനകംതന്നെയാണു്.

തമ്പി ഒട്ടനേകം മണിപ്രവാള ശ്ലോകങ്ങളും കീർത്തനങ്ങളും, കീചകവധം, ഉത്തരാസ്വയംബരം, ദക്ഷയാഗം, എന്നീ ആട്ടക്കഥകളും സുഭദ്രാഹരണം, രാസക്രീഡ, എന്നീ തിരുവാതിരപ്പാട്ടുകളും നവരാത്രിപ്രബന്ധം, മുറജപപ്പാന, മുതലായവയും സൃഷ്ടിച്ചു് കൈരളിയുടെ അടിമലരിൽ സമർപ്പിച്ചു.

"ഓമനത്തിങ്കൾക്കിടാവോ—നല്ല
കോമളത്താമരപ്പൂവോ,"

എന്നു തുടങ്ങി, കേരളത്തിലെ മിക്കഗൃഹങ്ങളിലും പാടി വരുന്ന മനോമോഹനമായ പാട്ട് ഇരയിമ്മൻതമ്പിയുടെ കൃതിയാണെന്നുള്ളതും പ്രത്യേകം പറയണമെന്നില്ലല്ലോ.

പ്രസ്തുത കൃതികൾ കവിയുടെ സംഗീതസാഹിത്യ കലകളിലുള്ള വൈദഗ്ദ്ധ്യത്തെ സ്പഷ്ടമാക്കുന്നുണ്ട്. എന്നു മാത്രമല്ല അവ അദ്ദേഹത്തിൻെറ ശാശ്വതയശഃസ്തംഭങ്ങളായി സാഹിത്യരംഗത്തിൽ എന്നും നിലനില്ക്കുന്നതാണ്.

തമ്പിയുടെ ആട്ടക്കഥകൾ മൂന്നും ആടുന്നതിനും പാടുന്നതിനും ഉത്തമങ്ങളാണ്. ധാരാളം അഭിനയിച്ചും വരുന്നുണ്ട്. അതിൽ കീചകവധം ശൃംഗാരരസമയവും ഉത്തരാസ്വയംബരം വീരരസപ്രധാനവും ദക്ഷയാഗം രൌദ്രരസപ്രധാനവുമാകുന്നു.

മുൻഗാമികളെപ്പോലെ തമ്പിയും പുരാണപ്രസിദ്ധമായിട്ടുള്ള കഥാവസ്തുക്കളേയാണ് ആട്ടക്കഥകൾക്കായി സ്വീകരിച്ചിട്ടുള്ളത്.

ദക്ഷയാഗം ഉത്രംതിരുനാൾ മാർത്താണ്ഡവർമ്മ മഹാരാജാവിന് മൂപ്പു കിട്ടുന്നതിനു മുൻപ് തിരുമനസ്സിലെ നിർദ്ദേശപ്രകാരം നിർമ്മിച്ചിട്ടുള്ളതാണെന്ന് അതിൽ ആദ്യമായി കാണുന്ന—

"ശ്രീരാമവർമ്മകുലശേഖരസോദരസ്യ
മാർത്താണ്ഡവർമ്മയുവഭൂമിപതേർന്നിദേശാൽ

കേനാപിതൽപദജ്ജുഷാകില ദക്ഷയാഗ-
നാട്യപ്രബന്ധമുദിതംസുധിയഃപുനന്തു."

എന്ന ശ്ലോകം വെളിപ്പെടുത്തുന്നുണ്ടു്. അതിനാൽ ദക്ഷയാഗം ആട്ടക്കഥ തമ്പിയുടെ വാൎദ്ധക്യകാലത്താണു് രചിച്ചതെന്നു് അനുമാനിക്കാം.

ശൃംഗാരവീരരൗദ്രരസങ്ങളെ തന്മയത്വത്തോടുകൂടി വൎണ്ണിക്കുന്നതിനു് തമ്പിക്കു് അനിതരസാധാരണമായ വാസനയുണ്ടായിരുന്നു. ഇക്കാൎയ്യത്തിൽ തമ്പിയെ ജയിക്കുന്ന കവികൾ ആട്ടക്കഥാപ്രസ്ഥാനത്തിൽ ആരുംതന്നെയുണ്ടെന്നു തോന്നുന്നില്ല.

"ഉന്മീലത് പത്രവല്ലീംപൃഥുലകുചഭരാം
രാജമാനദ്വിജാളിം
സാന്ദ്രഛായാഭിരാമാം സ്ഫുടരസകുസുമേ-
ഷ്വാത്തഗന്ധാംനിതാന്തം |
ആരാദാരാമലക്ഷ്മീമപിനിജദയിതാം-
വീക്ഷ്യവിഭ്രാജമാനാം
കാലേതസ്മിൻ കുരൂണാംപതിരിതി മുദിതഃ
പ്രാഹദുൎയ്യോധനാഖ്യഃ "

"താവൽ കല്പാന്തകാലോൽക്കടപവനലുഠൽ
പുഷ്കലാവൎത്തകാഭ്ര-
പ്രദ്ധ്വാനാഖൎവ്വഗൎവ്വത്രുടനപടുതര-
സ്ഫാരവിസ്ഫാരനാദഃ
അദ്ധ്വാലാലാടദേശ പ്രവികടകുടില-
ഭ്രൂകുടീദുൎന്നിരീക്ഷോ
ബദ്ധാടോപം കിരീടിപ്രതിഭടപടലീ-
മാഹവായാജുഹാവ "

ഇത്യാദി ഭാഗങ്ങളിൽ നിന്നും കവിയുടെ ശൃംഗാരരസഭരിതവും വീരരസ സമ്പൂർണ്ണവും ആയ പദ്യങ്ങൾ നിർമ്മിക്കുന്നതിനുള്ള പാടവം വെളിപ്പെടുന്നു.

തൽക്കാലോദ്യൽ പ്രകോപത്രിപുരഹരലലാ-
ടാക്ഷിരുക്ഷാഗ്നിജാതോ
ബിഭ്രദ്ദോഭിർമ്മഹൽഭിസ്ത്രിശിഖമുഖമഹാ-
ശസ്ത്രജാലാന്യഭീക്ഷ്ണം
രുദ്രാണീ സൃഷ്ടയാദ്രിപ്രതിഭടവപുഷാ-
ഭദ്രകാള്യാസമേതോ
രൌദ്രാത്മാവീരഭദ്രഃ പ്രളയഘനരവോ-
രുദ്രമിത്യാചചക്ഷേ.

എന്നു ദക്ഷയാഗത്തിൽ കാണുന്ന ശ്ലോകവും അതിനെ തുടൎന്നുള്ള പദവും അംബരീഷ ചരിതത്തിൽ കാണുന്ന

"തൽക്കാലേതേനരോഷാദധികടതരജടാ-
താഡിതാദ്ഭൂമിപൃഷ്ഠാ-
ദുത്തിഷ്ഠന്തീകരാളാപദയുഗളഭരാൽ-
കമ്പയന്തീജഗന്തി
ഉന്നമ്രാതാമ്രകേശൈൎന്നഭസിഘനഘടാം
ഘട്ടയന്തീനദന്തീ
ഖഡ്ഗം തീവ്രം വഹന്തീസവിധമഥമുനേ-
രേത്യകൃത്യാബഭാഷേ."

എന്ന ശ്ലോകത്തിന്റേയും അതിനെ തുടൎന്നുള്ള പദത്തിന്റേയും ഛായയാണെന്നുള്ളതിനു് സംശയമില്ല. കൂടാതെ രണ്ടുപേരും സാരംഗം ചെമ്പടയിൽതന്നെ പ്രസ്തുത ഭാഗങ്ങൾ രചിച്ചിരിക്കയും ചെയ്യുന്നു.

തമ്പി ഉത്തരാസ്വയംബരം ആട്ടക്കഥ രചിച്ചു് ൧൦൨൨-ാമാണ്ടു് നാടുനീങ്ങിയ ഗർഭശ്രീമാൻ സ്വാതിതിരുനാൾ മഹാരാജവു് തിരുമനസ്സിലേക്കു അടിയറ വച്ചു. കവികുലസാമ്രാട്ടായിരുന്ന ആ തിരുമേനി അതു് വായിച്ചുനോക്കി ലാളിത്യം കൂടുതലും വീരരസം കുറവുമാണെന്നു് കാണുകയാൽ ആ കൃതിയെ സ്ത്രീകൾക്കു കൈകൊട്ടിക്കളിക്കായി കൊടുക്കുവാൻ കല്പിച്ചു.

ഇപ്രകാരം മഹാരാജാവു തിരുമനസ്സുകൊണ്ടു പുച്ഛിക്കപ്പെട്ട ഉത്തരാസ്വയംബരത്തിലെ പോരായ്മയെ നീക്കണമെന്നു് കവി വിചാരിച്ചു്,

"കല്യനെങ്കിൽ നില്ലെടാ ഗോകുലചോര" എന്നും,

"മൂഢമതേരണനാടകമാടുക പാടച്ചരകീടാ"

എന്നും തുടങ്ങുന്ന രണ്ടു ഗാനങ്ങൾ എഴുതിച്ചേർത്തതായും തിരുമനസ്സുകൊണ്ടു് അതു തൃക്കൺപാർത്തു് അത്യന്തം സന്തോഷിച്ചു് രണ്ടുകൈയ്യും വീരശൃംഖല സമ്മാനിച്ചതായും കേട്ടിട്ടുണ്ടു്.

ഉത്തരാസ്വയംബരത്തിൽ കഥകളിക്കാരന്റെ സാമർത്ഥ്യപ്രകടനം കാണുന്നതിനു് കവി ചെയ്തിട്ടുള്ള പ്രയോഗം നോക്കുക.

"കോകീനിൻമുഖം കണ്ടു ചന്ദ്രനെന്നുചിന്തിച്ചു
ഏകാന്തംവിരഹത്തെ ശങ്കിച്ചിതാ
ഏകലോചനംകൊണ്ടു കോപമോടു നിന്നെയും
ശോകമോടപരേണനോക്കുന്നു പതിയേയും."

ഈ ഭാഗം അഭിനയിക്കുന്നതിന്. കുറെ പ്രയാസമാണ്. ഒരു കണ്ണിൽ കോപവും മറേറക്കണ്ണിൽ ശോകവും ഒരേ സമയത്ത് സ്ഫുരിപ്പിക്കയും അതിനു പുറമേ ചിന്താവിരഹാദിഭാവങ്ങളെ അഭിനയിക്കയും ചെയ്യണം. മാത്തൂർ കുഞ്ഞുപിള്ള ചെന്നിത്തല കൊച്ചുപിള്ള പണിക്കർ തോട്ടം ശങ്കരൻനമ്പൂതിരി ചെങ്ങന്നൂർ രാമൻപിള്ള എന്നീ സുപ്രസിദ്ധ നടന്മാർ. ഈ ഭാഗം അഭിനയിക്കുന്നതു കണ്ടിട്ടുണ്ട്.

"പനിമതിബിംബം മുഖസമമിഹതേ
പണിതുടരുമ്പോളംശുമുകുളിതേ
വനജേദ്രസ്ഥിതനാം വിധിനൂനം
മതിയാക്കീബത ശില്പവിധാനം."

"ഗുണത്തോടിന്ദുയരുന്നതും-ഭുവി
തണുത്തചന്ദ്രിക പരന്നതും-മൃദു
മണത്തകാററിഹവരുന്നതും-തരു
ഗണത്തിൻ മലർമധുചുരന്നതും."

ഇത്യാദി സഹൃദയാനന്ദജനകങ്ങളായ പലതരം പ്രയോഗങ്ങളും ഇരയിമ്മൻ തമ്പിയുടെ കൃതികളിൽ ധാരാളമുണ്ട്.

"സഭാജനവിലോചനൈസ്സമനിപീതരൂപാമൃതാം
സഭാജനകരാംബുജാം സവിധമാഗതാംപാഷതീം
സഭാജനപുരസ്സരംസമുപസൃത്യസൂതാത്മജഃ
സഭാജനമഥോമുദാം സരസമേവമൂചേവചഃ"

ഇത്യാദി യമകപ്പണികൾക്കും കവി കോപ്പിടാതിരുന്നിട്ടില്ല.

"തിരോഹിതേദ്ധാഗമൃതാത്മനീശ്വരേ
വിയോഗതഃപാദഥവിഹ്വലാസതീ
വിഹായസാമോദവിലാസമാസ്ഥിതാ
കുമുദ്വതീവാളികുലാകുലേക്ഷിതാ."

"ചക്ഷുശ്രുവണൻ ചീറിവരുന്നതു
പക്ഷിപ്രവരനു ഭക്ഷണകാലം."

"പ്രമദാകുലം കുരുവരാംബരാത്ഥിതൽ
പ്രമദാകുലോഥപരിരഭ്യനിർഭരം
സഹസാരഥിരണജിഗീഷയോത്തര-
സ്സഹസാരഥിനിജപുരാൽ പ്രതസ്ഥിവാൻ."

"കഷ്ടമിത്തരുണിയെവിട്ടുന്നതിനൊട്ടുമേ മടിക്കൊല്ല
പുഷ്ടഗർവ്വമിതുചെയ്തിടായ്കിലോനീ
ധൃഷ്ടനിഷ്ഠുരമുഷ്ടിഘട്ടനനഷ്ടചേഷ്ടനതായ്വരും."

"ശേഷേശയാനം വിഹഗേശയാനം
ധുതാരിജാതംശ്രീതപാരിജാതം
ശേഷാലയേശം കമലാലയേശം
ശ്രീപത്മനാഭം ഭജതാഞ്ജനാഭം."

ഇത്യാദി ഭാഗങ്ങളിൽ നിന്നു് തമ്പിയ്ക്കു് അത്ഥാലംകാരത്തിലും ശബ്ദാലംകാരത്തിലും ഉണ്ടായിരുന്ന പ്രശസ്തിനിതരാം സ്പഷ്ടമാകുന്നുണ്ടല്ലോ.

"വീര! വിരാട! കുമാരവിഭോ!
ചാരുതരഗുണസാഗര! ഭോ!

എന്നു തുടങ്ങുന്ന കുമ്മി കാണാപാഠം പഠിച്ചിട്ടില്ലാത്ത ബാലികമാർ ഇന്നു് കേരളത്തിൽ ഉണ്ടോ എന്നു് സംശയമാണു്.

"ക്ഷോണീന്ദ്ര പുത്രിയുടെ വാണീം നിശമ്യ പുനരേ-
ണീവിലോചന നടുങ്ങി
മിഴിയിണ കലങ്ങി, വിവശതയിൽ മുങ്ങി പലതടവു
മതിനു പുനരവളൊടു പറഞ്ഞളവു
പരുഷമൊഴികേട്ടടനടങ്ങി;
ദാസ്യം സമസ്തജന ഹാസ്യം നിനച്ചു നിജ
മാസ്യംനമിച്ചു പുനരേഷാ;
വിജിതസുരയോഷാ,—വിഗതപരിതോഷാ;
ശ്രമസലില ബഹുലതര നയനജല മതിലുട-
നെ മുഴുകിബത മലിനതരവേഷാ,
ഗാത്രം വിറച്ചിതതി മാത്രം കരത്തിലഥ
പാത്രംധരിച്ചവിടെനിന്നു;
പരിചൊടു നടന്നു;—പഥികിമപിനിന്നു;
ഹരിണരിപുവരസഹിത ദരിയിലിഹ പോകുമൊരു
ഹരിണിയുടെ വിവശത കലർന്നു;
നിശ്വസ്യ ദീർഘമഥ വിശ്വസ്യ നാഥമപി
വിശ്വസ്യ ചേതസി സുജാതാ;
ധൃതിരഹിതചേതാ—ധൃതപുളക ജാതാ
സൂതസുതനുടെ മണിനികേത മതിലവൾചെന്നു
ഭീതിപരിതാപ പരിഭ്രുതാ;"

എന്ന ഭാഗം നോക്കുക. സുദേഷ്ണയുടെ നീരസജനകമായ വാക്കുകൾ കേട്ട മാത്രയിൽ ദ്രൗപതിക്കുണ്ടായ ഭാവഭേദങ്ങളെ വർണ്ണിക്കുന്ന ഈ ദണ്ഡകം എത്ര ഹൃദ്യമായിരിക്കുന്നു. ഇതിൽ പരം ഭംഗിയായി ഒരു കവിക്ക് സൈരന്ധ്രി (പാഞ്ചാലി) യുടെ ഭാവഭേദങ്ങളെ വർണ്ണിക്കുവാൻ സാദ്ധ്യമാകുമെന്ന് തോന്നുന്നില്ല. ഈ ദണ്ഡകത്തിന് സിദ്ധിച്ചിട്ടുള്ള പ്രചാരം കഥകളിപ്രസ്ഥാനത്തിൽ മററു യാതൊരു ദണ്ഡകത്തിനും ലഭിച്ചിട്ടില്ലെന്നുള്ളതും പ്രത്യേകം പ്രസ്താവ്യമാണ്.

പദങ്ങൾ സന്ദർഭാനുസരണം നീട്ടി പാടുന്നതിനും തമ്പി സൗകര്യം നൾകിട്ടുണ്ട്.

കീചകവധത്തിൽ,

"മാനിനിമാർമൌലിമണേ !" എന്നു തുടങ്ങുന്ന പദവും

ദക്ഷയാഗത്തിൽ,

"കണ്ണിണയ്ക്കാനന്ദം നൾകീടുന്നപാരം
കാളിന്ദീനദിസാമ്പ്രതം,"
"അറിയാതെമമപുത്രിയെനൾകിയ-
തനുചിതമായിതഹോ-" *

"ലോകാധിപ കാന്ത കരുണാലയ വാചാ-
മാകണ്ണയമേ ശംഭോ :— "

---

* ഈ ഭാഗത്തെക്കുറിച്ച് പറഞ്ഞുവരുന്ന ഒരു ഐതിഹ്യം "ഉത്രം തിരുനാൾ തിരുമനസ്സുകൊണ്ട്" എന്ന അദ്ധ്യായത്തിൽ നോക്കുക.

"സന്താപമരുതരുതേചെന്താമരേക്ഷണേ ! തവ
സന്തോഷം വരുത്തുന്നുണ്ടുഞാൻ—വൈകാതെമദ-
ദന്താവളരാജഗമനേ !"

എന്നിങ്ങനെ തുടങ്ങുന്ന പദങ്ങളും,

ഉത്തരാസ്വയംബരത്തിൽ

"സമയംമതിമോഹനം മമ
സമീപമതിൽ വന്നീടുകനീ"

" പാഹിമാം വീര ! പാഹിമാം "

"ജയജയ നാഗ കേതന ! ജഗതീപതേ !
ജയജയ നാഗകേതന !
നയവിനയജലധേ ! നമാമി നിൻപദസരോരുഹം."

ഇത്യാദി തുടങ്ങുന്ന പദങ്ങളും സുപ്രസിദ്ധങ്ങളായി തീൎന്നിട്ടുണ്ട്.

കേരളത്തിൽ പല ദിക്കിലും ചിന്നിചിതറി കിടന്നിരുന്ന ആട്ടക്കഥകളെ ശേഖരിച്ച് അൻപത്തിനാലു ദിവസത്തെ ആട്ടക്കഥകൾ ഒന്നായി ചേൎത്ത് ആദ്യമായി അച്ചടിപ്പിച്ചത് ഇരയിമ്മൻതമ്പിയാണെന്നുള്ളത് കേരളീയരുടെ സ്മൃതിപഥത്തിൽനിന്നും ഒരുകാലത്തും മറയുന്നതല്ല.

ഒരിക്കൽ തമ്പിയുടെ ഗൃഹം ജീൎണ്ണിച്ച് നിലത്ത് പതിക്കുമെന്നുള്ള അവസ്ഥയായപ്പോൾ അദ്ദേഹം

" മഹീപതേഭാഗവതോപമാനം
മഹാപുരാണം ഭവനം മദീയം

നോക്കുന്നവൎക്കൊക്കെ വിരക്തിയുണ്ടാ-
മൎത്ഥങ്ങളില്ലെന്നൊരു ഭേദമുണ്ടാം."

എന്ന ഒരു പദ്യം എഴുതി മഹാരാജാ തിരുമനസ്സിലേക്കു് സമൎപ്പിച്ചതായും അദ്ദേഹം അതു് തൃക്കൺ പാൎത്തിട്ടു് ഉടൻതന്നെ തമ്പിയുടെ സദനം പുത്തനായി പണി കഴിപ്പിച്ചുകൊടുത്തതായും ഒരു ഐതിഹ്യം കൂടിയുണ്ടു്.

# വ്യ. കിളിമാന്തൂർ വിദ്വാൻ രവിവമ്മ കോയിത്തമ്പുരാൻ.

൧൭൨൭ മുതൽ ൧൮൦൧-വരെ.

ചരിത്രപ്രസിദ്ധമായ കിളിമാന്തൂർ രാജകുടുംബം പല കാരണങ്ങളെക്കൊണ്ടും ഒരു ഉന്നതസ്ഥാനത്തെ അലംകരിക്കുന്നു. അനേകം പണ്ഡിതന്മാരും മഹാകവികളും രണശ്ശൂരന്മാരും ഈ വംശത്തിൽ അപ്പോഴപ്പോൾ അവതരിച്ചിട്ടുണ്ട്.

ആ സുപ്രസിദ്ധമായ രാജഭവനത്തിലാണ് വിദ്വാൻ രവിവമ്മ കോയിത്തമ്പുരാൻ തിരുമനസ്സിലെ അവതാരം.

"ശ്രീമൽ ഭാഗവതാൎത്ഥതത്വകഥനേ-
യോവാപരഃശ്രീശ്ശുകോ
ദ്വേധാമൽഗ്ഗുരുനായകോദ്വിജവരോ-
നാരായണാഖ്യോനിശം
അന്തൎമ്മോഹ മഹാന്ധകാരപടലം
നിശ്ശേഷമുത്സാദയ-
ന്നന്തേവാസിജനേഷ്വപാരകരുണാ-
സിന്ധുഃപ്രസന്നോസ്തുമേ:"

എന്ന ശ്ലോകത്തിൽ കാണുന്ന 'നാരായണാഖ്യൻ' കിഴക്കാഞ്ചേരി ഇല്ലത്തെ നാരായണൻ നമ്പൂതിരിപ്പാടാകുന്നു. അദ്ദേഹമാണ് കോയിത്തമ്പുരാൻ തിരുമനസ്സിലെ വന്ദ്യ

പിതാവ്. മാതാവ് വിഷ്ണുമായാചരിതം തുള്ളലും ഒട്ടനേകം കീർത്തനങ്ങളും രചിച്ചിട്ടുള്ള ഉമാദേവി തമ്പുരാട്ടിയുമായിരുന്നു.

തിരുമനസ്സിലേയ്ക്കുള്ള കവിതാവാസന ജന്മസിദ്ധമായിട്ടുള്ളതാണെന്ന് പത്തു വയസ്സിൽ, കിളിമാനൂർ ഇപ്പോൾ കാണുന്ന കിരാതരുദ്ര ക്ഷേത്രത്തിൽ പ്രദക്ഷിണം വെച്ചു തൊഴുതുകൊണ്ടിരിക്കുമ്പോൾ തിരുമനസ്സുകൊണ്ടുണ്ടാക്കിയ,

"വിതതകുടിലകേശം വിഭ്രമാനേന്ദുലേശം
കമലശരവിനാശം കാലമേഘപ്രകാശം
വനചരതനുമീശം വൈരിണാം കാമപാശം
ശുകഹരിണപുരേശം ഭാവയേപാർവ്വതീശം."

എന്ന സുപ്രസിദ്ധമായ പദ്യം സ്പഷ്ടമാക്കുന്നുണ്ട്.

വിദ്വത്വവും കവിത്വവും ഒരുപോലെ പ്രശോഭിച്ചിരുന്ന ഈ മഹാൻ രാവണവിജയം ആട്ടക്കഥയും സന്താനഗോപാലം തുള്ളലും അനേകം ഒററശ്ലോകങ്ങളും രചിച്ചിട്ടുണ്ട്. എന്നാൽ സന്താനഗോപാലം തുള്ളൽ പൂർത്തിയാക്കുന്നതിനു മുൻപു കേരളീയരുടേയും കൈരളിയുടേയും ഭാഗ്യദോഷത്താൽ അദ്ദേഹം പ്രപഞ്ചത്തിൽനിന്നും മറയുകയാണു ചെയ്തതു്.

അദ്ദേഹം സ്വാതിതിരുനാൾ മഹാരാജാവ് തിരുമനസ്സിലെ സദസ്സിൽ അഭിനവകാളിദാസനായിരുന്നു. ശരീരബലാധിക്യം കൊണ്ട് 'ഗജേന്ദ്രൻ' എന്ന് പേരു് കോയിത്തമ്പുരാന് കല്പിച്ചു കൊടുത്തിട്ടുണ്ടായിരുന്നു. വണ്ണ

സാമ്യം കൊണ്ടു് "കരീന്ദ്രൻ" എന്നുകൂടി ചിലപ്പോൾ കല്പിച്ചു വിളിക്കുമായിരുന്നുവത്രേ!

അനേകം ദുഷ്കവിതകൾ കെട്ടി ചമയ്ക്കാൻ അദ്ദേഹം ഉദ്യമിച്ചില്ല. ഏററവും അഭിമാനജനകമായ വിധത്തിൽ ഒരു കഥ സൃഷ്ടിക്കണമെന്നു മാത്രമേ അദ്ദേഹത്തിനു മോഹമുണ്ടായിരുന്നുള്ളു. ആ മോഹം സഫലമായും ഭവിച്ചു.

തിരുമനസ്സിലെ കവിതയിൽ അർത്ഥപുഷ്ടി വേണ്ടുവോളം വിലസുന്നുണ്ടു്.

"നിത്യം ശ്രീനീലകണ്ഠാച്ച്നനിരതമതി-
സ്സിദ്ധവിദ്യാധരാണാ-
മുത്തംസീ ഭൂതപാദാംബുജയുഗളരുചിഃ
ശ്രീനിവാസൈകധാമാ
അത്യന്തം ശംഖപത്മാദിഭിരനുപമിതൈ
സ്സാദരംസ്സേവ്യമാനോ
വിഷ്വക്സേനാഭിഗുപ്തോ നിജനഗരവരേ
രാജരാജോരരാജ."

ഈ ശ്ലോകത്തിനു തന്നെ നാലഞ്ചു വിധത്തിൽ അർത്ഥങ്ങൾ കല്പിക്കാവുന്നതാണു്.

ശബ്ദഭംഗിയ്ക്കും ഒട്ടും കുറവില്ല. നിരർത്ഥകശബ്ദപ്രയോഗം വളരെ വിരളമാണു്. സന്ദർഭോചിതമായ ഭാഷ സ്വീകരിച്ചാണു് കോയിത്തമ്പുരാൻ കഥാരചന ചെയ്തിട്ടുള്ളതു്.

"വിഹായസമ്പ്രതിയതിതെർമ്മുനീശ്വരേ
വിഹായസമ്പ്രതിവിശയം ധനേശിതുഃ
സമിൽസുമനോസമജനിതാസുഹൃത്തയാ
സുമൃൽസുഖം സമജനിതാ സുഹൃത്തയാ-"

ഇത്യാദി യമകപ്രയോഗങ്ങൾക്കും തമ്പുരാൻ ശ്രമിച്ചുകാണുന്നു.

'കരീന്ദ്രന്' പ്രാസഭ്രമം കുറെ കൂടുതലാണു്. ആ ഭ്രമം നിരർഗ്ഗളമായി പ്രവഹിച്ചിരുന്നു എന്നുള്ളതിന്ന്,

"ആശേശേപിനിശാചരേശ്വരശരാവേശാവശേ
മന്ത്രിണോ-
പ്യാശാമാശ്രുതദാശ്രുഗാശിതശരീരാശ്ലോകശക്ത്യാ
വിശൻ
ശശ്വത്തൽപിശിതാശവംശകലശാംഭോരാശിനൈ
ശാകര-
ച്ഛായാകാശനികാശപേശലയശോരാശിസ്തതോ
ജ്ജൃംഭത."

(രാവണന്റെ അസ്ത്രങ്ങളേററു് വൈശ്രവണൻ ഏററവും വിവശനായി; വൈശ്രവണന്റെ മന്ത്രിമാരും അസ്ത്രങ്ങളേററു് ഓരോ ദിക്കിലേക്കു ഓടിപ്പോയി. രാവണന്ന് മഹത്തരമായ യശസ്സ് ലഭിക്കയും ചെയ്തു) എന്നും

"ആജൌജിതാജവേനജ്വലിതനിജഭുജാതേജ-
സാരാജരാജം
രാരാജദ്വാജിരാജിഗജപദജരജോജാലശുഷ്യ
ജ്ജലാബ്ധി.

ജ്യാഘോഷ വ്യാജഭാജാജഗതി ജയമയം ജാപയൻ
ചാപവല്യാ
രാജാസഞ്ജാതമോദപ്രജമനജഭുജാം രാജതാദ്രിം
ജഗാമ."

(രാവണൻ യുദ്ധത്തിൽ തേജസ്സിയായ ധനപതിയെ ജയിച്ച് ഞാണൊലികൊണ്ട് തൻെറ ജയഘോഷം ലോകമൊട്ടുക്ക് മുഴക്കിയിട്ട് ശ്രീകൈലാസത്തേക്കു നിർഗ്ഗമിച്ചു) എന്നും കാണുന്ന ശ്ലോകങ്ങൾ അതിഃലേക്ക് ഉദാഹരണങ്ങളാണ്.

"കാലേകാളാ ഗരുശ്യാമളബഹള തമഃ
കാളകൂടംകരാഗ്രൈഃ
പ്രാലേയാം ശൌനിപീയോരസിനിഹിതപദേ
നീലകണ്ഠോപമാനേ.
കൽഹാരോദ്യന്മധൂളീപരിമളപവനാ-
മോദിതോപാന്തഭ്രമൌ
രേമേരാമാസമേതസ്സുരതരുജടിലാ
രാമദേശേധനേശഃ"

എന്ന ശ്ലോകത്തിലുള്ള ശബ്ദാത്ഥതുല്യത ഹൃദ്യമായിരിക്കുന്നു.

" കലിതപുണ്യജനൈകസമാഗമാം
പൃഥുനിതംബവതീമളകാഞ്ചിതാം
അലഘുപീനപയോധര മണ്ഡിതാ-
മചലഭൂമിമസൌസമുപാവിശൽ"

"മാ മാസ്പൃശേതിമുഹുരഭ്യനയാചിതോപി
രാജീവകോരകകരാഞ്ജലിമുദ്രയൈവ
ഹാ ഹാ തദപ്സരസികാമദവാതുരാത്മാ
ചക്രീഡതന്നിശി നിശാചരകുഞ്ജരോയം"

ഇത്യാദി പദ്യങ്ങളുടെ വ്യംഗ്യാർത്ഥം ഗഹനവുമാണു്.

കോയിത്തമ്പുരാൻ, അശ്വതിതിരുനാൾ തിരുമനസ്സിലെ കവിതകളെ അല്പാല്പം അനുകരിച്ചു കാണുന്നുണ്ടു്-

"സാമഗാനപരിമോദമാനമഥനാമ-
നാശിത ജനാമയം
ശ്യാമളാംബുരുഹരാമണീയകവിരാമ-
ദാമലഗളാഞ്ചിതം
കാമിനീകലിതസാമിദേഹമഹിദാമ-
ശോഭിതഭുജാന്തരം
യാമിനീചരലലാമമാനമദസീമ-
ഭ്രമവിഭവംഭവം"

എന്ന ശ്ലോകം അംബരീഷചരിതത്തിലെ-

"സോമകോടി സമധാമകഞ്ചുകിലലാമ-
മഞ്ചതലമാസ്ഥിതം
ശ്യാമതാമരസദാമകോമളരമാദൃ-
ഗഞ്ചലകലാഞ്ചിതം
കാമദായകമമോഘമേഘകുലകാമ-
നീയകഹരംപരം
സാമജാമയഹരം ഹരിം സമുനിരാന-
നാമവനമാലിനം."

എന്ന ഭാഗത്തോടു തുല്യമായിരിക്കുന്നു.

സംഗീതത്തിലും രാവണവിജയം മുന്നിട്ടുതന്നെ നില്ക്കുന്നു. അലക്ഷ്യമായ പ്രയോഗങ്ങളൊന്നും പദങ്ങളിൽ വരുത്തീട്ടില്ല. ശബ്ദാർത്ഥവൈചിത്ര്യങ്ങൾ പദങ്ങളിൽ വേണ്ടുവോളം ഉണ്ടു്.

"കോകിവിരഹേണപാരം-ബത
രാകേശനെ കണ്ടുദാരം.
കോകനദാഞ്ചിതകാരം-വരം
കാണാഞ്ഞുനോക്കുന്നനേരം".

"പരിമള ചികുരാംബുദനികരേ
മറയായ്ക്ക തവാനന ചന്ദ്രം
പരിചൊടു മമ നയനചകോരം
പരിതാപമൊടുഴലുന്നല്ലോ"

രാകാധിനാഥരുചിരഞ്ജിതനിശായാം
ഏകാകിനീചരസികാസികളവാണി
നീലനിചോളേനനിഹ്നുതമതെങ്കിലും
ചാലവേ കാണുന്നുചാരുതരമംഗം
കാളിന്ദീവാരിയിൽ ഗാഹനം ചെയ്യോരു
കാഞ്ചനശലാകതൻ കാന്തിയതുപോലവേ"

ഇത്യാദി പദഖണ്ഡങ്ങളിലെ ചമല്ക്കാരം അനന്യസാധാരണമാണു്.

"യാതുധാനശിഖാമണേ ! ശൃണുരാജരാജനിയോഗം
വീതസംശയമിഹവീര !" എന്നു തുടങ്ങുന്ന പദവും,

"ആശരനാഥമുഞ്ചമാം" എന്നു തുടങ്ങുന്ന പദവും,

"പുണ്യജനാധിപതേ! കുശലംപരി
പൂർണ്ണഭാഗ്യജലധേ! നിയതം
പുണ്യവിജിതഭുവനാധിനാഥപദ!"

"പരഭൃതമൊഴി പാർത്താലിതെന്നുടെ
ഭാഗധേയമല്ലോ" ഇത്യാദി പദവും,

"യാഹി യാഹി നിശാചരാധമ!
സാഹസം തുടരായ്ക നീ."

എന്നു തുടങ്ങുന്ന നന്ദീശ്വരഭാഗവും സംഗീതരസത്തിന് ദൃഷ്ടാന്തങ്ങളാണ്.

രാവണവിജയത്തിൽ രംഭാപ്രവേശം കൂടുതൽ പ്രാധാന്യം കല്പിച്ചിട്ടുള്ള ഒരു രംഗമാണ്. ഈ ഭാഗം ആടിക്കാണണമെന്നുള്ള ആശ ജനങ്ങൾക്ക് ഉത്തരോത്തരം വർദ്ധിച്ചുവരുന്നതേയുള്ളൂ. രാവണന്റെ പാട്ട് കെട്ടുന്നതിനു ചെങ്ങന്നൂർ രാമൻപിള്ളയും രംഭയുടെ പാട്ട് കെട്ടുന്നതിനു മാങ്കൊളം വിഷ്ണുനമ്പൂതിരിയും സമർത്ഥന്മാരാകുന്നു.

ഇപ്രകാരം എല്ലാ ജനങ്ങളേയും ഒരുപോലെ രസിപ്പിക്കത്തക്ക വിധത്തിൽ രാവണവിജയം ആട്ടക്കഥ രചിച്ച കോയിത്തമ്പുരാൻ തിരുമനസ്സിലെ കുടുംബത്തിൽ ഇന്നും അനേകം ഭാഷാഭിമാനികൾ അവതരിച്ചിട്ടുള്ളത് കൈരളിയുടെ ഭാഗ്യാതിരേകംതന്നെ.

---



ഉത്രംതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടു്.

# ൯. ഉത്രം തിരുനാൾ മാർത്താണ്ഡവർമ്മ മഹാരാജാ

## തിരുമനസ്സുകൊണ്ട്.

---

കാലം—൯൯൦— മു.—൧൦൩൫—വരെ.

ഉത്രം തിരുനാൾ തിരുമനസ്സ്കൊണ്ട് ൯൯൦-ാമാണ്ട് ചിങ്ങമാസം ൨൨-ാനു- തിരുവവതാരം ചെയ്തു. ൧൦൨൨-ൽ സ്ഥാനാരോഹണം നടന്നു. അനന്തരം ൧൦൩൫-ാമാണ്ട് ചിങ്ങമാസം ൪-ാനു- സ്വർഗ്ഗാരോഹണം വരെ തിരുവിതാംകൂർ മഹാരാജ്യത്തെ രാജോചിതമാകും വണ്ണം ഭരിച്ച് പ്രജകൾക്ക് ക്ഷേമൈശ്വര്യാദികൾ നൽകുന്നതിൽ ബദ്ധചിത്തനായിരുന്നു.

തിരുമനസ്സുകൊണ്ട് ശിവപുരാണത്തിലുള്ള കാശീമാഹാത്മ്യത്തെ സിംഹധ്വജചരിതം എന്ന പേരിൽ ഒരാട്ടക്കഥയായി രചിച്ചിട്ടുണ്ട്. ആ കവിത സാമാന്യം നല്ലതാണെന്നുവരികിലും സാഹിത്യത്തിന് അതിൽ സ്ഥാനം കുറെ പിന്നോക്കമാണ്. കഥാഗതിയിലും പറയത്തക്ക വ്യത്യാസങ്ങളൊന്നും വരുത്തിയിട്ടില്ല.

അവിടുന്ന് കഥാരചനയെ അപേക്ഷിച്ച് കൂടുതൽ ദൃഷ്ടി പതിപ്പിച്ചത് കഥകളിയോഗം സൃഷ്ടിക്കുന്നതിലേക്കായിരുന്നു. അതിനാൽ അവയെപ്പററി അല്പം ചിന്തിക്കുന്നത് അപ്രകൃതമാകയില്ലെന്നു വിശ്വസിക്കുന്നു.

---

# ഉത്രം തിരുമനസ്സിലെ കഥകളി യോഗം.

---

തിരുമനസ്സുകൊണ്ടു് കഥകളിയിലുള്ള പല ന്യൂനതകളേയും പരിഹരിച്ചു് വിശേഷപ്പെട്ട കഥകളിക്കോപ്പുകൾ ഉണ്ടാക്കി സ്വന്തമായി ഒരു കളിയോഗം ഏററവും ഭംഗിയായി നടത്തിവന്നിരുന്നു. ആ കളിയോഗത്തിലെ മേൽനോട്ടം നയിച്ചിരുന്നതു് കുടമാളൂർ വിളായിക്കോട്ടു നമ്പൂതിരിയായിരുന്നു.

കളിയോഗത്തിൽ കൂടുതൽ ആരു ചേരുന്നതിനു് മഹാരാജാവു് തിരുമനസ്സുകൊണ്ടു് പ്രത്യേകം നിഷ്കർഷ പ്രകടിപ്പിച്ചു.

കഥകളിയിൽ ചേരണമെന്നാഗ്രഹിച്ചു് ആരെങ്കിലും ചെന്നാൽ അയാളെ വേഷം കെട്ടിച്ചു് തിരുമുൻപിൽ കൊണ്ടുചെല്ലണമെന്നായിരുന്നു ഏപ്പാടു്.

വേഷച്ചേർച്ചയുണ്ടെന്നു് തിരുമനസ്സിലേക്കു ബോധ്യം വന്നതിനു ശേഷമേ അയാളെ യോഗത്തിൽ ചേരുവാൻ കല്പിക്കയുള്ളു. ഇപ്രകാരം തിരഞ്ഞു് എടുക്കപ്പെട്ട നടന്മാരിൽ പ്രധാനികൾ സേവകൻ ഈശ്വരപിള്ള, പുത്തൻ കൊച്ചുകൃഷ്ണപിള്ള, പഴയ കൊച്ചുകൃഷ്ണപിള്ള, ഇട്ടിച്ചേന്നപ്പണിക്കർ, കൊച്ചയപ്പണിക്കർ, പഴവങ്ങാടി നാണുപിള്ള, നളനുണ്ണി, മുതലായവരായിരുന്നു.

ഇതിൽ ഈശ്വരപിള്ളയ്ക്കായിരുന്നു കഥകളിയുടെ വിചാരിപ്പുദ്യോഗം കല്പിച്ചു കൊടുത്തിരുന്നതു്.

അദ്ദേഹം വിളവംകോട്ട താലൂക്കിൽ ഒരു പ്രഭുകുടുംബത്തിൽ ദാസ്യവൃത്തി വഹിച്ചുവന്ന ഒരു സാധുസ്ത്രീയുടെ പുത്രനായിരുന്നു. ബാല്യത്തിൽ ജോലിതിരക്കി തിരുവനന്തപുരത്ത് വന്നുചേരുകയും ഭാഗ്യംകൊണ്ട് വിളായിക്കോട്ട നമ്പൂതിരിയുടെ ദൃഷ്ടിയിൽപ്പെടുകയുംചെയ്തു. നമ്പൂതിരിക്കു ബാലനിൽ സന്തോഷം ജനിക്കയാൽ അവനെ വേഷം കെട്ടിച്ച് തിരുമുൻപിൽ കൊണ്ടുപോകയും ബാലന് വേഷയോഗ്യതയുണ്ടെന്ന് തിരുമനസ്സിലേക്ക് ബോദ്ധ്യം വരികയാൽ കഥകളിയിൽ ചേൎക്കുകയും ഒരു ചെറിയ ശമ്പളം പതിച്ചു കൊടുക്കയും ചെയ്തു.

ഈശ്വരപിള്ളയെ തിരുമനസ്സിലെ പ്രത്യേക മേൽനോട്ടത്തിൽ കച്ചകെട്ടിച്ചു. അനന്തരം അദ്ദേഹത്തിന്റെ വേഷയോഗ്യതയും അഭിനയത്തിലുള്ള തന്മയത്വവും കണ്ട് അയാളുടെ പേരിൽ തിരുമനസ്സിലേക്കു കാരുണ്യമുണ്ടാകയാൽ പ്രസിദ്ധനായിരുന്ന 'അമ്മന്നൂർ' പരമേശ്വരചാക്യാരെ വരുത്തി കുറെക്കൂടി അഭ്യസിപ്പിച്ചു.

ഇതിനിടയ്ക്കു് സംസ്കൃതത്തിലും മലയാളത്തിലും വേണ്ട ജ്ഞാനം നൽകുന്നതിന് വേറെ ചില വിദ്വാന്മാരേയും കല്പിച്ചു നിയോഗിച്ചിട്ടുണ്ടായിരുന്നു.

തിരുമനസ്സുകൊണ്ട് കോട്ടയ്ക്കകത്ത് ഒരു കെട്ടിടം വയ്പിച്ച് ഈശ്വരപിള്ളയുടെ താമസത്തിനായി കൊടുത്തു. ഈ സംരംഭങ്ങൾക്കിടയിൽ ഈശ്വരപിള്ളയുടെ മാതാവ് പരലോകപ്രാപ്തയായതിനാൽ അദ്ദേഹം ഒരു കന്യകയെ വിവാഹം ചെയ്യേണ്ടതായും വന്നു.

ഈശ്വരപിള്ളയുടെ ദേവലോകവർണ്ണന, കാനനവർണ്ണന, കൈലാസോദ്ധാരണം, മുതലായവ പ്രസിദ്ധങ്ങളാണു്.

മഹാരാജാവു തിരുമനസ്സിലെ കല്പനപ്രകാരം ഈശ്വരപിള്ള തന്റെ പുത്രിയെ പഴവങ്ങാടി നാണുപിള്ളയ്ക്കു് വിവാഹം ചെയ്തു കൊടുത്തു. എന്നാൽ പുത്രിക്കു് ആ വിവാഹം തീരെ രസിയ്ക്കായ്കയാൽ പിതാവിനോടു ദിനംപ്രതി സങ്കടം പറയുവാൻ തുടങ്ങി.

തന്റെ മകളുടെ ദയനീയാവസ്ഥയ്ക്കുള്ള പരിഹാരമാർഗ്ഗങ്ങൾ ആലോചിച്ചു കൊണ്ടിരിക്കുന്ന കാലത്തിൽ ഒരു ദിവസം കൊട്ടാരത്തിൽ ദക്ഷയാഗം കഥകളി ആടേണ്ടതായി വന്നു.

തൽസമയം ഈശ്വരപിള്ള—

"അറിയാതെ മമ പുത്രിയെ നല്കിയ-
തനുചിതമായി തെടോ-"

എന്നഭാഗത്തെ സ്വാനുഭവം കലർത്തി വിസ്തരിച്ചു് ആടുകയും തിരുമനസ്സുകൊണ്ടു് ആ സംഗതി ഗ്രഹിക്കയാൽ അടുത്തദിവസംതന്നെ നാണുപിള്ളയെ വിളിച്ചു് "നാണു വിവാഹമുറയ്ക്കു് മേലാൽ ഗൗരിയുടെ വസതിയിൽ പോകരുതു്" എന്നു് കല്പിച്ചതായും ഒരു ഐതിഹ്യമുണ്ടു്.

---

# ൧൦. കേരളകാളിദാസൻ
കേരളവമ്മ
# വലിയകോയിത്തമ്പുരാൻ
തിരുമനസ്സുകൊണ്ടു്,

സി. എസ്സ്. ഐ; എഫ്. എം. യു; എഫ്. ആർ. എച്ച്. എസ്സ്; എം. ആർ. എ. എസ്സ്.

---

൧൦൨൦–മു. ൧൦൮൦–വരെ.

കേരളകാളിദാസൻ എന്ന അപരാഭിധാനത്താൽ കേരളീയക്കു് ഏററവും സുപരിചിതനായ ചങ്ങനാശേരി കേരളവമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു് ൧൦൨൦-ാമാണ്ടു് കുംഭമാസം പൂയം നക്ഷത്രത്തിൽ ലക്ഷ്മിപുരത്തു് കൊട്ടാരത്തിൽ അവതരിച്ചു.

അവിടത്തെ മാതാവു് ഒരു കവിയും പിതാവു് ഒരു പണ്ഡിതനുമായിരുന്നു.

ഇടക്കാലത്തു് എന്തോ കാരണത്താൽ അധഃപതിച്ചു കിടന്നിരുന്ന കേരളസാഹിത്യത്തെ പുനരുദ്ധാരണം ചെയ്തതു് ഈ മഹാനുഭാവനാണു്.

ഇദ്ദേഹം കംസവധംചമ്പു, ക്ഷമാപണസഹസ്രം, വിശാഖവിജയം, തുലാഭാരശതകം, പാദാരവിന്ദശതകം, വ്യാഘ്രാലയേശശതകം, നക്ഷത്രമാല, ശൃംഗാരമഞ്ജരീഭാണം, തിരുനാൾപ്രബന്ധം, വിക്ടോറിയാചരിതം എന്നീ സംസ്കൃതഗ്രന്ഥങ്ങളും, ശാകുന്തളം, അമരുകശതകം അന്യാപദേശശതകം, എന്നീ തൎജ്ജിമകളും മയൂരസന്ദേശം

എന്ന സന്ദേശകാവ്യവും അക്ബർ എന്ന നോവലും, രചിച്ചതു കൂടാതെ, ഹനൂമദുത്ഭവം, മത്സ്യവല്ലഭവിജയം, പ്രലംബവധം, ധ്രുവചരിതം, പരശുരാമവിജയം, എന്നിങ്ങനെ അഞ്ചു് കഥാരത്നങ്ങൾ രചിച്ചു് കഥകളി പ്രസ്ഥാനത്തിനും നൽകീട്ടുണ്ടു്.

അദ്ദേഹം പ്രസിദ്ധനായിരുന്ന കിളിമാനൂർ കുഞ്ഞുണ്ണി കോയിത്തമ്പുരാൻ തിരുമനസ്സിലെ അഭിപ്രായപ്രകാരമാണു് ഹനൂമദുത്ഭവവും മത്സ്യവല്ലഭവിജയവും രചിച്ചതെന്നു്—

"ശുകകണ്ഠരിണ്ണ പുരാധീശസ്യ മന്മാതുലസ്യ
പ്രണയമസൃണ നിർദ്ദേശാനുസാരേണസോഹം
ഹനൂമദുദയ സംജ്ഞം നാടകം കർത്തുകാമഃ
കിമപിനവ മിദാനീമാസ്ഥിതോസ്മിപ്രയത്നം."

എന്നു് ഹനൂമദുത്ഭവത്തിലെ അന്ത്യശ്ലോകവും

"ശ്രീമത്ശ്ശുക മൃഗാധിപസ്യമേ
മാതുലസ്യ വിദുഷോ വിയോഗതഃ
സോഹമദ്യകരവൈസ കൌതുകം
മത്സ്യവല്ലഭജയാഖ്യ നാടകം."

എന്നു് മത്സ്യവല്ലഭ വിജയത്തിലെ ആദിശ്ലോകവും വെളിപ്പെടുത്തുന്നു.

ധ്രുവചരിതത്തിൽ ആദ്യമായി കാണുന്നു:—

"ഹരിഹര ധരണീ സുരേച്ഛയാ
ധ്രുവചരിതാഭിധ മദ്യനാടകം
തദുദിത സരണീരനുസ്മരൻ
വിരചയിതും കരവൈസമുദ്യമം."

എന്ന ഭാഗംകൊണ്ടു് സുപ്രസിദ്ധ കഥകളിപ്പാട്ടുകാരനായിരുന്ന അവനവഞ്ചേരി ഹരിഹര ഭാഗവതരുടെ അപേക്ഷപ്രകാരം രചിച്ചതാണെന്നു വിചാരിക്കാം.

"മൽസോദരസ്യ പ്രണയൈയകധാമ്ന:
ശ്രീരാജ രാജസ്യ നിയോഗഹേതോ
തദുക്ത രീതീരനു സൃത്യകുർവ്വേ
പ്രലംബദൈതേയവധ പ്രബന്ധം."

എന്നു് പ്രലംബ വധത്തിൽ കാണുന്ന പദ്യം കൊണ്ടു് അവിടത്തെ ജ്യേഷ്ഠനായ രാജരാജവൎമ്മ കോയിത്തമ്പുരാൻ തിരുമനസ്സിലെ നിയോഗപ്രകാരമാണു് പ്രലംബവധം സൃഷ്ടിച്ചതെന്നും പരശുരാമ വിജയം:—

"ശ്രീരാമവൎമ്മ കുലശേഖര ഭാഗിനേയ
മാൎത്താണ്ഡവൎമ്മ വസുധാധിപതേർന്നിയോഗാത്
നിൎമ്മാതിഭാൎഗ്ഗവജയം നടനോപയുക്തം
കശ്ചിത്തദീയ ജനക പ്രിയ ഭാഗിനേയ:"

എന്ന ഭാഗംകൊണ്ടു് അത്തം തിരുനാൾ മാൎത്താണ്ഡവൎമ്മ തിരുമനസിലെ കല്പനയാലും രചിച്ചതാണെന്നു് വ്യക്തമാകുന്നു.

തിരുമനസിലേക്കു് ജഗന്നാഥ പണ്ഡിതരുടേയും മൂകകവിയുടെയും ശബ്ദാഡംബരവും, ഭവഭൂതിയുടേയും, മുരാരിയുടേയും ശാസ്ത്രപാടവവും, ക്ഷേമേന്ദ്രന്റേയും നീലകണ്ഠദീക്ഷിതരുടേയും, ലോകവ്യുല്പത്തിയും കാളിദാസരുടെ അൎത്ഥനിഷ്കൎഷയും സുതരാം സ്വാധീനമായിരുന്നു.

തിരുമനസ്സിലെ കഥകളുടെ പ്രചാരം വിരളമാണെ ന്നിരുന്നാലും അവയിലെ സാഹിത്യഗുണവും സംഗീതഗു ണവും എത്രയും മെച്ചമാണ്.

ധ്രുവചരിതം അന്ത്യാക്ഷരപ്രാസംകൊണ്ടു നിറഞ്ഞി ട്ടുള്ള ഒരു കൃതിയാകുന്നു. പലവിധ പ്രാസങ്ങൾക്കും അ ദ്ദേഹം മിക്ക കൃതികളിലും പ്രാധാന്യം നൾകിക്കാണുന്നു.

"ഘനാഘന ഭയാവഹ ത്രിദശശാത്രവാനീകിനീ
ഘനാഘന പരംപരാഗ്ഗ്നി ദുരഘോരവാതായിതം
ഘനാഘന മുഖം ചരാചര ശരണ്യമേകം മഹോ
ഘനാഘനരകവ്യഥാഹരണ ധീരമാരാദ്ധ്നമഃ-"

"സഹോദരീ മഹോദരീ ഹതാമരീ സുരദ്വിഷോ
ഭയംകരീ സകിങ്കരീ നിരംകുശാനശംകിതാ
വിനശ്വരീ കപീശ്വരം ധൃതത്വരം വിസ്വരത്വരം
വിദാരണം സദാരണേഷു വൈരിണാമഥാരുണൽ."

"കല്പാന്തോച്ചണ്ഡ ചണ്ഡീശ്വര പടുനടനാ-
ꞏ രംഭചഞ്ചൽ പദാഗ്ര-
പ്രൌഢാഘാത പ്രഭിന്ന സ്ഫടിക ഗിരിതട
സ്ഫാര ഗംഭീരനാദ:
ദൈത്യാധീശസ്സരോഷം കപിമഥ കൃതവാൻ
വീരപാണം കൃപാണം
ഹസ്തേനാഹ്വാസ്ത്ര ഗൃഹ്ണൻ കവചപരിലസ-
ദ്വിഗ്രഹോ വിഗ്രഹായ."

"ദാഢാകോടി ദൃഢോപലഗ്നകരടി
പ്രൌഢാസ്ഥിക്രൂടട്ടുടാ-
ഗാഢാപൂരിത വക്ത്ര കോടരഗഭീ-
രാഢൌകിതക്ഷ്വേളിതാ
ഉഢാമോദ മുപേത്യകം സവചസാ
ഗ്രഢം ബഭാഷേഗിരം
ബാഢം ഗൃധ്രമുഖീപ്രലംബ സഹജാ
ത്രൂഢാഭിമാനാം കരാ"

ഇത്യാദി വീരരസ പ്രധാനങ്ങളായ പദ്യങ്ങളും

"ഉന്മീലത്തില കാഞ്ചിതാസുമധുരാ
ശോഭംവഹന്തീദൃശം
രാജന്മഞ്ജുലതാഭിരാമ സുഷുമാ
പത്രാവലീഭാസുരാ
അമ്ലാനദ്യുതി രാമണീയകവതീ
ശ്യാമാവനശ്രീരിവ-
സൈ്വരം സ്വാരമണീസ്മ കൌതുകജുഷാ
കംസേന സംസേവ്യതേ"

"മദകല കള കണ്ഠീമഞ്ജുളാരാവരമ്യേ
സുരഭില തരുവല്ലീഭാസുരാരാമദേശേ
കുസുമനികര മാദായാര വിന്ദായ ദാക്ഷീ
കപിവരി വൃഢപത്നീസാപുരാചഞ്ചുരീതി."

ഇത്യാദി ശൃംഗാര മയങ്ങളായ പദ്യങ്ങളും ഏററവും ഹൃദ-
യംഗമമായിരിക്കുന്നു.

"ആരിഹ വനഭൂവിവന്നഹോമമ-
സൈ്വരവസതി തുടരുന്നഹോ:
ആരവമുണ്ടു കണ്ണ കഠോരം
ചാരേകേൾക്കുന്നതി ഗംഭീരം."

ഇത്യാദി തുടങ്ങുന്ന പദം വളരെ ഭംഗിയായിട്ടുണ്ട്.

"യാഹിയാഹി തപോധനാത്മജ !—
സാഹസം തുടരായ്ക നീ.
ഹേഹയേന്ദ്രനോടാഹവത്തിനു-
മോഹമേററ മനോചിത-

എന്നു തുടങ്ങുന്ന പദം രാവണ വിജയത്തിലെ

" യാഹി യാഹി നിശാചരധമ !
സാഹസം തുടരായ്ക നീ"

എന്നു തുടങ്ങുന്ന ഭാഗത്തോടു തുല്യമായിരിക്കുന്നു.

"കാലുഷ്യം കളകനീ ആയുഷ്മാനേധിനന്ദനാ !
കാലയോഗചാതുയ്യം കേനവാവിനിവായ്യം
മജ്ജന്മ കമ്മമൂലം ലോകേദുഃഖ സുഖങ്ങൾ
ഇജ്ജന്മത്തിലിന്നു വിലോകേ പ്രാണിജാതത്തിൽ
മജ്ജന്തികേ ചിലിഹശോകേ പ്രാപിച്ചിടുന്നു.
സജ്ജനിഫലത്തെയുമേകേ പൂവ്വജന്മത്തിലുൽകടംപാപം
ചെയ്കയാൽ സങ്കടം വന്നീതു ഭവാനക്കടംതീക്കിയ്ക്കാലിന്നു
ദുഘടം സന്തോഷലാഭം."

"നാരിമാരുടെ വൃതനാശം ചെയ്യുതഹോ
പുരുഷമണേ പാക്കിൽ യുക്തമോ-"

ഇത്യാദി പല സാരോപദേശങ്ങളും തിരുമനസ്സിലെ കൃതികളിൽ സുലഭങ്ങളാണ്.

"ഉപവനേ പവനേരിത സൌരഭ
സ്സുരസമാരസമാകുല മാനസ"
"ഉപഗമ്യ കേളിഷു കുതുഹലിനം
ഹലിനം നിജൈരനുചരൈസ്സ്പൃഹസാ
സഹസാധുപൂജിതപദം സമുദാ
സമുദാജഹാരവസുദേവസുതഃ"

ഇത്തരമുള്ള പ്രയോഗങ്ങൾക്കും അദ്ദേഹത്തിന് പ്രയാസമുണ്ടായിരുന്നില്ല.

മത്സ്യവല്ലഭവിജയത്തിൽ കുമ്മി, കാട്ടാളന്റെ പദം പർവ്വതവർണ്ണന മുതലായവയും, ഹനുമദൂതഭവത്തിൽ സാരിദണ്ഡകം വനവർണ്ണന, എന്നിവയും വിശേഷപ്പെട്ട ഭാഗങ്ങളാകുന്നു.

പരശുരാമവിജയം, സംഗീത സാഹിത്യാദികൾക്കു അല്പം പിന്നോക്കമായിട്ടാണ് കാണുന്നത്. ചില നല്ല ഭാഗങ്ങൾ അവിടവിടെയുണ്ടെങ്കിലും പരശുരാമവിജയം തിരുമനസ്സിലേ മററു കഥകളോടു കിടനില്ക്കത്തക്കതല്ലന്നുള്ളതു് നിശ്ചയമാണ്.

"തിരുമനസ്സിലെക്കുണ്ടായിരുന്ന മലയാളഭാഷാപോഷണ തല്പരത അനിതരസാധാരണമായിരുന്നു. അദ്ദേഹം കൈരളിക്കു നൽകീട്ടുള്ള ഗ്രന്ഥങ്ങൾ വിലമതിക്കത്തക്കതല്ല. പ്രൌഢങ്ങളായ സംസ്കൃതഗ്രന്ഥങ്ങളെപ്പോലും

കൈരളിക്കു് നല്കുന്നതിൽ ബദ്ധശ്രദ്ധനായിരുന്ന തിരുമനസ്സിലെ മഹാമനസ്കത വിശിഷ്ടംതന്നെ. ആകപ്പാടെ നോക്കുകയാണെങ്കിൽ ഇതുപോലൊരു ഭാഷാസുഹൃത്തിനെ ഇനി കൈരളിക്കു് ലഭിക്കുന്നതു് വളരെ അപൂർവമായിരിക്കുമെന്നു പറയേണ്ടിയിരിക്കുന്നു.

---

# ൧൧. സരസ ഗായക കവിമണി
# കേ. സി. കേശവപിള്ള.

---

കാലം ൧൦൪൪—മു—൧൦൯൯—വരെ

കേ. സി. കേശവപിള്ളയുടെ ജനനം ൧൦൪൪-ാമാണ്ട് മകരമാസത്തിൽ രോഹിണി നക്ഷത്രത്തിലായിരുന്നു.

സംഗീതസാഹിത്യാദികലകളിൽ അതിവിദഗ്ദ്ധനായിരുന്ന ഇദ്ദേഹം ആദ്യം കഥകളിപ്രസ്ഥാനത്തെയാണ് അവലംബിച്ചത്. അതിൻെറ ഫലമായി ഹിരണ്യാസുരവധം, ശൂരപത്മാസുരവധം, ശ്രീകൃഷ്ണവിജയം എന്നീ മൂന്നു ആട്ടക്കഥകൾ കൈരളിക്കു ലഭിച്ചു.

ഇവ കൂടാതെ കേ. സി. യുടെ പ്രധാനകൃതികളായി കേശവീയം, ആസന്നമരണചിന്താശതകം, കേരളവമ്മശതകം, സദാരാമ ഇത്യാദി അനേകം ഗ്രന്ഥങ്ങളുണ്ട്.

കവിക്കു നല്ലവണ്ണം സംസ്കൃതജ്ഞാനം സിദ്ധിച്ചതിനശേഷമാണ് ശൂരപത്മാസുരവധവും ശ്രീകൃഷ്ണവിജയവും സൃഷ്ടിച്ചതെന്ന് പ്രസ്തുത ഗ്രന്ഥങ്ങളിൽ നിന്നും നിഷ്പ്രയാസം മനസ്സിലാക്കാവുന്നതാണ്.

കെ. സി. യുടെ ആസന്നമരണചിന്താശതകത്തിലെ പ്രയോഗങ്ങൾ അദ്ദേഹത്തിൻെറ അന്ത്യത്തോടു യോജിച്ചിരുന്നതായി പറയുന്നു.

അദ്ദേഹത്തിൻെറ ആട്ടക്കഥകളിൽ സാഹിത്യത്തെ അപേക്ഷിച്ച് സംഗീതത്തിനാണ് കൂടുതൽ പ്രാധാന്യം കല്പിക്കേണ്ടത്. മൂന്നു ആട്ടക്കഥകൾക്കും കൂടുതൽ പ്രചാരവും കാണുന്നുണ്ട്.

"യുദ്ധം പാരംകടുത്തുയദുകുലമധികംരാജസൈന്യേന
നേർത്തു
രൌദ്രാക്ഷാദീനടുത്തു ജവമൊടുരവിജ പ്രേഷ്യവാരേണ
ചേർത്തു
ക്രുദ്ധൻ രാമൻ തകർത്തു കരികളെമഗധേശം വധിപ്പാ
നടുത്തു
പൃത്ഥീഭാരത്തെയോർത്തു പരമപുരുഷനം പൂർവ്വജന്തം
തടുത്തു"

"മഹാരോഷാക്രാന്താമിതബല മഹാ-
കാലനിർല്ലൂന ബാഹാ-
ഗളൽ ഭൂയിഷ്ഠാസൃക് സ്നപിത വിപുലാ-
ത്യുന്നതാകാരഘോരാ
നദന്തീ സാത്യുച്ചൈസ്തര മജമുഖീ-
ദൈത്യവാരാധിരാജം
സമേത്യാമാത്യാത്ത്യാ പ്രകടിതനിജാ-
ടോപമേവംബഭാഷേ!"

"ബുദ്ധാരുഷ്ട്ര മനാഘനാ ഘനനാഘടാനിഘോഷ
ഘോരോദ്ഭട-
ക്ഷേപളാനിധാനിവാത ധൂതജന സംഘാതാന്തരംഗാ
ബുദഃ—"

"ക്ലിഷ്ടാംതാം ശിപിവിഷ്ട ദത്തവരസ്സൽ-
    കൃഷ്ടോതിധൃഷ്ടോസുര-
ജ്യേഷ്ഠോ ദൃഷ്ടമനാഃ പ്രവേഷ്ട സഹിതാം-
    സ്രഷ്ടാതതോ കാരയൽ;
തുഷ്ട്യാസാവപി ഭാനുകോപദനജോ-
    ദിഷ്ടേത്ര സാദ്ധ്യംബലൈ-
രുഷ്ടഃ ശീഘ്രമയാത്ത്രിവിഷ്ടപ മതി-
    സ്പഷ്ടാഭദംഷ്ട്രായുഗഃ"

ഇത്യാദി വീരരസപ്രധാനങ്ങളായ ഭാഗങ്ങളും,

"ഓമൽപ്പുഞ്ചിരി വെണ്ണിലാവിലലയും-
    ശ്രീമന്മുഖം താഴ്ത്തിയും
പ്രേമക്കോൾമയിർകൊണ്ടുകൊണ്ടലണിയും
    പൂമേനിമേൽ നോക്കിയും
കാമം കാമ ശരങ്ങളേറവു വലയും-
    വാമാക്ഷിമാർ മൌലിയോ-
ടാമോദാകുലമേവമോതിഭഗവാൻ
    ഭക്തപ്രിയൻ ഭാസ്വരൻ."

എന്നിങ്ങനെയുള്ള ശൃംഗാരപ്രധാനങ്ങളായ ഭാഗങ്ങളും, അത്യന്തം ഹൃദയാനന്ദപ്രദങ്ങളായിരിക്കുന്നു.

"നാനാനനനാ ന്തനനാനാനനനാ ന്തനാനനനാനനനു
നാനാനനനാനോനാനേനാ നനാനേനന നനേനേനനു:"

എന്നിങ്ങനെ ഏകാക്ഷരം കൊണ്ടുള്ള പൊടിക്കൈകളും കെ. സി. തന്മയത്വത്തോടുകൂടി പ്രകടിപ്പിച്ചിട്ടുണ്ട്.

കെ. സി. യുടെ ആട്ടക്കഥകളെക്കുറിച്ച് ഏ. ആർ. രാജരാജവർമ്മത്തിരുമേനി കല്പിച്ചിരിക്കുന്നതു നോക്കുക.

"..........ആട്ടക്കഥ മുഴുവനും ഞാൻ സാവധാനമായി വായിച്ചു. കേശവപിള്ളയ്ക്കു് മലയാളഭാഷയിലും സംസ്കൃതത്തിലും സംഗീതത്തിലും ഉള്ള അസാധാരണനൈപുണ്യത്തേയും കവനത്തിലുള്ള സഹജവാസനയേയും രസികതയേയും ആലോചിക്കുമ്പോൾ ഈ ആട്ടക്കഥ ഇത്രമേൽ നന്നായിരിക്കുന്നതിനെക്കുറിച്ച് ആശ്ചര്യപ്പെടാനില്ല..... ....". പണ്ഡിതസാർവ്വഭൌമനായിരുന്ന ആ തിരുമേനി ഇപ്രകാരമൊരു അഭിപ്രായം പുറപ്പെടുവിക്കണമെങ്കിൽ പ്രസ്തുത കൃതികൾ എത്രത്തോളം നന്നായിട്ടുണ്ടെന്നു് നമുക്കു് ദൃഢപ്പെടുത്താമല്ലോ ?

"യശശ്ശരീരനായിവർത്തിക്കുന്ന ഈ കവിയുടെ കൃതികൾ വിദ്വച്ഛിരോമണികളുടെ ശ്രദ്ധയ്ക്കു് വിഷയീഭവിച്ചിട്ടുള്ളടത്തോളം സ്തുത്യർഹങ്ങളായിട്ടുതന്നെയാണു കണ്ടിട്ടുള്ളതു്. കേരളവർമ്മ വലിയകോയിത്തമ്പുരാൻ, അപ്പൻ തമ്പുരാൻ, രാജരാജവർമ്മ കോയിത്തമ്പുരാൻ, അപ്പുനെടുങ്ങാടി, മുതലായി എത്ര മഹാന്മാരാണ് അവയെ കൊണ്ടാടി സ്തുതിച്ചിട്ടുള്ളതു്. അദ്ദേഹത്തിന്റെ അവസാനകാലത്തെ കൃതിയായ കേശവീയം മഹാകാവ്യം അവരിൽ ചിലർ മനസ്സിരുത്തി വായിച്ചുനോക്കാൻ സാധിക്കാത്തവിധത്തിൽ അവരും പരലോകപ്രാപ്തരാകയാൽ കെ. സി. യെപ്പററി പറവാനുള്ളതു് ഇനിയും ഒരു വലിയ ബാക്കി കിടക്കുന്നതേയുള്ളൂ. അതിനാൽ അദ്ദേഹ

ത്തിൻെറ കൃതികളുടെ പരിഷ്കരിച്ച പതിപ്പുകളും അവ യെപ്പററിയുള്ള പുതിയ നിരൂപണങ്ങളും തുടരെത്തുടരെ ഉണ്ടായി കാണാൻ എല്ലാ മലയാളികളും ആഗ്രഹിക്കുന്ന തിൽ അത്ഭുതപ്പെടുവാനില്ല........" എന്നിങ്ങനെ ഒരു സാഹിത്യസുഹൃത്ത് അഭിപ്രായപ്പെട്ടിരിക്കുന്നത് എത്രയും അന്വത്ഥമാകുന്നു.

ഹിരണ്യാസുരവധത്തിൽ നരസിംഹാവതാരം വീര രൌദ്രരസപ്രധാനമായ ഒരു രംഗമാകുന്നു. നൃസിംഹത്തി ൻെറ വേഷം കെട്ടി ശരിയായി അഭിനയിക്കുവാൻ ഇന്നു കേരളത്തിൽ സുപ്രസിദ്ധ നടനായ വെച്ചൂർ രാമൻപിള്ള യല്ലാതെ വേറെ നടന്മാരുണ്ടോ എന്നുള്ളത് സംശയമാ ണ്. രാമൻപിള്ളയുടെ നൃസിംഹാഭിനയം അത്യന്തം ശ്രേഷ്ഠമായിട്ടുള്ളതാണെന്നുള്ളതിനും സംശയമില്ല.

കഥകളിപ്രസ്ഥാനത്തിലെ

# ആധുനികമഹാകവികൾ.

## ൧വ. കവിതിലകൻ കൊട്ടാരത്തിൽ ശങ്കുണ്ണി അവർകൾ

മഹാകവി എന്നു് ഇപ്പോൾ കേരളം ഒട്ടുക്കു് പ്രസിദ്ധി സമ്പാദിച്ച കൊട്ടാരത്തിൽ ശങ്കുണ്ണി അവർകൾ ൧൦൨൧-ാമാണ്ടു് മീനമാസത്തിൽ കോട്ടയത്തു് ജനിച്ചു. ബാല്യത്തിൽ വിദ്യാഭ്യാസത്തിൽ അലസനായിരുന്നു.

അദ്ദേഹം യൗവനപ്രാപ്തിവന്നതിനുശേഷം സ്വപരിശ്രമത്താൽ മലയാളം, സംസ്കൃതം, തമിഴ്, മുതലായ ഭാഷകളിൽ സീമാതീതമായ പാണ്ഡിത്യം സമ്പാദിച്ചതിൻെറ ഫലമാണു് ഇന്നു നാം കാണുന്ന അദ്ദേഹത്തിൻെറ കവിതാരത്നങ്ങൾ.

രാജാ കേശവദാസചരിത്രം
ആസന്നമരണ ചിന്താശതകം
കേരളവമ്മശതകം
ലക്ഷ്മീഭായിശതകം
മാടമഹീശശതകം
യാത്രാചരിതം
അത്ഭുതമയസപ്തമി
മുറജപചരിതം

കപോതസന്ദേശം

ഗൗളിശാസ്ത്രം

അദ്ധ്യാത്മരാമായണം (വൃത്താന്തവൃത്തം തർജ്ജിമ)

സേതുലക്ഷ്മീഭായി മഹാരാജ്ഞി ചരിതം, എന്നീ മണിപ്രവാള കൃതികളും,

മാലതീമാധവം

വിക്രമോർവ്വശീയം

രവിവർമ്മ, ഇത്യാദി ഭാഷാനാടക തർജ്ജിമകളും,

കുചേലഗോപാലം

സീമന്തിനീചരിതം

പാഞ്ചാലധനഞ്ജയം

ഗംഗാവതരണം, എന്നീ പുരാണകഥാനാടകങ്ങളും,

ദേവീവിലാസം

ജാനകീപരിണയം, എന്നീ കല്പിത ഭാഷാ നാടകങ്ങളും,

ശ്രീരാമാവതാരം

സീതാവിവാഹം

ശ്രീരാമപട്ടാഭിഷേകം

ഭൂസുരഗോഗ്രഹണം

കിരാതസൂനുചരിതം, ഇത്യാദി ആട്ടക്കഥകളും,

നിവാതകവച കാലകേയവധം

ശ്രീമൂല രാജവിലാസം

വിക്ടോറിയാചരിതം

ധ്രുവചരിതം

ശോണാദ്രീശപരീ മാഹാത്മ്യം

ആർദ്രാചരിതം

ഭദ്രോല്പത്തിപാന

ഓണപ്പാന, എന്നീ കൈകൊട്ടിക്കളിപ്പാട്ടുകളും,

വിനായക മാഹാത്മ്യം കിളിപ്പാട്ടും

ശ്രീഭൂതനാഥോത്ഭവം

ശ്രീമൂലമഹാരാജഷഷ്ടിപൂർത്തി മഹോത്സവം

കല്യാണമഹോത്സവം

സ്ഥാനാരോഹണ മഹോത്സവം എന്നീ ശീതങ്കൻ തുള്ളലും,

കല്യാണമഹോത്സവം

സീതാസ്വയംബരം, എന്നീ വഞ്ചിപ്പാട്ടുകളും,

നൈഷധം

വിശ്വാമിത്രചരിതം

വിക്രമോർവ്വശീയം

അർജ്ജുനൻ

ശ്രീകൃഷ്ണൻ

ഐതിഹ്യമാല ൭ ഭാഗവും

ക്ഷേത്രമാഹാത്മ്യം ൨ ഭാഗം, എന്നീ ഗദ്യപ്രബന്ധങ്ങളും ശങ്കുണ്ണി അവർകളുടെ കൃതികളാകുന്നു. ഇവ കൂടാതെ അനേകം ഖണ്ഡകൃതികളും ഒററ ശ്ലോകങ്ങളും പല സന്ദർഭങ്ങളായി രചിച്ചിട്ടുണ്ട്; രചിക്കുന്നുമുണ്ട്.

ശംകുണ്ണിയുടെ കവിതാരസം ആസ്വദിച്ച് പല വിദ്വാന്മാരും അദ്ദേഹത്തിന് വിലയേറിയ പാരിതോഷികങ്ങൾ നൽകി പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. ൧൦൪൯-ാമാണ്ട് നാടുനീങ്ങിയ മൂലംതിരുനാൾ, ൧൦൬൭-ൽ നാട്ടു

നീങ്ങിയ ആററങ്ങൽ മൂത്തതമ്പുരാൻ, കൊച്ചിയിൽ സിം ഹാസനത്യാഗംചെയ്ത വലിയതമ്പുരാൻ, കോഴിക്കോട്ടു വിദ്വാൻ മാനവിക്രമൻ ഏട്ടൻതമ്പുരാൻ, കേരളവമ്മ വലിയകോയിത്തമ്പുരാൻ, അവിടത്തെ ജ്യേഷ്ഠനായ മൂത്ത കോയിത്തമ്പുരാൻ, വഞ്ഞിപ്പുഴത്തമ്പുരാൻ, മഹാറാണി റീജൻറ് സേതുലക്ഷ്മിഭായി തിരുമനസ്സുകൊണ്ടു് എന്നിവരെല്ലാം പ്രസാദിച്ചു ശങ്കുണ്ണി അവർകൾക്കു സമ്മാനങ്ങൾ നൽകിയിട്ടുണ്ടു്.

൧൦൮൪-ാമാണ്ടു് എറണാകുളത്തുവച്ചു് നടത്തിയ ഡർബാറിൽ വച്ചു് കൊച്ചീമഹാരാജാവു തിരുമനസ്സുകൊണ്ടു് 'കവിതിലകൻ' എന്ന സ്ഥാനവും അതിലേയ്ക്കുള്ള സന്നതും മെഡലും ശംകുണ്ണിക്കു സസന്തോഷം കല്പിച്ചുകൊടുത്തു.

ഇദ്ദേഹത്തിൻെറ കവിതകളുടെ മാധുയ്യത്തെ ആസ്വാദിക്കാത്തവരായി കേരളനിവാസികളിൽ അധികം പേരുണ്ടായിരിക്കാനിടയില്ല. അതിനാൽ അതിനെക്കുറിച്ചു് ഞാൻ ഒന്നുംതന്നെ പറയണമെന്നു വിചാരിക്കുന്നില്ല.

ഇദ്ദേഹം ആട്ടക്കഥകൾ ഉണ്ടാക്കിത്തുടങ്ങിയതുവരെ സംസ്കൃതശ്ലോകം ചമയ്ക്കുന്നതിനു ശംകുണ്ണിയ്ക്കു് വാസനയുണ്ടായിരുന്നുവെന്നു് അധികമാരും അറിഞ്ഞിരിക്കുമെന്നു തോന്നുന്നില്ല. ഇദ്ദേഹത്തിനു് മലയാളത്തിലെന്നപോലെ സംസ്കൃതത്തിലും ശബ്ദാത്ഥാലങ്കാരങ്ങൾക്കു് യാതൊരു കുറവും കൂടാതെ പദ്യങ്ങൾ രചിക്കുന്നതിനു് 'പ്രത്യേക

വാസനയുണ്ട്. ചില ശ്ലോകങ്ങളുടെ താരതമ്യം ചിന്തിക്കുമ്പോൾ സംസ്കൃതത്തിൽ ശ്ലോകങ്ങൾ ചമയ്ക്കാൻ ഇദ്ദേഹത്തിന് കൂടുതൽ വാസനയുണ്ടെന്ന് തോന്നുന്നു.

ആട്ടക്കഥകളിൽ ശ്രീരാമാവതാരം, സീതാവിവാഹം, ശ്രീരാമപട്ടാഭിഷേകം, കിരാതസൂനുചരിതം, എന്നീ നാലു കഥകളും തൃക്കൈക്കോട്ടുമഠത്തിൽ വാണിരുന്ന യതീന്ദ്രോത്തമന്റെ ആജ്ഞപ്രകാരം രചിച്ചിട്ടുള്ളതാണെന്ന്

"ചൊല്ലേറുള്ളൊന്നൊരു കീഴണിപ്പുറമതാം
പൂർവ്വാശ്രമംവിട്ടഹോ
തൃക്കൈക്കോട്ടുമഠത്തിൽ വാണരുളിടും
വന്ദ്യൻ യതീന്ദ്രോത്തമൻ
ഇക്കാലത്തരുളീട്ടു സന്മതികളേ-
ശങ്കുണ്ണി നിർമ്മിച്ചതാ-
മിക്കാവ്യം പരിശുദ്ധമാകുവിനലം
രാമാവതാരാഭിധം"

"സന്ത്യജ്യാധോ വിഭൂഷാപുര മിതിവിദിതം
ഹന്ത! പൂർവ്വാശ്രമം യഃ
സംപ്രാപ്തസ്സ തുരീയാശ്രമ മമൃതകരം
ശ്രീകരാരണ്യധാമ്നി
തസ്യാജ്ഞാ പുഷ്പമാല്യം ശിരസികലയതാ
ചാരുശങ്കുണ്ണിനാമ്നാ
വൃത്തം 'കൈരാതസൂനോർവ്വിരചിത മമലം
സാധുസന്തഃ പുനന്തു"

ഇത്യാദി പദങ്ങളെകൊണ്ട് തെളിയുന്നു.

ഭൂസുരഗോഗ്രഹണം, കൊച്ചിയിൽ നാലാംമുറ കേരളവമ്മ തിരുമനസ്സിലെ ആജ്ഞയാൽ നിമ്മിച്ചിട്ടുള്ളതാണെന്നു്

"ശ്രീമാട ഭൂപവരവംശ മണിസ്സുരീയോ
ലോകത്രയേ ജയതി കേരളവമ്മനാമാ
തസ്യാജ്ഞയാ വിരചിതന്തു പുനന്തു കാവ്യം
കേനാപി ഗോഗ്രഹണ സംജ്ഞമിദം ബുധേന്ദ്രാഃ"

എന്ന ശ്ലോകംകൊണ്ടും നിണ്ണയിക്കാം.

സംസ്കൃതശ്ലോകങ്ങൾ നിമ്മിക്കുന്നതിനു് ശങ്കുണ്ണി അവർകൾക്കുള്ള പാടവം നോക്കുക.

"ശ്രീമദചിഷ്ണു പദോത്ഥിതം ശരധരം
ചക്രായുധാലംകൃതം
ദൂവാശ്യാമള മാത്മവിഗ്രഹ ജിത-
ക്രവ്യാദ മവ്യാഹതം
നിത്യാനന്ദിത നീലകണ്ഠ മമലം
വാതോത്ഭവോജ്‌ജ്ജൃംഭിതം
ഭൂജാതാത്തിഹരം നമാമിസതതം
ശ്രീരാമധാരാധരം" എന്നു് ശ്രീരാമപട്ടാഭിഷേകത്തിലും

"ശംഭോരാദ്യം തനൂജം ഗജവരവദനം
പത്മജാതാത്മജായാ-
മംഭോജാക്ഷഞ്ച ഭദ്രാം ഭവനയനഭവാം
മൽഗ്ഗുരൂൻ സൽഗ്ഗുണാഢ്യാൻ

ഡംഭാപേതാൻ ബുധേന്ദ്രാ നഖിലമുനിവരാൻ
ഭൂസുരേന്ദ്രാൻ സുരേന്ദ്രാൻ
രംഭാ കാന്താര സംസ്ഥാ കപികുലവൃഷഭം
മാരുതിം ധീരമീഡേ! എന്ന് ഭൂസുരഗോഗ്ര

ഹണത്തിലും,

"ഇത്ഥംശ്രുത്വാ ജനകതനയാ-
ഭാഷണം ഭീഷണാത്മാ
ക്രുദ്ധഃ സ്മൃത്വാസപദി ഹൃദയേ
സ്സ്പർദ്ധയാ മദ്ധ്യമാംബാം
നത്വാപാദേ രഘുകുലവരം
ലക്ഷ്മണ സ്തൽക്ഷണോദ്യൽ
ബദ്ധാടോപജ്വലിത നയനോ-
ത്രുക്ഷമിത്യാചചക്ഷേ."

"വ്യഗ്രൈസ്സുഗ്രീവവാക്യപ്രചലിതഹൃദയൈ-
ർവ്വാനരേന്ദ്രൈരതന്ദ്രൈ
രാനീതാഭിശ്ചതാഭിഃ കപിവര വനിതാ
ഭിസ്സമം സൽസ്വഭാവാ
താരാതാരാധിപാസ്യാബഹുതരമുപഹാ-
രാദിഭിർമ്മോദയിത്വാ-
പ്രീതാം സീതാ മവാദീൽ പ്രിയതര മിതിതാം
ഭൂമിജാം രാമജായാം"

ഇത്യാദി ശ്രീരാമപട്ടാഭിഷേകത്തിലെ ശ്ലോകങ്ങളെ കൊണ്ടും ശങ്കുണ്ണി അവർകൾക്ക് കൈരളിപോലെ ഗൈർവ്വാണിയും സ്വാധീനമാണെന്ന് തീർച്ചപ്പെടുത്താം.

"വിഹായസാവിഹായസാസമന്തു ഗന്ധമാദനം
വിഹായസാധ്വസാവഹോ ! വിരോധിസാധ്വസാവഹം
മഹാശ്ശുഗാശ്ശുഗം മുദാ ഗതം തദാ ശ്ശുകാത്മജം
സഹാസമാഹസാഞ്ജലീരുചാജ്ജുനം വചോജ്ജുനഃ"

"കാലാനുകൂലമനുഭൂയ സുഖം വസന്തം
ലീലാലയേഹരിസുതഃ പ്രിയയാവസന്തം
കാലാത്മജം പദനതഃ കലയൻ മുദന്തം
ലോലാശയോന്യഗദദേത്യഗവാമുദന്തം."

"കുസുമേഷുശിലീമുഖപ്രവേശ-
ദസമാനാംനിജപത്മിനീം വിവണ്ണാം
പ്രസമീക്ഷ്യകദാപി ധാത്തരാഷ്ട്ര-
സ്സസുമാം ഹന്ത ! ജഗാമപുഷ്പവാടിം"

"ബാലാം മാധവലാളിതാം കുസുമിതാം
പത്രാങ്കുരാലംകൃതാം
പാശ്ചസ്ഥാം പരമജ്ജുനസ്യ കലിതാ-
മോദാം തദാമാധവീം
വീക്ഷ്യാനല്പതരേഷ്യ്യ യേവകലുഷോ-
ഗതപാനികുഞ്ജാന്തരം
ഭാക്ഷ്യാദത്രവസന്ന ഭാഷതഃ നിജാം
ഭായ്യാം സദ്ദയ്യോധനഃ"

"മല്ലീശരാന്തകസുതോ മഹിതോവിശാഖ
സല്ലീലയാപുരുസുഖം രമയൻസ്വകാന്താം
ചില്ലീവിലാസജിതമന്മഥചാപവല്ലീം
വല്ലീംജഗാദതനുനിന്ദിതഹേമവല്ലീം."

"ഗൃഹാന്തികാം നാരദശാരദാംബുദേ
വിഹായസാദൃഷ്ടിപഥാദപിനിർഗ്ഗതേ
വിഹായസാഹൈമവതീസപധീരതാം
സഹായമാത്മപ്രിയമാഹപത്മിനീം."

"സഭാംബരേ കാഞ്ചനമാലികാതടിൽ
പ്രഭാഞ്ചിതേ രാമഘനേ ലസത്യഹോ
ശുഭാശയോ മൈഥിലചാതകോ മുദേ-
ത്യഭാഷതാനന്ദ യുതസ്സകൗശികം."

ഇത്യാദി ശ്ലോകങ്ങളിൽ ശബ്ദഭംഗിയും അൎത്ഥപ്രൗഢിയും ഒരു പോലെ കാണ്മാനുണ്ട്.

ശങ്കുണ്ണി അവർകളുടെ ആട്ടകഥകളിൽ നിന്നും അദ്ദേഹത്തിന്റെ മനോനൈൎമ്മല്യം ഭക്തിപാരവശ്യം മുതലായ ഗുണങ്ങൾ സ്പഷ്ടമായി നിഴലിച്ചു കാണുന്നു.

"വന്ദേഹം വിഷ്ണോ! വന്ദേഹം-
ഇന്ദിരേശ ! സൎവ്വലോകവന്ദനീയ പാദാംബുജ
ഇന്ദുതുല്യ സുന്ദരാസ്യ ! സുരവര-
വൃന്ദമത്രഖിന്നമാശുപാലയ—വന്ദേഹം
ഗോവിന്ദാജയ ഗോവിന്ദാ !
രാവണാദിരാക്ഷസരാൽ ദേവകൾക്കിപ്പൊഴുതെഴും
ആവിലതപമാകെയിന്നു പറവതി-
നാവതില്ലദേവദേവപാലയവന്ദേഹം
മാധവ്പാഹി മാധവ !
ആധാരമീധരയ്ക്കോൎത്താൽ ശ്രീധര : നീയൊഴി
ഞ്ഞുണ്ടോ

യാതുധാനഭാരഖിന്നയിവളുടെ
യാതുരത്വമാശു തീൎത്തയയ്ക്കുക ! വന്ദേഹം."

എന്നിങ്ങനെ ക്ഷീരസാഗരതീരത്തിൽ ചെന്നു് ബ്രഹ്മാദി കൾ സ്തുതിക്കുന്നതും,

"ശ്രീപതേ ! വിഷ്ണോ ജഗന്നായക ! തവ
ശ്രീപദം കൈതൊഴുന്നേൻ.
താപഹര ! ഹരേ താവകമാം വിശ്വ-
രൂപം മൽ പുത്രത്വത്തിന്നനുരൂപമോ !"

ഇത്യാദി ശ്രീരാമാവതാര സമയത്തിൽ അദ്ദേഹത്തിൻെറ വിശ്വരൂപം കാണുകയാൽ മാതാവായ കൌസല്യ സ്തുതി ക്കുന്നതും ശ്രീരാമലക്ഷ്മണന്മാരെ വഞ്ചിയിൽ കയററി ഗംഗതൻ മറുകരയ്ക്കെത്തിക്കുന്ന നാവികൻെറ

"ഭൂതധാത്രിക്കതിമാത്രം ഭൂതമായ ഭാരം തീൎപ്പാൻ
ഭൂതലേ ജനിച്ച.ദേവൻ ജയിച്ചീടട്ടെ !
സോദരന്മാരൊരുമിച്ചു സാദരമയോദ്ധ്യതന്നിൽ
മോദേനവളൎന്ന ദേവൻ ജയിച്ചീടട്ടെ !"

ഇത്യാദി പാട്ടും സീതാസ്വയംബര മണ്ഡപത്തിൽ വില്ലു കൊണ്ടുവരുന്നവരുടെ

"ശ്രീശംകരജയശംഭോ ! ജയ ജയ
ശ്രീചന്ദ്രശേഖര ! നിത്യം നമോസ്തുതേ !
കാലകാലപ്രഭോ ! കാരുണ്യവാരിധേ !
നീലകണ്ഠ ! വിഭോ ! നിത്യം നമോസ്തുതേ !"

ഇത്യാദി ഗീതവും,

"സത്വഗുണസമ്പൂർണ്ണ! ശശിവദന! രാമ
സത്തമസരോജദളനയന
രാത്രിഞ്ചരഘോരവനദഹന
ഗാത്രവരകാന്തിജിതമദന—" എന്നു തുടങ്ങുന്ന

പരശുരാമസ്തുതിയും,

"വാനിനൊത്തുവിളങ്ങിനവാനോരാററിൽ
മീനങ്ങളെ പിടിക്കുമീമാനുഷക്കെല്ലാം
ഊനമററമറകട്ടദാനവനെകൊൾവാനൊരു
മീനമായദാനവാരിത്തുണച്ചീടണം—" എന്ന വഞ്ചി

പ്പാട്ടും

"പീലിചേൎന്നുവിളങ്ങും പൊൻമുടി തൊഴുന്നേൻ
ഫാലത്തിൽ മിന്നും നല്ലതിലകം കൈതൊഴുന്നേൻ
വില്ലിനെവെല്ലും നല്ലചില്ലികൾ തൊഴുന്നേൻ
അല്ലിത്താരൊത്തനേത്രയുഗവും കൈതൊഴുന്നേൻ
ചന്ദ്രനോടൊത്തചാരുതിരുമുഖംതൊഴുന്നേൻ
ചന്ദ്രികയെജ്ജയിച്ചസ്മിതവും കൈതൊഴുന്നേൻ."

എന്നിങ്ങനെ തുടങ്ങുന്ന പദവും, കവിയ്ക്കു് ഈശ്വരനിലു ള്ള പ്രേമത്തെ ചൂണ്ടിക്കാണിക്കുന്നു. മഹാകവി രാമാനു ജൻ എഴുത്തച്ഛൻ ഭക്ത്യാതിരേകത്താൽ തന്നത്താൻ മറ ന്നു് ഈശ്വരനെ സ്തുതിച്ചിട്ടുള്ളതു് അദ്ദേഹത്തിൻെറ കൃതി കളിൽ ധാരാളമായി കാണുന്നുണ്ടല്ലോ! അതുപോലെയാ ണു് ശങ്കുണ്ണിയുടെയും ഭക്തിമധുരമായ സ്തുതികളെന്നു പറ യാം. ഇദ്ദേഹത്തിൻെറ ഓരോ കീൎത്തനപ്പദങ്ങളും ഒന്നി നൊന്നു് മെച്ചം കൂടിയതാകുന്നു.

ശ്രീരാമാവതാരത്തിൽ കാണുന്ന ദണ്ഡകം കുറെ ദീൎഘിച്ചുപോയെങ്കിലും ചമല്ക്കാരപ്രയോഗങ്ങളാൽ അലംകൃതമാകുന്നു.

"അമ്പലമൊന്നുതീൎത്തോരമ്പോററിയേയും വെച്ചു-
കുമ്പിട്ടു കൂപ്പി നമുക്കൻപോടു കളിച്ചിടാം"

ഇത്യാദിയുള്ള ശ്രീരാമ,ലക്ഷ്മണ ഭരത ശത്രുഘ്നന്മാരുടെ ബാലലീലാ വചനങ്ങൾ ഏതു സഹൃദയനേയും ആകൎഷിക്കാതിരിക്കയില്ല.

"ശങ്കയില്ലൊരു പുത്രനെങ്കിലു മില്ലെന്നാകി-
ലെൻകാന്താ പരലോകത്തിങ്കലും സുഖമില്ല."

ഇത്യാദി സാരോക്തികളും ശങ്കുണ്ണി അവൎകളുടെ കൃതികളിൽ ധാരാളം കാണ്മാനുണ്ട്.

ആട്ടക്കഥാരചനയിൽ ഇദ്ദേഹം മുൻഗാമികളിൽ ചിലരെ അനുകരിച്ചിട്ടുള്ളതായി കാണുന്നു.

"വിഹായസാവിഹായസാ സമന്തു ഗന്ധമാദനം"

എന്ന ശ്ലോകം, കിളിമാനൂർ വിദ്വാൻകോയിത്തമ്പുരാൻ തിരുമനസ്സിലെ രാവണ വിജയത്തിൽ കാണുന്ന

"വിഹായസന്ത്രുതി—" എന്നു തുടങ്ങുന്ന പദ്യത്തോടും,

ഭൂസുര ഗോഗ്രഹണത്തിൽ കൌരവേന്ദ്ര സദസ്സിൽ പ്രവേശിക്കുന്ന ദൂതന്റെ കാമോദരി രാഗത്തിലുള്ള

"കലയേഹം പാദപങ്കജം—കൌരവേശ്വര!
കലയേഹം പാദപങ്കജം" എന്നു തുടങ്ങുന്ന മനോ

ഹരമായ പാട്ട് ഇരയിമ്മൻതമ്പി ഉത്തരാസ്വയംബരത്തിൽ "ജയ ജയ നാഗകേതന—" ഇത്യാദി ദ്രുതന്നു നൾകിയിട്ടുള്ള പദത്തിന്റേയും അനുകരണമാണെന്നു തോന്നുന്നു. തമ്പിയുടെ പദത്തെക്കാളും ശങ്കുണ്ണിയുടെ പദം കുറെ ദീർഘിച്ചിട്ടുണ്ട്. എന്നാൽ തമ്പിയുടെ പദത്തിന്റെ രസികത മുഴുവനും ശങ്കുണ്ണിയ്ക്കു് വരുത്താൻ സാധിച്ചിട്ടുണ്ടോ എന്നു സംശയിക്കണം.

ശങ്കുണ്ണി അവർകളുടെ ആട്ടക്കഥകൾ ആടുന്നതിനും പാടുന്നതിനും നല്ലതാകുന്നു. ഇദ്ദേഹം കൈരളിക്കു നൾകിയിട്ടുള്ള ഗ്രന്ഥങ്ങളുടെ എണ്ണവും വലിപ്പവും ചിന്തിക്കുന്നതായാൽ കവിതകളിൽ ചില ന്യൂനതകൾ ഉണ്ടായിരുന്നാൽതന്നെയും അതു് ആരുടേയും അക്ഷിക്ക് ലക്ഷീഭവിക്കയില്ല. അഥവാ കണ്ടാൽ തന്നെയും പഞ്ചാമൃതത്തിൽ ഏലത്തരിപോലെ ലയിച്ചുപോകയേയുള്ളു.

മേലും ഈ മഹാകവി ആയുരാരോഗ്യസൗഖ്യത്തോടുകൂടി ജീവിച്ചിരുന്ന് കൈരളിയ്ക്കു് പല വിലയേറിയ സാഹിത്യരത്നാഭരണങ്ങൾ സമർപ്പിക്കുന്നതിന് സച്ചിദാനന്ദസ്വരൂപനായ ഈശ്വരൻ സദയം അനുഗ്രഹിക്കുമാറാകട്ടേ!

# ൧൩. ശ്രീകണ്ഠേശ്വരം
# ജി. പത്മനാഭപിള്ള അവർകൾ.

---

കേരളഭാഷാസാഹിത്യത്തിൽ ഒരു ഉജ്വലതാരമായി പ്രശോഭിക്കുന്ന, ശ്രീമാൻ പത്മനാഭപിള്ള അവർകൾ തിരുവനന്തപുരം പട്ടണത്തിൽ ശ്രീകണ്ഠേശ്വരത്ത് കുള വറവിളാകത്തു ഭവനത്തിൽ ൧൦൪൦-ാമാണ്ടു വൃശ്ചികമാസം ൧൮-ാനു- ജനിച്ചു. 14/541

"പിതാവ് മേൽകങ്ങാണം തഹസീൽദാർ ആയിരുന്നു മരിച്ചുപോയ ശ്രീകേണ്ഠശ്വരത്തു പരുത്തിക്കാട്ടു നാരായണപിള്ള അവർകളും മാതാവ് കൊട്ടാരം സവ്വാധികാര്യക്കാരും പ്രസിദ്ധനായ ഭാഷാചരിത്രകത്താവുമായ പി. ഗോവിന്ദപ്പിള്ള അവർകൾ ബി. ഏ. യുടെ മൂത്ത സഹോദരി ശ്രീമതി നാരായണിപ്പിള്ളയും ആയിരുന്നു."

പത്മനാഭപിള്ള അവർകൾ കേരളഭാഷയ്ക്കു് അനേകം മഹൽഗ്രന്ഥങ്ങൾ നൾകീട്ടുണ്ട്. അവയിൽ പ്രധാനമായിട്ടുള്ളവ:—

ധമ്മഗുപ്തവിജയം (കഥകളി)
സുന്ദോപസുന്ദയുദ്ധം ടി
കനകലതാസ്വയംബരം (നാടകം)
പാണ്ഡവവിജയം (നാടകം)
കീചകവധം തുള്ളൽ
രാമാനുചരിതം തിരുവാതിരപ്പാട്ട്

കേരളവമ്മചരിതം മണിപ്രവാളം
മാൎക്കണ്ഡചരിതം താരാട്ട്
മദനകാമചരിതം (നാടകം)
പാറുക്കുട്ടി (ഗദ്യം)
ബാലരാമായണം (പദ്യം)
രാമചന്ദ്രൻ (ഗദ്യം)
ബി. എ. ബായിഅമ്മ ടി
വക്കീൽ ജാനകിഅമ്മ ടി
ശ്രീരാമവമ്മ ടി
ഹരിശ്ചന്ദ്രചരിതം കിളിപ്പാട്ട്
കുഞ്ചൻനമ്പ്യാർ (മണിപ്രവാളം)
കാളിയമൎദ്ദനം ടി
നമ്മുടെ മഹാരാജാവ്
ശബ്ദതാരാവലി നിഘണ്ഡു
വിദ്യാധനം
വിനോദചന്ദ്രിക
പഴയമലയാളം പാക്കററ് നിഘണ്ഡു
സാഹിത്യാഭരണം നിഘണ്ഡു (ഇപ്പോൾ പ്രസിദ്ധപ്പെട്ടുത്തിവരുന്നു) മുതലായവകളാകുന്നു.

കേരളഭാഷയിൽ ആദ്യമായുണ്ടായ വലിയ കോശത്തിൻെറ കത്താവ് എന്ന നിലയിൽ ഇദ്ദേഹം മലയാളത്തിലെ ഡാക്ടർ ജോൺസൺ എന്ന നാമത്തെ വേണ്ടുവോളം അർഹിക്കുന്നുണ്ട്.

ഇദ്ദേഹം അറുപതു ഗ്രന്ഥങ്ങളുടെ കത്താവാണെന്ന് അറിയുന്ന അവസരത്തിൽ ഏതു കേരളീയനാണ് അദ്ദേഹത്തെ അഭിനന്ദിക്കാത്തതു്.

ഇദ്ദേഹം ബാല്യം മുതൽക്കേ തുള്ളൽ, കഥകളി മുതലായവ കാണ്മാനും ആ ഗ്രന്ഥങ്ങൾ വായിച്ചു രസിക്കു വാനും അതി തല്പരനായിരുന്നു.

വിദ്യാഭ്യാസകാലത്തൊരിക്കൽ—

"മുന്നം സ്വർല്ലോകനാഥാത്മജനതിബലവാൻ
സപ്ത സാലപ്രഹാരി-
ക്കന്നംഭോരാശിമർദ്ദിച്ചളവുകരഗതാ-
കാബലാ കല്യബുദ്ധേ!
വന്ദ്യന്മാരാം ജടായു മനിലസുതനുമാ-
രിന്ദ്രനാരാസനംഹേ
ധന്യാത്മൻ ചൊൽകയുക്തിക്കുചിതതരമതാ-
മർത്ഥമിന്നർത്ഥയേഹം!"

(ഇതിൽ കാണുന്ന ഓരോ ചോദ്യത്തിൻേറയും ഉത്തരം എടുത്ത് ഓരോന്നിൻേറയും ഒടുവിലത്തെ അക്ഷരം ചേത്തു വായിച്ചാൽ എന്തെന്നറിയാം. താര, പക്ഷി, ചൊക്കൻ, വാരണം. [ര+ക്ഷി+ക്ക+ണം.] രക്ഷിക്കണം)

എന്ന പദ്യം എഴുതി തൻേറ മാതുലനു സമപ്പിച്ചു. അദ്ദേഹം അനന്തിരവൻേറ പദ്യം വായിച്ചു നോക്കി അത്യന്തം സന്തോഷിച്ച് അഞ്ചു രൂപ സമ്മാനവും നൾകി.

ഇദ്ദേഹത്തിന് പതിനെട്ടാമത്തെ വയസ്സിൽ 'പിതൃവിയോഗദുഃഖം അനുഭവിക്കേണ്ടതായിവന്നു. മെട്രിക്കുലേഷനു് ഒരുതവണ തോററതോടുകൂടി വിദ്യാഭ്യാസവും തല്ക്കാലത്തേയ്ക്കു് നിരുത്തിവെച്ചു. തദനന്തരം ഇദ്ദേഹത്തിൻേറ നിരന്തര പരിശ്രമം ആട്ടക്കഥാനിർമ്മാണത്തിലായി.

൧൧൩

൧൩൩൧-ാമാണ്ടു് ധമ്മഗുപ്തവിജയം എന്ന നാമധേയത്തിൽ ഒരാട്ടക്കഥ എഴുതിതീൎത്തു. ശിവപുരാണത്തിലുള്ള പ്രദോഷ മാഹാത്മ്യമാണു് അതിലെ കഥ. അതിനെ സ്വഭവനത്തിൽ വെച്ചുതന്നെ അദ്ദേഹം അരങ്ങേററം കഴിപ്പിച്ചു. അന്നു കഥകളി കാണ്മാൻ സന്നിഹിതരായിരുന്ന രസികശിരോമണികളായ, രാമക്കുറുപ്പ് അവർകൾ ബി. ഏ., വക്കീൽ മാധവൻതമ്പി അവർകൾ, വക്കീൽ തിരുവല്ലാ വേലുപ്പിള്ള അവർകൾ മുതലായ മഹാന്മാർ കളികണ്ടു തീൎന്നതിനുശേഷം പ്രസ്തുത കൃതിയെ അത്യന്തം ശ്ലാഘിച്ചു.

അതിനുശേഷം ൧൩൩൬-ൽ 'സുന്ദോപസുന്ദയുദ്ധം' ആട്ടക്കഥ രചിച്ചു. ഇതും മഹാജനങ്ങളുടെ ശ്ലാഘ്യതയ്ക്കു പാത്രീഭവിച്ചിട്ടുണ്ടു്.

ഇദ്ദേഹം മലയാളഭാഷയ്ക്കു ചെയ്തിട്ടുള്ള ഗുണങ്ങളെപ്പററി എത്രതന്നെ കീൎത്തിച്ചാലും മതിയാകുന്നതല്ല.

"അമ്മേ നീ പെററിവണ്ണം സരസമരിമയാ-
    യെന്നെയെന്നുംവളൎത്തി-
സ്സമ്മോദാൽ ലാളനം ചെയ്തരികിലനുദിനം
    തങ്കമേ ! എന്നണച്ചും
നിൎമ്മായം വെച്ചുസൂക്ഷിച്ചതുമതുലമഹാ
    പാപിയിമ്മൂർഖനെന്നെ-
ത്തിമ്മാനോ ഹന്ത കഷ്ടം ! ജനകനെവിടെമാം
    കാത്തുകൊൾകാത്തമോദം." *

* കനകലതാസ്വയംബരം.

ഈ ശ്ലോകരചനയ്ക്കു ശേഷം അദ്ദേഹം വിളവംകോട്ടു പോയി തിരിച്ചു വരുന്ന അവസരത്തിൽ ഒരതിസാരവും ഛർദ്ദിയും പിടിപെട്ടുകയും വഴിമദ്ധ്യേ ഒരു പുൽത്തറയിൽ കിടന്നു പരവശനായി അമ്മയെ പല പ്രാവശ്യം വാവിട്ടു വിളിക്കയും ചെയ്തിട്ടുണ്ട്.

"മണ്ടയിടികൊണ്ടു തലമണ്ട പിളരുന്നെ-
ന്നിണ്ടലിവൾകണ്ടഴലുകൊണ്ടുവലയുന്നു.
വേണ്ടപനിയുണ്ടു കുളിരുണ്ടു ജലദോഷം
രണ്ടുദിനമുണ്ടതൊഴിയാണ്ടിഹ വശായി" §

ഈ പദ്യരചനയ്ക്കുശേഷം അദ്ദേഹത്തിന് വളരെക്കാലം തലവേദന ബാധിച്ചിരുന്നതായി പറയുന്നു. അറമെന്ന ദോഷം യഥാർത്ഥ കവികൾക്കു പററുന്നതാണല്ലോ.

ഇദ്ദേഹത്തിൻെറ ആട്ടക്കഥകളിൽ ശബ്ദപുഷ്ടിയും അർത്ഥചമല്ക്കാരവും വേണ്ടുവോളമുണ്ട്. അധികഭാഗവും ശുദ്ധമണിപ്രവാളത്തിലുമാണ് രചിച്ചിട്ടുള്ളത്.

"വെള്ള ദ്ദാഹമുദിച്ചൊരാററിനരികെ-
ത്തുള്ളും തളന്നേററവും
പുള്ളിപ്പേടമൃഗാക്ഷിചെന്നുതരസാ
വെള്ളം.കുടിക്കുംവിധൌ
തുള്ളിപ്പാഞ്ഞൊരു നക്രമമ്പൊടുപിടി-
ച്ചുള്ളിങ്കലാക്കിത്തദാ
തുള്ളിപ്പാൽകുടിയാതെ പിള്ളകരയു-
ന്നുള്ളം വിശന്നത്ഭുതം."

---

§ പാണ്ഡവ വിജയം.

"കാടകത്തിലുടനീടെഴുന്നൊരതി പാട-
വേനകളിയാടിയും
പാടി തോടിയിവ പാടിയാടി ബഹുമോടി-
യോട്ടമിടകൂടിയും,
ഊഢമോദമൊട്ടു പേടമാന്മിഴികൾ ചൂട-
മംശുമതി ചേടിമാ-
രോടടുത്തു ശശിചൂഡ ഭക്തപദതാരി-
ടത്തിൽ.വടിവോട്ടടൻ."

ഈ ശബ്ദാഡംബരം ഏവരേയും അത്ഭുതപ്പെടുത്തുമെന്നു ള്ളതിന്ന സംശയമില്ല.

സുന്ദോപസുന്ദയുദ്ധത്തിൽ കാണുന്ന കുമ്മിപ്പദം വളരെ നന്നായിട്ടുണ്ട്. നല്ല സ്ത്രീ വേഷക്കാർ ഈ ഭാഗം ആടിയാൽ എത്രമാത്രം നന്നാകുമെന്നുള്ളതു കണ്ടുതന്നെ അറിയണം. ആ ഭാഗം താഴെ ചേർക്കുന്നു.

കുമ്മി.

"നാടെങ്ങും വിഖ്യാതിതേടീടുന്ന
പേടമാൻ കണ്ണിമാർ ചൂടീടുന്ന
പാടലതുല്യാധരീമേനകേ! പരി
ചോടിന്നു പാടേണം നീമനോജ്ഞേ!

വിണ്ണവർ തമ്പുരാൻ തൃക്കണ്ണുക-
ളെണ്ണുകിലീരഞ്ചൂറും മയങ്ങും-
വണ്ണമോരോരോ വിനോദങ്ങൾ കാട്ടേണം
പുണ്ഡരീകാക്ഷിമാരേ നാമിപ്പോൾ

മാലകരംതാലിവളയെടുത്തോ—നല്ല
ചേലോടുചേലഞൊറിഞ്ഞുടുത്തോ
മാലിനീപോരാ—പാദസരം
കാലിന്നുചേരാ—തലയിൽ പൂ
മാലയിതാരാ—ചൂടിനിൻെറ
കാലത്തും തീരാ—നിൻഗോഷ്ഠികരം
ചേലൊത്തൊരു ബാലത്തരു-
ണീലിത്തിരുമേനിക്കൊരു
കാലത്തുമാശജനിക്കയില്ലേ—നിൻെറ
കോലത്തെയീമട്ടിൽ കാണിക്കല്ലേ.

രംഭവരുന്നവരവു കണ്ടോതോഴി
അംഭോജബാണനും പിമ്പെയുണ്ടോ ?
ഉമ്പർ കോൻവന്നു—മട്ടുമല-
രമ്പനുംചേൎന്നു—രസവിധ
വൻപുത്തുടൎന്നു—സ്മരരണേ
രംഭമുതിൎന്നു—കണ്ടോതോഴി
ജംഭാരിയുമമ്പോടനകമ്പാലയരംഭാദിനി
തംഭിനിമാരോടുമൊത്തുകൂടി—പരി-
രംഭണംചെയ്യുന്നുമെത്രമോടി.

മല്ലശരോപമചാരുഗാത്ര—പ്രാണ
വല്ലഭഞങ്ങരംക്കാനന്ദപാത്ര
മുപ്പാരിടത്തെ—ജയിക്കും ക-
ന്ദൎപ്പനടുത്തേ—ശരമഞ്ചും
ഒപ്പംതൊടുത്തേ—സഹിക്കുന്നി-
ല്ലല്പംമടുത്തേ—മൊഴിമാൎക്കു

ചെപ്പേലുമൊരിപ്പോർമുല
കെല്പോടിനിയല്പേതര-
മുലംപ്രമോദേന പൂണന്നിടേണം—സ്മര-
നിപ്രദേശം വെടിഞ്ഞോടീടേണം.

വളതളകിലുകിലെകിലുങ്ങീടവേ—നല്ല
കുളർമുലതുളളുളെത്തുളമ്പീടവേ
അളിവേണിമാരെ—കളിക്കുവിൻ
അളിവേണിമാരേ—മൃദുഗാനം
തെളിവോടുനേരെ—പ്രയോഗിപ്പിൻ
കളിയല്ലചാരെ—വാവാനീയും
തിളതിളപ്പൊടു കളികളിപ്പൊരു
കളമൊഴിക്കൊരു വളകൊട്ടുക്കണ-
മെളളതാമോമേനകക്കിന്നുലാസ്യം—അതു
കളിയല്ലിയുവ്വശിക്കെത്രഹാസ്യം.''

ഇതുപോലെ തന്നെ, സ്രഷ്ടാവിനാൽ സൃഷ്ടിക്കപ്പെട്ട മോഹിനി, സുന്ദോപസുന്ദന്മാക്ക് തമ്മിൽ വൈരമുദിപ്പിപ്പാനായി അവരെ സമീപിക്കുന്ന ഭാഗം നോക്കുക.

"സൃഷ്ടാസവ്ചരാചരങ്ങളുടെ സാ-
രാംശത്തെയെല്ലാമൊരു-
ക്കൂട്ടിത്തീത്തൊരുദിവ്യരത്നഖചിതാ-
കാരാംനിരീക്ഷ്യാദരാൽ
ചിത്രത്തിൽ പണിചെയ്തുവെച്ചൊരുശിലാ
രൂപം കണക്കേവരും
പാത്തങ്ങത്ഭുതമാന്നുനില്ക്കെയവളും
നൃത്തം തുടങ്ങീടിനാൾ.''

സാരി.

"ദിവ്യനവരത്നപ്രഭ തിങ്ങിവിങ്ങും—ചാരു
ഭവ്യസ്വരൂപിണിവിശ്വമോഹനാംഗി
ശുഭശശധരരുചിരഞ്ജിതമുഖിയവൾതന്നെക്കണ്ടാ—ലുടൻ
ത്രിഭുവനകമനികളഖിലരുമടിയിണവന്ദിച്ചീടും.

പൂൎണ്ണശാരദശശാങ്കബിംബപ്രഭ—തന്നിൽ
മന്ദമുരുകീടും ചന്ദ്രകാന്തംപോലെ
മന്ദഹസിതമരവിന്ദനയനയുഗം ബാലചന്ദ്ര—ഫാലം
കുന്ദമുകുളനയനങ്ങളമൃതമൃദുവാഗ്വിലാസം.

ബന്ധൂകത്തിൻചന്തം വെന്നകാന്തിചിന്തും—നല്ല
ദന്തഛദമതുമെൾപ്പൂനാസികയും
ഹന്തകാമുകന്മാരിലന്ധതചേൎത്തുകാമഭ്രാന്തായിടും—ഘോര
സിന്ധുവിൽമുഴുകിക്കും ബന്ധുരമാം കടാക്ഷവീക്ഷണവും.

പങ്കജബാണനുകേളിയാടീടുവാൻ—തീൎത്ത
തങ്കദ്രന്തച്ചെപ്പുകളാം കൊങ്കകളും
പങ്കമകന്നു നീണ്ടിരുണ്ടു ചുരുണ്ടു ഭംഗ്യാ പാദത്തോളം—
പററി
സംഘടിതകുസുമപരിമളമെഴുമൊരുപൂങ്കുഴലും.

ഇത്യാദികൊണ്ടിത്രിലോകമൊന്നുപോലെ—ജയ
കീൎത്തിചേൎത്തതാൎത്തേൻ വാണീമൌലീരത്നം
മത്തഗജഗമനമന്ദമന്ദം സുന്ദോപസുന്ദന്മാരെ—ക്കണ്ടു
തത്രപിതൃനിയോഗാൽ വാരിക്കോരിച്ചൊരിഞ്ഞുമന്ദാക്ഷ-
ങ്ങൾ."

ഇത്യാദി ഭാഗങ്ങളിൽ അടങ്ങിയിട്ടുള്ള അൎത്ഥഭംഗിയും ശബ്ദഭംഗിയും സ്തുതിക്കത്തക്കതു തന്നെയാണ്. ഈ ഭാഗങ്ങൾ അഭിനയിച്ചു കാണാനും വളരെ രസമുണ്ട്.

ആകപ്പാടെ ഇദ്ദേഹത്തിന്റെ രണ്ടു ആട്ടക്കഥകളും ആടുന്നതിനും പാടുന്നതിനും നല്ലതാണ്. ഇപ്രകാരം നാനാപ്രകാരേണ കൈരളിയെ പോഷിപ്പിച്ചുവരുന്ന ഈ പണ്ഡിതവര്യൻ കേരളീയരുടെയെല്ലാം പൂൎണ്ണബഹുമാനത്തിന്നും ശാശ്വതാഭിനന്ദനത്തിന്നും പാത്രീഭവിച്ചിരിക്കുന്നു. ഉത്സാഹശാലിയും സാഹിത്യോപാസകനുമായ ഇദ്ദേഹത്തിന് ജഗദീശ്വരൻ സദയം ദീൎഘായുസ്സു നൾകുമാറാകട്ടേ!

---

# ൧ർ. മഹാകവി വള്ളത്തോൾ നാരായണമേനോൻ അവർകൾ.

---

ജനനം. ൧൦൫൪ തുലാം ൧൬-ാംനു

മഹാകവി വള്ളത്തോൾ നാരായണമേനോൻ അവർകളെപ്പററി കേട്ടിട്ടില്ലാത്തവർ ഇപ്പോൾ കേരളത്തിൽ ആരുംതന്നെ ഉണ്ടായിരിക്കയില്ല. ഇൻഡ്യയുടെ എല്ലാ ഭാഗങ്ങളിലും അദ്ദേഹത്തിൻെറ കീൎത്തി പരന്നിട്ടുണ്ടെന്നു പറയാം.

ചിത്രയോഗം തുടങ്ങിയുള്ള മഹാകാവ്യങ്ങളെക്കൊണ്ടും സാഹിത്യമഞ്ജരി, ബന്ധനസ്ഥനായ അനിരുദ്ധൻ ബധിരവിലാപം, കൊച്ചുസീത, മുതലായ ഖണ്ഡകാവ്യങ്ങളെക്കൊണ്ടും പത്മം, വാമനം, മാത്സ്യം മുതലായ പുരാണ തൎജ്ജിമകളെക്കൊണ്ടും കൈരളിയെ അനുദിനം പോഷിപ്പിച്ചുവരുന്ന മഹാകവി വള്ളത്തോൾ കഥകളി പ്രസ്ഥാനത്തേയും വേണ്ടവിധം പ്രോത്സാഹിപ്പിച്ചു വരുന്നുണ്ട്.

അദ്ദേഹം സമസ്തകേരളകലാ മണ്ഡലം എന്ന നാമധേയത്തിൽ ഒരു പ്രസ്ഥാനം രൂപീകരിച്ച് സൎവ്വ കലകളേയും പോഷിപ്പിച്ചുവരുന്നത് കേരളീയരുടെ ഭാഗ്യാതിരേകംതന്നെ.

ആ കലാമണ്ഡലത്തിലും കഥകളിക്ക് ഒരു പ്രഥമ സ്ഥാനമാണ് വള്ളത്തോൾ നൽകിയിട്ടുള്ളത്. ഉത്തര കേരളത്തിൽ വള്ളത്തോൾ മഹാകവിയുടെ പ്രോത്സാഹനം കഥകളിക്കു ലഭിക്കാതിരുന്നുവെങ്കിൽ ആ ദിക്കിൽ ഇപ്പോൾ കഥകളി കണി കാണ്മാൻ പോലുമില്ലാതാകുമായിരുന്നു.

സുപ്രസിദ്ധ കഥകളി നടന്മാരിൽ അഗ്രഗണ്യനായ തോട്ടം ശങ്കരൻനമ്പൂരി അവർകളുടെ മേൽ നോട്ടത്തിലും വള്ളത്തോൾ മഹാകവിയുടെ രക്ഷാധികാരത്തിലും വള്ളത്തോൾ കഥകളി സംഘം, ഭാരതമഹാരാജ്യത്തിന് പുറമേയുള്ള പല മഹാരാജ്യങ്ങളിൽ പോലും സഞ്ചരിച്ച് പല മഹാരാജാക്കന്മാരുടേയും, പ്രഭുക്കന്മാരുടേയും, ഉദ്യോഗസ്ഥന്മാരുടേയും പ്രീതിബഹുമാനാദികൾക്ക് പാത്രീഭവിച്ചതും കേരളീയർക്ക് അഭിമാനകരമാകുന്നു.

ഇപ്പോൾ ഭാരതത്തിൽ നൃത്തകലാവിദഗ്ദ്ധരായി തീർന്നിട്ടുള്ള ശ്രീമതി രാഗിണീദേവി, ശ്രീമാൻ ഉദയശങ്കർ എന്നിവരുടെ നൃത്തകലാഭ്യാസം പൂർണ്ണവളർച്ചയെ പ്രാപിച്ചതും വള്ളത്തോളിന്റെ കലാമണ്ഡലത്തിൽ നിന്നാകുന്നു. തോട്ടം നമ്പൂതിരി അവരുടെ ആചാര്യനായി തീർന്നതു് അഭിനയ കലയുടെ ഭാഗ്യംതന്നെ.

മഹാകവി വള്ളത്തോൾ കഥകളി പ്രസ്ഥാനത്തെ ഇപ്രകാരം, പുഷ്ടിപ്പെടുത്തുന്നതു കൂടാതെ അതിലേക്ക് ഔഷധാഹരണം എന്നൊരു കഥകൂടി നിർമ്മിച്ചിട്ടുണ്ട്. രാമരാവണയുദ്ധത്തിൽ ശ്രീരാമാദികളുടെ മോഹാലസ്യം

ഇല്ലാതാക്കാൻ ശ്രീഹനുമാൻ, ഔഷധങ്ങളാൽ നിബിഡമായ ഹിമാലയാ ശിഖരത്തെ കുത്തിയെടുത്തു ലങ്കയിൽ കൊണ്ടുചെന്നു കാര്യനിർവ്വഹണം ചെയ്യുന്നതാണു് കഥ.

മലയാളത്തിലെ ആധുനിക മഹാകവികളിൽ അഗ്രഗണ്യനായ വള്ളത്തോളിൻെറ ഗ്രന്ഥങ്ങളെ കുറിച്ചു് കേരളീയക്കുള്ള മതിപ്പു് സീമാതീതമായി തീർന്നിട്ടുള്ള സ്ഥിതിക്കു് ഔഷധാഹരണം ആട്ടക്കഥയെ കുറിച്ചു് പ്രത്യേകമൊന്നും പറയണമെന്നു വിചാരിക്കുന്നില്ല. ആപാദചൂഡം ലളിതമധുരകോമളമായ ആ കൃതി വായിച്ചിട്ടില്ലാത്തവരും മലയാളികളിൽ അപൂർവ്വമേ കാണുകയുള്ളൂ.

"ലോകങ്ങൾക്കാ 'ധിഹാനിയ്ക്കു' സമകരുണയാ-
ധർമ്മസംരക്ഷചെയ്യും
ഭൂ'കന്യാ' മാസഹായൻ പ്രഭുവരുളിയപോ-
ലൌഷധോർവ്വീധരത്തെ
വൈകല്യംവിട്ടു പൂർവ്വസ്ഥിതിയിലുടനുറ-
പ്പിച്ചു 'താരേശ' വാര-
ശ്രീകക്കും പേരുമായ്ബ്ബാ 'ലക' ദിനകരഭാ-
സ്സാഞ്ജനേയൻ ജയിപ്പൂ."

എന്നു് ഔഷധാഹരണത്തിലെ അവസാന പദ്യംകൊണ്ടു് ൧൦൮൧-ാമാണ്ടു് കന്നിമാസം ൧൩-ാനു- തിങ്കളാഴ്ചയാണു പ്രസ്തുത ഗ്രന്ഥത്തിൻെറ പരിസമാപ്തിയെന്നു് വിചാരിക്കാം. അടുത്തതായി കവിയുടെ വാസനാകവിതാം നോക്കുക.

"ആ ലാക്കിൽക്കൺമിഴിച്ചൊന്നലറിയ നിലജൻ
ചണ്ഡമാം ബാഹുദണ്ഡ-
ത്താലാവോളം പിളൎത്തീടിനമ കരിയുടൻ-
ദിവ്യനാരീവപുസ്സായ്
നീലാകാശത്തു മിന്നൽ പിണരെതിരൊളിയെ-
ച്ചിന്നിയുംകൊണ്ടുനിന്നു.
ദേലാശ്ചൎയ്യം കലൎന്നുള്ളവനൊടു മധുരാ-
ലാപമേവം പറഞ്ഞാൾ."

"പോരിൽപട്ടത ചുരുങ്ങും ചിലസുര-
വൈരികളെ ക്കൊലചെയ്യുതിനാലേ
ഭൂരിമദേന പുളയ്ക്കുന്നു ഭവാ-
ന്മാരിഹപട്ടതിരികത്തും പോലെ-
ഉടനെന്നമ്പുകൾ തൻ കാറേററീ
ച്ചിടകെട്ടീടിന നിങ്ങടെ തലകൾ
അടരിൽ വീഴും ചില പക്ഷിക്കൂട്ടകൾ
വിടപികൾ തന്മേൽ നിന്നെന്നവിധം."

"വത്സ! വിജയിക്കുക നീ മത്സഹോദര! ബന്ധു
വത്സലചിരകാലം സൗമിത്രേ!
ഉത്സാഹനിധേപാരി—ന്നുത്സവമാം മാറിപ്പോൾ
ദുസ്സാധകൎമ്മമല്ലോ നിസ്സംശയം നീ ചെയ്തു
വൈരിഞ്ചകഞ്ചുകത്തെ മാറിൽ ധരിക്കും സുര-
വൈരിയാമതികായൻപാരിൽ മററാക്കജേയൻ
അക്ഷസോദരനെ നീ ലക്ഷ്മണഹനിയ്ക്കയാൽ
രക്ഷസാം പതിലൂന—പക്ഷപക്ഷിയെപ്പോലൊായ

രാവണാത്മജവധാൽ ദേവകൾ മുദാത്തുകം
പൂവണിഞ്ഞു ശോഭിപ്പൂതാവകജടാവല്ലി
വാനരരിതാമോദാൽവാൽവീശിക്കൈകൾകൊട്ടി
വാവിട്ടലറിനിന്നെവാഴ്ത്തുന്നു പലതരം
താഴ്മപൂണ്ടനിന്മുഖം കാൺമവക്കേത്രരമ്യം
കോമളത്തണ്ടൊടിഞ്ഞ താമര പൂവുപോലെ
ചോരവാൎന്നൊഴുകുമീ മാറത്തുചേൎത്തു വീണ്ടും
കൈരണ്ടു കൊണ്ടുമെന്നെവീര ! നീപുണൎന്നാലും.''

പാടി.

"താമരസാക്ഷി ! വരിക കോമളാംഗി ബാലേ !
ശ്രീമയാസുരസുകൃതസ്തോമവിപാകമേ !
നന്മലർപ്പട്ടുവിരിച്ച നിൎമ്മലമീ മെത്ത
മന്മഥജയ ലക്ഷ്മിതൻ മന്ദഹാസം താനോ !
കന്നൽകാറെതിർകുഴലീ ! തന്നംഗാൎപ്പണത്താൽ
ധന്യമാക്കുകിതിനെ നീയെന്നെയെന്നപോലെ
പൊന്മണിവിളക്കൊളികൾ നിൻമൃദുഗണ്ഡത്തെ
ച്ചുംബനം ചെയ്യുന്നു ഹന്തബിംബനകൈതവാൽ
തനപിനാനാപരിമളം ചിന്നിച്ചിളംതെന്നൽ
നിന്നളകങ്ങളെയിതാ മന്ദമിളക്കുന്നു
ഏങ്കലമുത്തുചൊരിയും തങ്കക്കുടങ്ങൾനിൻ
കൊങ്കകളെന്മാറിലാശ്ശുതിങ്കൾ മുഖി ചേൎക്ക-''

"ആരുടെയാശ്രമമിതു മുമ്പുകണ്ടിട്ടില്ല.
ദാരുണം മാൎഗ്ഗവിഭ്രംശം പററീലല്ലീ മമ ?
ചമ്പകം, പനസം, ചൂതം, രംഭ, ഖൎജ്ജൂരം, പന
മുമ്പായമരങ്ങളിങ്ങു ചുററും തിങ്ങി നില്ക്കുന്നു.

മാമര വല്ലീദളങ്ങൾ മരുത്തേററുലയുമ്പോൾ
തൂമലർകൾപോലെ മഞ്ഞു—ത്തുള്ളികൾപൊഴിയുന്നു.
ഉച്ചത്തിൽ ബ്രഹ്മചാരികൾ വേദങ്ങൾ ചൊല്ലും ഘോഷ-
മുച്ചലിക്കുന്നു വിവിധ—പക്ഷിനാദത്തോടൊപ്പം
ആകാശമാഹുതി ധൂമ—വ്യാകുലമായിക്കണ്ടു
കേകികൾ പീലിപരത്തി കേളിപൂണ്ടാടീടുന്നു
കണ്ടു സിംഹത്തിൻദംഷ്ട്രയെ—ക്കരിപോതങ്ങൾബിസ-
ത്തുണ്ടമാണെന്ന് കരുതിത്തുമ്പിയാൽ വലിക്കുന്നു.
കണ്ണുകൾ കുറച്ചടച്ചു കിടക്കും ഹരിണത്തെ
കണ്ഡൂയനം ചെയ്യുന്നു കടുവാ തൻനഖത്താലെ
നാഗമിതാനകുലത്തെ നക്കിയുറക്കീടുന്നു.
യോഗസിദ്ധനേതോ! പൂജ്യനിങ്ങുവാഴുന്നു ദൃഢം
ഏതാകില്ല,മിങ്ങൾപ്പൂക്കാം, പ്പൂതാത്മാവാം മുനിയെ
കൈതൊഴുതനുഗ്രഹവും വാങ്ങിച്ചു പോകതന്നെ"

ഇപ്രകാരം ഹൃദയാനന്ദകരങ്ങളായ ഭാഗങ്ങൾ ഔഷധാ-
ഹരണത്തിൽ ധാരാളം കാണുന്നുണ്ട്.

അതുപോലെതന്നെ കാലനേമി രാവണനോടു പറ-
യുന്ന ഭാഗം നോക്കുക.

"താവകവാഞ്ഛിതസിദ്ധിക്കായ് നിജ
ജീവനുപേക്ഷിപ്പാനും
സേവകനിവനില്ലൊരു മടിയെന്നാ-
ലീവഴിചിതമല്ലയിതേ!
ബാലിനിഷൂദനനോടുവിരോധ-
ത്താലിത്രയു മഴൽപററീ;

മേലിൽനമുക്കുഗുണത്തിന്നവന്നുടെ-
കാലിണസേവിക്കഭവാൻ :

ഈ ഭാഗത്തിൽ നിന്നും യഥാൎത്ഥസേവകകൎത്തവ്യം എന്താണെന്നു കൂടി സ്പഷ്ടമാകുന്നു.

കഥകളിയുടെ പുനരുദ്ധാരണത്തിന് നിരന്തര പരിശ്രമം ചെയ്തുവരുന്ന മഹാകവി വള്ളത്തോൾ ആയുരാരോഗ്യ സമ്പത്സമൃദ്ധിയോടെ വളരെനാൾ ജീവിച്ചു കൈരളിയെ പോഷിപ്പിക്കാൻ സൎവ്വേശ്വരൻ ഇടവരുത്തട്ടെ എന്നു പ്രാൎത്ഥിച്ചുകൊള്ളുന്നു.

ഇദ്ദേഹത്തിൻെറ ജീവചരിത്രം ഞാൻ എഴുതീട്ടുള്ള 'സാഹിത്യസ്ഥാപക'ത്തിൽ ചേൎത്തിട്ടുണ്ട്.

---

# ൧൭. പ്രൊഫസ്സർ വി. കൃഷ്ണൻ തമ്പി അവർകൾ ബി. എ.

---

പ്രസിദ്ധന്മാരായ ആട്ടക്കഥാകർത്താക്കന്മാരെപ്പററിയുള്ള നമ്മുടെ ചർച്ചയിൽ ഇനിയും അവശേഷിക്കുന്നതു് ഈ: പ്രസ്ഥാനത്തിന്ന് ഇന്നു ജീവാവലംബമായിരിക്കുന്ന പ്രൊഫ്സ്സർ വി. കൃഷ്ണൻ തമ്പി അവർകൾ മാത്രമാണ്. കേരളത്തിൽ ഇന്നു ജീവിച്ചിരിക്കുന്ന കവികളുടെ കൂട്ടത്തിൽ അത്യുച്ചമായ സ്ഥാനത്തിന്നു സർവ്വഥാ അർഹനാണ് അദ്ദേഹമെന്നു് ഇതിന്നിടയിൽ സർവ്വവിദിതമായിട്ടുണ്ടു്. പരിപക്വമായ വിജ്ഞാനസമ്പത്തികൊണ്ടും അതിനിശിതമായ ധിഷണാവൈഭവംകൊണ്ടും അത്യുച്ചമായ വാസനാപ്രേരണകൊണ്ടും അദ്ദേഹത്തിൻെറ സാഹിത്യ സമ്പ്രദായം സുരഭിലമാണ്. പൌരസ്ത്യവും പാശ്ചാത്യവും ആയ സാഹിതീസമ്പ്രദായങ്ങളെ ഇത്രത്തോളം ഗാഢമായി അഭ്യസിച്ചതിന്നു ശേഷം മലയാളത്തിൽ കാവ്യപരിശ്രമം ചെയ്യാൻ അദ്ദേഹത്തെ പോലെ അധികം പേർ മുതിന്നിട്ടില്ല. സംസ്കൃതഭാഷയിൽ നിരന്തരമായ പരിശ്രമം കൊണ്ടും ജന്മസിദ്ധമായ സംസ്കാരം കൊണ്ടും അദ്ദേഹത്തിന്നു ലഭിച്ചിട്ടുള്ള സ്വാതന്ത്ര്യം അനന്യലഭ്യമായിരിക്കുന്നു എന്നു് അതിശയോക്തിയുടെ ലേശം കൂടാതെ പറയാവുന്നതാണു്. സംസ്കൃതത്തിൽ ഇത്ര ഭംഗിയായി ഗദ്യപദ്യ രചനയ്ക്കു സാമൎത്ഥ്യമുള്ളവർ ഇന്നു വളരെ ചുരുക്ക

മാണ്. അത്രത്തോളം അതിസുന്ദരമായ ശൈലിയാണ് അദ്ദേഹത്തിന് ആ ഭാഷയിൽ സിദ്ധമായിട്ടുള്ളത്. സംസ്കൃത സാഹിത്യത്തിലും വേദാന്താദി ശാസ്ത്രങ്ങളിലും അദ്ദേഹത്തിനുള്ള നിഷ്ണാതത്വം അത്യന്തം പ്രശംസാർഹമാണ്. പൗരസ്ത്യസംസ്കാരംപോലെതന്നെ പാശ്ചാത്യസംസ്കാരവും കണ്ടറിഞ്ഞും അഭ്യസിച്ചും നന്നേ വശമാക്കാൻ ചെറുപ്പത്തിൽ തന്നെ അദ്ദേഹത്തിന് ഭാഗ്യം സിദ്ധിച്ചു. ആംഗല സാഹിത്യത്തോട് അദ്ദേഹത്തിനുള്ള പരിചയം ഇംഗ്ലീഷ് പ്രഫസ്സറന്മാരെ വിസ്മയിപ്പിക്കത്തക്കതാണെന്ന് അടുത്തു പെരുമാറാൻ സൌകര്യം വന്നിട്ടുള്ള സഹൃദയന്മാക്കെല്ലാം നന്നേ അറിയാവുന്നതാണ്. സാഹിത്യമർമ്മജ്ഞത ഇത്രത്തോളം സിദ്ധമായിട്ടുള്ള വിദ്വാന്മാർ ചുരുക്കമേ കാണുകയുള്ളു. ഇംഗ്ലീഷു കൂടാതെ ലാററിൻ, ഫ്രഞ്ച്, ജർമ്മൻ മുതലായ ഭാഷകളിലും അദ്ദേഹത്തിന് സാമാന്യമായ പരിചയം സിദ്ധിച്ചിട്ടുണ്ട്. അഭ്യാസ ബലം കൊണ്ടും വാസനാബലം കൊണ്ടും ഒരുപോലെ അനുഗൃഹീതനായ ഈ മഹാകവി കേരളഭാഷയോടും കേരളത്തിന് സ്വന്തമായ കലകളോടും കാണിച്ചു പോരുന്ന പ്രതിപത്തി അത്യന്തം പ്രശസ്തമാണ്.

അദ്ദേഹത്തിന്റെ ജീവചരിത്രവിവരങ്ങൾ സാമാന്യമായി മിക്കപേക്കും അറിയാവുന്നതാണെന്നുള്ളതിനാൽ ഇവിടെ വിവരിക്കുന്നില്ല. നാടുനീങ്ങിയ പുണ്യശ്ലോകനായ ശ്രീമൂലംതിരുനാൾ തിരുമനസ്സിലെ സ്യാലനായ ഇദ്ദേഹം ബാല്യകാലം കൊട്ടാരത്തിൽ തന്നെ കഴിച്ചു. പ്രസിദ്ധ കവിയായ കെ. സി. കേശവപിള്ള അവർകളാണു

ബാല്യവിദ്യാഭ്യാസം ചെയ്യിപ്പിച്ചതു്. കേശവപിള്ളയുടെ ശിക്ഷണത്തിൻെറ ഫലമായി ശ്രീമാൻ തമ്പി അവർകൾക്കു അതിബാല്യത്തിലെ സംസ്കൃതത്തിൽ സംസാരിക്കത്തക്ക പാടവം ഉണ്ടായി. പിന്നീടു ആംഗലവിദ്യാഭ്യാസമാരംഭിച്ചു. തിരുവനന്തപുരം രാജകീയ കലാലയത്തിൽ നിന്നു തന്നെ ബി. ഏ. ജയിച്ചശേഷം അദ്ദേഹം ഉന്നതവിദ്യാഭ്യാസത്തിനായി ഇംഗ്ലണ്ടിൽ പോയി. ഫ്രാൻസ്, ജെമ്മനി, ഇംഗ്ലണ്ടു്, അയർലണ്ടു് തുടങ്ങിയുള്ള മിക്ക പാശ്ചാത്യരാജ്യങ്ങളിലും അദ്ദേഹം സഞ്ചരിച്ചിട്ടുണ്ടു്. ഇംഗ്ലണ്ടിൽ രണ്ടു മൂന്നു വഷം കഴിച്ചെങ്കിലും നിർഭാഗ്യവശാൽ ബിരുദങ്ങളൊന്നും സമ്പാദിക്കാതെയാണു തിരിച്ചുപോന്നതു്. തിരുവിതാംകൂർ സർവീസിൽ ഏതു ഉയന്ന ഉദ്യോഗത്തിലും പ്രവേശിക്കാൻ യാതൊരു പ്രയാസവും ഇല്ലാതിരുന്നിട്ടും സംസ്കാരപ്രിയരുടെ ആഡംബരദ്വേഷിയും ശാന്തനും ആയ അദ്ദേഹം സംസ്കൃതകലാശാലയുടെ അദ്ധ്യക്ഷനെന്ന നിലയിലിരിക്കാനേ കാംക്ഷിച്ചുള്ളു. പതിനാലുവഷത്തോളം അതിപ്രശസ്തമായ നിലയിൽ അദ്ദേഹം സംസ്കൃതകലാശാലയുടെ ഭരണം നടത്തി. ഇതിനിടയിൽ ആ സ്ഥാപനത്തിൽ കാലോചിതമായ പല പരിഷ്കാരങ്ങളും അദ്ദേഹം വരുത്തി. അദ്ദേഹത്തിൻെറ ഭരണത്തിൽ ആ കലാശാലയ്ക്കു ബഹുമുഖമായ അഭിവൃദ്ധി സിദ്ധിച്ചു. അന്നന്നു വിദ്യാഭ്യാസാദ്ധ്യക്ഷന്മാരായി ഇവിടെവന്ന വിദേശിയരായ പണ്ഡിതന്മാരെല്ലാം മി. തമ്പി അവർകളുടെ നിശിതമായ ബുദ്ധിയേയും വിപുലമായ പാണ്ഡിത്യത്തേയും സന്തോഷത്തോടെ രേഖപ്പെടുത്തി

യിട്ടുണ്ട്. ഇദ്ദേഹത്തിൻെറ യോഗ്യത അറിഞ്ഞു മദ്രാസു സൎവ്വകലാശാലയിൽ നിന്നും സംസ്കൃതഭാഷയിലെ അതി വിശിഷ്ട ബിരുദങ്ങൾ കൊടുക്കാനുള്ള എം. ഏ., ശിരോ മണി തുടങ്ങിയുള്ള പരീക്ഷകൾക്കു പലപ്പോഴും ഇദ്ദേ ഹത്തെ പരീക്ഷകനായി നിയമിച്ചിട്ടുണ്ട്. രണ്ടു വൎഷ ങ്ങൾക്കു മുമ്പു ബഹുമാനപ്പെട്ട തിരുവിതാംകൂർ ഗവ ൎമ്മെൻറു അദ്ദേഹത്തെ സംസ്കൃതദ്രാവിഡഭാഷകളുടെ അ ദ്ധ്യക്ഷനായി ആൎട്ട്സുകാളേജിൽ നിയമിച്ചു. പണ്ഡിത രാജനായ ഏ. ആർ. തമ്പുരാൻെറ കാലത്തിനുശേഷം രണ്ടായി പിരിഞ്ഞ നാട്ടുഭാഷകൾ ഇദ്ദേഹത്തിൻെറ നിയ മനത്തോടുകൂടി വീണ്ടും ഒരാളുടെ അദ്ധ്യക്ഷതയിൽ യോജി ക്കാൻ ഭാഗ്യം ലഭിച്ചു. ബഹുമുഖമായ പാണ്ഡിത്യം കൊണ്ടും, അസാധാരണമായ ധിഷണാവിലാസംകൊണ്ടും സൎവ്വോപരി വിനയംകൊണ്ടും സൗജന്യംകൊണ്ടും അദ്ദേ ഹം കലാശാലയിലുള്ള സഹാദ്ധ്യാപകപ്രമാണികളുടെ യും അതിലും കൂടുതലായി ശിഷ്യസഞ്ചയത്തിൻെറയും സ്നേഹത്തിനും ബഹുമാനത്തിനും മററുള്ളവൎക്ക് അസൂയാ സ്പദമായ വിധത്തിൽ ഈ ചുരുങ്ങിയ കാലത്തിനുള്ളിൽ പാത്രമായിത്തീൎന്നിട്ടുണ്ടെന്നു രേഖപ്പെടുത്താൻ അനുഭവ സാക്ഷിയായ എനിക്ക് അത്യന്തം സന്തോഷമുണ്ട്. ഇതിൽ കൂടുതൽ വിവരിച്ചു അദ്ദേഹത്തിൻെറ ജീവകഥ കളൊന്നും ഇവിടെ പറയുന്നില്ല. ഇപ്പോൾ മദ്ധ്യവയ സ്സിൽ പൂൎണ്ണാരോഗ്യസൗഭാഗ്യങ്ങളോടെ വൎത്തിക്കുന്ന ഇദ്ദേഹം ഇനിയും ദീൎഘകാലം നമ്മെയും നമ്മുടെ ഭാഷ യേയും പല മഹോപകാരങ്ങൾ കൊണ്ട് അനുഗ്രഹിച്ചു

തിന്നു ശേഷം പുണ്യസ്മരണാൎഹനായി യശഃശരീര മാത്ര നായി ഭവിക്കുന്ന ആവിദൂരകാലത്തിൽ ഭാഗ്യമുള്ള പക്ഷം ഞാൻ തന്നെ ആ കൃത്യം നിൎവ്വഹിക്കാം.

ഇത്രത്തോളം മനസംസ്കാരം സിദ്ധിച്ചിട്ടുള്ള ആളു കളെ വളരെ അപൂൎവ്വമായേ കാണ്മാനുള്ളു. പ്രഭുത്വം, സമ്പൽസമൃദ്ധി, ഉന്നത വിദ്യാഭ്യാസസിദ്ധി, ഉയൎന്ന ഉദ്യോഗം, ഇവയെല്ലാം സാധാരണ ജനതയെ വളരെ ദൂഷിപ്പിക്കാറുണ്ട്. ഇവയെല്ലാം മററുള്ളവരെക്കാൾ കൂടു തലായി മി. തമ്പി അവർകൾക്കുണ്ട്. പക്ഷേ ഇവയോ രോന്നും അദ്ദേഹത്തിൻെറ വിനയത്തെ വൎദ്ധിപ്പിക്കാനും സൌജന്യത്തെ കൂട്ടാനും മാത്രമേ ഉതകിയിട്ടുള്ളു. എ ല്ലാവരേയും സമമായി വീക്ഷിക്കുന്നതിനും ആരേയും സ്നേഹം കൊണ്ടും നയം കൊണ്ടും വശീകരിക്കുന്നതിനും അദ്ദേഹത്തിന് പ്രത്യേകമായ സാമൎത്ഥ്യമുണ്ട്. കഷ്ടത യിൽ ഉള്ളലിവും ഉപകാരത്തിൽ സന്നദ്ധതയും അദ്ദേ ഹത്തിനുള്ള പ്രത്യേക ഗുണവിശേഷങ്ങളാണ്. അടുക്കു ന്നവർ കൃതജ്ഞതാബദ്ധരാകാതെ തിരിച്ചു പോക പതി വില്ല. വിശാലമായ വീക്ഷണവും അഗാധമായ ചിന്ത യും കാൎയ്യഗൌരവത്തിൽ ഉള്ള ശ്രദ്ധയും വിനോദങ്ങ ളിൽ ഉള്ള താല്പൎയ്യവും പരസ്പരം ഇണങ്ങി അദ്ദേഹത്തിൽ എപ്പോഴും തെളിഞ്ഞു കാണാറുണ്ട്. അദ്ദേഹത്തോട് സംഭാഷണത്തിൽ ഏൎപ്പെടുന്നത് ഏതു തരക്കാൎക്കും ലാഭ മാണ്. നാം പറയുന്ന തെററുകളെ പൂൎണ്ണമായി മനസ്സി ലാക്കി അബദ്ധമെന്നു പറയാതെ ശരിയായത് മനസ്സി ലാക്കും; സ്വാഭിപ്രായങ്ങൾ സ്ഥാപിക്കുന്നതിൽ ഔദ്ധത്യം

അശേഷം പ്രദർശിപ്പിക്കാറില്ല. തന്റെ അഭിപ്രായം തെററെന്നു കണ്ടാൽ തിരുത്താൻ മടിയുമില്ല. ഏതു കാൎയ്യത്തെപ്പററിയും ശാസ്ത്രീയമായി ചിന്തിക്കുന്നതിനും സരസമായി പ്രതിപാദിക്കുന്നതിനും അദ്ദേഹത്തിന് വശമാണ്. വലിയ ഒരു കലാകാരന്റേയും കലാരസികന്റേയും നിരൂപകന്റേയും ദൃഷ്ടി അദ്ദേഹത്തിനു വശമാണ്.

അദ്ദേഹത്തെപ്പററി ഏതാനും ചില വിവരങ്ങൾ ഇങ്ങനെ കാണിക്കാനേ ഇവിടെ നിവൃത്തിയുള്ളു; അതുമാത്രമേ ഇവിടെ ആവശ്യവുമുള്ളു. നാശോന്മുഖമായിരിക്കുന്ന കഥകളിയെ പുനരുജ്ജീവിപ്പിക്കുന്ന വിഷയത്തിൽ അദ്ദേഹം ചെയ്തുപോരുന്ന ഗാഢമായ ശ്രമങ്ങളെപ്പററിയാണ് നമുക്ക് പ്രത്യേകിച്ച് ശ്രദ്ധിക്കാനുള്ളത്. സംസ്കൃതത്തിലും മലയാളത്തിലും അദ്ദേഹം ഒട്ടുവളരെ ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. അവയെപററിയൊന്നും ഇവിടെ വിവരിച്ചു പറയുന്നില്ല. സംസ്കൃതകവിതകളിൽ പ്രത്യേകമായും കാണുന്ന രസികത എല്ലാവരേയും വിസ്മയിപ്പിച്ചിട്ടുള്ളതാണെന്നുമാത്രം പറഞ്ഞുംകൊണ്ട് പ്രകൃതത്തിൽ പ്രവേശിക്കാം.

ബാല്യത്തിൽ കൊട്ടാരത്തിലുള്ള കഥകളികണ്ടും ആസ്വദിച്ചും ആ കലയോട് അദ്ദേഹത്തിനു പ്രത്യേകമായ പ്രതിപത്തിയുണ്ടായി. മററു പല കലകൾക്കും സാദ്ധ്യമല്ലാത്ത പല ഭംഗികളും ഇതിലുണ്ടെന്ന് അദ്ദേഹം മനസ്സിലാക്കി. അഭിനയകലയുടെ പാരമ്യം ഇവിടെ മാത്രമാണു സിദ്ധിക്കുന്നത്. നാടകകലയിൽ, വാസ്തവമാലോചിച്ചാൽ അഭിനയം അടിക്കടി വിച്ഛിന്നമായി തീരുന്നത്

കാണാം. കഥകളിയിലാകട്ടേ അഭിനയമാത്രശരണന്മാരായിട്ടാണു നടന്മാരുടെ സ്ഥിതി. യഥാവിധമായ രസപ്രകടനത്തിന് ഒരു കഥകളിനടന് എത്രമാത്രം അഭ്യാസം സിദ്ധിച്ചിരിക്കണം എന്ന് ഒരിക്കലെങ്കിലും ആട്ടം കണ്ടിട്ടുള്ളവരോടു പറയേണമെന്നില്ല. വേഷവിധാനാദികാൎയ്യങ്ങളിൽ പഴമയേ മുറുകെപ്പിടിച്ചിരിക്കുന്നതുകൊണ്ടു് ഇന്നത്തെ അഭിരുചികൾക്കു വ്യത്യാസമായ ചില ബാഹ്യഭാവങ്ങളുണ്ടെങ്കിലും ആന്തരമായ രസത്തെ ഗ്രഹിക്കുന്നതിനു വേണ്ട അഭ്യാസവും സാമൎത്ഥ്യവും ഉള്ളവൎക്ക് ആട്ടം നാടകത്തിനെക്കാൾ രസപ്രദമാണ് എന്നു മൎമ്മജ്ഞന്മാരെല്ലാം സമ്മതിക്കുന്നുണ്ടു്. ബാഹ്യാലംകരണഭൂമികൾ വിരുദ്ധമായി വാദിച്ചുകൊള്ളട്ടെ. അന്തഃസാരവിഹീനങ്ങളായ ഇതരവിനോദസമ്പ്രദായങ്ങളെ അപേക്ഷിച്ചു് എത്രയോ ഉൽകൃഷ്ടമായ ഈ കല രസികന്മാരുടെ അഭാവം ഒന്നുകൊണ്ടുമാത്രം വിലോപമായിപോകുന്നെങ്കിൽ അതു കേരളീയൎക്ക് അപരിഹാൎയ്യമായ ഒരു നഷ്ടമായി തീരുമെന്നു കണ്ടു് കാലോചിതമായ പ്രോത്സാഹനങ്ങൾകൊണ്ടും പരിഷ്കാരങ്ങൾകൊണ്ടും ഈ പ്രസ്ഥാനത്തെ പുനഃപ്രതിഷ്ഠ ചെയ്വാൻ യത്നിച്ചുപോരുന്ന ഇദ്ദേഹത്തിന്റെ ശ്രമം സൎവ്വഥാ ശ്ലാഘ്യമാണ്. ഇമ്മാതിരിയുള്ള മഹാന്മാരുടെ കാലോചിതമായ പ്രോത്സാഹനങ്ങൾ ഇല്ലെങ്കിൽ നമ്മുടെ പ്രാചീനസംസ്കാരാംശങ്ങളായി അവശേഷിക്കുന്ന കലകൾപോലും കാലക്രമംകൊണ്ടു് തീരെ തേഞ്ഞുമാഞ്ഞു പോകുകയേ ഉള്ളു. വടക്ക് മഹാകവി വള്ളത്തോളും തെക്ക് ഇദ്ദേഹവും കഥകളിയെ പുനൎജ്ജീവിപ്പിക്കാൻ വേണ്ട

പരിശ്രമങ്ങൾ ചെയ്തുവരുന്നുണ്ട്. എങ്കിലും അവശ്യമാത്ര ങ്ങളായ പരിഷ്കാരങ്ങൾ ചെയ്ത് കഥകളിയുടെ സ്വരൂപ ത്തെ വികൃതമാക്കാതെ സൂക്ഷിക്കുന്നതിൽ ബദ്ധശ്രദ്ധനാ യിരിക്കുന്ന ഇദ്ദേഹത്തിൻെറ ശ്രമം വലിയ പരിഷ്കാര ങ്ങൾ കൊണ്ട് കഥകളിയുടെ സ്വരൂപംതന്നെ മാറിപ്പോ യേക്കാമെന്നു ഭയപ്പെടാവുന്ന വിധത്തിലുള്ള വടക്കൻ പരിഷ്കാരയത്നത്തേക്കാൾ പലതരത്തിലും ശ്ലാഘ്യ മാണ്. ശ്രീകൃഷ്ണനെ വലിയ ഢാരയുടെ വേഷത്തിൽ കാറിൽ സഞ്ചരിപ്പിക്കുന്നതാണ് ഇന്നത്തെ കാഴ്ചക്കാരെ രസിപ്പിക്കുന്നത് എന്നു വാദിക്കുന്നവരും ഉണ്ടായിരിക്കാം. അവരുടെ ഔചിത്യദീക്ഷയ്ക്കു നമസ്കാരം ചെയ്തു ദൂരെ മാറിപ്പോകാനെ നമുക്കു നിവൃത്തിയുള്ളു. ഇപ്പോൾ ആട്ട ക്കാർ അണിഞ്ഞുകൊണ്ടു വരുന്ന വേഷവിധാനം ശ്രീ കൃഷ്ണൻ വാസ്തവത്തിൽ അണിഞ്ഞിരുന്നതിനു തുല്യമാണോ എന്ന് ഈ പരിഷ്കാരപ്രിയന്മാർ ഒരു 'തകിടംമറിച്ചി ലിനു' സന്നദ്ധരാകാം. അതിനു സമാധാനമുണ്ട്. ശ്രീ കൃഷ്ണനെ കണ്ടവർ ആരുമില്ല. പരമ്പരയായി വിശ്വസി ച്ചുപോരുന്ന ചില കാര്യങ്ങളെ അടിസ്ഥാനപ്പെടുത്തിയാ ണ് കൃഷ്ണാദികളുടെ വേഷവിധാനത്തിൽ പണ്ടേ ചടങ്ങു കൾ ഏർപ്പെടുത്തിയിട്ടുള്ളതു്. ആ വേഷങ്ങൾ കണ്ടാൽ ഇന്നതു ഇന്നതുപോലെയാണ് എന്നു മനസ്സിലാക്കാനും ആ വിധത്തിൽ വിശ്വസിക്കാനും നാം വളരെക്കാലമായി ശീലിച്ചിട്ടുണ്ട്. നേരേമറിച്ചു സായിപ്പിൻെറ വേഷത്തിൽ വന്നാൽ അതു് ശ്രീകൃഷ്ണനോ മറേറാ ആണ് എന്നൊരു ബുദ്ധി സ്വപ്നത്തിലും നമുക്ക് ഉണ്ടാകാറില്ല. ഇതാണ് ക

ലയുടെ മമ്മം; എങ്ങനെയിരുന്നാലും വേണ്ടുകില്ല. കാണുന്ന നിമിഷത്തിൽ കൎത്താവിനാൽ വിവക്ഷിതമായ കാൎയ്യങ്ങളെപററിയുള്ള പ്രതീതി സഹൃദയനുണ്ടാകണം. അത്രയും മതി. ഈ സിദ്ധാന്തം പരിഷ്ക്കാരപ്രിയന്മാർ ഓൎക്കേണ്ടതുണ്ട്. ഇതാണ് തമ്പി അദ്ദേഹത്തിൻെറ ആദൎശവും. ഈ തോതു് അനുസരിച്ചല്ലാതെ കഥകളിയെ കഥയില്ലാത്ത മട്ടിലല്ല അദ്ദേഹം നടത്തിപോരുന്നതു്. രാത്രി പത്തുമണിതൊട്ടു് വെളുക്കുന്നതുവരെ ആടുന്ന പഴയ പതിവു വിട്ടു്, വൈകിട്ടു് ആറു മണിതൊട്ടു് ഒമ്പതു മണിവരെ ആടുകയെന്നാക്കിയാൽ അതു നഗരവാസികളായ പ്രേക്ഷകന്മാൎക്ക് വന്നു കാണാൻ കുറേക്കൂടെ സൌകൎയ്യമാണ്. ആ പരിഷ്ക്കാരം അദ്ദേഹം ഏൎപ്പെടുത്തിയതിനുപുറമെ വേഷവിധാനത്തിൽ പഴയരീതിയിൽതന്നെ അദ്ദേഹം ചില മോടികൾ കൂടി വരുത്തി കാണുന്നവൎക്ക് ഒന്നുകൂടെ ആകൎഷകമാക്കി. ചില ആട്ടക്കഥകളിൽ അപൂൎവ്വമായി കാണുന്ന അസഭ്യങ്ങളും അരോചകങ്ങളുമായ ഭാഗങ്ങളെ അല്പം ചില പരിഷ്ക്കാരങ്ങളെക്കൊണ്ടു് കഥാഗതിക്ക് യാതൊരു ഭേദവും വരുത്താതെ ഭംഗിപ്പെടുത്തി ആടുന്നതിന് വേണ്ട ഏൎപ്പാടുകൾ അദ്ദേഹം ചെയ്തു. പാട്ടുകൾ അൎത്ഥബോധം ഉണ്ടാകത്തക്കവണ്ണം സുസ്പഷ്ടമായി ഉച്ചത്തിൽ പാടണമെന്നും അഭിനയചാതുൎയ്യം സവ്വോപരി ദീക്ഷിക്കേണ്ടതാണെന്നും ഉള്ള പ്രാചീനങ്ങളായ നിയമങ്ങളെ പൂൎണ്ണമായും പ്രയോഗത്തിൽ കൊണ്ടുവന്നു. സമൎത്ഥന്മാരായ കഥകളിക്കാരെ വേണ്ടപോലെ പ്രോത്സാഹിപ്പിക്കാനും അദ്ദേഹം താല്പൎയ്യം പ്രദൎശിപ്പിച്ചുപോ

രുന്നു. അദ്ദേഹത്തിൻെറ നേതൃത്വത്തിൽ ആണ്ടിൽ മൂന്നു തവണ പത്തുദിവസം വീതം കഥകളി അഭിനയം ഒരു മഹോത്സവംപോലെ തിരുവനന്തപുരത്തു കൊണ്ടാടിപ്പോരുന്നു. പ്രാരംഭകാലത്തു് ഈ ഉത്സവത്തിൽ പ്രീതി പ്രദശിപ്പിച്ചവർ ചുരുക്കമായിരുന്നെങ്കിലും ഇന്നു് കഥകളിക്കാലം സഹൃദയന്മാക്കെല്ലാം ഒരു ഉത്സവകാലം തന്നെയാണു്. വിദേശികളും കേരളത്തിലെ ഈ മഹാകലോത്സവം കാണാൻ വരാറുണ്ടു്. മിസ്സസ്സ് ഹാച്ച് എന്ന പ്രസിദ്ധ അമേരിക്കൻ വിദുഷി ഇതിൽ പലപ്പോഴും പങ്കെടുത്തിട്ടുണ്ടെന്നുതന്നെയല്ല, കഥകളി സംബന്ധമായ അവരുടെ പ്രൌഢമായ ഇംഗ്ലീഷ് ഗ്രന്ഥത്തിനു് ഉപകാരകമായ പല കാൎയ്യങ്ങളും മി. തമ്പി അവർകളുടെ സാഹായ്യത്തോടുകൂടി ഇവിടെനിന്നും ഗ്രഹിച്ചിട്ടുണ്ടെന്നുള്ളതും സ്മൎയ്യമാണു്. യൂറോപ്യൻമാരായ മററു ഉദ്യോഗസ്ഥന്മാരും എപ്പോഴും കഥകളി കാണാൻ വരാറുണ്ടു്. ഇക്കാൎയ്യങ്ങളിൽ നിന്നെല്ലാം ശ്രീമാൻ തമ്പി അവർകളുടെ ശ്രമം ഇതിനിടയിൽ എത്രമാത്രം സഫലമായിട്ടുണ്ടെന്നു സുവ്യക്തമാണു്.

ഇനി അദ്ദേഹം രചിച്ചിട്ടുള്ള ആട്ടക്കഥകളെപ്പററി അല്പം ചിലതു ചിന്തിക്കാം. അദ്ദേഹത്തിൻെറ പ്രസിദ്ധമായ നാലു് ആട്ടക്കഥകൾ വല്ലീകുമാരം, താടകാവധം, ചൂഡാമണി, ഉൎവ്വശി ഇവയാണു്. സംഗീതത്തിനും സാഹിത്യത്തിനും ഒരുപോലെ ഉല്ക്കൎഷം ഈ കൃതികളിൽ കാണ്മാനുണ്ടു്. ഗതാനുഗതികത്വം വിട്ടു് നവീനമായ മാൎഗ്ഗത്തിലൂടെ അദ്ദേഹത്തിൻെറ ബുദ്ധി സ്വച്ഛന്ദമായി

സഞ്ചരിക്കുന്ന പ്രകാരങ്ങൾ മേൽപ്പറഞ്ഞ കഥകളിൽ സൎവ്വത്ര കാണ്മാനുണ്ട്. ഉണ്ണായിവാൎയ്യരുടെ കാലത്തിനുശേഷം ഇത്ര ചമല്ക്കാരമുള്ള ആട്ടക്കൃതികൾ വേറെയാരും ഉണ്ടാക്കിയിട്ടില്ല എന്നു തീൎച്ചപറയാവുന്നതാണ്. ശബ്ദശുദ്ധിയും അൎത്ഥരസികതയും അദ്ദേഹം പ്രത്യേകം നിഷ്കൎഷിക്കാറുണ്ട്. ഇടയ്ക്കിടയ്ക്ക് ഉള്ള സംസ്കൃത ശ്ലോകങ്ങൾ സാധാരണ ആട്ടക്കഥകളിലെ "മലയാള സംസ്കൃത" ശ്ലോകങ്ങളെപ്പോലെയുള്ളവയല്ല. മാധുൎയ്യാദി രസങ്ങൾ ഭംഗിയായിചേൎത്തു സംസ്കൃത ശൈലിക്ക് ഏററവും അനുഗുണമായ രീതിയിൽ നിൎമ്മിച്ചിട്ടുള്ള ഈ പദ്യങ്ങൾ ഒന്നാംതരം കാവ്യ പ്രൌഢിയുള്ളവയാണെന്ന് സഹൃദയന്മാർ സമ്മതിക്കും. ഉദാഹരണമായി താടകാവധത്തിൽ രാമനിൽ പ്രണയബദ്ധയായ താടക ശത്രുവായി വന്നിരിക്കുന്നതിനാൽ രാമനോടു യുദ്ധം ചെയ്യാതെ നിവൎത്തിയില്ലെന്നു കണ്ട് രണസന്നദ്ധയായി മുൻപോട്ടു പോകുന്ന വിധം എങ്ങനെ വൎണ്ണിച്ചിരിക്കുന്നതെന്നു നോക്കുക.

"രണം മരണമേവ വാ വിരഹതോ വരം വൃണ്വതീ
പദാനി മൃദു തന്വതീ സപുളകോദ്ഗമാ താടകാ
മുഹുൎവ്വിനയവാരിതാ മുഹുരപിസ്മരപ്രേരിതാ
ജഗാമ വനദേവതാൎപ്പ്ലുലധരാഥ രാമാന്തികം."

ഇവിടെ 'മുഹുർവിനയവാരിതാ മുഹുരപിസ്മര പ്രേരിതാ' എന്ന വിധത്തിൽ വൎണ്ണിക്കപ്പെട്ടിരിക്കുന്ന താടകയെ സംഭാവനംചെയ്യുക. 'മുഹുർ വിനയവാരിത' എന്ന ഭാഗം മഹാകവി കാളിദാസൻെറ "വിനയേന വാരിത പ്രസരഃ" എന്ന ഭാഗത്തെ അനുസ്മരിപ്പിക്കുന്നു. മേലുദ്ധരിച്ച ശ്ലോക

ത്തിൻെറ രസികത എത്രമാത്രം ആലോചനാമൃതമാണെ ന്ന് അഭിജ്ഞന്മാക്ക് അറിയാവുന്നതാണ്. പിന്നെയും,

"ലാവണ്യൈക വിഭൂഷണാം ജനകജാം-
രാമൈക ചിന്താപരാം
ഭൂയോഭത്തൃസമാഗമൈകമനസാ
കൃഌാദസൂൻ വിഭ്രതീം
സവ്വാംഗീണ സുവൎണ്ണഭൂഷണ ഗണൈർ-
ദീപ്ത്യുൽ ബണോരാവണോ-
രൂപേണാപ്രതിമഃ പ്രലോഭന ശതേ-
നോപാസ്ത കാമാതുരഃ." എന്നും,

"കോകിലൈഃ കളനികൂജിതേ പവനപോത-
ശീത മൃദുവീജിതേ
ചഞ്ചരീക കൃതസംക്രതേ ഝടിതി ബോധി-
തോരഘുവരോവനേ
കാഞ്ചി നൂപുരനിശിഞ്ജിതാം ക്ഷണവിലോകി-
താമഥ തിരോഹിതാം
വീക്ഷ്യ സോ ഭജത വിസ്മയം വരവപുഃ
ശ്രിതാമിവവനശ്രിയം"

എന്നും മററും ഉള്ള ഭാഗങ്ങളിലേ ചമൽക്കാരഭംഗി ശ്രദ്ധേ യമാണ്.

വല്ലീകുമാരത്തിൽ സുബ്രഹ്മണ്യൻെറ വല്ലീപരിണയ വും, ചൂഡാമണിയിൽ ഹനുമാൻ ലങ്കയിൽ ചെന്നു സീത യുടെ പക്കൽനിന്നും ചൂഡാമണി വാങ്ങിക്കുന്നതും, ഉവ്വശി യിൽ ഉവ്വശിയുടെയും പുരൂരുവസ്സിൻേറയും കഥയും, പ്ര

തിപാദിക്കപ്പെട്ടിരിക്കുന്നു. മറ്റുപ്രകാരമുള്ള ശൃംഗാരവർണ്ണനാദികൾക്കായി വൃഥാ ക്ലേശിച്ചിട്ടില്ല. വിശേഷമായി ചിന്തിക്കാനുള്ളതു് താടകാവധത്തിൻെറ കാര്യം മാത്രമാണു്. ഈ കൃതി കഥകളിപ്രസ്ഥാനത്തിൽ ഒരു പുതുമ തന്നെയെന്നുവേണം പറയുവാൻ. ശ്രീരാമൻ വിശ്വാമിത്രൻെറ നിർദ്ദേശമനുസരിച്ചു താടകയെ കൊല്ലുന്നു എന്ന പുരാണകഥാംശം പ്രതിപാദ്യമായി സ്വീകരിച്ചു എന്നുള്ളതു വാസ്തവംതന്നെ. പക്ഷേ പല അംശങ്ങളിലും കവിഹൃദയം സ്വാതന്ത്ര്യമായി സഞ്ചരിക്കുന്നതു കാണാം. പുരാണദൃഷ്ട്യാ ഒരു പ്രകാരത്തിൽ കണ്ടുകൊണ്ടിരുന്ന ആര്യരാക്ഷസബന്ധത്തെ വേറൊരു പ്രകാരത്തിൽ കൂടെ കാണിക്കാനാണു കവി ഇവിടെ യത്നിച്ചിട്ടുള്ളതു്. ആലോചനാപൂർവ്വം വായിക്കുന്നവക്കു് പഴയ തരത്തിലുള്ള ആട്ടക്കഥകളിൽ നിന്നു് പല പ്രകാരത്തിലുള്ള വ്യത്യാസങ്ങളും ആശയഗതിയിൽ ഈ കഥയിൽ പ്രത്യക്ഷപ്പെടും. കാവ്യാവസാനത്തിൽ ഉദ്ധരിച്ചിട്ടുള്ള

"രാമമന്മഥശരേണതാഡിതാ
ദുസ്സഹേന ഹൃദയേ നിശാചരീ
ഗന്ധവദ്രുധിരചന്ദനോക്ഷിതാ
ജീവിതേശവസതിം ജഗാമ സാ."

എന്നുള്ള കാളിദാസ പദ്യമാണു് പ്രസിദ്ധമായ പുരാണകഥയെ പരിഷ്കരിച്ചു പറയണം എന്നു് കവിയെ പ്രേരിപ്പിച്ചതു്. ശ്രീരാമനെ മന്മഥനാക്കിയും ശ്രീരാമ ശരങ്ങളെ മന്മഥശരങ്ങളാക്കിയും ശരപാതം കൊണ്ടു് നെഞ്ചിലുള്ള രക്തപ്രവാഹം രക്തചന്ദനാലേപമാക്കിയും താടകയുടെ

മരണം ജീവിതേശവസതിക്കുള്ള യാത്രയാക്കിയും കാളിദാസൻ കല്പിച്ചിട്ടുള്ളതു് ഔചിത്യഹീനം ആയിരിക്കുന്നു എന്നു വാദിക്കുന്ന ആലംകാരികന്മാർ ഉണ്ടു്. അവരുടെ അഭിപ്രായത്തെ ഖണ്ഡിക്കാനാണു് നമ്മുടെ മഹാകവി ഈ വിധത്തിൽ ഒരു ഗ്രന്ഥരചന ചെയ്തതു്. ഇവിടെ സുരാസുരവർഗ്ഗങ്ങളെ വിരോധികളാക്കി കല്പിച്ചിരിക്കുന്നു. പശുഹിംസകൊണ്ടുള്ള യാഗാദി കർമ്മങ്ങളാൽ സുരന്മാരെ പ്രീണിപ്പിക്കുകയാണു മനുഷ്യധർമ്മം.

"പാൽ ചുരന്നു പ്രേമരസ—പ്പാലിരന്നു ഫുല്ലദൃഷ്ടി
പേർത്തരുളും മാതാക്കളാം—പൈക്കളെത്താൻ വധം-
ചെയ്താൽ
സ്വർഗ്ഗവും ലഭിപ്പതാമോ? സുഖദമോ ലഭിക്കിലും?
അന്ധമോഹമി—ന്നെന്തുചൊൽവൂഞാൻ
ചിന്തചെയ്തിലോ ഹന്ത ദുരന്തം-"

എന്ന പ്രകാരത്തിലാണു പശു ഹിംസയെപ്പററി അസുരരുടെ അഭിപ്രായം. ഇതു് അന്നത്തെ അസുരരുടെ അഭിപ്രായമല്ല. സംസ്കൃതാശയനായ കവിയുടെ അഭിപ്രായമാണു്. പക്ഷേ കഥാഗതിയിൽ ഈ വിധമാണു് അസുരർ ചമയുന്നതു്. അവർ നരമാംസഭോജികളാണു്. പക്ഷേ നരമാംസഭോജനം അവർ വീരധർമ്മം അനുഷ്ഠിച്ചാണു് ചെയ്യാറുള്ളതു്. മനുഷ്യർ

"കാകജംബുകാദികൾക്കായി—കൊലവേല കൈയേൾ
സൈ്വരവർത്തനം—വൈരവർദ്ധനം. [പ്പതു്
ധർമ്മകോപനം—ശർമ്മഹരം പരം."

എന്ന് മനുഷ്യരെപ്പററി അവർ ആക്ഷേപിക്കുന്നു. നേരെ മറിച്ച് അവരാകട്ടെ,

"വീരനെപ്പോരാടിക്കൊന്നു—വീരനാമാംസംഭുജിച്ചാൽ
വീരഭാവമവന്നേറും—വൈരവുമപ്പോഴെ തീരും"

എന്ന പ്രകാരത്തിൽ അഭിമാനിക്കുന്നു. യുദ്ധത്തിൽ ജയിച്ചതിനു മേലേ ഒരാളെ കൊന്നു തിന്നാവൂ എന്നായിരുന്നു അവരുടെ ധർമ്മം.

"ഇന്നാമാഹരിപ്പത്—കൊന്നല്ലോ വേണ്ടു നൂനം;
കൊന്നുകൊൾവതും പോരിൽ—വേണമെന്നല്ലോ ധർമ്മം;
പൊരുതുവതിന്നൊവേണ്ടു—പൊരുത്തം പോരാളികൾ-
പൈതങ്ങളിവരോട്—വീരർപോരാട്ടുമോ? [ക്കു്;
കാമ്യവസ്തുക്കൾ കണ്ടു—ധർമ്മം നാം കൈവിടാമോ?
കണ്ഠീരവങ്ങളുണ്ടോ—ജംബുക വൃത്തിപൂണ്മു?
പുലത്തുവിൻ കിഞ്ചിൽകാലം—ധർമ്മമിവർക്കോതുവിൻ
വശത്താവിലെന്നുവന്നാൽ—വെന്നുകൊന്നുഭക്ഷിച്ചീടാം"

എന്നാണ് തന്റെ മുൻപിൽ കൊണ്ടുവന്ന രണ്ടു ബാലന്മാരെ കൊന്നു തിന്നണമെന്ന് പറയുന്നവരോട് താടക പറയുന്നത്. ഇതിൽനിന്ന് എത്രമാത്രം സംസ്കാരസമ്പന്നമായിട്ടാണ് അസുരസമുദായത്തെ കവി ചിത്രണം ചെയ്യുന്നതെന്ന് മനസ്സിലാക്കാം. സുരന്മാരാകട്ടെ പശുവിനെ കൊന്നുള്ള യാഗത്തിൽ തല്പരന്മാരായിരിക്കുന്നു. അസുരന്മാർ പശുക്കളെ കൊന്നു യാഗം ചെയ്തുകൂടാ എന്നു സിദ്ധാന്തിക്കുന്നു. പശുഹിംസചെയ്യുന്ന താപസന്മാരെ നിഹനിക്കുന്നു.

അസുരരാജ്ഞിയായ താടകയുടെ ഇപ്രകാരമുള്ള വിചേഷ്ടിതങ്ങൾകൊണ്ടാണു കവി കഥ ആരംഭിക്കുന്നത്. ഇതിൽ നിന്നു് അസുരരെപററി അനുകൂലഭാവമാണു് പ്രേക്ഷകർക്കുണ്ടാകുന്നത്. വേദവിഹിതമായ യാഗാദികർമ്മത്തെ ധ്വംസിക്കുന്ന അസുരന്മാരിൽ നിന്നും തങ്ങളെ മോചിപ്പിക്കാൻ താപസന്മാർ രാജർഷിയായ വിശ്വാമിത്രനോടു യാചിക്കുന്നു. സ്വയം ക്ഷത്രിയനാണെങ്കിലും തപശ്ചര്യയാൽ ന്യസ്തശസ്ത്രനായ വിശ്വാമിത്രൻ ദശരഥനന്ദനനായ രാമനെക്കൊണ്ടുവന്നു യാഗരക്ഷചെയ്യിച്ചുകൊള്ളാം എന്നു ശപഥം ചെയ്യുന്നു.

ദശരഥൻെറ സദസ്സ് സകലവിധമായ ശാസ്ത്രവാദങ്ങളെക്കൊണ്ടും മുഖരിതമായിരിക്കുന്നു. പ്രത്യക്ഷേതരമായ വസ്തുക്കൾക്ക് പ്രാമാണ്യം കല്പിക്കാതെ ഭോഗാനുഭവങ്ങളിൽ ബദ്ധദീക്ഷപൂണ്ടും മദ്യപാനം സ്ത്രീസേവ തുടങ്ങിയുള്ള ഇന്ദ്രിയസമ്മോദകങ്ങളായ കാര്യങ്ങളിൽ അത്യാസക്തിയോടും വർത്തിക്കുന്ന ചാർവ്വാകന്മാർ ഒരുദിക്കിൽ; യജ്ഞസംബന്ധിയായ അപൂർവ്വസിദ്ധികൊണ്ടു് സ്വർഗ്ഗപ്രാപ്തിമാത്രമാണു് കാമ്യമെന്നും ഈശ്വരസത്തയെ ബഹുമാനിക്കേണ്ടതല്ലെന്നും വാദിക്കുന്ന മീമാംസകർ വേറൊരിടത്തു്; ഭക്തിമാത്രപരായണരായ ഭാഗവതർ വേറൊരിടത്തു്; ബ്രഹ്മവാദികൾ ജീവാത്മാവാദികൾ എന്നിവർ മറെറാരിടത്തു്. ഇവരുടെ എല്ലാം സിദ്ധാന്തത്തെ ഖണ്ഡിച്ചു് കർമ്മപ്രാമാണ്യം തന്നെ സർവ്വോപരിഗണിക്കേണ്ടതാണെന്നു കുലഗുരുവായ വസിഷ്ഠൻ ദശരഥനെ ഉപദേശിക്കുന്നു. ഈ വിധമുള്ള ഉപദേശങ്ങൾ കേട്ടു കൊണ്ടി

രിക്കുന്ന രാജാവിനോടാണ് വിശ്വാമിത്രൻ യാഗരക്ഷ ചെയ്യുവാൻ ശ്രീരാമനെ അയയ്ക്കണമെന്ന് യാചിക്കുന്നത്. മനസ്സില്ലാമനസ്സോടേ രാജാവ് മഹർഷിയുടെ ശാപത്തെ ഭയന്ന് രാമനെ അയയ്ക്കുന്നു. ആര്യധർമ്മത്തെ എന്തായാലും രക്ഷിച്ചുകൊള്ളാമെന്ന് ശ്രീരാമനെക്കൊണ്ടു സത്യം ചെയ്യിപ്പിക്കുന്നു.

"ദയയും ദയിതയും—പ്രിയയും പ്രിയജനവും
തൃണമെന്നെണ്ണിഞാൻധർമ്മ—രക്ഷചെയ്യുവനിന്നു
സത്യം."

ഈ വിധം ഉഗ്രമായ പ്രതിജ്ഞയോടുകൂടി പുറപ്പെടുന്ന രാമൻ സ്വാഭിലാഷങ്ങളെക്കാൾ വിശ്വാമിത്രൻെറ ഉപദേശങ്ങളെ അനുസരിക്കേണ്ടിയിരിക്കുന്നു.

സ്ത്രീവധത്തിൻെറ ധർമ്മാധർമ്മങ്ങളെ പററി വിചാരിക്കാൻ പോലും താടകാവധത്തിന് ശ്രീരാമനെ പ്രേരിപ്പിക്കുന്ന വിശ്വാമിത്രൻ അനുവദിക്കുന്നില്ല.

താടക താപസന്മാൎക്ക് എന്നതു പോലെ ഭയംകരിയായിട്ടല്ല ശ്രീരാമന് പ്രത്യക്ഷപ്പെടുന്നതു്. പ്രഥമദൃഷ്ടിയിൽതന്നെ താടക ശ്രീരാമനിൽ പ്രണയബദ്ധയായിത്തീരുന്നു. ശ്രീരാമനെ ആദ്യമായികണ്ടപ്പോൾ താടകയ്ക്കു് ഉണ്ടായ മനോവികാരം എത്ര സുന്ദരമായി വർണ്ണിച്ചിട്ടുണ്ട് എന്ന് താഴെ ഉദ്ധരിക്കുന്ന ഭാഗങ്ങളിൽ നിന്നും മനസ്സിലാകും.

"കാകപക്ഷസുന്ദരം—ബിംബാകാരമധുരം
ഗണ്ഡമുകുരോജ്ജ്വലം—മന്ദസ്മേരവദനം

കോദണ്ഡശ്രീമഞ്ജുളം—സിംഹസംഹതഗാത്രം
രൂപം നിരുപമം ഭൂ—രാപമിന്നവനിയിൽ
പണ്ടുകണ്ടുമില്ലതെല്ലും—ഇവനോടുതുല്യരുചി."

ഇങ്ങനെയുള്ള വരികൾ കാവ്യരസികതയ്ക്കു പ്രത്യേകം ഉദാഹരണമായതുകൊണ്ട് സവിശേഷമായ ശ്രദ്ധയെ അഹ്ിക്കുന്നു.

"മഹിത്മെന്മാനസ—മതംഗജമതിലേററി
മഹിതരാഗലഹരി—സരിയിൽ നീരാട്ടി
മദനമഹാവിജയ—മഹമഹിമകൊണ്ടാടി
മരുവുകിലൊരുകുറി—മമനനുജീവിത-
മഖിലമിന്നു—സഫലമെന്നു
കരുതുന്നുഞാൻസപദി.''

ഇത്ര ഭംഗിയായ കവിത ഉണ്ണായിവാര്യരുടെ നളചരിതത്തിലൊഴിച്ച് വേറൊരു ആട്ടക്കഥയിലും കണ്ടിട്ടില്ല. ശ്രീരാമൻ താടകയ്ക്ക് മനക്കാമ്പിന്നമൃതമായും മതിക്ക് കാളകൂടമായും പരിണമിക്കുന്നു. അതുകൊണ്ട്

"മതിയേരാജ്ഞിക്കുവേണ്ടു—മനമേ! നീ തകന്നാലും."

എന്ന് സ്വയം ആശ്വസിച്ചിട്ട് വനരാജികളോട് ശ്രീരാമന് പുരുപൂജകളേകുവാനും, ചെറുതെന്നലിനോടു അദ്ദേഹത്തിൻെറ മൃദുമേനി പുണരാനും ആജ്ഞാപിക്കുന്നു. സ്വമനോവല്ലഭനായ് ചമഞ്ഞ ശ്രീരാമന് തനിക്കു ചെയ്യാൻ ഇഷ്ടമുള്ള സപര്യാവിധാനങ്ങൾ സ്വച്ഛന്ദമായി ചെയ്യാൻ കഴിവുള്ള ഇവററയോട് താടക അസൂയപ്പെട്ടു

ന്നതായി ഈ ആജ്ഞകളിൽ ധ്വനിക്കുന്നുണ്ട്. താടകയുടെ വരവിൽ ശ്രീരാമന്ന് വനലക്ഷ്മി വരുന്നതായിട്ടാണ് തോന്നുന്നത്. ഇതിൽ നിന്നും താടകയുടെ രൂപസൗഭാഗ്യവും വേഷവിലാസവും അനുമേയമാണ്. ശ്രീരാമനോട് യുദ്ധം ചെയ്വാൻ താടകയാൽ നിയോഗിക്കപ്പെട്ടവളാണ് താൻ എന്നും അസുരന്മാരോടു ശ്രീരാമൻ സന്ധിചെയ്യുന്നു എങ്കിൽ അതു് താടകയ്ക്കു ഹിതകരമായിരിക്കുമെന്നും അവൾ അറിയിക്കുന്നു. അതിനുത്തരം

"സുരഹിതം സവനംമുടക്കും—
അസുരരും നരരുംനിരക്കുമോ?" എന്നാണ്.

ഈ സംഭാഷണം ഇങ്ങനെ നടക്കുമ്പോഴേക്കും താടകാഗമത്താൽ ഭയപ്പെട്ട താപസന്മാർ വിലപിച്ചു കൊണ്ടു് ശ്രീരാമനെ ശരണം പ്രാപിക്കുന്നു. ശ്രീരാമൻ സ്ത്രീവധംചെയ്വാൻ മടിക്കുന്നു. അതു് അപവീര്യമാണെന്നും അനാര്യമാണെന്നും വിശ്വാമിത്രൻ പഴിക്കുന്നു. അസുരർ ആര്യധർമ്മധ്വംസകരാണെന്നും അതുകൊണ്ട് അവരോട് കനിവിനവകാശമില്ലെന്നും ആദ്യം ചെയ്തിട്ടുള്ള പ്രതിജ്ഞയനുസരിച്ചു തന്റെ ആജ്ഞയെ ഇപ്പോൾ അനുസരിക്കണമെന്നും വിശ്വാമിത്രൻ നിർബന്ധിക്കുന്നു. മനസില്ലാതെങ്കിലും വിശ്വാമിത്രന്റെ ആജ്ഞയെ കൈക്കൊണ്ട്,

"ധീരനല്ല രാമനവളെ അക്ഷിലക്ഷ്യമാക്കയില്ല
ധീരർ നിങ്ങളെങ്കിൽ പൂകിൻ മനസാ ഞാൻ നിന
ക്കും ലക്ഷ്യം"

എന്നു് തന്റെ ശരങ്ങളോടു ആമന്ത്രണം ചെയ്തു് ശ്രീരാമൻ അയയ്ക്കുന്നു. രാമശരങ്ങളാൽ നിഹതയായ താടകം മരണവേദനയോടു്

"ക്രന്ദം ക്രന്ദം രാമരാമേതി ബാലാ
നിന്ദം നിന്ദം സ്വാംഗതിം തം ന ദൃഷ്ട്വാ
ദീനാ ദൃനാ താടകാ കാനനാന്തേ
ശയ്യാം ശല്യൈഃ കല്പിതാം സ്മാധിശേതേ."

രാമനോടു് പ്രണയബദ്ധയായ താടക നിരപരാദ്ധയായ തന്നെ വധിച്ചതു് കഷ്ടമായിപ്പോയെന്നും ശ്രീരാമന്റെ മുഖം കാണുന്നേടത്തോളം പ്രാണൻ വെടിയുകയില്ലെന്നും വിലപിക്കുന്നു. അപ്പോഴാണു് താൻ കൊന്നതു് താടകയെ തന്നെയാണെന്നു് ശ്രീരാമനു് മനസ്സിലാകുന്നതു്. ശ്രീരാമൻ അവൾക്കു് നിത്യമംഗളം ഉണ്ടാവാൻ അനുഗ്രഹിക്കുന്നു. ഇങ്ങനെയാണു് ശ്രീമാൻ തമ്പി. അവർകൾ കാളിദാസന്റെ ലോകോത്തരപ്രതിഭാവത്വത്തെ സമത്ഥിക്കുന്നതു്. ആദ്യന്തം ഒരു പുതുമ ആശയഗതിയിൽ കടന്നു കൂടിയിട്ടുണ്ടു്. പുരാണ കഥയെ അടിച്ചുടച്ചു് ഈ വിധം നവീകരിച്ചതിൽ കാണിച്ചിട്ടുള്ള ചാതുയ്യം അന്യാദൃശമാണു്. താടകാവധം കഥകളിപ്രസ്ഥാനത്തിൽ എന്നും അക്ഷയഭാസ്സോടെ വിളങ്ങും.

അദ്ദേഹത്തിന്റെ ഇതരകൃതികളേയും ഇതുപോലെ ചച്ച് ചെയ്താൽ കൊള്ളാമെന്നുണ്ടു്. പക്ഷെ സ്ഥലച്ചുരുക്കം കൊണ്ടു് അതിനുദ്യമിക്കുന്നില്ല. എല്ലാ കൃതികളും തന്നെ മുൻ സൂചിപ്പിച്ചതു പോലെ രസപൂണ്ണങ്ങളാണു്.

യഥാർഹമായ പ്രശസ്തി അവയ്ക്കെല്ലാം ഇനിയും കിട്ടയി ട്ടുണ്ടോ എന്നും സംശയമാണ്.

ഈ കഥകൾ എല്ലാം തിരുവനന്തപുരത്ത് പല പ്പോഴും അഭിനയിച്ചിട്ടുള്ളതാണ്. വല്ലീകുമാരവും ചൂഡാ മണിയും പ്രത്യേകമായ അഭിനന്ദനത്തിന് പാത്രമായിട്ടു മുണ്ട്. കേരളകലാമണ്ഡലത്തിന്റെ ആഭിമുഖ്യത്തിൽ 'ഉർവ്വശി' രണ്ടു മൂന്നുവട്ടം അഭിനയിപ്പിച്ചിട്ടുണ്ട്.

അദ്ദേഹത്തിന്റെ കഥകളിലുള്ള ഗാനങ്ങളുടെ രസി കത ഒന്നു പ്രത്യേകം തന്നെയാണ്. താടകയുടെ വിചാര മായി മുൻപ് ഉദ്ധരിച്ചിട്ടുള്ള ഗാനം തന്നെ മുഖ്യ ഉദാഹര ണമാണ്. ചൂഡാമണിയിൽ രാവണരംഗത്തിലുള്ള രാവ ണന്റെ ആത്മഗത രൂപമായിട്ടുള്ള പാട്ട് അത്യന്തം ശ്ലാഘാർഹമാണ്.

വല്ലീകുമാരം എഴുതി ഇദ്ദേഹം പ്രിയസ്യാലനായി രുന്ന ശ്രീമൂലം തിരുനാൾ മഹാരാജാവു് തിരുമനസ്സി ലെ തൃപ്പാദങ്ങളിൽ സമർപ്പിച്ചു. സഹൃദയാഗ്രണിയായി രുന്ന ആ രാജർഷി അതു കണ്ട് അത്യന്തം സന്തോഷിച്ച് ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ വച്ചു് അതു അരങ്ങേ റ്റം ചെയ്യാൻ കല്പിച്ചു. താടകാവധം തിരുവട്ടാററു അമ്മവീട്ടിൽവെച്ചും, ചൂഡാമണി വടശ്ശേരി അമ്മവീട്ടിൽ വെച്ചും, ഉർവ്വശി മഹാകവി വള്ളത്തോളിന്റെ മേൽ നോട്ടത്തിൽ കേരളകലാമണ്ഡലത്തിന്റെ ആഭിമുഖ്യ ത്തിൽ കൊച്ചിയിൽവെച്ചുമാണ് അരങ്ങേററം നടത്തി യതു്.

ഇപ്പോൾ തന്നെ വിചാരിച്ചതിൽ അല്പം കൂടുതൽ ദീൎഘമായിപ്പോയ ഈ ഉപന്യാസം ഇനിയും നീട്ടുന്നില്ല. കഥകളിക്കു് ഇന്നു് തെക്കു സിദ്ധിച്ചിട്ടുള്ള പ്രചാരം അദ്ദേഹത്തിന്റെ ശ്രമത്തിൽ നിന്നാണെന്നു് എല്ലാവരും സമ്മതിക്കും. കേരളീയർ ഇക്കാൎയ്യത്തിൽ അദ്ദേഹത്തോടു് വളരെ കടപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിന്റെ ശ്രമംകൊണ്ടു് കഥകളിക്കു് ഉത്തരോത്തരമായ ഉണർവ്വും ശ്രേയസ്സും ഉണ്ടാകട്ടേ! അദ്ദേഹത്തിന്നു് ദീൎഘായുരാരോഗ്യഭാഗ്യങ്ങൾ ഈശ്വരാനുഗ്രഹത്താൽ സിദ്ധിക്കട്ടേ!

---

# അനുബന്ധം ഏ.

ഇന്ന് കേരളത്തിൽ കൂടുതൽ പ്രചാരത്തിലിരിക്കുന്ന മററു ചില ആട്ടക്കഥകളും അവകളുടെ കൎത്താക്കന്മാരും.*

---

## ൧. കിളിമാനൂർ ചെറുണ്ണി കോയിത്തമ്പുരാൻ.

---

ചെറുണ്ണി കോയിത്തമ്പുരാൻ തിരുമനസ്സിലെ ജനനം എപ്പോഴാണെന്ന് തീൎച്ചകല്പിക്കുവാൻ യാതൊരു ലക്ഷ്യവും കാണുന്നില്ല. ഇദ്ദേഹം വിശാഖം അശ്വതി തിരുനാൾ തിരുമനസ്സിലെ പിതാവായിരുന്നു. ആ സ്ഥിതിക്ക് കൊല്ലവൎഷം ൯൦൦-ത്തിനും ൧൦൦൦-ത്തിനും മദ്ധ്യേ ജീവിച്ചിരുന്നുവെന്ന് അനുമാനിക്കാം.

ഇദ്ദേഹം, കംസവധം, രുഗ്മിണീസ്വയംവരം, എന്നീ രണ്ടാട്ടക്കഥകൾ രചിച്ചിട്ടുണ്ട്. എന്നാൽ രുഗ്മിണീസ്വയംവരം അച്ചടിയില്ലാതെ കിടക്കുന്നു. കംസവധം അച്ചടിച്ചിട്ടുണ്ട്. ധാരാളം അഭിനയിക്കുന്നുമുണ്ട്. കംസവധത്തിൽ സാഹിത്യഗുണം അല്പവിരളമാണെങ്കിലും ആടിക്കാണാൻ നല്ലതാണ്. അരങ്ങു മുഷിപ്പിക്കുന്ന രംഗങ്ങൾ അതിൽ കാണുന്നില്ല. വിശിഷ്യ, ഭഗവാൻ ശ്രീകൃഷ്ണൻെറ ബാലലീല ആരെയാണ് ആനന്ദിപ്പിക്കാത്തതു് ?

---

* ഇവരുടെ കൂടുതൽ വിവരണങ്ങൾ മൂന്നാംഭാഗത്തിൽ ചേൎക്കുന്നതാണ്.

# ൨. പുതിയിക്കൽ തമ്പാൻ.

പുതിയിക്കൽ തമ്പാൻ ചേർത്തലക്കാരനാകുന്നു. കാർത്തികതിരുനാൾ തിരുമനസ്സിലെ ഒരാശ്രിതനായി വളരെക്കാലം തിരുവനന്തപുരത്തു് താമസിച്ചിട്ടുണ്ടു്. ആ കാലത്തിൽ അദ്ദേഹം കാർത്തവീര്യവിജയം, രാമാനുകരണം എന്നീ രണ്ടാട്ടക്കഥകൾ രചിച്ചിട്ടുണ്ടു്.

കാർത്തവീര്യവിജയത്തിൽ രാവണൻെറ ഭാഗം (കമലദളം എന്നു സാധാരണ പറയും) വിന്ധ്യാദ്രിവർണ്ണനം, ഇത്യാദി ഭാഗങ്ങൾ ആടി കാണാൻ വളരെ രസമുള്ളതാകുന്നു. ഗ്രന്ഥകർത്താവിൻെറ അസാധാരണമായ സംസ്കൃതപാണ്ഡിത്യം പ്രസ്തുത കൃതികളിൽ നിഴലിച്ചു കാണുന്നുണ്ടു്.

സാനന്ദംവന്ദിവൃന്ദൈരകൃതകവചസാ-
സാധുസംസേവ്യമാനം
ഭ്രാജന്മഞ്ജീരകാഞ്ചീ കടക മകുടഹാ-
രാദിഭേദീപ്യമാനം
ശ്രീമന്നീലാംബുദാഭം ഭവ ഭയശമനം
ദേവമാനന്ദ സാന്ദ്രം
സ്യാനന്ദൂരാലയേശം ഫണി പതിശയനം
ഭാവയേ പത്മനാഭം."

എന്ന വന്ദനശ്ലോകം കൊണ്ടു് തമ്പാൻ തിരുവനന്തപുരത്തു് താമസിച്ചിരുന്ന കാലത്താണ് ആട്ടക്കഥകൾ രചിച്ചതെന്ന് അനുമാനിക്കാം.

# ൯. ഇരട്ടകുളങ്ങര വാരിയർ.

---

ജീവിതകാലം ൯൦൦—൯൩൪—നും മദ്ധ്യേ

വാരിയർ ചിത്രമെഴുത്തുകാരനും, കവിയും, ഭക്തനുമായിരുന്നു. അദ്ദേഹത്തിന്റെ വ്യുല്പത്തി അത്ര പ്രശംസിക്കത്തക്കതല്ല. ഇദ്ദേഹത്തിന്റെ പ്രധാനകൃതി, കിരാതം ആട്ടക്കഥയാകുന്നു. ഗ്രന്ഥരചനയിൽ പലയിടത്തും വ്യാകരണ തെററുകൾ വന്നു പൊയിട്ടുണ്ട്. വാരിയരുടെ അന്ത്യദശയിലാണ് ആട്ടക്കഥ എഴുതി തീർത്തത്. അതിൽ

"ജന്മമൊട്ടുങ്ങുവാൻ വരം
കന്മഷാരേതരേണമേ :
...............................
ജീവിച്ചതു പോരും പോരും."

എന്ന പ്രയോഗം അറമായി തീൎന്നുവെന്നു പറയുന്നു.

പ്രസ്തുതഭാഗം, ഇരട്ടകുളങ്ങര ക്ഷേത്രത്തിൽ പ്രദക്ഷിണം വെച്ചു കൊണ്ടിരിക്കുമ്പോൾ തോന്നുകയും ഉടൻ തന്നെ തന്റെ മടിക്കുത്തിലിരുന്ന നാരായവും ഓലയും എടുത്ത് ആ ഭാഗം എഴുതുകയും അതിന്നു ശേഷം ക്ഷേത്രത്തിൽ നിന്നും പ്രസാദം വാങ്ങിയുംകൊണ്ട് വെളിയ്ക്കു ഇറങ്ങിയഉടൻ അവിടെ നിന്നിരുന്ന ഒരു മദിച്ച കാള കുതിച്ചു ചാടി വാരിയരെ കുത്തുകയും, വാരിയർ ഉടൻ ബോധം കെട്ടു വീഴുകയും ചെയ്തു.

അവിടെ നിന്നവർ വാരിയരെ എടുത്തു് വാൎയ്യത്തു കൊണ്ടു പോകയും അതിന്റെ നാലാം ദിവസം വാൎയ്യർ പരലോകം പ്രാപിക്കയും ചെയ്തതായി പറയുന്നുണ്ടു്.

കിരാതം ആട്ടക്കഥയ്ക്കു് ഇന്നു് കേരളത്തിൽ വളരെ പ്രചാരമുണ്ടെന്നുള്ളതും അത്യന്തം സ്തുത്യൎഹമാണു്.

# ൪. കുഞ്ചൻനമ്പ്യാർ

തുള്ളൽക്കഥകളുടെ പ്രണേതാവും കേരളസാഹിത്യനഭോമണ്ഡലത്തിലെ ഉജ്ജ്വലതാരവുമായ കലക്കത്തു കുഞ്ചൻനമ്പ്യാർ കൊല്ലവർഷം എണ്ണൂററിഎമ്പതാമാണ്ടിടയ്ക്കു് കൊച്ചി സംസ്ഥാനത്തു് തിരുവില്വാമലയ്ക്കു സമീപം മലബാറിലുള്ള കിള്ളിക്കുറിശ്ശി മംഗലത്തു് ജനിച്ചു. അദ്ദേഹത്തിൻെറ മാതാപിതാക്കന്മാരെ കുറിച്ചു് സൂക്ഷ്മമായ അറിവൊന്നും ഇതേവരെ ആക്കും ലഭിച്ചിട്ടില്ല. അച്ഛൻ, ബ്രാഹ്മണനാണെന്നും അതല്ല, നമ്പ്യാരാണെന്നും പക്ഷാന്തരങ്ങൾ ഉണ്ടു്.

നമ്പ്യാർ സംസ്കൃതത്തിൽ കാവ്യനാടകാദികളും വ്യാകരണവും, അഭ്യസിച്ചിരുന്നുവെന്നു് അദ്ദേഹത്തിൻെറ ചില കൃതികളിൽ നിന്നും അനുമാനിക്കാം.

നമ്പ്യാർ കാർത്തികതിരുനാൾ തിരുമനസ്സിലെ ഒരാശ്രിതനായിരുന്നു. കവികുല സാമ്രാട്ടായ നമ്പ്യാർ നൂററിൽ ചില്വാനം തുള്ളൽക്കഥകളും, ഒൻപതു് ആട്ടക്കഥകളും, കിളിപ്പാട്ടു്, മണിപ്രവാളം, മുതലായ അനേകം മററിതര കൃതികളും രചിച്ചിട്ടുണ്ടു്. അവയിൽ മിക്കതും പുറത്തു് വന്നിട്ടുമുണ്ടു്.

നമ്പ്യാർക്കു് തുള്ളൽക്കഥയോടുള്ള പ്രതിപത്തി പോലെ ആട്ടക്കഥകളിലുണ്ടായിരുന്നില്ല. എന്നാൽ കാർത്തികതിരുനാൾ തിരുമനസ്സിലെ പ്രീതിക്കുവേണ്ടിയാണു് ആട്ടക്കഥാരചനയിൽ മനസ്സു് പതിഞ്ഞതു്.

ആട്ടക്കഥയിലെ കവിതാരീതി വളരെ മോശമാണ്. പ്രയോഗങ്ങൾ അധികവും തുള്ളൽ രീതിയിലാണ് കാണുന്നത്. അതുകൊണ്ടായിരിക്കാം ഇപ്പോൾ ഉപയോഗശൂന്യമായി കാണുന്നത്. ബാണയുദ്ധം, കൈലാസയാത്ര, ഗോവർദ്ധനയാഗം, രാസക്രീഡ, രുഗ്മിണീസ്വയംബരം സ്യമന്തകം, കംസവധം, ശംബരവധം, പാലാഴിമഥനം ഇങ്ങനെ ഒൻപത് ആട്ടക്കഥകൾ എഴുതിയിട്ടുള്ളതിൽ ശംബരവധവും പാലാഴിമഥനവും മാത്രമേ ഇപ്പോൾ അച്ചടിച്ചു കാണുന്നുള്ളു. അച്ചടിച്ചിട്ടുള്ള പാലാഴിമഥനം നമ്പ്യാരുടെ കൃതിയായി ആരും വിചാരിക്കുന്നില്ല. ഭാഷാചരിത്ര കർത്താവ് ശ്രീമാൻ, ഗോവിന്ദപിള്ള രവീശ്വരത്ത് കൃഷ്ണവാര്യരുടെ കൃതിയായും മി. എസ്സ്. ററി. റഡ്യാർ ഗ്രന്ഥകർത്താവ് ആരാണെന്ന് നിശ്ചയമില്ലെന്നും അഭിപ്രായപ്പെട്ടു കാണുന്നു.

എന്നാൽ ഇപ്പോൾ അച്ചടിച്ചിട്ടുള്ള പാലാഴിമഥനം നമ്പ്യാരുടെ കൃതിയാണെന്നുള്ളതിന് സംശയമില്ല. ശംബരവധത്തിലേയും പാലാഴിമഥനത്തിലേയും കവിതാരീതി പരിശോധിക്കുന്ന പക്ഷം രണ്ടും ഒരാളുടെ കൃതിയാണെന്ന് ഏവക്കും ബോദ്ധ്യപ്പെടും. കൂടാതെ ശംബരവധത്തിൽ നാരദാദി ഋഷികൾ ശ്രീകൃഷ്ണനെ സ്തുതിക്കുന്ന

"നന്ദ നന്ദന നയനാനന്ദ !
സുന്ദരാനന്ദ ! വന്ദേ ! വന്ദേ !
നന്ദിതലോക മുകുന്ദ മുരാന്തക-
മന്ദരപർവ്വത ധാരകശൌരേ !
കേശവ മാധവ മാമവസാധോ

കേശിവിനാശന കേവലമൂത്തേ
പേശലകൌശല ദേശനദേശിക
ഫേശരണം ഭവനാശയപാപം
അച്യുത രാഘവ രാവണ നാശന
സച്ചിദനാമയ പന്നഗശായിൻ
സച്ചരിതാമൃത സാരസലോചന
നിശ്ചലശീല നിരഞ്ജന കൃഷ്ണ
കാരണ പൂരുഷ കംസവിനാശന
ചാരണസേവിത ചാരുദയാലോ
പാരണ പാലക വാരിജലോചന
ദാരുണവൈരി വിദാരണ! വന്ദേ!

എന്ന പദം പാലാഴിമഥനത്തിൽ ദുർവ്വാസസിനും നൾകീട്ടുണ്ട്. ഈ ഒരു കാരണത്താൽ തന്നെ രണ്ടും ഒരാളുടെ കൃതിയാണെന്നും കവിതാരീതികൊണ്ട് കത്താവു് നമ്പ്യാരാണെന്നും തീച്ചപ്പെടുത്താം. ആകപ്പാടെ നമ്പ്യാരുടെ ആട്ടക്കഥകൾക്ക് പ്രചാരം വളരെ കുറവായിട്ടാണു് കാണുന്നതു്.

ഈ മഹാകവിയുടെ കവിതാപ്രകടനസാമത്ഥ്യം തുള്ളൽകഥകളിൽ നിന്നും കേരളീയക്ക് ലഭ്യമാണല്ലോ.

കൂടുതൽ വിവരണങ്ങൾ ഞാൻ എഴുതിയിട്ടുള്ള "സാഹിത്യസ്ഥപകം" എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചിട്ടുണ്ട്.

---

# ൫. മണ്ഡവപ്പള്ളി ഇട്ടിരാരീശമേനോൻ.

---

കാലം ൯൭൦—നും ൯൯൦—നും മദ്ധ്യേ

ഇട്ടിരാരീശമേനോൻെറ സ്വദേശം അമ്പലപ്പുഴയാകുന്നു. അദ്ദേഹം കാൎത്തികതിരുനാൾ തിരുമനസ്സിലെ ആശ്രിതനായി വളരെക്കാലം തിരുവനന്തപുരത്തു് താമസിച്ചിരുന്നു.

ആ കാലത്തിൽ അദ്ദേഹം, 'സന്താനഗോപാലം, രുഗ്മാംഗദചരിതം, ബാണയുദ്ധം, എന്നിങ്ങനെ മൂന്നു് ആട്ടക്കഥകൾ രചിച്ചിട്ടുണ്ടു്. അതിൽ ബാണയുദ്ധം മാത്രം വെളിക്കുവന്നിട്ടില്ല. മററു രണ്ടു കഥകൾക്കും വളരെ പ്രചാരമുണ്ടു്. മേനോൻ ആട്ടക്കഥകൾ എഴുതി, കാൎത്തികതിരുനാൾ തിരുമനസ്സിലേക്കു് അടിയറവയ്ക്കുകയും, അദ്ദേഹം വായിച്ചുനോക്കി സസന്തോഷം വീരശൃംഖല നൽകിയതായും കേൾവിയുണ്ടു്. മേനോനു് ശബ്ദക്കൊഴുപ്പിനും, പ്രാസത്തിനും ഉള്ള ഭ്രമം അതികലശലായിരുന്നു. ഉദാഹരണത്തിനു്

"തിരുവുള്ളപ്പെരുവെള്ളത്തിരതള്ളും
വിരുതുള്ളനരനുള്ളിലലമല്ലലെഴുമല്ല" എന്നു തുടങ്ങുന്ന ഭാഗം നോക്കുക.

സന്താനഗോപാലത്തിനു് അദ്ദേഹത്തിൻെറ മററു രണ്ടു കഥകളെക്കാളും കൂടുതൽ പ്രചാരം കാണുന്നുണ്ടു്.

---

# ൩. ബാലകവിരാമശാസ്ത്രികൾ.

ബാലകവി രാമശാസ്ത്രികളെപ്പററി യാതൊന്നും അറിയുവാൻ സാധിച്ചിട്ടില്ല. ഇദ്ദേഹത്തിൻെറ പ്രധാന കൃതി, ബാണയുദ്ധം ആട്ടക്കഥയാകുന്നു. കവിത വളരെ നല്ലതാണ്. അവയിൽ കാവ്യരസത്തിനും സംഗീതരസത്തിനും ലോപം വരുത്തീട്ടില്ല. ആടുന്നതിനും വകയുണ്ട്.

"ലീലോദ്യാനേപികഗളഗളൽ കാകളീരാവരമ്യേ" എന്നു തുടങ്ങുന്ന പദ്യം,

"സാരസാക്ഷിമാരണിയും, ചാരുവതം സമേ!" ഇത്യാദി തുടങ്ങുന്ന ബാണൻെറ ശൃംഗാരപ്പദം,

"മുഗ്ദ്ധമൃഗലോചനേ സ്നിഗ്ദ്ധമൃദുഭാഷിണീ!" എന്നു തുടങ്ങുന്ന ഉഷാ അനിരുദ്ധൻെറ ശൃംഗാരപ്പദം മുതലായവ വിശേഷപ്പെട്ട ഭാഗങ്ങളാകുന്നു.

ബാണയുദ്ധം ആട്ടക്കഥയ്ക്കുള്ള പ്രചാരവും വൎദ്ധിച്ചു വരുന്നുണ്ട്.

ബാണയുദ്ധം കഥയിൽ ഉഷയും ചിത്രലേഖയുംകൂടി ഒരുമിച്ച് നൃത്തം ചെയ്യുന്ന സാരിപ്പദം നോക്കുക.

സുന്ദരിമാർ മണിബാണ—നന്ദിനിയും സഖി-
വൃന്ദമോടു മൊത്തുചേൎന്നു—ഭംഗിയോടേ
ചന്ദ്രകരരഞ്ജിതമാം—ചന്ദ്രശാലോപരി
ചന്ദ്രമുഖിചെന്നുകളി—യാടിമന്ദം
ആളിമാർനടുവിൽ പന്തുകൊണ്ടങ്ങിനെ
മാളികമുകളിൽ വിള—യാടി നീളേ

കന്തളഭാരമഴിഞ്ഞതിടംകൈ—കൊണ്ടു താങ്ങിക്കൊണ്ടു
പന്തണിമുലയാം പന്തുവലംകൈ—കൊണ്ടടിച്ചും"

നില്ക്കുന്നു. ആ ഘട്ടത്തിൽ ഉഷയുടെ "ബന്ധുരഗാത്രമുലഞ്ഞു വലഞ്ഞതറിഞ്ഞു" തോഴി ചിത്രലേഖ, "അന്തികസീമനി ചെന്നുവിലക്കി"യിട്ട്

"മതിമതിവിഹാരമിതി—അതിമധുരവചനേ
അധികതരമായാസം—അധുനാഭവിച്ചുതേ
തലമുടിയഴിഞ്ഞതും—തിലകമതലിഞ്ഞതും
മുലയിണയുലഞ്ഞതും—പലതുമിതികാൺകയാൽ"

എന്നിങ്ങനെ പറയുന്നു. എന്നു മാത്രമോ. ചിത്രലേഖ ഒരു ഉത്തമതോഴിയും ചിത്രനിർമ്മാണവിദഗ്ദ്ധയും ആയിരുന്നതുകൊണ്ടാണ് ഉഷയ്ക്കു് സ്വാഭിലാഷം നിഷ്പ്രയാസം നിറവേററാൻ സാദ്ധ്യമായത്.

ദ്വാരകാപുരിയിലുള്ള ബലവത്തരവും അതിമനോഹരവുമായ മാളികമുകളിൽ സുവർണ്ണനിർമ്മിതമായ പല്യങ്കത്തിൽ സസുഖം ശയിച്ചു നിദ്രയെ പ്രാപിച്ചിരുന്ന വീരനും സുന്ദരനുമായ അനിരുദ്ധനെ മായാപ്രയോഗംകൊണ്ടു ചിത്രലേഖ വഹിച്ചു കൊണ്ടുവന്നു തൻെറ സഖിക്ക് നൽകിയിട്ടു്,

"പേശലാനനേകാൺക—കാന്തനെ ക്ഷപാശശാങ്കനെ
ക്ലേശമകലെ നീക്കി—കേശവപൌത്രനമായ്
ആശയ്ക്കൊത്തലീലക—ളാശു നീ തുടങ്ങുക.
പശ്ചിമാംബുധിമദ്ധ്യേ—സാശ്ചര്യം വിളങ്ങുന്ന
അച്യുതവാസോജ്ജ്വല—ദ്വാരകാപുരി
വിശ്വസ്ഥനായുറങ്ങും—വിശ്വൈകനാഥപൌത്രം
വിശ്വത്തിലാരും ബോധിയാതിങ്ങു കൊണ്ടുപോന്നേൻ—"

ഇത്യാദി പറഞ്ഞു് സന്തോഷിപ്പിച്ചതിനുശേഷം അവരം അവിടെ നിന്നും മറയുന്നു. ഇതാണു് യഥാൎത്ഥസ്നേഹം; ഇതുതന്നെയാണു് യഥാൎത്ഥദാസ്യലക്ഷണവും. ഒരു രാജസദനത്തിൽ വിശിഷ്യ ശ്രീകൃഷ്ണന്റെ കൊട്ടാരത്തിൽ ശയിച്ചിരുന്ന കൃഷ്ണപൌത്രനെ ആരുമറിയാതെ കൊണ്ടുവരണമെങ്കിൽ എത്രമാത്രം ക്ലേശങ്ങരം സഹിച്ചിരിക്കണം. ബാണയുദ്ധം ആട്ടക്കഥയിലുള്ള പ്രസ്തുതഭാഗങ്ങരം മൂലഗ്രന്ഥത്തെ അപേക്ഷിച്ചു് ശ്ലാഘ്യതരമാണു്.

"ഗോപകുലാംഗനമാരേ! നമ്മെ
ഗോപനം ചെയ്യുന്നൊരുഗോവിന്ദന്റെ-
നാലുപുറവും—നിന്നീടുക പററിമറവും
നിന്നീടാതെ മേനിക്കുറവും - വന്നീടാതെ
പാടിക്കളിയാടി ചിലചുവടിൽ പിഴക്കൂടാതിഹ
താളംപിടിക്കണം, കൈകരംകൊണ്ടു്—അവ
താളംചവുട്ടാതെ കാലുരണ്ടും-"

ഇത്യാദി തുടങ്ങുന്ന കുമ്മിയും വളരെ നന്നായിട്ടുണ്ടു്.

നളചരിതം ആട്ടക്കഥയിലെ കാട്ടാളൻ പ്രകൃതിനിരീക്ഷണപടുവായിട്ടാണല്ലോ നമുക്കു് പ്രത്യക്ഷപ്പെടുന്നതു്. അതു പോലെ തന്നെയാണു് ബാണയുദ്ധത്തിലെ വൃദ്ധയും നമ്മുടെ മുൻപിൽ ആവിർഭവിക്കുന്നതു്—

"എന്തിഹചൊൽവതു ഞാൻ ശിവ, ശിവ!
ഹന്ത പകരുന്നുകാലം;
അന്തകൻ കൂടെ വെടിഞ്ഞ കിഴവിഞാ-
നെന്തെല്ലാം കാണ്മാനിരിക്കുന്നിനിയും.

കണ്ടതും കേട്ടതും മിണ്ടരുതിക്കാലം
മിണ്ടാതിരുന്നാലു മുണ്ടാമനത്ഥം."

ഇത്യാദി വചനങ്ങളോടുകൂടി ബാണാസുരസന്നിധിയിൽ പ്രവേശിക്കുന്ന പട്ടുവൃദ്ധ-

"വല്ലികൾക്കുണ്ടോ മരത്തിൻ ഗുണദോഷം
വല്ലതിന്മേലും പടൎന്നങ്ങുകേറും;
ആററിൽ ചിറകെട്ടി നീരെററാലിമുട്ടിച്ചാൽ
മറെറാരുഭാഗേ കവിഞ്ഞങ്ങൊഴുകും.

..........................................

..........................................

പ്രായംവരുമ്പോൾ പതിയോടു ചേക്കാഞ്ഞാൽ
മായങ്ങളിങ്ങനെ വന്നുഭവിക്കും."

ഇത്യാദി ചില സാരോപദേശങ്ങൾ ഘോഷിക്കുന്ന വൃദ്ധ ഉഷയുടെ ജാരസമാഗമ ലക്ഷണം പറയുന്നതു നോക്കുക.

"വക്ഷോജകുംഭത്തടങ്ങളിൽ നഖ
ലക്ഷ്മങ്ങളുമുണ്ടു കാണുവാൻ;
ദന്തക്ഷതങ്ങളു മുണ്ടഹോകാണ്മാൻ
പൂന്തേന്മൊഴിതന്നധരത്തിൽ."

ഇപ്രകാരം ബാണയുദ്ധം ആട്ടക്കഥയെ ആദ്യന്തം പരിശോധിക്കുന്നതായാൽ ഒരൊന്നാന്തരം കൃതിയാണെന്നു് ഏവക്കും ബോദ്ധ്യപ്പെടുന്നതാണു്. കൂടുതൽ വിവരണങ്ങൾ മൂന്നാം ഭാഗത്തിൽ ചേത്തുകൊള്ളാമെന്നു വിചാരിച്ചു് തല്ക്കാലം ചുരുക്കുന്നു.

---

# ൧. കല്ലേക്കുളങ്ങര പിഷാരടി.

കാലം ൯൧൦—നും ൯൯൦—നും മദ്ധ്യേ.

കല്ലേകുളങ്ങര രാഘവ പിഷാരടിയുടെ സ്വദേശം പാലക്കാട്ടു താലൂക്കിൽ കല്ലേകുളങ്ങര എന്ന ദേശമാകുന്നു. ഇദ്ദേഹം രാവണോത്ഭവം എന്ന് ഒരു ആട്ടക്കഥ രചിച്ചിട്ടുണ്ട്. അതിലെ പദപ്രയോഗങ്ങൾ ലളിതവും വിദ്വാന്മാൎക്ക് രസിക്കത്തക്കതുമാകുന്നു.

നൂററിൽ ചില്വാനം ആട്ടക്കഥ സ്വയമായി രചിച്ചു അഭിനയിച്ചുകണ്ട തൃപ്പൂണിത്തുറ പെരുമ്പടപ്പ് തമ്പുരാൻെറ ആശ്രിതനായി താമസിച്ചിരുന്ന കാലത്താണ് രാവണോത്ഭവം ആട്ടക്കഥ രചിച്ചതെന്ന് കേൾക്കുന്നു.

ഇതുകൂടാതെ വേറെയും ചില ആട്ടക്കഥകൾ പിഷാരടി രചിച്ചിട്ടുള്ളതായി പറയുന്നുണ്ട്. അവയൊന്നും പുറത്ത് ഇതേവരെ വന്നിട്ടില്ല. പെരുമ്പടപ്പു തമ്പുരാൻെറ കൃതികളും അപ്രകാശിതങ്ങളായിരിക്കുന്നതേഉള്ളൂ. രാവണോത്ഭവം ധാരാളമായി അഭിനയിച്ചുപോരുന്നുണ്ട്.

# ൯. വയസ്ക്കരമൂസ്സത്ത്.

൯൦൭—൯൯൨.

വയസ്ക്കര സൂൎയ്യനാരായണമൂസ്സ്, സംസ്കൃതത്തിൽ അനിതരസാധാരണമായ പാണ്ഡിത്യം സമ്പാദിച്ച ആൾ ആയിരുന്നു.

വയസ്ക്കരകുടുംബാംഗങ്ങൾ ശ്രീ ധന്വന്തരി മൂൎത്തി യുടെ പരിപൂൎണ്ണാനുഗ്രഹം സിദ്ധിച്ചിട്ടുള്ളവരാണ്. ഉത്രം തിരുനാൾ മാൎത്താണ്ഡവൎമ്മ മഹാരാജാ തിരുമനസ്സിലെ ചികിത്സകനായിരുന്ന സൂൎയ്യനാരായണമൂസ്സ് വൈശാഖ മാഹാത്മ്യം, ദുൎയ്യോധനവധം എന്നീ രണ്ടാട്ടക്കഥകൾ രചിച്ചിട്ടുണ്ട്.

കഥകളിയിൽ അത്യന്തം അഭിരുചി പ്രകടിപ്പിച്ചി രുന്ന ഉത്രം തിരുനാൾ തിരുമനസ്സിലെ ചികിത്സകനായി താമസിച്ചിരുന്ന മൂസ്സിന് ആട്ടക്കഥാരചനയിൽ മനസ്സ് പ്രവേശിക്കാതിരിക്കാൻ മാൎഗ്ഗമുണ്ടോ ? മൂസ്സ് തിരുവനന്ത പുരത്ത് താമസിച്ചിരുന്ന കാലത്തുതന്നെയാണ് ആട്ടക്ക ഥകൾ രണ്ടും രചിച്ചിട്ടുള്ളത്.

അതിൽ ദുൎയ്യോധനവധം ആട്ടക്കഥ രണ്ടാംതരം കഥയിൽ ഒന്നാംതരമായി നില്ക്കുന്ന ഒരു കൃതിയാകുന്നു. ആദ്യന്തം ആടുന്നതിനും പാടുന്നതിനും ഉത്തമവുമാകുന്നു.

അതിലെ ചൂതും ദൂതും പ്രത്യേകം ശ്ലാഘിക്കത്തക്ക ഭാഗങ്ങളാകുന്നു.

മൂസ്സ്, ആട്ടക്കഥകൾ രചിച്ചതിനുശേഷം അതിനെ ശ്രീ ധന്വന്തരിമൂർത്തിയുടെ പീഠത്തിൽ വച്ച് നാല്പത്തൊന്നു ദിവസം പൂജിച്ച് സിദ്ധിവരുത്തീട്ടുണ്ട്. ദുര്യോധനവധം ആട്ടക്കഥയ്ക്കുള്ള പ്രചാരം ഉത്തരോത്തരം വർദ്ധിച്ചുവരുന്നതേയുള്ളു.

---

# അനുബന്ധം ബി.

മൂന്നാം ഭാഗത്തിൽ ചേക്കാൻ ഉദ്ദേശിക്കുന്ന ആട്ടക്കഥാകത്താക്കന്മാരുടെയും അവരുടെ കൃതികളുടെയും ഒരു പേരുവിവരപ്പട്ടിക താഴെ കൊടുക്കുന്നു.*

൧. ശ്രീമാൻ കടത്തനാട്ടു തമ്പുരാൻ, ശതമുഖരാമായണം.

൨. „ ഹരിപ്പാട്ട് കൊച്ചുപിള്ള വാര്യർ, ഉവ്ശീസ്വയംബരം.

൩. „ ഹരിപ്പാട്ട് രാമവാര്യർ, ഇന്ദുമതീസ്വയംബരം.

൪. „ മന്ത്രേടത്തു നമ്പൂതിരിപ്പാട്ട്, സുഭദ്രാഹരണം.

൫. „ ഇടവക്കാട്ടു നമ്പൂതിരി, ബാണയുദ്ധം വൈശാഖപുരാണം.

൬. „ കലക്കത്തു രാഘവൻ നമ്പ്യാർ, ശാകുന്തളം ഒൻപതു ദിവസത്തെ കഥ.

൭. „ പൂന്തോട്ടം നമ്പൂതിരി, രാജസൂയം.

---

* ഈ കഥകളിഗ്രന്ഥങ്ങളെയും കത്താക്കന്മാരേയും പററിയുള്ള വിവരണങ്ങൾ അതാതു കഥകളുടെ കത്താക്കന്മാരോ, അവരുടെ ബന്ധുക്കളോ കഴിയുന്നതുംവേഗത്തിൽ എഴുതി അയച്ചുതരണമെന്നപേക്ഷ.

൭. ശ്രീമാൻ പാലക്കാട്ട് അമൃതശാസ്ത്രികൾ, ലവണാസുരവധം.

൮. ,, പുല്ലായ്ക്കൂര നമ്പൂതിരിപ്പാട്ട്, വ്യോമാസുരവധം.

൧൦. ,, അഴകത്തു വിദ്വാൻ കരണത്താക്കുറുപ്പ്, മാൎക്കണ്ഡേയ ചരിതം.

൧൧. ,, അണിമംഗലത്തു് നമ്പൂതിരി, വൈശാഖപുരാണം.

൧൨. ,, കൊട്ടാരക്കര കേരളവൎമ്മ ഇളയരാജാ, ലക്ഷണാസ്വയംബരം സാല്വവധം.

൧൩. ,, കുറുമ്പനാട്ടു് ലോകനാർ കാവിൽ വാസുനമ്പി, സീമന്തിനീചരിതം.

൧൪. ,, തൃശ്ശൂർ, അമ്പാടിയിൽ കുഞ്ഞുകൃഷ്ണപ്പൊതുവാൾ, കൃഷ്ണാവതാരം, കേശിവധം, കാളീയമൎദ്ദനം, കംസവധം.

൧൫. ,, എഴുപത്തു് നാണുകുട്ടിമേനോൻ, സുന്ദരീസ്വയംബരം.

൧൬. ,, ഇലത്തൂർ രാമശാസ്ത്രികൾ, ജലന്ധരാസുരവധം.

൧൭. ,, രാജരാജവൎമ്മ കോയിത്തമ്പുരാൻ, സോമവാരവ്രതം.

൧൮ ,, കൊച്ചുകുറുപ്പ് കാൎയ്യക്കാർ, ചന്ദ്രാചരിതം.

൧൯. ,, ഗോദവൎമ്മ കോയിത്തമ്പുരാൻ, മുചുകുന്ദമോക്ഷം.

൨൦. ശ്രീമാൻ പുണർതം തിരുനാൾ രാമവർമ്മ കോയി
ത്തമ്പുരാൻ, സീതാവിജയം.
൨൧. ,, രാജരാജവർമ്മ കൊച്ചുകോയിത്തമ്പുരാൻ,
ദാരികോത്ഭവം.
൨൨. ,, മടവൂർ കാളൂആശാൻ, പ്രഹ്ളാദ ചരിതം.
൨൩. ,, വേവള്ളി സുബ്രഹ്മണ്യൻപോററി, താരകാ
സുരവധം, പാർവ്വതീസ്വയംബരം.
൨൪. ,, പന്തളത്തു് തമ്പുരാൻ, ഭൂതനാഥോത്ഭവം.
൨൫. ,, അമ്പലപ്പുഴ തിരുമല്ലാട്ടു്, സ്യമന്തകം, പാ
ൎത്ഥവിജയം.
൨൬. ,, പിണിയൂർകുറുപ്പു്, ദേവയാനിസ്വയംബരം.
൨൭. ,, രവീശ്വരത്തു് കൃഷ്ണവാരിയർ, പാലാഴിമഥ
നം.
൨൮. ,, വയ്ക്കത്തു നീലകണ്ഠൻ മൂസ്സതു്, പ്രഹ്ളാദ
ചരിതം.
൨൯. ,, തിരുവട്ടാററു് നീലകണ്ഠൻ തമ്പി, പാർവ്വതീ
സ്വയംബരം.
൩൦. ,, കടത്തനാട്ടു് ശംകരവാര്യർ, ദേവയാനീസ്വ
യംബരം.
൩൧. ,, തിരുവട്ടാററു ശംകരനാരായണൻപോററി,
ഘോഷയാത്ര.
൩൨. ,, ടി. വാസുദേവൻ പോററി, ജലന്ധരാസുര
വധം.
൩൩. ,, പാലക്കാട്ടു് വിദ്വാൻ കോമ്പി അച്ഛൻ, നീ
ലാസുരവധം, സിംഹാവതാരം.

൩൪. ശ്രീമാൻ കോട്ടയത്തു് അനിഴം തിരുനാൾ, ദൂത വാക്യം.

൩൫. ,, ചിറവൂർ സുബ്രഹ്മണ്യശാസ്ത്രികൾ, ത്രിപുര ദഹനം, പ്രഭാവതീസ്വയംബരം, പാരി ജാതഹരണം, ശാകുന്തളം.

൩൬. ,, മാവേലിക്കര ഉദയവൎമ്മത്തമ്പുരാൻ, യയാ തിചരിതം, തപതീ പരിണയം, വാസവ ദത്താപഹരണം, ബലഭദ്രവിക്രമം, അഹ ല്യാമോക്ഷം, രഘുവിജയം, ശാകുന്തളം, ശ്രീരാമാഭിഷേകം, ശ്രീകൃഷ്ണാഭിഷേകം, രാ വണനിവാതസഖ്യം.

൩൭. ,, ചിറവൂർ മാക്കോത്തു കൃഷ്ണൻമേനവൻ, സാ വിത്രീചരിതം, ധ്രുവചരിതം.

൩൮. ശ്രീമതി കിഴക്കേമഠത്തിൽ കുട്ടിക്കുഞ്ഞു തങ്കച്ചി, പാൎവ്വതീസ്വയംവരം, ശ്രീമതീസ്വയംവരം, മിത്രസഹമോക്ഷം.

൩൯. ശ്രീമാൻ കുററിപ്പുറം കോവിലകത്തു് പൊറളാ തിരി മാനവൎമ്മ ഇളയരാജാ, ദിലീപ ചരിതം, ഖാണ്ഡവദാഹം, ഇന്ദുമതീസ്വയം ബരം.

൪൦. ,, കൃഷ്ണപുരത്തു് രാമൻപിള്ള, സത്യാസ്വയം ബരം

൪൧. ,, കുന്നത്തുപോററി, സുന്ദരീസ്വയംബരം.

൪൨. ,, പരവൂർ കേശവനാശാൻ, പാതാളരാവണ വധം.

൪൩. ശ്രീമാൻ എൻ. ശേഷയ്യങ്കാർ, മോഹിനീപരിണയം.

൪൪. „ ശ്രീനിവാസയ്യങ്കാർ ശാസ്ത്രികൾ, ദശരഥവിജയം, വസിഷ്ഠവിജയം, ജലന്ധരാസുരവധം.

൪൫. „ അമ്പലപ്പുഴ ശ്രുപ്പുഅണ്ണാവി, സീതാസ്വയംബരം.

൪൬. „ കണ്ടിയൂർ കുഞ്ഞൻവാര്യർ, ദൂതവാക്യം, ദേവയാനിചരിതം.

൪൭. „ പഴവങ്ങാടി തോപ്പിൽ വേലുപ്പിള്ള, മിത്രസഹമോക്ഷം.

൪൮. „ തിരുവല്ലാ കുറിശിനമ്പൂതിരി, ജനമേജയയാഗം, ഗുരുദക്ഷിണ.

൪൯. „ ചീരക്കാട്ടു് മാധവൻപോററി, ഘോഷയാത്ര, കുചേലവൃത്തം.

൫൦. „ തമ്മനാട്ടുപോററി, ലക്ഷ്മണാസ്വയംബരം, മിത്രസഹമോക്ഷം, ത്രിപുരദഹനം.

൫൧. „ മാവേലിക്കര വിഷ്ണുപോററി, മിത്രസഹമോക്ഷം, വാമനാവതാരം.

൫൨. „ കല്ലൻപള്ളി വേലുത്തമ്പി, പ്രഹ്ളാദചരിതം, ഹരിശ്ചന്ദ്രചരിതം

൫൩. „ വയ്ക്കത്തു പാച്ചുമൂത്തതു്, മുചുകന്ദമോക്ഷം.

൫൪. „ കൊല്ലംകോട്ടു് ഈശ്വരമേനോൻ, താരകാസുരവധം

൭൭. ശ്രീമാൻ ഹരിപ്പാട്ട് മകം തിരുനാൾ മൂത്തകോയി
  ത്തമ്പുരാൻ, സൎവ്വജ്ഞവിജയം.

൭൮. „ രാജരാജവൎമ്മ കൊച്ചുകോയിത്തമ്പുരാൻ,
  രാസക്രീഡ.

൭൯. „ അഴകത്തു പത്മനാഭക്കുറുപ്പ്, ഗന്ധൎവ്വവിജ
  യം.

൮൦. „ എരുവയിൽ ചക്രപാണിവാൎയ്യർ, കൃഷ്ണാൎജ്ജു
  ന വിജയം, പാണ്ഡവാശ്വമേധം.

൮൧. „ ചെങ്ങന്നൂർ മുരിങ്ങൂർമഠത്തിൽ പോററി,
  കുചേലവൃത്തം.

൮൨. „ ശ്രീമാനവിക്രമ ഏട്ടൻതമ്പുരാൻ, സ്വാഹാ
  സുധാകരം.

൮൩. „ പിരപ്പൻകോട്ട് ഇടമന ഗണപതിപോ
  ററി, ഭദ്രകാളി മാഹാത്മ്യം നാലു ദിവസ
  ത്തെകഥ.

൮൪. „ കാൎത്തികതിരുനാൾ വലിയതമ്പുരാൻ, പാ
  ഞ്ചാലീസ്വയംബരം.

൮൫. „ കരയംവെട്ടത്തു സുകുമാരപിള്ള, ലക്ഷ്മണാ
  സ്വയംബരം, സ്യമന്തകം, ശതമുഖരാവണ
  വധം, ശിവരാത്രിമാഹാത്മ്യം.

൮൬. „ ആററങ്ങൽ കൃഷ്ണനാശാൻ, സുദൎശനവിജ
  യം.

൮൭. „ ദാമോദരൻകൎത്താവു്, പ്രഹ്ളാദചരിതം,
  വരാഹാവതാരം.

൯൰൬. ശ്രീമാൻ പേട്ടയിൽ രാമൻപിള്ള ആശാൻ, ശ്രീരാമ പട്ടാഭിഷേകം, ഹരിശ്ചന്ദ്രചരിതം നാലു ദിവസത്തെ കഥ, ക്ഷുധോദനവിജയം.

൯൰൭. „ മൂലൂർ, എസ്. പത്മനാഭപ്പണിക്കർ, കൃഷ്ണാൎജ്ജുനവിജയം.

൯൰൮. „ മററത്തു് കല്ലൻപള്ളി മഠത്തിൽ ഗോവിന്ദൻ നമ്പൂതിരി, മയിൽരാവണവധം, ചന്ദ്രാംഗദചരിതം.

൯൰൯. „ വെട്ടിക്കാട്ടു അച്ചുതൻപിള്ള, ഏകാവലീപരിണ്ണയം, സാല്വവധം.

൱. „ ഉള്ളൂർ പരമേശ്വരയ്യർ, സുന്ദോപസുന്ദയുദ്ധം.

൱൧. „ ആററങ്ങൽ എളമ്പയിൽ ഗോവിന്ദൻ ജോത്സ്യൻ, ലളിതാവിജയം, മേഘനാദവിജയം, ശ്രീരാമാശ്വമേധം, ശ്രീരാമപട്ടാഭിഷേകം.

൱൨. „ പുല്ലയിൽ അയ്യപ്പൻപിള്ള, വ്യാഘ്രധ്വജവിജയം.

൱൩. „ മത്തനാട്ടു് കേശവപിള്ള, വ്യാഘ്രധ്വജവധം.

൱൪. „ പരമേശ്വരജ്ഞാനി ആശാൻ, വിക്രമാദിത്യചരിതം.

൱൫. „ പരവൂർ, കേ. എൻ. ഗോപാലപിള്ള. ബി. എ. ഭാമാപരിണയം.

൱൬. „ മരുത്തൂർകുളങ്ങര പന്നിശ്ശേരി നാണുപിള്ള, നിഴൽകുത്തു്.

ൈ. ശ്രീമാൻ കറിനംകുളം കൃഷ്ണൻവൈദ്യൻ, യമരാവണവധം.

വ്യ. ,, വ്ളാക്കൽ കൃഷ്ണപിള്ള, സദാരാമ.

ൻ. ,, പേരൂർ വീട്ടിൽ രാമകുറുപ്പ്, ഗുരുദക്ഷിണ.

വ്യം. ,, മണ്ണാറശ്ശാല നാരായണൻ നമ്പ്യാതിരി, വാമനവിജയം.

വ്യഫ. ,, പന്തളം പി. എൻ. പരമേശ്വരൻനമ്പൂതിരി, ഉമാകേരളം.

വ്യ൨. ,, താഴമൺ മഠത്തിൽ പ്രഭാകരത്തന്ത്രി, അഭിമന്യൂത്ഭവം.

വ്യന്ന. ,, കിളിമാന്തൂർ ഗോവിന്ദപിള്ള, യമരാവണവിജയം.

വ്യർ. ,, പുലിയൂർ പുരുഷോത്തമൻ നമ്പൂതിരി, ഗണേശോത്ഭവം.

വ്യൿ. ,, കീരിക്കാട്ട് അയ്യപ്പൻപിള്ള. രാവണവധം.

വ്യന്നു. ,, താഴവന ഗോവിന്ദനാശാൻ, ദേവയാനിസ്വയംബരം.

വ്യ൭. ,, വെള്ളത്തേരി കേശവൻവൈദ്യൻ, സുന്ദോപസുന്ദയുദ്ധം.

വ്യവ്യ. ,, പി. രാകൃഷ്ണപിള്ള, സ്യമന്തകം.

വ്യൻ. ,, ഇടയ്ക്കോട്ടു വേലുവൈദ്യൻ, ചിത്രഗുപ്തചരിതം.

ൻം. ,, ഇട്ടിമാത്യു, കൃഷ്ണാർജ്ജുനയുദ്ധം.

---

"കൃഷ്ണോരക്ഷതുമാം ചരചരഗുരുകൃഷ്ണം നമസ്യേസദാ
കൃഷ്ണേനൈവസുരക്ഷിതോഹമസകൃൽകൃഷ്ണായദത്തംമനഃ
കൃഷ്ണാദേവസമുത്ഭവോ മമവിഭോ ! കൃഷ്ണസ്യദാസോസ്മ്യ-
[ഹം
കൃഷ്ണേഭക്തിരചഞ്ചലാസ്തുഭഗവൻ ! ഹേകൃഷ്ണ ! തുഭ്യംനമഃ"

കഥകളിപ്രദീപിക ഒന്നാം ഭാഗം

സമാപ്തം.

# അനുബന്ധം സി.

വള്ളത്തോൾ മഹാകവിയുടെ

## ജീവചരിത്രസംക്ഷേപം.

---

മലയാളത്തിലെ മന്ദാകിനി എന്നു പറയാവുന്ന പേരാററിൻെറ ഉത്തരതീരത്തിൽ വെട്ടത്തുനാട്ടിൻെറ മുക്കാൽ ഭാഗവും വ്യാപിച്ചു കിടക്കുന്നതും കേരളത്തിലെ പ്രസിദ്ധ ഗ്രന്ഥകാരന്മാരിൽ പലരുടേയും വിശിഷ്യ, സാക്ഷാൽ തുഞ്ചത്തെഴുത്തച്ഛൻെറ, ജന്മഭൂമിയുമായ ആലത്തൂർ ഗ്രാമത്തിൽ, അവസാനപൎയ്യന്തം സ്വാതന്ത്ര്യവിശ്രുതരായിരുന്ന വെട്ടത്തരചന്മാരിൽ ഒടുവിലത്തെ രാജാവിൻെറ മന്ത്രിയും സാമാന്യം പ്രസിദ്ധനമായിരുന്ന കോന്തുമേനോൻ കാൎയ്യക്കാരുടെ കുടുംബമായ 'വള്ളത്തോൾ' എന്ന തറവാട്ടിൽ, കൊല്ലവൎഷം ൧൦൫൪. തുലാം ൧-ാനു- ബുധനാഴ്ച മകയിരം നാളിൽ നമ്മുടെ വള്ളത്തോൾ മഹാകവി ഭൂലോകജാതനായി.

ഇദ്ദേഹത്തിൻെറ മാതാവു് ശ്രീമതി പാൎവ്വതിഅമ്മ, പഴയ മലയാളത്തറവാടുകളിൽ പ്രായേണ കാണുന്നവിധം, രാമായണാദി ഇതിഹാസ ഗ്രന്ഥങ്ങളും ഭക്തിവിഷയങ്ങളായ മററു സാഹിത്യഗ്രന്ഥങ്ങളും വായിച്ചറിയത്തക്ക അറിവും ശ്രദ്ധയുമുള്ള ഒരു കുടുംബിനിയായിരുന്നു.

പിതാവു്, കൊച്ചീശ്ശീമയിൽ എയ്യാൽ പ്രവൃത്തിയിൽ കടുങ്ങോട്ടു മല്ലിശ്ശേരി ദാമോദരനെളയതുമായിരുന്നു.

അദ്ദേഹത്തിന്ന് നല്ല ബുദ്ധിയും, രസികത്വവും, കലാപ്രണയവും ഫലിതമയമായി സംസാരിക്കുന്നതിൽ അസാമാന്യ വൈദഗ്ദ്ധ്യവും വേണ്ടുവോളമുണ്ടായിരുന്നു. കുറെക്കാലം ചില കേരളനൃത്യകലായോഗങ്ങൾ കൊണ്ടുനടന്നിട്ടുമുണ്ട്.

൧൦൬-ൽ മാതൃവിയോഗദുഃഖവും ൧൦൯-ൽ പിതൃവിയോഗദുഃഖവും മഹാകവി വള്ളത്തോളിന്ന് അനുഭവിക്കേണ്ടതായിവന്നു.

ശ്രീമാൻ മേനോൻഅവർകൾക്ക് നാലാമത്തെ വയസ്സിൽ അക്ഷരാഭ്യാസം തുടങ്ങി. അന്നത്തെ കുടുംബാചാര്യനായിരുന്ന, വാരിയൻപറമ്പിൽ കുഞ്ഞൻനായർ തന്നെയായിരുന്നു ഇദ്ദേഹത്തേയും അക്ഷരാഭ്യാസം തുടങ്ങിച്ചത്. അദ്ദേഹം ഓലയിൽ വരച്ച് ശ്രീരാമോദന്തം വരെ പഠിപ്പിച്ചു.

അനന്തരം പ്രധാനഗുരുവായിത്തീൎന്നത് സ്വന്തം മാതുലനും വ്യുല്പന്നനും, നല്ലൊരു വൈദ്യനുമായിരുന്ന രാമുണ്ണിമേനോൻ അവർകളായിരുന്നു. വിദ്യാഭ്യാസകാലത്തുതന്നെ വേദാന്താഭ്യാസത്തിലും ഈശ്വരഭജനത്തിലും അത്യാസക്തനും നിത്യബ്രഹ്മചാരിയും ഒട്ടേറെ ശിഷ്യസമ്പത്തുള്ളാളുമായ ആ കുലഗുരുവും ൧൦൯ ചിങ്ങം ൨൦-ാനു നിത്യനിർവ്വാണമടഞ്ഞു.

വള്ളത്തോൾ, രഘുവംശം, മാഘം, നൈഷധം എന്നീ മഹാകാവ്യങ്ങളും ശാകുന്തളം, ഉത്തരരാമചരിതം എന്നീ ചില നാടകങ്ങളും അലങ്കാരശാസ്ത്രത്തിൽ അത്യാവശ്യം ചില ഭാഗങ്ങളും അഷ്ടാംഗഹൃദയവും അമ്മാവനിൽ

നിന്നുതന്നെ ഏദിസ്ഥിതമാക്കി. അക്കാലത്തു് ഇദ്ദേഹം മററു വിദ്യാൎത്ഥികളെ പഠിപ്പിക്കുകയും, ചികിത്സാധൎമ്മത്തിൽ അമ്മാവനെ സഹായിക്കുകയും ചെയ്തിരുന്നതിനു പുറമേ ധാരാളം കവിതയും എഴുതികൊണ്ടിരുന്നു. അന്നു മുതൽ ഏതാണ്ടു സാഹിത്യലോകത്തിൽ പ്രതിഷ്ഠ കിട്ടുന്നതുവരെ പല വൈദ്യഗ്രന്ഥങ്ങളും ഇദ്ദേഹം എഴുതീട്ടുണ്ടു്.

ആരോഗ്യചിന്താമണി (കൈക്കുളങ്ങര രാമവാരിയരുടെ ആരോഗ്യകല്പദ്രുമത്തിൻെറ അനുകരണം). ഗൎഭരക്ഷാക്രമം, വൈദ്യജീവനം, വൈദ്യഭൂഷണം, (അപൂൎണ്ണം തിരഞ്ഞെടുത്ത പല കൈകണ്ട വിദ്യകളേയും പ്രതിപാദിക്കുന്ന ഏതാണ്ടു നാന്നൂറു പദ്യം). നേത്രാമൃതം (കണ്ണുചികിത്സ) എന്നിവയിൽ ചിലതു് പ്രസിദ്ധീകരിച്ചിട്ടുണ്ടു് ബാക്കി നശിച്ചുപോയതായിട്ടാണ് അറിയുന്നതു്.

ഒടുവിൽ അദ്ദേഹം പാറക്കുളം സുബ്രഹ്മണ്യശാസ്ത്രികളുടേയും, കൈക്കുളങ്ങര രാമവാരിയരുടേയും അടുക്കൽ തൎക്കശാസ്ത്രം കുറെ പഠിക്കുകയുണ്ടായിട്ടുണ്ടു്. കവിതയെഴുത്തിൽ അച്ഛൻെറ പ്രോത്സാഹനത്തിനു പുറമേ ഒരൊന്നാംതരം കവിയായിരുന്ന കറുത്തപാറ ദാമോദരൻനമ്പൂതിരി അവർകളിൽ നിന്നു് ചില കാവ്യനിൎമ്മാണതത്വങ്ങളും പഠിക്കാനിടയായിട്ടുണ്ടു്. എങ്കിലും ഇദ്ദേഹം ഒട്ടുമുക്കാലും സ്വപ്രയത്നത്താൽത്തന്നെയാണ്, കവിതയെഴുത്തിൽ അനിതരസാധാരണമായ യശസ്സിന് അൎഹനായി ഭവിച്ചതു്.

൧൦൭൭ മുതൽ ൧൦൮൦ വരെ പിതാവിൻെറ മുഖ്യശ്രമത്തിന്മേൽ മംഗലം അംശത്തിൽ ഒരു നാടകയോഗം ഏൎപ്പെ

ട്ടത്തിനടത്തിയതിൽ ഇദ്ദേഹം ഒരു പ്രധാന നടനായിരുന്നു. അവിടെത്തന്നെ ൧൦൭൨-ൽ ഏൎപ്പെടുത്തിയതും രണ്ടുകൊല്ലത്തോളം കാലം ആഴ്ചവട്ടം തോറും നടിന്നിരുന്നതുമായ 'പരിഷ്കാരാഭിവർദ്ധിനി' സഭയിൽ ഇദ്ദേഹവും ഒരു പ്രധാന ഭാഗഭാക്കായിരുന്നു.

൧൦൭൫-ൽ പൊന്നാനി താലൂക്കിൽ വടക്കേക്കാടംശത്തിൽ (വന്നേരി) ചിററഴി, ശ്രീമതി മാധവി അമ്മയെ വിവാഹം ചെയ്തു. ഈ വിവാഹത്തെ സംബന്ധിച്ച് വാസ്തവമായി വിവരിക്കുന്ന ഒരു നല്ല പുസ്തകമാണ് കററിപ്പുറത്ത് കിട്ടുണ്ണിനായർ അവർകളുടെ "കാദംബിനീപരിണയം". ഇവൎക്കിപ്പോൾ മൂന്നു പെണ്മക്കളും അഞ്ച് ആൺമക്കളുമുണ്ട്.

൧൦൯൨-ൽ ഇദ്ദേഹം അച്ഛനോടൊരുമിച്ച് രാമേശ്വരം മുതലായ പുണ്യക്ഷേത്രങ്ങളിലും, പിറേറക്കൊല്ലത്തിൽ ഭവാനി, പേരൂർ മുതലായ പുണ്യസ്ഥലങ്ങളിലും, സഞ്ചരിക്കയുണ്ടായിട്ടുണ്ട്. ഈ അടുത്ത കാലത്ത് ഉത്തരഭാരതത്തിൽ പലവിശിഷ്ട സ്ഥലങ്ങളും ചെന്നു സന്ദൎശിച്ചതുകൂടാതെ, ഒരുകൊല്ലത്തിനുമുൻപ് എഫ്. എം. എസ്സ്; റംഗൂൺ, മുതലായ സ്ഥലങ്ങളിൽ സഞ്ചരിക്കുകയും ചെയ്തു.

൧൦൯൦-കുംഭം ഒടുവിൽ തുടങ്ങിയ വാത്മീകിരാമായണം, തൎജ്ജമ രണ്ടുകൊല്ലംകൊണ്ടവസാനിച്ചു. അതിനെ രണ്ടുകൊല്ലംകൊണ്ട് മാസികയായി പ്രസിദ്ധീകരിക്കയും ചെയ്തിട്ടുണ്ട്.

൧൦൮൦ ചിങ്ങം (ബ്രിട്ടീഷ് മലബാറിൽ, കന്നിമാസത്തിലാണ് വഷാരംഭം) മുതൽ ഇദ്ദേഹം തൃശ്ശിവപേരൂർ 'കേരളകല്പദ്രുമം' പ്രസ്സിന്റെ മാനേജരായിരുന്നു. പ്രബലമായ 'ഭാരതവിലാസം' പ്രസ്സുമായി കിടമത്സരംമൂലം ജോലികിട്ടാതെ കുഴങ്ങിയിരുന്ന കേരളകല്പദ്രുമം അതുമുതൽ കവികളുടെ ശ്രദ്ധയ്ക്കു് പാത്രമാവുകയും, ആറായിരത്തോളം ഉറുപ്പിക കടമുണ്ടായിരുന്നതു് പകുതിയും തീരുകയും ചെയ്തു. ഇക്കാലത്തുതന്നെ ഇദ്ദേഹത്തിന്റെ പത്രാധിപത്യത്തിൽ തുഞ്ചത്തെഴുത്തച്ഛന്റെ സ്മാരകമായി "രാമാനുജൻ" എന്നൊരു മാസിക തുടങ്ങുകയും ഏറെത്താമസിയാതെ അതു് മുടങ്ങിപ്പോകയുമുണ്ടായി.

൧൦൮൪-മേടത്തിൽ ഇദ്ദേഹത്തിന് ചെറിയ ഒരുതരം വസൂരിരോഗം പിടിപെട്ടു. അതിനെ തുടൎന്ന് ചെവിയിൽ ഒരു സുഖക്കേടുണ്ടാകുകയും അവ ചികിത്സകൊണ്ടു് മാറുകയും ചെയ്തു.

൧൦൮൫ കന്നി ഒടുവിൽ ഇദ്ദേഹത്തിന് ഇപ്പോഴത്തെ ബാധിര്യം ആരംഭിച്ചു. അന്നു് ആലുവായിൽ പ്രാക്ടീസു് ചെയ്തിരുന്ന ഡാക്ടർ വല്യത്താൻ, മദിരാശിയിൽ ഡാക്ടർ ടി. എം. നായർ, ആലത്തൂർനമ്പി, കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ, എന്നീ ഭിഷഗ്വരന്മാരെക്കൊണ്ടും മററുപല വൈദ്യശ്രേഷ്ഠന്മാരെക്കൊണ്ടും പല പ്രാവശ്യം ചികിത്സിപ്പിച്ചുനോക്കി. ചില പുതുയന്ത്രങ്ങൾ ഉപയോഗിച്ചുനോക്കി. ഒരുഫലവുമുണ്ടായില്ല. അക്കാലത്തു് എഴുതിയതും തന്റെ ആതുരാവസ്ഥയെ സൂചിപ്പിക്കുന്നതുമായ ഒരു ലഘുകാവ്യമാണ് "ബധിരവിലാപം."

൧൦൮൯-ൽ അദ്ദേഹം ചിത്രയോഗം മഹാകാവ്യം എഴുതി പ്രസിദ്ധീകരിച്ചു. അതിനുശേഷം ഏതാണ്ടു് മൂന്നുകൊല്ലത്തോളം കാലം തൃശ്ശിവപേരൂരിൽ നിന്നു് പ്രസിദ്ധീകരിച്ചിരുന്ന "കേരളോദയം" എന്ന പ്രതിവാര പത്രത്തിൻെറ സഹപത്രാധിപരായിരുന്നു. അക്കാലത്തു തന്നെ "മാൎക്കണ്ഡേയപുരാണം" ഗദ്യവിവൎത്തനവും എഴുതിതീൎത്തു. അതിനെ ഇടപ്പള്ളിയിൽ നിന്നും 'പുരാണമാലിക' എന്നപേരിൽ മാസികയായി പ്രസിദ്ധീകരിച്ചിട്ടുണ്ടു്.

൧൦൯൧-മുതൽ ആറേഴുകൊല്ലം കുന്നംകുളത്തായിരുന്നു സ്ഥിരവാസം. കുറേക്കാലം 'ആത്മപോഷിണി, മാസികയുടെ പത്രാധിപരായിരുന്നു. ആ കാലത്താണു് (അതായത്തു് ൧൦൯൧-ാമാണ്ടു്) "സാഹിത്യമഞ്ജരി" ഒന്നാംഭാഗം പ്രസിദ്ധീകരിച്ചതും 'മാൎക്കണ്ഡേയപുരാണം' ഗദ്യത്തിൽ തൎജ്ജമചെയ്തതും. ഇപ്പോഠം സാഹിത്യമഞ്ജരിയുടെ ഏഴു ഭാഗങ്ങഠം പ്രസിദ്ധീകരിച്ചുകഴിഞ്ഞിരിക്കുന്നു. അനന്തരം ൧൧൦൦-ാമാണ്ടു് കന്നിമാസംവരെ സ്ഥിരതാമസം "വന്നേരി" യിലുള്ള പത്നീഗൃഹത്തിൽതന്നെയായിരുന്നു. ആ ഘട്ടത്തിൽ തിരുവനന്തപുരം ബീ. വി. ബുക്കു് ഡിപ്പോ വകയായി പ്രസിദ്ധീകരിച്ചിരുന്ന പുരാണസഞ്ചികയിലേക്കു് പത്മമഹാപുരാണം, വാമനപുരാണം, മത്സ്യപുരാണം എന്നിവ വിവൎത്തനം ചെയ്തുകൊടുത്തു. ഇതിനിടയിൽത്തന്നെ കേരളകലകളുടെ അഭിവൃദ്ധിക്കുവേണ്ടിയുള്ള ഒരു ശ്രമം തുടങ്ങിയിരുന്നു. അതിൻെറ ഫലമാണു് ഇന്നു് പ്രശസ്തസ്ഥിതിയിലെത്തിയിട്ടുള്ള 'കേരള

കലാമണ്ഡലം' എന്ന സംഘം. ഒരു ഭാഗ്യക്കുറി നടത്തി സംഘത്തിന്ന് മുക്കാൽ ലക്ഷത്തോളം ഉറുപ്പിക മൂലധനം ശേഖരിച്ചു.

ആയിരത്തിന്നൂററിആറാമാണ്ട് തുലാമാസത്തിൽ അദ്ദേഹത്തിൻെറ ജന്മനക്ഷത്രത്തിൻനാൾ കുന്നംകുളത്തുവെച്ച് ഒരു കളരി ആരംഭിച്ചു. അതിപ്പോൾ "മുളകുന്നത്തു" കാവിനടുത്ത് അമ്പലപ്പുറമ്പിൽ വെച്ചു നടത്തുന്നു. കഥകളിയാണ് അതിലിപ്പോൾ മുഖ്യമായി പഠിപ്പിച്ചു തുടങ്ങിയിട്ടുള്ളത്. ഇദ്ദേഹത്തിൻെറ കവിതാമൃതം ആസ്വദിച്ചിട്ടുള്ള അനേകം പണ്ഡിതന്മാർ പല വിധത്തിലുള്ള വിലയേറിയ പാരിതോഷികങ്ങൾ ഇദ്ദേഹത്തിനു നൽകിയിട്ടുണ്ട്. അവയിൽ; പണ്ഡിതാഗ്രേസരനും രാജർഷിയുമായിരുന്ന ശ്രീമൂലംതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ട് കൊച്ചിയിൽ എഴുന്നെള്ളിയിരുന്ന സമയത്ത് ഒരു വീരശൃംഖല സമ്മാനിച്ചതും, ഈ അടുത്തകാലത്ത് മദിരാശിയിൽ വെച്ച് തീപ്പെട്ട കൊച്ചി മഹാരാജാവു തിരുമനസ്സുകൊണ്ട് തൻെറ ഷഷ്ടിപൂർത്തി പ്രമാണിച്ച് 'കവിതിലകൻ' എന്ന ബിരുദം പിന്നീട് ആയിരത്തിന്നൂററി അഞ്ചിൽ "കവി സാൎവഭൌമൻ" എന്ന ബിരുദം അടുത്തുണും കല്പിച്ചരുളിയിട്ടുള്ളതും ഏററവും പ്രധാനങ്ങളാകുന്നു.

ക്രി. ൧൯൨൧-ൽ പ്രിൻസ്ഓഫ്‌വെയിത്സ്, മദിരാശിയിൽ വന്നിരുന്ന സമയത്ത് ഇദ്ദേഹത്തിന് നൽകാൻ നിശ്ചയിച്ചിരുന്ന സമ്മാനം (പട്ടും വളയും) ഇദ്ദേഹം സ്വീകരിക്കയുണ്ടായിട്ടില്ല, എന്നുള്ളതും പ്രത്യേകം പ്രസ്താ

വ്യമാണ്. ഇപ്പോൾ ഈശ്വരാനുഗ്രഹത്താൽ സസുഖം ജീവിച്ചിരുന്ന് കൈരളിയെ പോഷിപ്പിച്ചുവരുന്ന ഇദ്ദേഹം ഇതിനിടയിൽ രചിച്ചിട്ടുള്ള കാവ്യരത്നങ്ങൾ അസംഖ്യങ്ങളാണ്. കൂടാതെ സ്വപ്നവാസവദത്തം, ഊരുഭംഗം, പഞ്ചരാത്രം, മദ്ധ്യമവ്യായോഗം, അഭിഷേകനാടകം എന്നീ അഞ്ചു ഭാസനാടകങ്ങളും ഇദ്ദേഹം തർജ്ജമചെയ്തിട്ടുമുണ്ട്.

(ശേഷം ൱൨൩-ാം പേജ് നോക്കുക).

---

# ശുദ്ധിപത്രം.

| | പുറം. | വരി. | അബദ്ധം. | സുബദ്ധം. |
|---|---|---|---|---|
| മുഖവുര | 2 | 8 | എന്നാൻ | എന്നാൽ |
| | 3 | 23 | പരിശോധിച്ചു | ഈ ഗ്രന്ഥത്തിന്റെ കയ്യെഴുത്തുപ്രതി പരിശോധിച്ചു. |
| | 4 | 2 | ഈ ഗ്രന്ഥത്തിന്റെ കൈയെഴുത്തു കാപ്പി | അതിനെ |
| | 2 | 1 | ശ്രീയഃ | ശ്രീയഃ |
| | 11 | 19 | ചെമ്പരേശ | ചെംബരേശ |
| | 17 | 17 | പാവ്തിം | പാൎഷതിം |
| | 19 | 16 | ദ്രുപതപുത്രി | ദ്രുപദപുത്രി |
| | 20 | 24 | നിവാസഭൂമി | നിവാസഭൂമിം |
| | 32 | 8 | ആക്രമണങ്ങളാലും | ആക്രമണങ്ങളെ കൊണ്ടും |
| | 51 | 19 | മന്നമങ്ങും | മനമങ്ങും |
| | 52 | 6 | പീയൂഷതസാരികയോ | പീയൂഷധാരികയോ |
| | 61 | 17 | ദേവരജ്ഞ | ദേവരാജ്ഞ |
| | 82 | 5 | ഇത്യാദിപദവും | ഇത്യാദിപദങ്ങളും |
| | 119 | 18 | തംഭിനി | തംബിനി |
| | 120 | 8 | അളിവേണി | കളവാണി |
| | 120 | 17 | മുദിപ്പിപ്പാനായി | മുദിപ്പിക്കാനായി |
| | 123 | 5 | പാറയാം | പറയാം |

| | | | |
|---|---|---|---|
| 124 | 20 | തീന്നതു് | തീന്നതും |
| 125 | 22 | അടുത്തതായി | പ്രസ്തുതകൃതിയിൽ |
| 125 | 23 | നോക്കുക | പ്രകാശിക്കുന്ന ഭാഗങ്ങൾ നോക്കുക |
| 126 | 24 | ഫ്ലോലൊയ | ഫ്ലോപ്ലായ് |
| 132 | 8 | ജെമ്മനി | ജമ്മനി |
| 138 | 2 | കാത്താവിനാൽ | കത്താവിനാൽ |
| 147 | 8 | ത്സരിയിൽ | ഝരിയിൽ |
| 152 | | അല്പവിരളമാണെങ്കിലും | അല്പംവിരളമാണെങ്കിലും |
| 157 | 18 | പരിശോദിക്കുന്ന | പരിശോധിക്കുന്ന |
| 163 | 13 | ഘോഷിക്കുന്നവൃദ്ധ | ഘോഷിക്കുന്നതുകൂടാതെ |
| 163 | 14 | ലക്ഷണംപറയുന്നതു് | ലക്ഷണംകൂടി പറയുന്നതു് |
| 174 | 3 | വ്ളാക്കൽ | മുടാക്കൽ |
| 174 | | പി. രാക്കൃഷ്ണപിള്ള | പി. രാമകൃഷ്ണപിള്ള |
| 183 | 10 | ആസ്വശിച്ചിട്ടുള്ള | ആസ്വദിച്ചിട്ടുള്ള |

KOTTAYAM
KOTTAYAM

KOTTAYAM PUBLIC LIBRARY

M793.309 5483

KOTTAYAM

Cl. No. MAD-K Acc. No. 141541

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 16 JUN 2017 | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

KOTTAYAM PUBLIC LIBRARY KOTTAYAM

If the book is not returned on due date
a fine of 25 Ps. per day will be charged

M493·309 5483
MAD-K

141541

മാധവക്കുറുപ്പ്, കരൂർ, തെ
കഥകളിപ്രദീപിക

KOTTAYAM PUBLIC LIBRARY

Call No. ............ Acc. No. ............

Author കെ. എം. കുരുക്കൾ

Title കഥകളി പ്രവേശിക